നഭസ്യഃ പ്രൌഷ്ഠപദഃ ഭാദ്രഃ ഭാദ്രപദഃ (ര്-ം നാ) പ്രൌഷ്ഠപദമാസത്തിന്റെ പേർ. ആശ്വിനഃ ഇഷഃ ആശ്വയുജഃ (ന-ം നാ) ആശ്വിനമാസത്തിന്റെ പേർ. കാർത്തികഃ ബാഹുലഃ ഊർജ്ജഃ കാർത്തികികഃ (ര്-ം നാ) കാർത്തികമാസത്തിന്റെ പേർ. ഹേമന്തഃ (നാ) ഹേമന്തഋതുവിന്റെ പേർ. ശിശിരഃ (നാ) ശിശിരഋതുവിന്റെ പേർ. ഇതു നപുംസകമായിട്ടുമാം. വസന്തഃ പുഷ്പസമയഃ സുരഭിഃ (ന-ം നാ) വസന്തത്തിന്റെ പേർ. ഗ്രീഷ്മഃ ഊഷ്മകഃ നിദാഘഃ ഉഷ്ണോപഗമഃ ഉഷ്ണഃ ഊഷ്മാഗമഃ തപഃ (ഉ-ം നാ) ഗ്രീഷ്മഋതുവിന്റെ പേർ. പ്രാവൃൿ വർഷാഃ (ഉ-ം സ്ത്രീ) വർഷഋതുവിന്റെ പേർ. ശരൽ (സ്ത്രീ) ശരദൃതുവിന്റെ പേർ.

ഷഡ്ഡമീ ഋതവഃ പുംസി മാർഗ്ഗാദീനാം യുഗൈഃ ക്രമാൽ
സംവത്സരോ വത്സരോബ്ദോ ഹായനോസ്ത്രീ ശരൽ സമാഃ22

ഋതവഃ (നാ) ഹേമന്തം മുതലായ കാലങ്ങളുടെ പേർ. മാർഗ്ഗാദീനാം യുഗൈഃ ക്രമാൽ എന്നതിനു മാർഗ്ഗശീഷാദികളായ ഈരണ്ടു മാസങ്ങളെക്കൊണ്ടു ഹേമന്താദികളായ ഋതുക്കൾ എന്നർത്ഥം. മാർഗ്ഗശീഷാദികളായ മാസങ്ങൾ=മാർഗ്ഗശീഷം പൌഷം മാഘം ഫാൽഗുനം ചൈത്രം വൈശാഖം ജ്യൈഷ്ഠം ആഷാഢം ശ്രാവണം പ്രൌഷ്ഠപദം ആശ്വിനം കാർത്തികം ഇങ്ങിനെ പന്ത്രണ്ടാകുന്നു. അതുകളിൽവെച്ചു മാർഗ്ഗശീഷമെന്നതു വൃശ്ചികമാസത്തിലെ കറുത്ത വാവു കഴിഞ്ഞാൽ തുടങ്ങും. ധനുമാസത്തിലെ കറുത്ത വാവു കഴിയുന്നതുവരെ ഉണ്ടു്. ഇങ്ങിനെ പൌഷാദിമാസങ്ങളുടെ സപ്തമപത്തേയും മകരം മുതലായ അതാതുമാസങ്ങളിലെ കറുത്ത വാവു് അവസാനമാകുംവിധത്തിൽ ഗ്രഹിച്ചുകൊൾക. ഹേമന്താദികളായ ഋതുക്കൾ=ഹേമന്തം, ശിശിരം, വസന്തം, ഗ്രീഷ്മം, വർഷം, ശരൽ ഇങ്ങിനെ ആകുന്നു. മേല്പറഞ്ഞ ഋതുക്കളിൽ ഓരോന്നും മേല്പറഞ്ഞ മാസങ്ങളിൽ മാർഗ്ഗശീഷം പൌഷം ഇത്യാദി ക്രമേണ ഈരണ്ടു മാസങ്ങൾ കൂടിയ കാലങ്ങളാകുന്നു എന്നു ഗ്രഹിച്ചുകൊൾക.

സംവത്സരഃ വത്സരഃ അബ്ദഃ ഹായനഃ (ര്-ം നാ) ശരൽ സമാഃ (ഉ-ം സ്ത്രീ) ന-ം സംവത്സരത്തിന്റെ പേർ. സംവത്സരാദിശബ്ദങ്ങൾക്കു നപുംസകലിംഗതാവുമുണ്ടു്. സമാ എന്നുകൂടി പ്രയോഗം കാണുകയാൽ ബഹുവചനാന്തതാപ്രായികമാകുന്നു എന്നറിഞ്ഞുകൊൾകയും വേണം.

മാസേന സ്യാദഹോരാത്രഃ പൈത്രോ വർഷേണ ദൈവതഃ
ദിവ്യൈർവ്വർഷസഹസ്രൈർദ്വാദശഭിർദ്വൈവതം യുഗം 23

ഇതിന്റെ അർത്ഥം മനുഷ്യരുടെ ഒരു മാസംകൊണ്ടു പിതൃക്കൾക്കു് ഒരു അഹോരാത്രമെന്നും മനുഷ്യരുടെ ഒരു കൊല്ലം ദേവന്മാർക്കു് ഒരു അഹോരാത്രമെന്നും പന്തീരായിരം ദിവ്യസംവത്സരം ദേവന്മാരുടെ ഒരു യുഗമെന്നുമാകുന്നു.

ദൈവേ യുഗസഹസ്രേ ദ്വേ ബ്രാഹ്മമഹഃ കല്പൌ തു തൌ നൃണാം
മനവന്തരം തു ദിവ്യാനാം യുഗാനാമേകസപ്തതിഃ. 24

ഇതിന്റെ അർത്ഥം ദേവന്മാരുടെ രണ്ടായിരം യുഗത്തിനു ബ്രഹ്മാവിന്റെ ഒരു അഹോരാത്രമെന്നും ബ്രഹ്മാവിന്റെ രണ്ടു് അഹോരാത്രങ്ങളും മനുഷ്യർക്കു രണ്ടു കല്പങ്ങളാകുന്നു എന്നും ദേവന്മാരുടെ ഏഴു യുഗങ്ങളും ഒരു മനവന്തരമെന്നുമാകുന്നു.

സംവർത്തഃ പ്രളയഃ കല്പഃ ക്ഷയഃ കല്പാന്ത ഇത്യപി
അസ്ത്രീ പങ്കം പുമാൻ പാപ്മാ പാപകിൽബിഷകന്മഷം
കലുഷം വ്രജിനൈനോഘമംഹോ ദുരിതദുഷ്കൃതം
സ്യാദ്ധർമ്മമസ്രിയാം പുണ്യശ്രേയസീ സുകൃതം വൃഷഃ 26

സംവർത്തഃ പ്രളയഃ കല്പഃ ക്ഷയഃ കല്പാന്തഃ (രീ-ം നാ) പ്രളയത്തിന്റെ പേർ. പങ്കം (ക്ലീ) പാപ്മാ (നാ) പാപം കിൽബിഷം കന്മഷം കലുഷം വ്രജിനം ഏനഃ അഘം അംഹഃ ദുരിതം ദുഷ്കൃതം (ഫ0-ം ക്ലീ) ഫ-ം പാപത്തിന്റെ പേർ. പങ്കശബ്ദം പുല്ലിംഗമായിട്ടുമാം. ധർമ്മം പുണ്യം ശ്രേയഃ സുകൃതം (ര്-ം ക്ലീ) വൃഷഃ (നാ) പുണ്യത്തിന്റെ പേർ. ധർമ്മശബ്ദം പുല്ലിംഗമായിട്ടുമുണ്ടു്.

മുത് പ്രീതിഃ പ്രമദോ ഹർഷപ്രമോദാമോദസമ്മദാഃ
സ്യുരാനന്ദഥുരാനന്ദശ്ശർമ്മസാതസുഖാനി ച. 27

മുത് പ്രീതിഃ (ഫ-ം സ്ത്രീ) പ്രമദഃ ഹർഷഃ പ്രമോദഃ ആമോദഃ സമ്മദഃ ആനന്ദഥുഃ ആനന്ദഃ (ശ-ം നാ) ശർമ്മ സാതം സുഖം (ന-ം ക്ലീ) ഫ-ം സുഖത്തിന്റെ പേർ.

സപ്രശ്രേയസം ശിവം ഭദ്രം കല്യാണം മംഗലം ശുഭം
ഭാവുകം ഭവികം ഭവ്യം കുശലം ക്ഷേമമസ്രിയാം 28

ശസ്തം ചാഥ ത്രിഷു ദ്വയ്യേ പാപം പുണ്യം സുഖാദി ച
മതല്ലികാ മതച്ചികാ പ്രകാണ്ഡമുൽഘതല്ലജൌ 29

പ്രശസ്തവാചകാന്യമൂന്യയഃ ശുഭാവഹോ വിധിഃ
ദൈവം ദിഷ്ടം ഭാഗധേയം ഭാഗ്യം സ്ത്രീ നിയതിർവ്വിധിഃ 30

സപ്രശ്രേയസം ശിവം ഭദ്രം കല്യാണം മംഗലം ശുഭം ഭാവുകം ഭവികം ഭവ്യം കുശലം ക്ഷേമം ശസ്യം (ഫ-ം ക്ലീ) മംഗളത്തിന്റെ പേർ. ക്ഷേമമെന്നും ശസ്യമെന്നും പുല്ലിംഗമായിട്ടുമാം. പാപപുണ്യശബ്ദങ്ങളും സുഖാദിശബ്ദങ്ങളും ദ്വയ്യവിശേഷണങ്ങളാകുമ്പോൾ വിശേഷ്യത്തിന്റെ ലിംഗംപോ

ലെതന്നെയുള്ള ലിംഗത്തോടുകൂടിയതുകളാകയും ചെയ്യും. മതല്ലികാ മതച്ചികാ (ഏ-ം സ്ത്രീ) പ്രകാണ്ഡം (ക്ലീ) ഉൽഘഃ തല്ലജഃ (ഏ-ം നാ) ഭ-ം പ്രശസ്യമെന്ന അർത്ഥത്തെ പറയുന്നവയാകുന്നു. ഇതിനെ ഉദാഹരിക്കുന്നു. ചില്ലീമതല്ലികാ എന്നതിനു പ്രശസ്യയായിരിക്കുന്ന ചില്ലീ എന്നു് അർത്ഥമാകുന്നു. ഈ ശബ്ദങ്ങളും കേവലങ്ങളായി പ്രയോഗിച്ചു കാണപ്പെടുന്നില്ല. അയഃ (നാ) അനുകൂലമായ ദൈവത്തിന്റെ പേർ. ദൈവം ദിഷ്ടം ഭാഗധേയം ഭാഗ്യം (ര-ം ക്ലീ) നിയതിഃ (സ്ത്രീ) വിധിഃ (നാ) ന്യ-ം പൂർവ്വജന്മകൃതമായിരിക്കുന്ന കർമ്മത്തിന്റെ പേർ.

ഹേതുന്നാ കാരണം ബീജം നിദാനം തദാദികാരണം
ക്ഷേത്രജ്ഞ ആത്മാ പുരുഷഃ പ്രധാനം പ്രകൃതിസ്ത്രിയാം 31

ഹേതുഃ (നാ) കാരണം ബീജം (ഏ-ം ക്ലീ) ന-ം കാരണത്തിന്റെ പേർ. നിദാനം ആദികാരണം (ഏ-ം ക്ലീ) ഉപാദാനകാരണത്തിന്റെ പേർ. ക്ഷേത്രജ്ഞഃ ആത്മാ പുരുഷഃ (ന-ം നാ) ആത്മാവിന്റെ പേർ. പ്രധാനം (ക്ലീ) പ്രകൃതിഃ (സ്ത്രീ) ഏ-ം സത്വാദിഗുണസാമ്യാവസ്ഥയുടെ പേർ.

വിശേഷഃ കാലികോവസ്ഥാ ഗുണാസ്സത്വം രജസ്തമഃ
ജനുർജ്ജനനജന്മാനി ജനിരുൽപത്തിരുദ്ഭവഃ 32

അവസ്ഥാ (സ്ത്രീ) കാലകൃതമായ വിശേഷത്തിന്റെ പേർ. സത്വം രജഃ തമഃ (ന-ം ക്ലീ) ഗുണങ്ങളുടെ പേരെന്നു ചിലർ പറഞ്ഞിരിക്കുന്നു. സത്വം, രജസ്സു്, തമസ്സു് മൂന്നും ഗുണങ്ങളെന്നു പറയേണ്ടതാകുന്നു എന്നു് അറിഞ്ഞുകൊൾകയും വേണം. ജനുഃ ജനനം ജന്മ (ന-ം ക്ലീ) ജനിഃ ഉല്പത്തിഃ (ഏ-ം സ്ത്രീ) ഉദ്ഭവഃ (നാ) ന്യ-ം ജനനത്തിന്റെ പേർ.

പ്രാണീ തു ചേതനോ ജന്തീ ജന്തുർജന്യുഃ ശരീരിണഃ
ജാതിർജ്ജാതം ച സാമാന്യം വ്യക്തിസ്തു പൃഥഗാത്മതാ. 33

പ്രാണീ ചേതനഃ ജന്തീ ജന്തുഃ ജന്യുഃ ശരീരീ (ന്യ-ം നാ) പ്രാണികളുടെ പേർ. ജാതിഃ (സ്ത്രീ) ജാതം സാമാന്യം (ഏ-ം ക്ലീ) ന-ം ഗോത്വാദി ജാതിയുടെ പേർ. വ്യക്തിഃ പൃഥഗാത്മതാ (ഏ-ം സ്ത്രീ) ഗവാദിവ്യക്തിയുടെ പേർ.

ധീവർഗ്ഗം

ചിത്തം തു ചേതോ ഹൃദയം സ്വാന്തം ഹൃന്മാനസം മനഃ
ബുദ്ധിർമ്മനീഷാ ധിഷണാ ധീഃ പ്രജ്ഞാ ശേമുഷീ മതിഃ 1

പ്രേക്ഷോപലബ്ധിശ്ചിൽസംവിൽപ്രതിപൽജ്ഞപ്തിചേതനാഃ
ധീർധ്യാരണാവതീ മേധാ സംകല്പഃ കർമ്മ മാനസം. 2

ചിത്തം ചേതഃ ഹൃദയം സ്വാന്തം ഹൃൽ മാനസം മനഃ (൨-൦ ക്ലീ) മനസ്സിന്റെ പേർ. ബുദ്ധിഃ മനീഷാ ധിഷണാ ധീഃ പ്രജ്ഞാ ശേമുഷീ മതിഃ പ്രേക്ഷാ ഉപലബ്ധിഃ ചിൽ സംവിൽ പ്രതിപൽ ജ്ഞപ്തിഃ ചേതനാ (൮-൦ സ്ത്രീ) ബുദ്ധിയുടെ പേർ. മേധാ (സ്ത്രീ) ഗ്രഹിച്ചതിനെ മറക്കാത്ത ബുദ്ധിയുടെ പേർ. സങ്കല്പഃ (നാ) മാനസികമായിരിക്കുന്ന കർമ്മത്തിന്റെ പേർ.

അവധാനം സമാധാനം പ്രണിധാനം തഥൈവ ച
ചിത്താഭോഗോ മനസ്കാരശ്ചിന്താ സംജ്ഞാ വിചാരണാ 3

വിമർശോ ഭാവനാ ചൈവ വാസനാ ച നിഗദ്യതേ
അധ്യാഹാരസ്തർക്ക ഊഹോ വിചികിത്സാ തു സംശയഃ 4

സന്ദേഹദ്വാപരൌ ചാഥ സമൌ നിർണ്ണയനിശ്ചയൌ
മിഥ്യാദൃഷ്ടിർന്നാസ്തികതാ വ്യാപാദോ ദ്രോഹചിന്തനം. 5

അവധാനം സമാധാനം പ്രണിധാനം (൩-൦ ക്ലീ) സമാധാനത്തിന്റെ പേർ. ചിത്താഭോഗഃ മനസ്കാരഃ (൨-൦ നാ) മനസ്സിന്റെ സുഖാദിതാൽപര്യത്തിന്റെ പേർ. ചിലർ മനസ്സിലുറപ്പിക്കുന്നതിന്റെ പേർ എന്നും വ്യാഖ്യാനിച്ചിരിക്കുന്നു. ചിന്താ സംജ്ഞാ വിചാരണാ (൩-൦ സ്ത്രീ) പ്രമാണംകൊണ്ടുള്ള അർത്ഥപരീക്ഷയുടെ പേർ. വിമർശഃ (നാ) ഭാവനാ വാസനാ (൨-൦ സ്ത്രീ) അനുഭൂതമായിരിക്കുന്ന വസ്തുവിന്റെ സ്മരണം. അധ്യാഹാരഃ തർക്കഃ ഊഹഃ (൩-൦ നാ) ഊഹത്തിന്റെ പേർ. വിചികിത്സാ (സ്ത്രീ) സംശയഃ സന്ദേഹഃ ദ്വാപരഃ (൩-൦ നാ) നാലും സംശയത്തിന്റെ പേർ. നിർണ്ണയഃ നിശ്ചയഃ (൨-൦ നാ) നിശ്ചയത്തിന്റെ പേർ. മിഥ്യാദൃഷ്ടിഃ നാസ്തികതാ (൨-൦ സ്ത്രീ) പരലോകമില്ലെന്നുള്ള ബുദ്ധിയുടെ പേർ. വ്യാപാദഃ (നാ) ദ്രോഹചിന്തനം (ക്ലീ) ൨-൦ ദ്രോഹവിചാരത്തിന്റെ പേർ.

സമൌ സിദ്ധാന്തരാദ്ധാന്തൌ ഭ്രാന്തിർമ്മിഥ്യാമതിർഭ്രമഃ
സംകേതസ്തു സമയോഥാപ്രതിപത്തിർവ്വിഹസ്തതാ. 6

സിദ്ധാന്തഃ രാദ്ധാന്തഃ (൨-൦ നാ) സിദ്ധാന്തത്തിന്റെ പേർ. ഭ്രാന്തിഃ മിഥ്യാമതിഃ (൨-൦ സ്ത്രീ) ഭ്രമഃ (നാ) ൩-൦ ഭ്രമജ്ഞാനത്തിന്റെ പേർ. സംകേതഃ സമയഃ (൨-൦ നാ) സിദ്ധാന്തഭേദത്തിന്റെ പേർ. അപ്രതിപത്തിഃ വിഹസ്തതാ (൨-൦ സ്ത്രീ) ഇന്നതു ചെയ്യേണ്ടതാണു് എന്നുള്ള ജ്ഞാനമില്ലായ്മയുടെ പേർ. സംകേതസ്തിത്യാദി രണ്ടു പാദം മഹേശ്വരടീകയിൽ കാണപ്പെട്ടുന്നില്ല.

സംവിദാഖ്യഃ പ്രതിജ്ഞാനം നിയമാശ്രവസംശ്രവാഃ
അംഗീകാരോഽഭ്യുപഗമപ്രതിശ്രവസമാധയഃ 7

സംവിൽ ആഖ്യഃ (പു-ം സ്ത്രീ) പ്രതിജ്ഞാനം (ക്ലീ) നിയമഃ ആശ്രവഃ സംശ്രവഃ അംഗീകാരഃ അഭ്യുപഗമഃ പ്രതിശ്രവഃ സമാധിഃ (ഉ-ം നാ) ഏ0-ം പ്രതിജ്ഞയുടെ പേർ.

മോക്ഷേ ധീർജ്ഞാനമന്യത്ര വിജ്ഞാനം ശില്പശാസ്ത്രയോഃ
മുക്തിഃ കൈവല്യനിർവ്വാണശ്രേയാനിശ്രേയസാമൃതം 8

മോക്ഷോപവർഗ്ഗാഥാജ്ഞാനമവിദ്യാഽധർമ്മതിഃ സ്ത്രിയാം
രൂപം ശബ്ദോ ഗന്ധരസസ്പർശാശ്ച വിഷയാ അമീ 9

ഗോചരാ ഇന്ദ്രിയാർത്ഥാശ്ച ഹൃഷീകം വിഷയീന്ദ്രിയം
കർമ്മേന്ദ്രിയം തു പായ്വാദി മനോനേത്രാദി ധീന്ദ്രിയം. 10

ജ്ഞാനം (ക്ലീ) മോക്ഷത്തിങ്കലുള്ള അറിവിൻെറ പേർ എന്നു വിവരിച്ചിരിക്കുന്നു. അയതിനു മോക്ഷശാസ്ത്രത്തിൻേറയും മോക്ഷോപായമായി പറയപ്പെട്ടിരിക്കുന്ന യോഗാദ്യനുഷ്ഠാനത്തിൻേറയും ജ്ഞാനത്തിൻെറ പേർ എന്നും അർത്ഥമാകുന്നു. വിജ്ഞാനം (ക്ലീ) മോക്ഷോപയോഗികളല്ലാതെയുള്ള ശാസ്ത്രോപായങ്ങളുടെ ജ്ഞാനത്തിൻെറ പേർ. മുക്തിഃ (സ്ത്രീ) കൈവല്യം നിർവ്വാണം ശ്രേയഃ നിശ്രേയസം അമൃതം (ഇ-ം ക്ലീ) മോക്ഷഃ അപവർഗ്ഗഃ (പു-ം നാ) വ്യ-ം മോക്ഷത്തിൻെറ പേർ. അജ്ഞാനം (ക്ലീ) അവിദ്യാ അധർമ്മതിഃ (പു-ം സ്ത്രീ) ന-ം അജ്ഞാനത്തിൻെറ പേർ. വിഷയാഃ ഗോചരാഃ ഇന്ദ്രിയാർത്ഥാഃ (ന-ം നാ) വിഷയങ്ങളുടെ പേർ. രൂപം (ക്ലീ) ശബ്ദഃ ഗന്ധഃ രസഃ സ്പർശഃ (ര-ം നാ) ഇതുകൾ വിഷയങ്ങളാകുന്നു. ഇതുകൾ ഗോചരശബ്ദംകൊണ്ടും ഇന്ദ്രിയാർത്ഥശബ്ദംകൊണ്ടും വ്യവഹരിക്കപ്പെടുന്നു എന്നു താൽപര്യം. ഹൃഷീകം വിഷയി ഇന്ദ്രിയം (ന-ം ക്ലീ) ഇന്ദ്രിയങ്ങളുടെ പേർ. കർമ്മേന്ദ്രിയം (ക്ലീ) പായു മുതലായ ഇന്ദ്രിയങ്ങളുടെ പേർ. ധീന്ദ്രിയം (ക്ലീ) മനസ്സു മുതലായ ഇന്ദ്രിയങ്ങളുടെ പേർ. ധീന്ദ്രിയമെന്നതിനു ജ്ഞാനേന്ദ്രിയമെന്നർത്ഥമാകുന്നു.

തുവരസ്തു കഷായോഽസ്ത്രീ മധുരോ ലവണഃ കടുഃ
തിക്തോഽമ്ലശ്ച രസാഃ പുംസി തദ്വതസു ഷഡ്വമീ ത്രിഷു. 11

തുവരഃ കഷായഃ മധുരഃ ലവണഃ കടുഃ തിക്തഃ അമ്ലഃ (ഉ-ം നാ) തുവരം കഷായം എന്നിവ ചവർപ്പുരസത്തിൻേറയും, പിന്നെ ക്രമത്തിൽ മധുരരസത്തിൻേറയും ഉപ്പുരസത്തിൻേറയും എരിവുരസത്തിൻേറയും കയ്പുരസത്തിൻേറയും പുളിരസത്തിൻേറയും പേരുകൾ ആകുന്നു. തദ്വൽസു ഷഡ്വമീ ത്രിഷു എന്നതിൻെറ അർത്ഥം മേല്പറഞ്ഞ ശബ്ദങ്ങളെക്കൊണ്ടു് അതാതു രസ

ങ്ങളോടുകൂടിയ ദ്രവ്യങ്ങളെ പഠയുമ്പോൾ കഷായാ ഹരീതകീ, കഷായം ആമലകം ഇത്യാദി മൂന്നു ലിംഗങ്ങളും വരുമെന്നാകുന്നു.

വിമർദ്ദോത്ഥേ പരിമളോ ഗന്ധേ ജനമനോഹരേ
ആമോദസ്സൌരഭിന്യാരീ വാച്യലിംഗത്രമാഹ്വണാൽ. 12

പരിമളഃ (നാ) അനേകഗന്ധസംയോഗംകൊണ്ടുണ്ടായ മനോഹരമായ ഗന്ധത്തിന്റെ പേർ. ആമോദഃ (നാ) നന്നേ ദൂരത്തിങ്കൽ പരന്നിരിക്കുന്ന മുൻപറഞ്ഞ ഗന്ധത്തിന്റെ പേർ. വാച്യലിംഗത്രമാഹ്വണാൽ എന്നതിന്റെ അർത്ഥം 'ഹ്വണേ ശുക്ലാദയഃ പുംസി' എന്നതുവരെ ഇനി പറയുന്ന ശബ്ദങ്ങൾ ത്രിലിംഗങ്ങളായുകയും ചെയ്യുമെന്നാകുന്നു.

സമാകർഷീ തു നിർഹാരീ സുരഭിർഘ്രാണതർപ്പണഃ
ഇഷ്ടഗന്ധസ്സുഗന്ധിസ്സ്യാദാമോദീ മുഖവാസനഃ 13

സമാകർഷീ നിർഹാരീ (പു-ം നാ) ദൂരവ്യാപിയായ ഗന്ധത്തോടുകൂടിയ വസ്തുവിന്റെ പേർ. സമാകർഷീ മൃഗമദഃ, സമാകർഷിണീ കസ്തൂരികാ, സമാകർഷീ കസ്തൂരീകാരജഃ ഇങ്ങിനെ മൂന്നു ലിംഗങ്ങളും ഉണ്ട്. സുരഭിഃ ഘ്രാണതർപ്പണഃ ഇഷ്ടഗന്ധഃ സുഗന്ധിഃ (ര-ം നാ) നല്ല ഗന്ധത്തോടുകൂടിയ വസ്തുവിന്റെ പേർ. ആമോദീ മുഖവാസനഃ (പു-ം നാ) മുഖസൌരഭ്യത്തെയുണ്ടാക്കുന്ന വസ്തുവിന്റെ പേർ.

പൂതിഗന്ധിസ്തു ദുർഗ്ഗന്ധീ വിസ്രം സ്യാദാമഗന്ധി യൽ
ശുക്ലേ ശുഭ്രശുചിശ്വേതവിശദശ്വേതപാണ്ഡരാഃ 14
അവദാതസ്സിതോ ഗൌരോ വളർക്ഷോ ധവളോജ്ജ്വനഃ
ഹരിണഃ പാണ്ഡരഃ പാണ്ഡുരിഷൽപാണ്ഡുസ്തു ധൂസരഃ 15

പൂതിഗന്ധിഃ ദുർഗ്ഗന്ധീ (പു-ം നാ) ദുർഗ്ഗന്ധത്തോടുകൂടിയ വസ്തുവിന്റെ പേർ. വിസ്രം (ക്ലീ) പച്ചമാംസാദികളുടെ ഗന്ധംപോലെ ഇരിക്കുന്ന ഗന്ധത്തോടുകൂടിയ വസ്തുവിന്റെ പേർ. ശുക്ലഃ ശുഭ്രഃ ശുചിഃ ശ്വേതഃ വിശദഃ ശ്വേതഃ പാണ്ഡരഃ അവദാതഃ സിതഃ ഗൌരഃ വളർക്ഷഃ ധവളഃ അജ്ജ്വനഃ ഹരിണഃ പാണ്ഡരഃ പാണ്ഡുഃ (ത്രി-ം നാ) വെളുപ്പിന്റെ പേർ. ഇഷൽപാണ്ഡുഃ ധൂസരഃ (പു-ം നാ) മഞ്ഞൾനിറത്തോടുകൂടിയ വെളുപ്പിന്റെ പേർ.

കൃഷ്ണേ നീലാസിതശ്യാമകാളശ്യാമളമേചകാഃ
പീതോ ഗൌരോ ഹരിദ്രാഭഃ പാലാശോ ഹരിതോ ഹരിൽ.

കൃഷ്ണഃ നീലഃ അസിതഃ ശ്യാമഃ കാളഃ ശ്യാമളഃ മേചകഃ (ഭ-ം നാ) കറുപ്പിന്റെ പേർ. പീതഃ ഗൌരഃ ഹരിദ്രാഭഃ (പു-ം നാ) മഞ്ഞൾനിറത്ത

ന്റെ പേർ. പാലാശഃ ഹരിതഃ ഹരിൽ (ന-ം നാ) പച്ചനിറത്തിന്റെ പേർ.

രോഹിതോ ലോഹിതോ രക്തശ്ശോണഃ കോകനദച്ഛവിഃ
അവ്യക്തരാഗസ്ത്വരുണശ്ശോണരക്തസ്തു പാടലഃ 17

രോഹിതഃ ലോഹിതഃ രക്തഃ (ന-ം നാ) ചുവപ്പുനിറത്തിന്റെ പേർ. ശോണഃ (നാ) ചെന്താമരപ്പൂവിന്റെ ചുവപ്പുപോലെയിരിക്കുന്ന ചുവപ്പിന്റെ പേർ. അരുണഃ (നാ) വ്യക്തമല്ലാത്ത ചുവപ്പിന്റെ പേർ. പാടലഃ (നാ) വെളുപ്പും ചുവപ്പും കൂടിയ നിറത്തിന്റെ പേർ.

ശ്യാവസ്സ്യാൽ കപിശോ ധൂമ്രധൂമളൌ കൃഷ്ണലോഹിതേ
കഡാരഃ കപിലഃ പിംഗപിശംഗൌ കദ്രുപിംഗലൌ. 18

ശ്യാവഃ കപിശഃ (വ-ം നാ) പാതിരിപ്പൂനിറത്തിന്റെ പേർ. ധൂമ്രഃ ധൂമളഃ (വ-ം നാ) കറുപ്പും ചുവപ്പും കൂടിയതിന്റെ പേർ. കഡാരഃ കപിലഃ (വ-ം നാ) ഒട്ടകത്തിന്റെ കഴുത്തിലുള്ള രോമങ്ങളുടെ നിറംപോലെയിരിക്കുന്ന നിറത്തിന്റെ പേർ. പിംഗഃ പിശംഗഃ (വ-ം നാ) ഗോരോചനത്തിന്റെ നിറംപോലെയുള്ള നിറത്തിന്റെ പേർ. കദ്രുഃ പിംഗലഃ (വ-ം നാ) സ്വർണ്ണത്തിന്റെ നിറംപോലെ ഉള്ള നിറത്തിന്റെ പേർ.

ചിത്രകൃമ്മീരകന്മാഷശബലൈതാശ്ച കർബുരേ
ശുക്ലാദയഃ പുംസി ശുക്ലാ ലിംഗാസ്ത്വ തദ്വതി. 19

ചിത്രഃ കൃമ്മീരഃ കന്മാഷഃ ശബളഃ ഏതഃ കർബുരഃ (ന-ം നാ) നാനാവർണ്ണത്തിന്റെ പേർ. ശുക്ലേ ശുഭ്ര എന്നേടത്തെ ശുക്ലശബ്ദം തുടങ്ങി ശബളൈതാശ്ച കർബുരേ എന്നേടത്തെ കർബുരശബ്ദംവരെയുള്ള ശബ്ദങ്ങൾ ശുക്ലാദികളായ നിറങ്ങളെ പറയുമ്പോൾ പുല്ലിംഗങ്ങളായിട്ടും മുൻപറഞ്ഞ നിറങ്ങളോടുകൂടിയ വസ്തുക്കളെ പറയുമ്പോൾ സ്ത്രീലിംഗങ്ങളായിട്ടും വരുമെന്നു് അറിഞ്ഞുകൊൾകയും വേണം.

രോഹിണീ രോഹിതാ രക്താ ലോഹിനീ ലോഹിതാ ച സാ
ലോഹിനീകാ ലോഹിതികാ രാഗാൽ കോപാദിനാപി വാ
ശോണീ ശോണാഥ ഹരിണീ പിശംഗീ പിംഗലാ തഥാ
ഹരിതൈനീ തഥാ ശ്യേനീ ശ്യേതാ സിതാ ച സാ
നീലൈവ വസ്രേ വാ നാമ്നി നീലീ പ്രാണിനി ചൌഷധൌ.

രോഹിണീ രോഹിതാ രക്താ ലോഹിനീ ലോഹിതാ (ഭ-ം സ്ത്രീ) ചുവന്നിട്ടുള്ളവളുടെ പേർ. ലോഹിനീകാ ലോഹിതികാ (വ-ം സ്ത്രീ) രാഗംനിമിത്തമോ കോപാദിനിമിത്തമോ ഉണ്ടായ ചുവപ്പുള്ളവളുടെ പേർ. ശോണീ

ശോണാ (പു-ം സ്ത്രീ) ശോണവർണ്ണയായിരിക്കുന്നവളുടെ പേർ. പിശംഗീ പിംഗലാ (പു-ം സ്ത്രീ) പിംഗലവർണ്ണയായിരിക്കുന്നവളുടെ പേർ. ഹരിണീ ഹരിതാ (പു-ം സ്ത്രീ) ഹരിതവർണ്ണയായിരിക്കുന്നവളുടെ പേർ. ഏനീ ഏതാ (പു-ം സ്ത്രീ) നാനാവർണ്ണയായിരിക്കുന്നവളുടെ പേർ. ശ്യേനീ ശ്യേതാ സിതാ (ന-ം സ്ത്രീ) വെളുത്തവളുടെ പേർ. നീലാ (സ്ത്രീ) കറുത്ത വസ്ത്രത്തിന്റെ പേർ. കറുത്തിയുടെ പേരിങ്കൽ നീലാ എന്നും നീലീ എന്നുമാം. പ്രാണിയേയും ഔഷധിയേയും പറയുമ്പോൾ നീലീ എന്നതന്നെ എന്നറിക. മഹേശ്വരടീകയിൽ രോഹിണീ രോഹിതാ രക്താ എന്നു തുടങ്ങി രണ്ടു ശ്ലോകം കാണപ്പെട്ടന്നില്ല.

ശബ്ദാദിവർഗ്ഗം

ബ്രാഹ്മീ തു ഭാരതീ ഭാഷാ ഗീർവ്വാഗ്വാണീ സരസ്വതീ
വ്യാഹാര ഉക്തിർല്ലപിതം ഭാഷിതം വചനം വചഃ 1

ബ്രാഹ്മീ ഭാരതീ ഭാഷാ ഗീഃ വാക് വാണീ സരസ്വതീ (ഉ-ം സ്ത്രീ) വ്യാഹാരഃ (നാ) ഉക്തിഃ (സ്ത്രീ) ലപിതം ഭാഷിതം വചനം വചഃ (ര-ം ക്ലീ) ഈ ന-ം വാക്കിന്റെ പേർ.

അപഭ്രംശോപശബ്ദസ്ത്യാച്ഛാസ്ത്രേ ശബ്ദസ്തു വാചകഃ
തിങ്ങ്സുബന്തചയോ വാക്യം ക്രിയാ വാ കാരകാന്വിതാ. 2

അപഭ്രംശഃ അപശബ്ദഃ (പു-ം നാ) അപശബ്ദത്തിന്റെ പേർ. വാചകഃ (നാ) അർത്ഥബോധകമായ ശബ്ദത്തിന്റെ പേർ. വാക്യം (ക്ലീ) തിങന്തങ്ങളായും സുബന്തങ്ങളായുമിരിക്കുന്ന പദങ്ങളുടെ സമൂഹത്തിന്റെ പേർ. യഥായോഗ്യമാകംവണ്ണം കർത്താവു മുതലായ കാരകങ്ങളോടുകൂടിയിരിക്കുന്ന ക്രിയയെ പറയുന്ന ശബ്ദത്തിന്റെ പേർ എന്നും പറയാം.

ശ്രുതിഃ സ്ത്രീ വേദ ആമ്നായസ്ത്രയീ ധർമ്മസ്തു തദ്വിധിഃ
സ്ത്രിയാമൃക് സാമയജുഷീ ഇതി വേദാസ്ത്രയസ്ത്രയീ. 3

ശ്രുതിഃ (സ്ത്രീ) വേദഃ ആമ്നായഃ (പു-ം നാ) ത്രയീ (സ്ത്രീ) ര-ം വേദത്തിന്റെ പേർ. ധർമ്മഃ (നാ) വേദത്താൽ വിധിക്കപ്പെട്ടതിന്റെ പേർ. ഋക് (സ്ത്രീ) സാമ യജുഃ (പു-ം ക്ലീ) ന-ം വേദങ്ങളാകുന്നു. ത്രയീ—മേൽപറഞ്ഞ മൂന്നുവേദങ്ങളും കൂടിയതിന്റെ പേർ. ത്രയീധർമ്മഃ എന്ന് ഒരു പദമെന്നും പക്ഷമുണ്ട്.

ശിക്ഷേത്യാദിശ്രുതേരംഗമോംകാരപ്രണവൌ സമൌ
ഇതിഹാസഃ പുരാവൃത്തമുദാത്താദ്യാസ്ത്രയസ്ത്രയഃ. 4

ശിക്ഷേത്യാദിശ്രുതേരംഗം എന്നതിൻെറ അർത്ഥം ശിക്ഷാ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദോവിചിതി ഇവ ന്യ-ം വേദത്തിൻെറ അംഗങ്ങളാകുന്നു എന്നാകുന്നു. ഓംകാരഃ പ്രണവഃ (പു-ം നാ) പ്രണവത്തിൻെറ പേർ. ഇതിഹാസഃ (നാ) പുരാവൃത്തം (ക്ലീ) പു-ം മുൻപിൽ കഴിഞ്ഞ വൃത്താന്തത്തിൻെറ പേർ. സ്വരാഃ (നാ) ഉദാത്താനുദാത്തസ്വരിതങ്ങളുടെ പേർ.

ആന്വീക്ഷികീ ദണ്ഡനീതിസ്തർക്കവിദ്യാർത്ഥശാസ്ത്രയോഃ
ആഖ്യായികോപലബ്ധാർത്ഥാ പുരാണം പഞ്ചലക്ഷണം. 5

ആന്വീക്ഷികീ (സ്ത്രീ) തർക്കവിദ്യയുടെ പേർ. ദണ്ഡനീതിഃ (സ്ത്രീ) അർത്ഥശാസ്ത്രത്തിൻെറ പേർ. ആഖ്യായികാ (സ്ത്രീ) അനുഭവിക്കപ്പെട്ടിരിക്കുന്ന അർത്ഥത്തെ പ്രതിപാദിക്കുന്ന വാക്കിൻെറ പേർ. പുരാണം (ക്ലീ) അഞ്ചു ലക്ഷണങ്ങളോടുകൂടിയ സ്മൃതിയാദികളുടെ പേർ. അഞ്ചു ലക്ഷണങ്ങളേതെന്നാൽ. സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം ഇവകളാകുന്നു.

പ്രബന്ധകല്പനാ കഥാ പ്രഹേളികാ പ്രഹേളികാ
സ്മൃതിസ്തു ധർമ്മസംഹിതാ സമാഹൃതിസ്തു സംഗ്രഹഃ. 6

കഥാ (സ്ത്രീ) പ്രബന്ധരചനയുടെ പേർ. പ്രഹേളികാ പ്രഹേളികാ (പു-ം സ്ത്രീ) വ്യാമോഹനശ്ലോകത്തിൻെറ പേർ. സ്മൃതിഃ ധർമ്മസംഹിതാ (പു-ം സ്ത്രീ) ധർമ്മശാസ്ത്രത്തിൻെറ പേർ. സമാഹൃതിഃ (സ്ത്രീ) സംഗ്രഹഃ (നാ) പു-ം മുരുക്കത്തിൻെറ പേർ.

സമസ്യാ തു സമാസാർത്ഥാ കിംവദന്തീ ജനശ്രുതിഃ
വാർത്താ പ്രവൃത്തിർവൃത്താന്ത ഉദന്തസ്ത്യുദർഥാഹ്വയഃ 7

ആഖ്യാഹ്വേ അഭിധാനം ച നാമധേയം ച നാമ ച
ഹ്വൃതിരാകാരണാഹ്വാനേ സംഹ്വൃതിർബ്ബ്രുഹ്വഭിഃ കൃതാ 8

സമസ്യാ (സ്ത്രീ) പൂരിപ്പിക്കാനായിക്കൊണ്ടു ശകുതി ഉണ്ടോ എന്നു പരീക്ഷിപ്പാനായിക്കൊണ്ടുണ്ടാക്കിയ ദുഷ്പടമായ പാദത്തിൻെറ പേർ. ഉദാഹരണം: 'ഭസ്മീചകാര ഗിരിശം കില ചിത്തജന്മാ' കിംവദന്തീ ജനശ്രുതിഃ (പു-ം സ്ത്രീ) ലോകവാദത്തിൻെറ പേർ. വാർത്താ പ്രവൃത്തിഃ (പു-ം സ്ത്രീ) വൃത്താന്തഃ ഉദന്തഃ (പു-ം നാ) ര-ം വൃത്താന്തത്തിൻെറ പേർ. ആഹ്വയഃ (നാ) ആഖ്യാ ആഹ്വാ (പു-ം സ്ത്രീ) അഭിധാനം നാമധേയം നാമ (ന-ം ക്ലീ) ന്യ-ം നാമത്തിൻെറ പേർ. ഹ്വൃതിഃ (സ്ത്രീ) ആകാരണം ആഹ്വാനം (പു-ം ക്ലീ) ന-ം വിളിക്കുക എന്ന ക്രിയയുടെ പേർ. സംഹ്വൃതിഃ (സ്ത്രീ) പലരുംകൂടിയുള്ള ആഹ്വാനത്തിൻെറ പേർ

വിവാദോ വ്യവഹാരഃ സ്യാദുപന്യാസസ്തു വാങ്മുഖം
ഉപോൽഘാത ഉദാഹാരശ്ശപനം ശപഥഃ പുമാൻ. 9

വിവാദഃ വ്യവഹാരഃ (പു-ം നാ) തമ്മിൽ വഴക്കായിട്ടു പറയുന്നതിന്റെ പേർ. ഉപന്യാസഃ (നാ) വാങ്മുഖം (ക്ലീ) പു-ം വചനാരംഭത്തിന്റെ പേർ. ഉപോൽഘാതഃ ഉദാഹാരഃ (പു-ം നാ) പ്രകൃതസിദ്ധിയിങ്കൽ പ്രയോജനമായ വിചാരത്തിന്റെ പേർ. ശപനം (ക്ലീ) ശപഥഃ (നാ) ശപഥത്തിന്റെ പേർ.

പ്രശ്നോനുയോഗഃ പൃച്ഛാ ച പ്രതിവാക്യോത്തരേ സമേ
മിത്ഥ്യാഭിയോഗോഭിഖ്യാനമഥ മിത്ഥ്യാഭിശംസനം. 10

അഭിശാപഃ പ്രണാദസ്തു ശബ്ദഃ സ്യാദനുരാഗജഃ
യശഃ കീർത്തിസ്സമജ്ഞാ ച സ്തവസ്സ്തോത്രം സ്തുതിർന്നുതിഃ 11

പ്രശ്നഃ അനുയോഗഃ (പു-ം നാ) പൃച്ഛാ (സ്ത്രീ) ന-ം ചോദ്യത്തിന്റെ പേർ. പ്രതിവാക്യം ഉത്തരം (പു-ം ക്ലീ) ഉത്തരത്തിന്റെ പേർ. മിത്ഥ്യാഭിയോഗഃ (നാ) അഭിഖ്യാനം (ക്ലീ) പു-ം അസത്യാക്ഷേപത്തിന്റെ പേർ. മിത്ഥ്യാഭിശംസനം (ക്ലീ) അഭിശാപഃ (നാ) പു-ം ഇല്ലാത്ത ദോഷത്തെ ആരോപിച്ചു പറയുന്നതിന്റെ പേർ. പ്രണാദഃ (നാ) അനുരാഗംഹേതുവായിട്ടു പുറപ്പെട്ടുന്ന ശബ്ദത്തിന്റെ പേർ. യശഃ (ക്ലീ) കീർത്തിഃ സമജ്ഞാ (പു-ം സ്ത്രീ) ന-ം കീർത്തിയുടെ പേർ. സ്തവഃ (നാ) സ്തോത്രം (ക്ലീ) സ്തുതിഃ നുതിഃ (പു-ം സ്ത്രീ) ര-ം സ്തോത്രത്തിന്റെ പേർ.

ആമ്രേഡിതം ദ്വിരുക്തമുച്ചൈർഘുഷ്ടം തു ഘോഷണാ
കാകുഃ സ്ത്രിയാം വികാരോയശ്ശോകഭീത്യാദിഭിർധ്വനേഃ. 12

ആമ്രേഡിതം (ക്ലീ) രണ്ടുമൂന്നു പ്രാവശ്യം പറയപ്പെട്ടതിന്റെ പേർ. ഉച്ചൈർഘുഷ്ടം (ക്ലീ) ഘോഷണാ (സ്ത്രീ) പു-ം ഉറക്കെ ശബ്ദിക്ക എന്നതിന്റെ പേർ. കാകുഃ (സ്ത്രീ) ദുഃഖം ഭയം ഇത്യാദികളെക്കൊണ്ടുണ്ടാകുന്ന സ്വരവികാരത്തിന്റെ പേർ.

അവജ്ഞാക്ഷേപനിർവ്വാദപരിവാദാപവാദവൽ
ഉപക്രോശോ ജുഗുപ്സാ ച കുത്സാ നിന്ദാ ച ഗർഹണേ. 13

അവജ്ഞാ ആക്ഷേപഃ നിർവ്വാദഃ പരിവാദഃ അപവാദഃ ഉപക്രോശഃ (ന്യ-ം നാ) ജുഗുപ്സാ കുത്സാ നിന്ദാ (ന-ം സ്ത്രീ) ഗർഹണം (ക്ലീ) ഥ-ം നിന്ദയുടെ പേർ.

പാരുഷ്യമതിവാദസ്സ്യാൽ ഭർത്സനം തദുപകാരഗീഃ
യസ്സ്യാനിന്ദ ഉപാലംഭസ്തത്ര സ്യാൽ പരിഭാഷണം. 14

പാരുഷ്യം (ക്ലീ) അതിവാദഃ (നാ) ഉ-ം നിഷ്ഠുരയായിരിക്കുന്ന വാക്കിന്റെ പേർ. ഭർത്സനം (ക്ലീ) അപകാരഗീഃ (സ്ത്രീ) ഉ-ം നീ ദുഷ്ടനാകുന്നു ഇത്യാദിയായ അപകാരവാക്കിന്റെ പേർ. അപവാദഗീഃ എന്നും പാഠം കാണുന്നു. പരിഭാഷണം (ക്ലീ) നിന്ദയോടുകൂടിയിരിക്കുന്ന ഉപാലംഭത്തിന്റെ പേർ. ഉപാലംഭമെന്തെന്നാൽ:—ചെയ്യപ്പെട്ടിരിക്കുന്ന പ്രവൃത്തിയുടെ അനുചിതത്വത്തെ പറയുക. അതു ഗുണോക്തിപൂർവ്വകമായിട്ടും ദോഷോക്തിപൂർവ്വകമായിട്ടുമുണ്ട്. 'എത്രയും വിദ്വാനായിരിക്കുന്ന നീ ഇപ്രകാരം സിദ്ധാന്തവിരോധമായി പറയുന്നതു് അനുചിതംതന്നെ.' ഇതു ഗുണോക്തിപൂർവ്വകമെന്നും, 'എത്രയും മൂഢനായിരിക്കുന്ന നീ താനെത്രയും വിദ്വാനാകുന്നു എന്നു ഭാവിക്കുന്നതു് അനുചിതംതന്നെ' ഇതു ദോഷോക്തിപൂർവ്വകമെന്നും അറിക.

തത്ര തദാക്ഷാരണാ യസ്സ്യാദാക്രോശോ മൈഥുനം പ്രതി
സ്യാദാഭാഷണമാലാപഃ പ്രലാപോനർത്ഥകം വചഃ 15

ആക്ഷാരണാ (സ്ത്രീ) മൈഥുനത്തെ ഉദ്ദേശിച്ചുള്ള നിന്ദയുടെ പേർ. ആഭാഷണം (ക്ലീ) ആലാപഃ (നാ) ഉ-ം സംബോധനപൂർവ്വകമായി പറയുന്നതിന്റെ പേർ. പ്രലാപഃ (നാ) നിരർത്ഥകവാക്കിന്റെ പേർ.

അനുലാപോ മുഹുർഭാഷാ വിലാപഃ പരിദേവനം
വിപ്രലാപോ വിരോധോക്തിസ്സല്ലാപോ ഭാഷണം മിഥഃ 16

അനുലാപഃ (നാ) മുഹുർഭാഷാ (സ്ത്രീ) ഉ-ം കൂടക്കൂടെ പറയുന്നതിന്റെ പേർ. വിലാപഃ (നാ) പരിദേവനം (ക്ലീ) ഉ-ം കരച്ചിലോടുകൂടി പറയുന്നതിന്റെ പേർ. വിപ്രലാപഃ (നാ) വിരോധോക്തിഃ (സ്ത്രീ) ഉ-ം വിരുദ്ധമായി പറയുന്നതിന്റെ പേർ. സല്ലാപഃ (നാ) അന്യോന്യം പറയുന്നതിന്റെ പേർ.

സുപ്രലാപസ്സുവചനമപലാപസ്തു നിഹ്നവഃ
അസ്യൂ ചാടുശ്ചടുഃ ശ്ലാഘാ പ്രേമ്ണാ മിത്ഥ്യാവികത്ഥനം.

സുപ്രലാപഃ (നാ) സുവചനം (ക്ലീ) ഉ-ം നല്ല വാക്കിന്റെ പേർ. അപലാപഃ നിഹ്നവഃ (ഉ-ം നാ) മറച്ചു പറയുന്നതിന്റെ പേർ. ചാടുഃ ചടുഃ ഉ-ം (നാ) ശ്ലാഘാ (സ്ത്രീ) ന-ം സ്നേഹംഹേതുവായിട്ടു വെറുതെ ശ്ലാഘിച്ചു പറയുന്നതിന്റെ പേർ. ചടുഃ എന്നും ചാടുഃ എന്നും നപുംസകലിംഗങ്ങളായിട്ടുമാം.

സന്ദേശവാഗപാചികം സ്യാദപാഗ്ഭേദോസ്തു ത്രിഷ്വൃത്തരേ
രുശതീ വാഗകല്യാണീ സ്യാൽ കല്യാ തു ശുഭാത്മികാ 18

സന്ദേശവാക് (സ്ത്രീ) വാചികം (ക്ലീ) ഉ-ം ഉതൻ അന്യൻറെ അടുക്കൽ ചെന്നു സ്വാമിയാൽ പറയപ്പെട്ടിരിക്കുന്ന വാക്കിനെ പറയുന്നതിൻറെ പേർ. വാക്ഭേദാസ്തു ത്രിഷ്വേതരേ എന്നതിൻറെ അർത്ഥം ഇനി പറയുന്ന വാക്ഭേദവാചകങ്ങളായ ശബ്ദങ്ങൾ മൂന്നു വാചകങ്ങളിലും വരുമെന്നാകുന്നു. ശ്രുതീ (സ്ത്രീ) അമംഗലവാക്കിൻറെ പേർ. ശ്രുൻ ശ്രുൽ ഇങ്ങിനെ പുല്ലിംഗമായിട്ടും നപുംസകലിംഗമായിട്ടും വരും. കല്യാ (സ്ത്രീ) മംഗലവാക്കിൻറെ പേർ.

അത്യർത്ഥമധുരേ സാന്ത്വം സംഗതേ ഹൃദയംഗമം
നിഷ്ഠുരേ പരുഷം ഗ്രാമ്യേ തച്ഛ്ലീലം സൂനൃതം പ്രിയേ 19

സത്യേഽഥ സംകുലക്ലിഷ്ടേ പരസ്പരപരാഹതേ
ലുപ്തവർണ്ണപദം ഗ്രസ്തം നിരസ്തം തച്ചിരിതോദിതം. 20

സാന്ത്വം (ക്ലീ) അതിമാധുര്യത്തോടുകൂടിയ വാക്കിൻറെ പേർ. സംഗതം ഹൃദയംഗമം (ഉ-ം ക്ലീ) ഉചിതമായ വാക്കിൻറെ പേർ. നിഷ്ഠുരം പരുഷം (ഉ-ം ക്ലീ) കഷ്ശവാക്കിൻറെ പേർ. അശ്ലീലം ഗ്രാമ്യം (ഉ-ം ക്ലീ) സഭായോഗ്യതയില്ലാത്ത വാക്കിൻറെ പേർ. സൂനൃതം (ക്ലീ) സത്യമായും പ്രിയമായുമിരിക്കുന്ന വാക്കിൻറെ പേർ. സംകുലം ക്ലിഷ്ടം (ഉ-ം ക്ലീ) പരസ്പരം വിരുദ്ധാർത്ഥവാചകങ്ങളായ ശബ്ദങ്ങളോടുകൂടിയ വാക്കിൻറെ പേർ. ലുപ്തവർണ്ണപദം ഗ്രസ്തം (ഉ-ം ക്ലീ) ലോപിക്കപ്പെട്ടിരിക്കുന്ന അക്ഷരത്തോടും പദത്തോടുംകൂടിയ വാക്കിൻറെ പേർ. നിരസ്തം (ക്ലീ) ബദ്ധപ്പെട്ടു പറയുന്ന വാക്കിൻറെ പേർ.

അംബ്യക്തം സനിഷ്ഠീവമബദ്ധം സ്യാദനർത്ഥകം
അനക്ഷരമവാച്യം സ്യാദാഹതം തു മൃഷാർത്ഥകം 21

അംബ്യക്തം (ക്ലീ) തുപ്പൽ തെറിപ്പാൻ തക്കവണ്ണം പറയുന്ന വാക്കിൻറെ പേർ. അബദ്ധം (ക്ലീ) അർത്ഥത്തോടുകൂടാത്ത വാക്കിൻറെ പേർ. അനക്ഷരം അവാച്യം (ഉ-ം ക്ലീ) പറവാൻ യോഗ്യമല്ലാത്ത വാക്കിൻറെ പേർ. ആഹതം (ക്ലീ) ഏറ്റവുമസംഭവമായ അർത്ഥത്തെ പറയുന്ന വാക്കിൻറെ പേർ.

അഥ ക്ലിഷ്ടമവിസ്പഷ്ടം വിതഥം തച്ചനൃതം വചഃ
സത്യം തഥ്യമൃതം സമ്യഗമൂനി ത്രിഷു തദ്വതി 22

ക്ലിഷ്ടം (ക്ലീ) കൊഞ്ഞിപ്പറയുന്ന വാക്കിൻറെ പേർ. വിതഥം (ക്ലീ) അസത്യവാക്കിൻറെ പേർ. സത്യം തഥ്യം ഋതം സമ്യക് (ര്-ം ക്ലീ) സത്യവാക്കിൻറെ പേർ. അമൂനി ത്രിഷു തദ്വതി എന്നതിൻറെ അർത്ഥം സത്യം

എന്നുള്ള ശബ്ദം തുടങ്ങി സമ്യക് എന്നുള്ള ശബ്ദംവരെയുള്ള ശബ്ദങ്ങൾ സത്യാദികളുള്ളവനെ പറയുമ്പോൾ ത്രിലിംഗങ്ങളാകുന്നു എന്നാകുന്നു.

ശബ്ദേ നിനാദനിനദധ്വനിധ്വാനരവസ്വനാഃ
സ്വാനനിഗ്രോഷനിർഹ്രാദനാദനിസ്വാനനിസ്വനാഃ 23

ആരവാരാവസംരാവവിരാവാ അഥ മമ്മരഃ
സ്വനിതേ വസ്ത്രപണ്ണാനാം ഭ്രഷണാനാം തു ശിഞ്ജിതം 24

ശബ്ദഃ നിനാദഃ നിനദഃ ധ്വനിഃ ധ്വാനഃ രവഃ സ്വനഃ സ്വാനഃ നിഗ്രോഷഃ നിർഹ്രാദഃ നാദഃ നിസ്വാനഃ നിസ്വനഃ ആരവഃ ആരാവഃ സംരാവഃ വിരാവഃ (ത്രി-ം നാ) ശബ്ദത്തിന്റെ പേർ. മമ്മരഃ (നാ) വസ്ത്രങ്ങളുടേയും ഇലകളുടേയും ശബ്ദത്തിന്റേ പേർ. ശിഞ്ജിതം (ക്ലീ) ആഭരണങ്ങളുടെ ശബ്ദത്തിന്റെ പേർ.

സോല്ലുണ്ഠനം തു സോൽപ്രാശം മണിതം രതികൂജിതം
നികാണോ നികണഃ കാണഃ കണഃ കണനമിത്യപി

സോല്ലുണ്ഠനം സോൽപ്രാശം (പു-ം ക്ലീ) പരിഹാസത്തിന്റെ പേർ. മണിതം രതികൂജിതം (പു-ം ക്ലീ) രതിസമയത്തിങ്കൽ അനുരാഗാതിശയം ഹേതുവായിട്ടു കപോതശബ്ദത്തോട് സദൃശമായി പുറപ്പെടുന്ന കണ്ഠധ്വനിയുടെ പേർ. മഹേശ്വരടീകയിൽ അഥവാ തു മൂഷാത്ഥകമെന്നതിന്റെ ശേഷം സോല്ലുണ്ഠനമിത്യാദി രണ്ടു പാദവും അതിന്റെ ശേഷം 'ശ്രാവ്യം ഹൃദ്യം മനോഹാരി വിസ്പഷ്ടം പ്രകടോദിതം' എന്നും അതിന്റെ ശേഷം അഥ ശ്ലിഷ്ടമിത്യാദിയുമാകയാൽ പാഠഭേദമുണ്ടെന്നറിയുക. നികാണഃ നികണഃ കാണഃ കണഃ (ത്രി-ം നാ) കണനം. (ക്ലീ) ഇ-ം വീണാശബ്ദത്തിന്റെ പേർ.

വീണായാഃ കണനിതേ പ്രാദേഃ പ്രകാണഃ പ്രകണാദയഃ
കോലാഹലഃ കളകളസ്ത്വരശ്ചാം വാശിതം രുതം 26
സ്ത്രീ പ്രതിശ്രുൽ പ്രതിധാനേ ഗീതം ഗാനമിമേ സമേ

പ്രകാണഃ പ്രകണഃ (പു-ം നാ) വീണയുടെ ശബ്ദത്തിന്റെ പേർ. പ്രകണാദയഃ എന്നേടത്തു് ആദിപദംകൊണ്ടു് ഉപകാണ ഇത്യാദി ശബ്ദങ്ങളെ സംഗ്രഹിച്ചിരിക്കുന്നു എന്നറിയുക. കോലാഹലഃ കളകളഃ (പു-ം നാ) കോലാഹലത്തിന്റെ പേർ. വാശിതം രുതം (പു-ം ക്ലീ) പക്ഷിപക്ഷ്യാദിശബ്ദത്തിന്റെ പേർ. പ്രതിശ്രുൽ (സ്ത്രീ) പ്രതിധാനഃ (നാ) പു-ം പ്രതിധ്വനിയുടെ പേർ. ഗീതം ഗാനം (പു-ം ക്ലീ) പാട്ടിന്റെ പേർ.

നാട്യവർഗ്ഗം

നിഷാദഷ്ഭഗാന്ധാരഷഡ്ജമധ്യമധൈവതാഃ
പഞ്ചമശ്ചേത്യമീ സപ്ത തന്ത്രീകണ്ഠോത്ഥിതാസ്സ്വരാഃ 1

സ്വരാഃ (നാ) വീണയുടെ കമ്പികളിൽനിന്നും കണ്ഠത്തിൽനിന്നും പുറപ്പെട്ടുന്നവയായ നിഷാദാദികളുടെ പേർ. ഇതിന്റെ ശേഷം 'ഷഡ്ജം മയൂര ബ്രൂവതേ' ഇത്യാദികളായ ശ്ലോകങ്ങൾ കാണപ്പെട്ടുന്നു. അതുകൾ മൂലത്തിങ്കൽ ചേർന്തല്ലായ്കയാൽ ഇവിടെ ചേർത്തിട്ടില്ല. മൂലത്തിൽ ചേർന്തല്ലെന്നു മഹേശ്വരടീകയിൽ പറഞ്ഞിട്ടുമുണ്ട്.

കാകളീ തു കളേ സൂക്ഷ്മ ധ്വനൌ തു മധുരാസ്ഫുടേ
കളോ മന്ദ്രസ്തു ഗംഭീരേ താരോത്യൈച്ചൈസ്സ്വയസ്സ്വിഷു 2

കാകളീ (സ്ത്രീ) മധുരമായും നേർത്തതായുമുള്ള ശബ്ദത്തിന്റെ പേർ. കളഃ (നാ) അവ്യക്തമായും മധുരമായുമുള്ള ശബ്ദത്തിന്റെ പേർ. മന്ദ്രഃ (നാ) മുഴക്കത്തോടുകൂടിയ ശബ്ദത്തിന്റെ പേർ. താരഃ (നാ) ഏറ്റവും ഉന്നതമായിരിക്കുന്ന ശബ്ദത്തിന്റെ പേർ. ഈ മൂന്നു ശബ്ദങ്ങളും മൂന്നു ലിംഗങ്ങളിലും ഉണ്ട്.

സമനാചിതലയസ്തേ കതാളോ വീണാ തു വല്ലകീ
വിപഞ്ചീ സാ തു തന്ത്രീഭിസ്സപ്തഭിഃ പരിവാദിനീ 3

സമനാചിതലയഃ ഏകതാളഃ (പു-ം നാ) ഒറ്റത്താളത്തിന്റെ പേർ. വീണാ വല്ലകീ വിപഞ്ചീ (സ്ത്രീ-ം സ്ത്രീ) വീണയുടെ പേർ. പരിവാദിനീ (സ്ത്രീ) ഏഴു കമ്പികളോടുകൂടിയ വീണയുടെ പേർ.

തതം വീണാദികം വാദ്യമാനദ്ധം മുരജാദികം
വംശാദികം തു സുഷിരം കാംസ്യം താളാദികം ഘനം 4

തതം (ക്ലീ) വീണാദിവാദ്യത്തിന്റെ പേർ. ആനദ്ധം (ക്ലീ) മിഴാവു മുതലായ വാദ്യത്തിന്റെ പേർ. സുഷിരം (ക്ലീ) ഓടക്കുഴൽ മുതലായ വാദ്യത്തിന്റെ പേർ. ഘനം (ക്ലീ) ഓടുകൊണ്ടുള്ള താളം മുതലായതിന്റെ പേർ.

ചതുർവ്വിധമിദം വാദ്യം വാദിത്രാതോദ്യനാമകം
മൃദംഗാ മുരജാ ഭേദാസ്തം കുംയാലിംഗ്യോർദ്ധ്വകാസ്സ്വയഃ 5

വാദ്യം വാദിത്രം ആതോദ്യം (പു-ം ക്ലീ) മേല്പറഞ്ഞ വാദ്യങ്ങൾ ഒക്കെക്കൂടിയതിന്റെ പേർ. മൃദംഗാഃ മുരജാഃ (പു ം നാ) മിഴാവിന്റെ പേർ. ഈ പേർ ശബ്ദങ്ങളുടെ ബഹുത്വത്തിനു വിവക്ഷയില്ലായ്കഹേതുവായിട്ടു ഏകവചനാന്തങ്ങളായിട്ടും ദ്വിവചനാന്തങ്ങളായിട്ടും പ്രയോഗിക്കുന്നതിനു വിരോ

ധമില്ലെന്നറിക. അംക്യൗ: ആലിംഗ്യൗ: ഊർദ്ധ്വകൗ: (ന.-ം നാ) വാദ്യവിശേഷങ്ങളുടെ പേർ. അംക്യങ്ങൾ=മടിയിൽവെച്ചു കൊട്ടുന്നവ. ആലിംഗ്യങ്ങൾ=തഴുകി കൊട്ടുന്നവ. ഊർദ്ധ്വകങ്ങൾ=ഉയരത്തുവെച്ചു കൊട്ടുന്നവ.

സ്യാദ്യശഃപടഹോ ഡക്കാ ഭേരീ സ്ത്രീ ദുന്ദുഭിഃ പുമാൻ
ആനകഃ പടഹോസ്ത്രീ സ്യാൽ കോണോ വീണാദിവാദനം.

യശഃപടഹഃ (നാ) ഡക്കാ (സ്ത്രീ) ന.-ം നിഷ്പന്നവാദ്യത്തിന്റെ പേർ. യശഃ പടഹഃ ഡക്കാ ഇങ്ങിനെ മൂന്നു പദമെന്നു ചിലർ പറഞ്ഞിരിക്കുന്നു. അതു പ്രമാദമെന്നതന്നെ പറയാം. യശഃപടഹമെന്നതിനു യശസ്സിനായിക്കൊണ്ടുള്ള പടഹമെന്നു് അർത്ഥമാകയാൽ യശഃപടഹം എന്നു് ഒരു പദംതന്നെ എന്നറിക. ഭേരീ (സ്ത്രീ) ദുന്ദുഭിഃ (നാ) ന.-ം പെരുമ്പറയുടെ പേർ. ആനകഃ പടഹഃ (ന.-ം നാ) പടഹവാദ്യത്തിന്റെ പേർ. പടഹശബ്ദം നപുംസകമായിട്ടുമാം. കോണഃ (നാ) വീണാദികളുടെ വായനക്കോലിന്റെ പേർ.

വീണാദണ്ഡഃ പ്രവാളഃ സ്യാൽ കകുഭസ്തു പ്രസേവകഃ
കോളംബകസ്തു കായഃ സ്യാദുപനാഹോ നിബന്ധനം 7

വീണാദണ്ഡഃ പ്രവാളഃ (ന.-ം നാ) വീണയുടെ തണ്ടിന്റെ പേർ. കകുഭഃ പ്രസേവകഃ (ന.-ം നാ) വീണയിൽ ചേർത്തിരിക്കുന്ന ചുരക്കായയുടെ പേർ എന്നും വീണയുടെ വളവോടുകൂടിയ ഭാഗവിശേഷമെന്നും വീണയുടെ കുടത്തിന്റെ പേർ എന്നും ചിലർ വിവരിച്ചിരിക്കുന്നു. അതിൽ ഒടുക്കത്തെ പക്ഷംതന്നെ സമീചീനമെന്നു തോന്നുന്നു. കോളംബകഃ (നാ) കന്പിയോടുകൂടാത്ത വീണയുടെ പേർ. ഉപനാഹഃ (നാ) നിബന്ധനം (ക്ലീ) ന.-ം വീണയുടെ കന്പി കെട്ടി മുറുക്കുവാനുള്ള പ്രദേശത്തിന്റെ പേർ.

വാദ്യപ്രഭേദോ ഡമരുമർഡ്ഡുർഡിണ്ഡിമർഝർജ്ഝരാഃ
മർദ്ദളഃ പണവോന്യേ ച നർത്തകീലാസികേ സമേ 8

വാദ്യപ്രഭേദോഃ—ഇനി പറയപ്പെടുന്നവ ഒക്കെയും വാദ്യവിശേഷങ്ങളാകുന്നു എന്നർത്ഥം. ഡമരുഃ (നാ) കുട്ടുടുതിയുടെ പേർ. മർഡ്ഡുഃ (നാ) നെട്ടുടുതിയുടെ പേർ. ഡിണ്ഡിമഃ (നാ) പറയുടെ പേർ. ഝർജ്ഝരഃ (നാ) ചല്ലരിപ്പറയുടെ പേർ. മർദ്ദളഃ (നാ) മർദ്ദളത്തിന്റെ പേർ. മർദ്ദളഃ എന്നും ചിലർ പഠിക്കുന്നു. മർദ്ദളഃ എന്നതന്നെ മഹേശ്വരടീകയിൽ പാഠമാകുന്നു. മഹേശ്വരടീകയിൽ അവയവാർത്ഥം പറഞ്ഞിട്ടില്ല. ഭാനുജഭട്ടീയത്തിൽ അവയവാർത്ഥവും പറഞ്ഞിട്ടുണ്ടു്. അവയവാർത്ഥം മർദ്ദത്തെ ലാനംചെയ്യുന്നതു്, മർദ്ദം=മർദ്ദനം, ലാനംചെയ്യൽ=സാധീകരിക്കുക. ലാ ആദാനേ എന്നു ധാതുവുമുണ്ടു്. ലളയോരഭേദഃ എന്നുമുണ്ടു്. ഇതിനെ അപേക്ഷിക്കുന്പോൾ മർദ്ദളഃ എന്നതന്നെ പാഠം ആവശ്യമാകുന്നു. മർദ്ദളഃ എന്നുള്ള പാഠപക്ഷത്തിങ്കൽ

മട്ടുശബ്ദം പുഷ്പോദരാദിഗണത്തിൽ അന്തർഭൂതമെന്നു കല്പിക്കുകയും വേണം. പുഷ്പോദരാദി ആകൃതിഗണമാകുന്നു. ആ ഗണത്തിൽ പഠിച്ചിരിക്കുന്ന ശബ്ദങ്ങൾക്ക് ആദ്യമായിരിക്കുന്ന ഉച്ചാരണത്തിൽ ഏതുവിധമോ രൂപം, ആ വിധംതന്നെ രൂപമാകയും ചെയ്യും. പണവഃ (നാ) നടമിഴാവിന്റെ പേർ. അന്യേ ച എന്നതിന്റെ അർത്ഥം വേറെയുള്ള ഗോമുഖാദികളും വാദ്യവിശേഷങ്ങളാകുന്നു എന്നാകുന്നു. നർത്തകീ ലാസികാ (പു-ം സ്ത്രീ) ആടുന്ന സ്ത്രീയുടെ പേർ.

വിളംബിതം ദ്രുതം മധ്യം തത്പഃമോഘ്നോ ഘനം ക്രമാൽ
താളഃ കാലക്രിയാമാനം ലയസ്സാമ്യമഥാസ്ത്രിയാം 9

താണ്ഡവം നടനം നാട്യം ലാസ്യം നൃത്തം ച നർത്തനേ
തൈര്യത്രികം നൃത്തഗീതവാദ്യം നാട്യമിദം ത്രയം 10

വിളംബിതം ദ്രുതം മധ്യം തത്പം ഓഘ്നഃ ഘനം ക്രമാൽ ഇതിന്റെ അർത്ഥം—വിളംബിതവും തത്പവും ഏകപയ്യായങ്ങളെന്നും ദ്രുതവും ഓഘ്നവും ഒരു പയ്യായങ്ങളെന്നും മധ്യവും ഘനവും ഒരു പയ്യായങ്ങളെന്നും ക്രമാൽ എന്നുള്ള ശബ്ദപ്രയോഗംഹേതുവായിട്ടു ലബ്ധമാകുന്നു. വിളംബിതം തത്പം (പു-ം ക്ലീ) കരചരണാദികർമ്മംകൊണ്ടുള്ള പ്രയോഗത്തിനു കാലവിളംബത്തോടുകൂടി ചെയ്യപ്പെടുന്ന നൃത്താദിയുടെ പേർ. ദ്രുതം (ക്ലീ) ഓഘ്നഃ (നാ) പു-ം കരചരണാദികർമ്മംകൊണ്ടുള്ള പ്രയോഗത്തിനു കാലവിളംബം കൂടാതെ ചെയ്യപ്പെടുന്ന നൃത്താദിയുടെ പേർ. മധ്യം ഘനം (പു-ം ക്ലീ) കരചരണാദികർമ്മംകൊണ്ടുള്ള പ്രയോഗത്തിനു് അധികമായ വിളംബത്തോടും അധികമായ വേഗത്തോടുംകൂടാതെ ചെയ്യപ്പെടുന്ന നൃത്താദിയുടെ പേർ. താളഃ (നാ) നൃത്തഗീതാദികളുടെ മാത്രാനിയമത്തിന്റെ പേർ. ലയഃ (നാ) ഗീതവാദ്യാദികളുടെ കാലക്രിയകർമ്മങ്ങൾക്കുള്ള സാമ്യത്തിന്റെ പേർ. താണ്ഡവം നടനം നാട്യം ലാസ്യം നൃത്തം നർത്തനം (നൃ-ം ക്ലീ) നൃത്തത്തിന്റെ പേർ. തൈര്യത്രികം നാട്യം (പു-ം ക്ലീ) നൃത്തഗീതവാദ്യങ്ങൾ മൂന്നും കൂടിയതിന്റെ പേർ.

ഭ്രകുംസശ്ച ഭ്രകുംസശ്ച ഭ്രകുംസശ്ചേതി നർത്തകഃ
സ്ത്രീവേഷധാരീ പുരുഷോ നാട്യാക്കേതൗ ഗണികാഽജ്ജുകഃ

ഭ്രകുംസഃ ഭ്രകുംസഃ ഭ്രകുംസഃ (പു-ം നാ) സ്ത്രീവേഷം കെട്ടി ആടുന്ന പുരുഷന്റെ പേർ. അജ്ജുകാ (സ്ത്രീ) നാടകാദികളിലുള്ള വേശ്യയുടെ പേർ. നാട്യാക്കേതൗ എന്നു പാഠകൊണ്ടു് അന്യത്ര അജ്ജുകാശബ്ദംകൊണ്ടു വേശ്യയെ പഠകയുമരുതു് എന്നു താൽപര്യം.

ഭഗിനീപതിരാവുത്തോ ഭാവോ വിദ്വാനഥാവുകഃ
ജനകോ യുവരാജസ്തു കുമാരോ ഭർത്തൃദാരകഃ 12

ആവൃത്തഃ (നാ) സോദരിയുടെ ഭർത്താവിന്റെ പേർ. ഭാവഃ (നാ) വിദ്വാന്റെ പേർ. ആവുകഃ (നാ) അച്ഛന്റെ പേർ. കുമാരഃ ഭർത്തൃദാരകഃ (പു-ം നാ) യുവരാജന്റെ പേർ.

രാജാ ഭട്ടാരകോ ദേവസ്തത്സുതാ ഭർത്തൃദാരികാ
ദേവീ കൃതാഭിഷേകായാമിതരാസു തു ഭട്ടിനീ 13

ഭട്ടാരകഃ ദേവഃ (പു-ം നാ) രാജാവിന്റെ പേർ. ഭർത്തൃദാരികാ (സ്ത്രീ) രാജപുത്രിയുടെ പേർ. ദേവീ (സ്ത്രീ) രാജാവിനോട്ടക്കൂടി സിംഹാസനത്തിങ്കൽ ഇരുത്തി അഭിഷേകംചെയ്യപ്പെട്ടിരിക്കുന്ന രാജസ്ത്രീയുടെ പേർ. ഭട്ടനീ (സ്ത്രീ) മേൽപ്രകാരമല്ലാത്ത രാജസ്ത്രീയുടെ പേർ.

ആഭ്രഹ്മണ്യമവദ്യോക്തൌ രാജ്ഞഃ സ്യാലസ്യ രാഷ്ട്രിയഃ
അംബാ മാതാഥ ബാലാ സ്യാദാര്യാസ്യാര്യസ്യ മാരിഷഃ 14

ആഭ്രഹ്മണ്യം (ക്ലീ) ദോഷോക്തിയുടെ പേർ. രാഷ്ട്രിയഃ (നാ) രാജാവിന്റെ അളിയന്റെ പേർ. അംബാ മാതാ (പു-ം സ്ത്രീ) അമ്മയുടെ പേർ. ബാലാ വാസ്യഃ (പു-ം സ്ത്രീ) കുമാരിയുടെ പേർ. ആര്യഃ മാരിഷഃ (പു-ം നാ) ആര്യന്റെ പേർ. ആര്യഃ എന്നതിന്നു കർത്തവ്യത്തിൽ പ്രവൃത്തിയേയും അകർത്തവ്യത്തിങ്കൽനിന്നു നിവൃത്തിയേയും ചെയ്യുന്നവൻ എന്നു് അർത്ഥമാകുന്നു.

അത്തികാ ഭഗിനീ ജ്യേഷ്ഠാ നിഷ്ഠാ നിർവ്വഹണേ സമേ
ഹണ്ഡേ ഹഞ്ജേ ഹളാഹാനേനീ ചാം ചേടീം സഖീംപ്രതി

അത്തികാ (സ്ത്രീ) ജ്യേഷ്ഠത്തിയുടെ പേർ. നിഷ്ഠാ നിർവ്വഹണാ (പു-ം സ്ത്രീ) നാടകത്തിന്റെ അംഗമായ സന്ധിവിശേഷത്തിന്റെ പേർ കഥാസമാപ്തിയുടെ പേർ എന്നും ചിലർ വിവരിച്ചിരിക്കുന്നു. ഹണ്ഡേ ഹഞ്ജേ ഹളാ ഈ ശബ്ദങ്ങൾ (ന-ം അ) നീചയായിരിക്കുന്നവളേയും ചേടിയേയും സഖിയേയും ഉദ്ദേശിച്ചു വിളിയിൽ പ്രയോഗിക്കപ്പെടുന്നതാകുന്നു.

അംഗഹാരേംഗവിക്ഷേപോ വ്യഞ്ജകാഭിനയൌ സമൌ
നിവൃത്തേതപംഗസതപാഭ്യാം ദ്വേ ത്രിഷപാംഗികസാതപികേ

അംഗഹാരഃ അംഗവിക്ഷേപഃ (പു-ം നാ) ആട്ടംസമയത്തിങ്കലുള്ള കരചരണാദികൾകൊണ്ടുള്ള പ്രവൃത്തിയുടെ അടക്കത്തിന്റെ പേർ. വ്യഞ്ജകഃ അഭിനയഃ (പു-ം നാ) ഹസ്യാദിസംജ്ഞയുടെ പേർ. ആംഗികം (ക്ലീ) അംഗംകൊണ്ടു നിർവൃത്തമായതിന്റെ പേർ. സാതപികം (ക്ലീ) സതപംകൊണ്ടു നിർവൃത്തമായതിന്റെ പേർ. ആംഗികസാതപികശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു.

ശൃംഗാരവീരകരുണാത്ഭുതഹാസ്യഭയാനകാഃ
ബീഭത്സരൌദ്രൌ ച രസാഃ ശൃംഗാരഃ ശുചിരുജ്ജ്വലഃ 17

ശൃംഗാരഃ വീരഃ കരുണഃ അത്ഭുതഃ (ര്-ം നാ) ഹാസ്യം (ക്ലീ) ഭയാനകഃ ബീഭത്സഃ രൌദ്രഃ (പു-ം നാ) രസാഃ മേല്പറഞ്ഞ വ്യ-ം രസവിശേഷങ്ങളാകുന്നു. രസശബ്ദംകൊണ്ട് എട്ടിനോയും പറയാം. ശൃംഗാരഃ ശുചിഃ ഉജ്ജ്വലഃ (പു-ം നാ) ശൃംഗാരത്തിന്റെ പേർ.

ഉത്സാഹവദ്ധനോ വീരഃ കാരുണ്യം കരുണാ ഘൃണാ
കൃപാ ദയാനുകംപാ സ്യാദനുക്രോശോപ്യഥോ ഹസഃ 18

ഹാസോ ഹാസ്യം ച ബീഭത്സം വികൃതം ത്രിഷ്വിദം ദ്വയം
വിസ്മയോത്ഭൂതമാശ്ചര്യ്യം ചിത്രമപ്യഥ ഭൈരവം 19

ദാരുണം ഭീഷണം ഭീഷ്മം ഘോരം ഭീമം ഭയാനകം
ഭയങ്കരം പ്രതിഭയം രൌദ്രം രുഗ്രമമീ ത്രിഷു 20

ചത്വാരിംശദരസ്യാസോ ഭീതിർഭീസ്സാധ്വസം ഭയം
വികാരോ മാനസോ ഭാവോനുഭാവോ ഭാവബോധകഃ 21

ഉത്സാഹവദ്ധനഃ വീരഃ (പു-ം നാ) വീരരസത്തിന്റെ പേർ. കാരുണ്യം (ക്ലീ) കരുണാ ഘൃണാ കൃപാ ദയാ അനുകമ്പാ (ങ-ം സ്ത്രീ) അനുക്രോശഃ (നാ) ഉ-ം കരുണരസത്തിന്റെ പേർ. ഹസഃ ഹാസഃ (പു-ം നാ) ഹാസ്യം (ക്ലീ) ന-ം ഹാസ്യരസത്തിന്റെ പേർ. ബീഭത്സം വികൃതം (പു-ം ക്ലീ) ബീഭത്സരസത്തിന്റെ പേർ. ഈ രണ്ടു ശബ്ദങ്ങൾക്കു ത്രിലിംഗത്വവുമുണ്ട്. ത്രിഷ്വിദം ദ്വയം എന്നു പറകയാൽ മേല്പറഞ്ഞ ശബ്ദങ്ങൾ രസവാചികളാകുമ്പോൾ പുല്ലിംഗങ്ങളായിട്ടും രസവദ്വാചികളാകുമ്പോൾ ത്രിലിംഗങ്ങളായിട്ടും വരുമെന്നറിക. വിസ്മയഃ (നാ) അത്ഭുതം ആശ്ചര്യ്യം ചിത്രം (പു-ം ക്ലീ) ര്-ം അത്ഭുതരസത്തിന്റെ പേർ. ഭൈരവം ദാരുണം ഭീഷണം ഭീഷ്മം ഘോരം ഭീമം ഭയാനകം ഭയങ്കരം പ്രതിഭയം (ന-ം ക്ലീ) ഭയാനകരസത്തിന്റെ പേർ. രൌദ്രം ഉഗ്രം (പു-ം ക്ലീ) രൌദ്രരസത്തിന്റെ പേർ. അമീ ത്രിഷു ചത്വാരിംശത് എന്നതിന്റെ അർത്ഥം— അത്ഭുതാദികളായ ഫ്ര് ശബ്ദങ്ങളും ത്രിലിംഗങ്ങളാകയും ചെയ്യുമെന്നാകുന്നു. ദരഃ ത്രാസഃ (പു-ം നാ) ഭീതിഃ ഭീഃ (പു-ം സ്ത്രീ) സാധ്വസം ഭയം (പു-ം ക്ലീ) ന്യ-ം ഭയത്തിന്റെ പേർ. ഭാവഃ (നാ) മനോവികാരത്തിന്റെ പേർ. അനുഭാവഃ (നാ) ഭാവത്തെ അറിയിക്കുന്ന ചേഷ്ടയുടെ പേർ.

ഗർവ്വോഭിമാനോഹംകാരോ മാനശ്ചിത്തസമുന്നതിഃ
ദർപ്പോവലേപോവഷ്ടംഭശ്ചിത്തോദ്രേകഃ സ്മയോ മതിഃ 22

അനാദരഃ പരിഭവഃ പരീഭാവസ്തിരസ്ക്രിയാ
രീഡാവമാനനാവജ്ഞാവഹേളനമസൂർക്ഷണം 23

ഗർവ്വഃ അഭിമാനഃ അഹംകാരഃ മാനഃ (ര-ം നാ) ചിത്തസമുന്നതിഃ (സ്ത്രീ) ഉ-ം ഗർവ്വത്തിന്റെ പേർ. ദർപ്പഃ അവലേപഃ അവഷ്ടംഭഃ ചിത്തോദ്രേകഃ സ്മയഃ മദഃ (ന്യ-ം നാ) മദത്തിന്റെ പേർ. അനാദരഃ പരിഭവഃ പരീഭാവഃ (പു-ം നാ) തിരസ്ക്രിയാ രീഡാ അവമാനനാ അവജ്ഞാ (ര-ം സ്ത്രീ) അവഹേളനം അസൂർക്ഷണം (ഉ-ം ക്ലീ) ന-ം അനാദരത്തിന്റെ പേർ. അസൂക്ഷണമെന്നും പാഠം കാണുന്നു.

മന്ദാക്ഷം ഹ്രീസ്ത്രപാ വ്രീളാ ലജ്ജാ സാപത്രപാന്യതഃ
ക്ഷാന്തിസ്തിതിക്ഷാഭിധ്യാ തു പരസ്പവിഷയേ സ്പൃഹാ 24

മന്ദാക്ഷം (ക്ലീ) ഹ്രീഃ ത്രപാ വ്രീളാ ലജ്ജാ (ര-ം സ്ത്രീ) ഉ-ം ലജ്ജയുടെ പേർ. അപത്രപാ (സ്ത്രീ) അന്യങ്കൽനിന്നുണ്ടാകുന്ന ലജ്ജയുടെ പേർ. ക്ഷാന്തിഃ തിതിക്ഷാ (ഉ-ം സ്ത്രീ) ക്ഷമയുടെ പേർ. അഭിധ്യാ (സ്ത്രീ) അന്യദ്രവ്യേച്ഛയുടെ പേർ.

അക്ഷാന്തിരീർഷ്യാസൂയാ തു ദോഷാരോപോ ഗുണേഷ്വപി
വൈരം വിരോധോ വിദ്വേഷോ മന്യുശോകൌ തു ശുക്കു
സ്ത്രിയാം 25

അക്ഷാന്തിഃ ഈർഷ്യാ (ഉ-ം സ്ത്രീ) ഈർഷ്യയുടെ പേർ. അസൂയാ (സ്ത്രീ) ഗുണങ്ങളിൽ ദോഷങ്ങളെ ആരോപിക്കുന്നതിന്റെ പേർ. വൈരം (ക്ലീ) വിരോധഃ വിദ്വേഷഃ (ഉ-ം നാ) വൈരത്തിന്റെ പേർ. മന്യുഃ ശോകഃ (ഉ-ം നാ) ശുക് (സ്ത്രീ) പു-ം ശോകത്തിന്റെ പേർ.

പശ്ചാത്താപോനുതാപശ്ച വിപ്രതീസാര ഇത്യുപി
കോപക്രോധാമർഷരോഷപ്രതിഘാ രുൿക്രുധൌ സ്ത്രിയൈ26

പശ്ചാത്താപഃ അനുതാപഃ വിപ്രതീസാരഃ (പു-ം നാ) കഴിഞ്ഞതിനെ ഉദ്ദേശിച്ചുള്ള ദുഃഖത്തിന്റെ പേർ. കോപഃ ക്രോധഃ അമർഷഃ രോഷഃ പ്രതിഘഃ (ത്രി-ം നാ) രുക് ക്രുത് (ഉ-ം സ്ത്രീ) ഉ-ം കോപത്തിന്റെ പേർ.

ശൂചൌ തു ചരിതേ ശീലമുന്മാദശ്ചിത്തവിഭ്രമഃ
പ്രേമാ നാ പ്രിയതാ ഹാർദ്ദം പ്രേമസ്നേഹോഥ ദോഹളഃ 27

ഇച്ഛാ കാംക്ഷാ സ്പൃഹാഹാ തൃഡ്വാഞ്ഛാ ലിപ്സാ മനോരഥഃ
കാമോഭിലാഷസ്തൃഷ്ണശ്ച സ മഹാൻ ലാലസാ ദ്വയോഃ 28

ശീലം (ക്ലീ) നല്ല ചരിതത്തിന്റെ പേർ. ഉന്മാദഃ ചിത്തവിഭ്രമഃ (ഉ-ം നാ) ഭ്രാന്തിന്റെ പേർ. പ്രേമാ (നാ) പ്രിയതാ (സ്ത്രീ) ഹാർദ്ദം പ്രേമ

(ഉ-ം ക്ലീ) സ്നേഹഃ (നാ) ഇ-ം സ്നേഹത്തിന്റെ പേർ. ദോഹളഃ (നാ) ഇച്ഛാ കാംക്ഷാ സ്പൃഹാ ഈഹാ തൃഷ്ണാ വാഞ്ഛാ ലിപ്സാ (ഋ-ം സ്ത്രീ) മനോരഥഃ കാമഃ അഭിലാഷഃ തൃഷ്ണാ (ര്-ം നാ) ഫ-ം ഇച്ഛയുടെ പേർ. ദോഹളം എന്നും പാഠമുണ്ട്. ലാലസാ (സ്ത്രീ) ഏറ്റവുമുള്ള ഇച്ഛയുടെ പേർ. ലാലസാ എന്നതു സ്ത്രീലിംഗമാകുന്നു. ലാലസഃ എന്നു പുല്ലിംഗമായിട്ടുമാം.

ഉപാധിസ്ത്വാ ധർമ്മചിന്താ പുംസ്യാധിർമ്മാനസീ വ്യഥാ
സ്യാച്ചിന്താ സ്മൃതിരാധ്യാനമുൽകണ്ഠോൽകലികേ സമേ 29

ഉപാധിഃ (നാ) ധർമ്മചിന്തയുടെ പേർ. ആധിഃ (നാ) മനസ്സിലുണ്ടാകുന്ന ദുഃഖത്തിന്റെ പേർ. ചിന്താ സ്മൃതിഃ (ഉ-ം സ്ത്രീ) ആധ്യാനം (ക്ലീ) ന-ം ചിന്തയുടെ പേർ. ഉൽകണ്ഠാ ഉൽകലികാ (ഉ-ം സ്ത്രീ) ഉൽകണ്ഠയുടെ പേർ.

ഉത്സാഹോ വ്യവസായസ്ത്യാൽ സ വീര്യ്യമതിശക്തിഭാക്
കപടോസ്ത്രീ വ്യാജദംഭോപധയഃ ക്ഷത്തമകൈതവേ 30

ഉത്സാഹഃ വ്യവസായഃ (ഉ-ം നാ) ഉത്സാഹത്തിന്റെ പേർ. വീര്യ്യം (ക്ലീ) അതിശക്തിയോടുകൂടിയ ഉത്സാഹത്തിന്റെ പേർ. കപടഃ വ്യാജഃ ദംഭഃ ഉപധിഃ (ര്-ം നാ) ക്ഷത്തം കൈതവം (ഉ-ം ക്ലീ) ന്യ-ം വ്യാജത്തിന്റെ പേർ. കപടശബ്ദം നപുംസകമായിട്ടുമാം.

കൃസ്തതിസ്ത്രികൃതിശ്ശാഠ്യം പ്രമാദോനവധാനതാ
കൈതുതഫലം കൈതുകം ച കുതുകം ച കുതൂഹലം 31

കൃസ്തതിഃ നികൃതിഃ (ഉ-ം സ്ത്രീ) ശാഠ്യം (ക്ലീ) ന-ം ശാഠ്യത്തിന്റെ പേർ. കപടാദിശബ്ദങ്ങൾ ചിലതും സമാനാർത്ഥങ്ങളെന്നു ചിലർ പറയുന്നു. കപടാദിശബ്ദങ്ങളുടെ സ്ഥാനത്തു കൃസ്ത്യാദിശബ്ദങ്ങൾ ഒരേടത്തും പ്രയുക്തങ്ങളായി കാണപ്പെടുന്നില്ല; അർത്ഥസാമ്യമുണ്ടെന്നു് അനുഭവവുമില്ല. അതുഹേതുവായിട്ടു വ്യാജവും ശാഠ്യവും വേറെതന്നെ എന്നറിക. പ്രമാദഃ (നാ) അനവധാനതാ (സ്ത്രീ) ഉ-ം അവധാനമില്ലായ്മയുടെ പേർ. കൈതുതഫലം കൈതുകം കുതുകം കുതൂഹലം (ര്-ം ക്ലീ) കൈതുകത്തിന്റെ പേർ.

സ്ത്രീണാം വിലാസബ്ഭിംബോകവിഭ്രമാ ലളിതം തഥാ
ഹേലാ ലീലേത്യമീ ഹാവാഃ ക്രിയാഃ ശൃംഗാരഭാവജാഃ 32

വിലാസഃ ബ്ഭിംബോകഃ വിഭ്രമഃ (ന-ം നാ) ലളിതം (ക്ലീ) ഹേലാ ലീലാ (ഉ-ം സ്ത്രീ) ഹാവാഃ (നാ) വിലാസാദികൾ ആയം ഹാവങ്ങളാകുന്നു. ഹാവമെന്നു വിലാസാദികളുടെ പേർ. ക്രിയാഃ ശൃംഗാരഭാവജാഃ എന്നതിന്റെ അർത്ഥം സ്ത്രീകളുടെ ശൃംഗാരരസസംഭൃതകളായിരിക്കുന്ന ചേഷ്ടകൾ വിലാസാദികളാകുന്നു എന്നാകുന്നു. അതുകളിൽവെച്ചു വിലാസമെന്നതു യൌ

വനത്തിങ്കൽ ശൃംഗാരരസംനിമിത്തമായിട്ട മുഖത്തിന്നും കണ്ണുകൾക്കും പുരികങ്ങൾക്കുമുണ്ടാകുന്ന വിശേഷമാകുന്നു. ബിംബോകം ഇഷ്ടപ്രാപ്തിയോടൊപ്പം ഗർവ്വംഹേതുവായിട്ടുണ്ടാകുന്ന അനാദരമാകുന്നു. വിഭ്രമം ചിത്തവൃത്തിയുടെ അനവസ്ഥാനമാകുന്നു. ലളിതം ഗുരുപദേശംകൂടാതെ രതികാലത്തിങ്കൽ സ്വയമായിട്ടുള്ള ചേഷ്ടാവിശേഷമാകുന്നു. ഹേല സുരതത്തിങ്കലുള്ള അത്യാഗ്രഹമാകുന്നു. ലീല വാഗ്വേഷചേഷ്ടകൾകൊണ്ട ഭർത്താവിൻെറ അനുകരണമാകുന്നു.

ദ്രവകേളിപരീഹാസാഃ ക്രീഡാ ലീലാ ച നർമ്മ ച
വ്യാജോപദേശോ ലക്ഷം ച ക്രീഡാ ഖേലാ ച കൂർദ്ദനം 33

ദ്രവഃ (നാ) കേളിഃ (സ്ത്രീ) പരീഹാസഃ (നാ) ക്രീഡാ ലീലാ (ഉ-ം സ്ത്രീ) നർമ്മ (ക്ലീ) ന്യ-ം ക്രീഡയുടെ പേർ. വ്യാജഃ അപദേശഃ (ഉ-ം നാ) ലക്ഷം (ക്ലീ) ന-ം സ്വരൂപാച്ഛാദനത്തിൻെറ പേർ. ക്രീഡാ ഖേലാ (ഉ-ം സ്ത്രീ) കൂർദ്ദനം (ക്ലീ) ന-ം ബാലക്രീഡയുടെ പേർ.

ഘർമ്മോ നിദാഘഃ സേചഃ സ്യാൽ പ്രളയോ നഷ്ടചേഷ്ടതാ
അവഹിത്ഥാകാരഗൂഹ്യസ്സമൌ സംവേഗസംഭ്രമൌ 34

ഘർമ്മഃ നിദാഘഃ സേചഃ (ന-ം നാ) വിയർപ്പിൻെറ പേർ. പ്രളയഃ (നാ) നഷ്ടചേഷ്ടതാ (സ്ത്രീ) ഉ-ം മൂർച്ഛഹേതുവായിട്ട് ഇളക്കംകൂടാതെയുള്ള കിടപ്പിൻെറ പേർ. അവഹിത്ഥാ ആകാരഗൂഹ്യഃ (ഉ-ം സ്ത്രീ) മനസ്സിലുള്ള വികാരത്തെ മറയ്ക്കുന്നതിൻെറ പേർ. സംവേഗഃ സംഭ്രമഃ (ഉ-ം നാ) സംഭ്രമത്തിൻെറ പേർ.

സ്യാദാപ്തൂരിതകം ഹാസഃ സോൽപ്രാസസ്സ മനാക് സ്മിതം
മധ്യമം സ്യാദവിഹസിതം രോമാഞ്ചോ രോമഹർഷണം 35

ആപ്തൂരിതകം (ക്ലീ) പൊട്ടിച്ചിരിക്കുന്നതിൻെറ പേർ. സ്മിതം (ക്ലീ) അല്പമായുള്ള ചിരിയുടെ പേർ. വിഹസിതം (ക്ലീ) അധികമല്ലാതെയും അല്പമല്ലാതെയുമുള്ള ചിരിയുടെ പേർ. രോമാഞ്ചഃ (നാ) രോമഹർഷണം (ക്ലീ) ഉ-ം കോൾമയിർകൊള്ളുന്നതിൻെറ പേർ.

ക്രന്ദിതം രുദിതം ക്രുഷ്ടം ജൃംഭസ്തു ത്രിഷു ജൃംഭണം
വിപ്രലംഭോ വിസംവാദോ രിംഖണം സ്ഖലനം സമേ 36

ക്രന്ദിതം രുദിതം ക്രുഷ്ടം (ന-ം ക്ലീ) കരയുന്നതിൻെറ പേർ. ജൃംഭഃ (നാ) ജൃംഭണം (ക്ലീ) ഉ-ം മൂരിനിവർത്തുന്നതിൻെറ പേർ. ജൃംഭശബ്ദം സ്ത്രീലിംഗമായിട്ടും നപുംസകലിംഗമായിട്ടുമാം. വിപ്രലംഭഃ വിസംവാദഃ (ഉ-ം നാ) ചതിവാക്കിൻെറ പേർ. രിംഖണം സ്ഖലനം (ഉ-ം ക്ലീ) സ്വധർമ്മാദിയുടെ ചലനത്തിൻെറ പേർ.

സ്യാന്നിദ്രാ സ്വപനം സ്വാപഃ സ്വപ്നസ്സംവേശ ഇത്യപി
തന്ദ്രീ പ്രമീളാ ഭ്രകുടിർഭ്രുകുടിർഭ്രൂകുടിഃ സ്ത്രിയാം. 37

നിദ്രാ (സ്ത്രീ) സ്വപനം (ക്ലീ) സ്വാപഃ സ്വപ്നഃ സംവേശഃ (ന-ം നാ) ഇ-ം ഉറക്കത്തിന്റെ പേർ. തന്ദ്രീ പ്രമീളാ (ഉ-ം സ്ത്രീ) മടിയുടെ പേർ. ഭ്രകുടിഃ ഭ്രുകുടിഃ ഭ്രൂകുടിഃ (ന-ം സ്ത്രീ) കോട്ടാഞ്ഞരമ്പിന്റെ പേർ.

അട്ടഷ്ടിഃ സ്യാദസൌമ്യേക്ഷ്ണി സംസിദ്ധിപ്രകൃതീ തുല്യേ
സ്വരൂപം ച സ്വഭാവശ്ച നിസർഗ്ഗശ്ചാഥ വേപഥുഃ 38
കമ്പോഥ ക്ഷണ ഉത്സവോ മഹ ഉദ്ധവ ഉത്സവഃ

അട്ടഷ്ടിഃ (സ്ത്രീ) ക്രൂരമായിരിക്കുന്ന നോക്കിന്റെ പേർ. സംസിദ്ധിഃ പ്രകൃതിഃ (ഉ-ം സ്ത്രീ) സ്വരൂപം (ക്ലീ) സ്വഭാവഃ നിസർഗ്ഗഃ (ഉ-ം നാ) ഇ-ം സ്വഭാവത്തിന്റെ പേർ. വേപഥുഃ കമ്പഃ (ഉ-ം നാ) വിറയ്ക്കുന്നതിന്റെ പേർ. ക്ഷണഃ ഉത്സവഃ മഹഃ ഉദ്ധവഃ ഉത്സവഃ (ഇ-ം നാ) ഉത്സവത്തിന്റെ പേർ.

പാതാളഭോഗിവർഗ്ഗം

അധോഭുവനപാതാളബലിസത്തമരസാതലം
നാഗലോകോഥ കുഹരം സുഷിരം വിവരം വിലം 1

ഛിദ്രം നിർവ്യധനം രോകം രന്ധ്രം ശുഭ്രം വപാ സുഷിഃ
ഗർത്താവടൌ ഭവേത്തുല്യേ സരന്ധ്രേ സുഷിരം ത്രിഷു 2

അധോഭുവനം പാതാളം ബലിസത്തമ രസാതലം (ര-ം ക്ലീ) നാഗലോകഃ (നാ) ഇ-ം പാതാളത്തിന്റെ പേർ. കുഹരം സുഷിരം വിവരം വിലം ഛിദ്രം നിർവ്യധനം രോകം രന്ധ്രം (ന-ം ക്ലീ) വപാ സുഷിഃ (ഉ-ം സ്ത്രീ) ഉഭ-ം സാമാന്യം അളയുടെ പേർ. രോകഃ എന്നു സകാരാന്തമായിട്ടുമാം. സുഷിരം എന്നതിനു പൊത്തോടുകൂടിയതു് എന്നും അർത്ഥമുണ്ടു്. എന്നാൽ ത്രിലിംഗമാകയും ചെയ്യും.

അന്ധകാരോസ്ത്രിയാം ധ്വാന്തം തമിസ്രം തിമിരം തമഃ
ധ്വാന്തേ ഗാഢേന്ധതമസം ക്ഷീണേവതമസം തമഃ 3

വിഷ്വക് സന്തമസം നാഗാഃ കാദ്രവേയാസ്തടീശ്വരഃ
ശേഷോനന്തോ വാസുകിസ്തു സർപ്പരാജോഥ ഗോനസേ 4

തിലിത്സഃ സ്യാദജഗരേ ശയുവ്യാഹസ ഇത്യപ്യഥൌ
അജഗട്ടോ ജലവ്യാളസ്സമൌ രാജിലഡുണ്ഡുഭൌ 5

അന്ധകാരഃ (നാ) ധ്വാന്തം തമിസ്രം തിമിരം തമഃ (ര്-ം ക്ലീ) ഇം ഇരുട്ടിൻെറ പേർ. അന്ധകാരശബ്ദം നപുംസകമായിട്ടുമാം. അന്ധതമസം (ക്ലീ) കൂരിരുട്ടിൻെറ പേർ. അവതമസം (ക്ലീ) കറുത്ത ഇരുട്ടിൻെറ പേർ. സന്തമസം (ക്ലീ) എല്ലാടത്തും വ്യാപിച്ചിരിക്കുന്ന ഇരുട്ടിൻെറ പേർ. നാഗാഃ കാദ്രവേയാഃ (ബ-ം നാ) നാഗങ്ങളുടെ പേർ. ഇവിടെ ബഹുവചനത്തിൻെറ വിവക്ഷയില്ലായ്കയാൽ ഏകവചനദ്വിവചനാന്തങ്ങളായിട്ടും പ്രയോഗിക്കുന്നതിനു വിരോധമില്ലെന്നു ഗ്രഹിക്കുകയും വേണം. ശേഷഃ അനന്തഃ (ബ-ം നാ) അനന്തൻെറ പേർ. തദീശ്വരഃ എന്നതിനു കാദ്രവേയേശ്വരഃ നാഗേശ്വരഃ ഇത്യാദിശബ്ദങ്ങളെക്കൊണ്ടും അനന്തനെ പറയാമെന്നർത്ഥം. വാസുകിഃ സർപ്പരാജഃ (ബ-ം നാ) വാസുകിയുടെ പേർ. ശ്വേതനസഃ തിലിത്സഃ (ബ-ം നാ) മണ്ഡലിയുടെ പേർ. അജഗരഃ ശയുഃ വ്യാഹസഃ (ന-ം നാ) പെരുമ്പാമ്പിൻെറ പേർ. അജഗട്ടഃ ജലവ്യാളഃ (ബ-ം നാ) നീർക്കോലിയുടെ പേർ. രാജിലഃ ഡുണ്ഡുഭഃ (ബ-ം നാ) ചേരയുടെ പേർ. ഡിണ്ഡുഭഃ എന്നുകൂടി ആവാം.

മാലുധാനോ മാതുലാഹിർന്നിർമ്മുക്തോ മുക്തകഞ്ചുകഃ
സർപ്പഃ പ്രദാകുർഭുജഗോ ഭുജംഗോഹിർഭുജംഗമഃ 6

ആശീവിഷോ വിഷധരശ്ചക്രീ വ്യാളസ്സരീസൃപഃ
കുണ്ഡലീ ക്രൂദ്ധപാച്ചക്ഷുഃശ്രുവാഃ കാകോദരഃ ഫണീ 7

ദർവ്വീകരോ ദീർഘപൃഷ്ഠോ ദന്ദശൂകോ വിലേശയഃ
ഉരഗഃ പന്നഗോ ഭോഗീ ജിഹ്മഗഃ പവനാശനഃ 8

മാലുധാനഃ മാതുലാഹിഃ (ബ-ം നാ) മദനമണ്ഡലിയുടെ പേർ. നിർമ്മുക്തഃ മുക്തകഞ്ചുകഃ (ബ-ം നാ) വള ഊരിയ പാമ്പിൻെറ പേർ. സർപ്പഃ പ്രദാകുഃ ഭുജഗഃ ഭുജംഗഃ അഹിഃ ഭുജംഗമഃ ആശീവിഷഃ വിഷധരഃ ചക്രീ വ്യാളഃ സരീസൃപഃ കുണ്ഡലീ ക്രുദ്ധപാൽ ചക്ഷുഃശ്രുവാഃ കാകോദരഃ ഫണീ ദർവ്വീകരഃ ദീർഘപൃഷ്ഠഃ ദന്ദശൂകഃ വിലേശയഃ ഉരഗഃ പന്നഗഃ ഭോഗീ ജിഹ്മഗഃ പവനാശനഃ (ഏ-ം നാ) പാമ്പിൻെറ പേർ.

ലേലിഹാനോ ദ്വിരസനോ ഗോകർണ്ണഃ കഞ്ചുകീ തഥാ
കുംഭീനസഃ ഫണധരോ ഹരിഭോഗധരസ്തഥാ 9

ലേലിഹാനഃ ദ്വിരസനഃ ഗോകർണ്ണഃ കഞ്ചുകീ (തഥാ എന്നു പഠകയാൽ കഞ്ചുകിശബ്ദത്തോടു തുല്യങ്ങളായ കഞ്ചുകവാൻ നിർമ്മോകീ ഇത്യാദിശബ്ദങ്ങളേയും ഊഹിക്കേണമെന്നു താല്പര്യം.) കുംഭീനസഃ ഫണധരഃ

ഹരിഃ ഭോഗധരഃ (വ്യ-ം നാ) പാമ്പിന്റെ പേർതന്നെ. ഇവിടേയും തഥാ ശബ്ദംകൊണ്ടു മേൽപ്രകാരംതന്നെ ഭോഗഭൃൽ ഇത്യാദിശബ്ദങ്ങളെ ഊഹിക്കുകയും വേണം. ഈ ശ്ലോകം മഹേശ്വരടീകയിൽനിന്നു ചേർത്തിരിക്കുന്നു. ഈ ടീക്കകളിൽ ഇതിനെ പഠിക്കുന്നില്ല.

അഹേഃശരീരം ഭോഗഃ സ്യാദാശീരപ്യഹിദംഷ്ട്രികാ
ത്രിഷ്വാഹേയം വിഷാസ്ഥ്യാദി സ്ഫടായാം തു ഫണാ ദ്വയോഃ

ഭോഗഃ (നാ) പാമ്പിന്റെ ശരീരത്തിന്റെ പേർ. ആശീഃ അഹിദംഷ്ട്രികാ (ദ്വ-ം സ്ത്രീ) പാമ്പിന്റെ ദംഷ്ട്രയുടെ പേർ. ആഹേയം എന്നതിനു് അഹിയെസ്സംബന്ധിച്ചതു് എന്നർത്ഥം. ഇതു ത്രിലിംഗമാകുന്നു. പാമ്പിന്റെ വിഷം അസ്ഥി മുതലായതിന്റെ പേർ. സ്ഫടാ ഫണാ (ദ്വ-ം സ്ത്രീ) പാമ്പിന്റെ പടത്തിന്റെ പേർ. ഫണഃ എന്നുമാം. സ്ഫടായാമെന്നുമാം.

സമൌ കഞ്ചുകനിർമ്മോകൌ ക്ഷ്വേളസ്തു ഗരളം വിഷം
പുംസി ക്ലീബേ ച കാകോളകാളകൂടഹലാഹലാഃ 11
സൌരാഷ്ട്രിയശ്ശൌക്ലികേയോ ബ്രഹ്മപുത്രഃ പ്രദീപനഃ
ദാരദോ വത്സനാഭശ്ച വിഷഭേദോ അമീ നവ 12
വിഷവൈദ്യോ ജാംഗുലികോ വ്യാളഗ്രാഹ്യാഹിതുണ്ഡികഃ

കഞ്ചുകഃ നിർമ്മോകഃ (ദ്വ-ം നാ) പാമ്പിന്റെ വളയുടെ പേർ. ക്ഷ്വേളഃ (നാ) ഗരളം വിഷം (ദ്വ-ം ക്ലീ) ന-ം വിഷത്തിന്റെ പേർ. കാകോളഃ കാളകൂടഃ ഹലാഹലഃ (ഹാലാഹലഃ എന്നുമാം) സൌരാഷ്ട്രിയഃ ശൌക്ലികേയഃ ബ്രഹ്മപുത്രഃ പ്രദീപനഃ ദാരദഃ വത്സനാഭഃ (ൻ-ം നാ) സ്ഥാവരവിഷവിശേഷങ്ങളുടെ പേർ. കാകോളകാളകൂടഹലാഹലശബ്ദങ്ങൾ നപുംസകലിംഗങ്ങളായിട്ടുമാം. വിഷവൈദ്യഃ ജാംഗുലികഃ (ദ്വ-ം നാ) വിഷവൈദ്യന്റെ പേർ. വ്യാളഗ്രാഹീ ആഹിതുണ്ഡികഃ (ദ്വ-ം നാ) പാമ്പിനെ പിടിക്കുന്നവന്റെ പേർ.

നരകവർഗ്ഗം

സ്യാന്നാരകസ്യ നരകോ നിരയോ ദുർഗ്ഗതിഃ സ്ത്രിയാം
തൽഭേദോസ്ത്രപനാവീചിമഹാരൌരവരൌരവാഃ 1
സംഹാരഃ കാലസൂത്രം ചേത്യാദ്യാഃ സതാസ്യ നാരകാഃ
പ്രേതാ വൈതരണീ സിന്ധുഃ സ്യാദലക്ഷ്മീസ്തു നൈർഋതീ 2

നാരകഃ നരകഃ നിരയഃ (ന.-ം നാ) ദുഗ്ഗതിഃ (സ്ത്രീ) ര.-ം നരകത്തിന്റെ പേർ. തപനഃ അവീചിഃ മഹാരൌരവഃ രൌരവഃ സംഹാരഃ (ങ.-ം നാ) കാലസൂത്രം (ക്ലീ) ന്യ.-ം നരകവിശേഷങ്ങളുടെ പേർ. ആദിശബ്ദംകൊണ്ടു താമിസ്രകുംഭീപാകാദികളെ സംഗ്രഹിച്ചിരിക്കുന്നു. പ്രേതാഃ (നാ) നരകത്തിലുള്ള ജന്തുക്കളുടെ പേർ. വൈതരണീ (സ്ത്രീ) നരകത്തിലുള്ള നദിയുടെ പേർ. അലക്ഷ്മീഃ നൈർൃതീ (വ.-ം സ്ത്രീ) നരകദേവതയുടെ പേർ.

വിഷ്ടിരാജ്ഞഃ കാരണാ തു യാതനാ തീവ്രവേദനാ
പീഡാ ബാധാ വ്യഥാ ദുഃഖമാമനസ്യം പ്രസൂതിജം 3
സ്യാൽ കഷ്ടം കൃച്ഛ്രമാഭീലം ത്രിഷ്വേഷാം ഭേദ്യഗാമി യൽ.

വിഷ്ടിഃ ആജ്ഞഃ (വ.-ം സ്ത്രീ) ബലാൽകാരേണ നരകത്തിലിടുക എന്ന ക്രിയയുടെ പേർ. മേൽപ്രകാരം നരകത്തിലിടപ്പെട്ടുന്ന പ്രാണിയുടെ പേർ എന്നു ചിലർ പറയുന്നു. കാരണാ യാതനാ തീവ്രവേദനാ (ന.-ം സ്ത്രീ) നരകപീഡയുടെ പേർ. പീഡാ ബാധാ (ആബാധഃ എന്നുമാം) വ്യഥാ (ന.-ം സ്ത്രീ) ദുഃഖം ആമനസ്യം പ്രസൂതിജം കഷ്ടം കൃച്ഛ്രം ആഭീലം (ന്യ.-ം ക്ലീ) ൻ.-ം ദുഃഖത്തിന്റെ പേർ. പീഡാ ബാധാ വ്യഥാ ന.-ം (സ്ത്രീ) ദുഃഖം (ക്ലീ) ര.-ം മനഃപീഡയുടെ പേർ. ആമനസ്യം പ്രസൂതിജം വ.-ം (ക്ലീ) വൈമനസ്യത്തിന്റെ പേർ. കഷ്ടം കൃച്ഛ്രം ആഭീലം (ന.-ം ക്ലീ) ശരീരപീഡയുടെ പേർ. ഇങ്ങിനെ ഒരു ഭേദംകൂടെ അറിഞ്ഞുകൊൾകയും വേണം. കഷ്ടം കൃച്ഛ്രം ആഭീലം ഈ മൂന്നു ശബ്ദങ്ങളും ദുഃഖത്തോടുകൂടിയതു് എന്ന അർത്ഥമാകുമ്പോൾ ത്രിലിംഗങ്ങളുമാകയും ചെയ്യും.

വാരിവഗ്ഗം

സമുദ്രോബ്ധിരകൂപാരഃ പാരാവാരസ്സരിൽപതിഃ
ഉദനപാനുദധിസ്സിന്ധുസ്സരസ്വാൻ സാഗരോർണ്ണവഃ 1
രത്നാകരോ ജലനിധിർയ്യാദഃപതിരപാമ്പതിഃ
തസ്യ പ്രഭേദോഃ ക്ഷീരോദോ ലവണോദസ്തഥാപരേ. 2

സമുദ്രഃ അബ്ധിഃ അകൂപാരഃ പാരാവാരഃ സരിൽപതിഃ ഉദനപാൻ ഉദധിഃ സിന്ധുഃ സരസ്വാൻ സാഗരഃ അർണ്ണവഃ രത്നാകരഃ ജലനിധിഃ യാദഃപതിഃ അപാംപതിഃ (ഫ.-ം നാ) സമുദ്രത്തിന്റെ പേർ. ക്ഷീരോദഃ ലവണോദഃ (വ.-ം നാ) സമുദ്രവിശേഷത്തിന്റെ പേർ. തഥാപരേ എന്നതിനു ഘൃതോദഃ ഇത്യാദി സമുദ്രവിശേഷങ്ങളുമുണ്ടെന്നു് അർത്ഥമാകുന്നു.

ആപഃ സ്ത്രീ ഭ്ന്നി വാവ്വാരി സലിലം കമലം ജലം
പയഃ കീലാലമമൃതം ജീവനം ഭുവനം വനം 3

കബന്ധമുദകം പാഥഃ പുഷ്കരം സർവ്വതോമുഖം
അംഭോർണ്ണസ്തോയപാനീയനീരക്ഷീരാംബുശംബരം 4

മേഘപുഷ്പം ഘനരസസ്ത്രിഷു ദ്വേ ആപ്യമമ്മയം
ഭംഗസ്തരംഗോ വീചിഃ സ്ത്രീ ദ്വയോസ്തുമ്മിരഥോമ്മിഷു 5

മഹൽസ്ത്വല്പോലകല്പോലൌ സ്യാദാവത്തോംഭസാം ഭ്രമഃ
പുഷന്തി ബിന്ദുവുഷതൌ പുമാംസൌ വിപ്രുഷഃ സ്ത്രിയഃ 6

ആപഃ (സ്ത്രീ. ഭ്ന്നി എന്നുണ്ടാകയാൽ ബഹുവചനാന്തമായിട്ടുതന്നേ പ്രയോഗിക്കാവൂ എന്നു സാരം) വാഃ വാരി സലിലം കമലം ജലം പയഃ കീലാലം അമൃതം ജീവനം ഭുവനം വനം കബന്ധം ഉദകം പാഥഃ പുഷ്കരം സർവ്വതോമുഖം അംഭഃ അർണ്ണഃ തോയം പാനീയം നീരം ക്ഷീരം അംബു ശംബരം മേഘപുഷ്പം (ത്രി-ം ക്ലീ) ഘനരസഃ (നാ. ഘനരസം എന്നുമാം.) വെ-ം ജലത്തിന്റെ പേർ. ആപ്യം അമ്മയം (വ-ം ക്ലീ) ജലവികാരത്തിന്റെ പേർ. ഈ രണ്ടു ശബ്ദങ്ങളും ആപ്യഃ അമ്മയഃ ആപ്യാ അമ്മയീ എന്നു പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടുമാം. ഭംഗഃ തരംഗഃ (വ-ം നാ) വീചിഃ ഊർമ്മിഃ (വ-ം സ്ത്രീ) ര്-ം തിരയുടെ പേർ. ഭംഗഃ തരംഗഃ വ-ം ഓളത്തിന്റെ പേർ എന്നും ചിലർ പറയുന്നു. ഊർമ്മിശബ്ദം പുല്ലിംഗമായിട്ടുമാം. "ഭംഗസ്തരംഗ ഊർമ്മിർവ്വാ സ്ത്രിയാം വീചിരഥോമ്മിഷു" എന്നു മഹേശ്വരടീകയിൽ പാഠം കാണുകയാൽ വീചിശബ്ദവും പുല്ലിംഗമായിട്ടു പ്രയോഗിക്കാമെന്നു സിദ്ധമാകുന്നു. ഉല്ലോലഃ കല്ലോലഃ (വ-ം നാ) വലിയ തിരയുടെ പേർ. ആവത്തഃ (നാ) വെള്ളത്തിലെ ചുഴിയുടെ പേർ. പുഷന്തി (ക്ലീ) ബിന്ദുഃ പുഷതഃ (വ-ം നാ) വിപ്രുഷഃ (സ്ത്രീ) ര്-ം നീർത്തുള്ളിയുടെ പേർ.

ചക്രാണി പുടഭേദോസ്ത്യുർഭ്രമശ്ച ജലനിർഗ്ഗമഃ
കൂലം രോധശ്ച തീരം ച പ്രതീരം ച തടം ത്രിഷു 7

ചക്രാണി (ക്ലീ) പുടഭേദഃ ഭ്രമഃ ജലനിർഗ്ഗമഃ (ന-ം നാ) ര്-ം ഒഴുക്കിന്റെ പേർ എന്നു ഒരു മതം. ചക്രാകാരേണ വെള്ളത്തിന്റെ കീഴ്പ്പോട്ടുള്ള പോക്കിന്റെ പേർ എന്നും ഒരു മതമുണ്ടു്. കൂലം രോധഃ തീരം പ്രതീരം തടം (ത്രി-ം ക്ലീ) തീരത്തിന്റെ പേർ. തടഃ എന്നു പുല്ലിംഗമായിട്ടും തടീ എന്നു സ്ത്രീലിംഗമായിട്ടുമാം.

പാരാവാരേ പരാവ്വാചീ തീരേ പാത്രം തദന്തരം
ദ്വീപോസ്ത്രിയാമന്തരീപം യദന്തർവ്വാരിണസ്ഥടം 8

പാരം (ക്ലീ) മരുകരയുടെ പേർ. അവാരം (ക്ലീ) യാതൊരു കരയിൽ നിന്നു മരുകരയെ നിശ്ചയിക്കുന്നുവോ ആ കരയുടെ പേർ. പാത്രം (ക്ലീ) മേല്പറഞ്ഞ കരകളുടെ മധ്യത്തിന്റെ പേർ. ദ്വീപഃ (നാ) അന്തരീപം (ക്ലീ) ഏ-ം ദ്വീപത്തിന്റെ പേർ. ദ്വീപം എന്നു നപുംസകമായിട്ടുമാം.

തോയോത്ഥിതം തൽ പുളിനം സൈകതം സികതാമയം
നിഷദ്വരസ്തു ജംബാളഃ പംകോസ്ത്രീ ശാദകർദ്ദമൌ 9

പുളിനം (ക്ലീ) വെള്ളം താഴുമ്പോൾ കാണപ്പെടുന്ന പ്രദേശത്തിന്റെ പേർ. സൈകതം സികതാമയം (ഏ-ം ക്ലീ) മണൽത്തിട്ടിന്റെ പേർ. നിഷദ്വരഃ ജംബാളഃ പംകഃ ശാദഃ കർദ്ദമഃ (ഭ-ം നാ) ചളിയുടെ പേർ. പംകശബ്ദം നപുംസകമായിട്ടുമാം.

ജലോച്ഛ്വാസാഃ പരീവാഹാഃ കൂപകാസ്തു വിദാരകാഃ
നാവ്യം ത്രിലിംഗം നൌതായ്യേ സ്ത്രിയാം നൌസ്തരണിസ്തരിഃ

ജലോച്ഛ്വാസാഃ പരീവാഹാഃ (ഏ-ം നാ) വെള്ളം ഒലിയ്ക്കുന്ന ചാലിന്റെ പേർ. കൂപകാഃ വിദാരകാഃ (ഏ-ം നാ) വെള്ളം വറിയ പുഴയിൽ വെള്ളം എടുക്കാൻവേണ്ടി കുഴിക്കപ്പെട്ടിരിക്കുന്ന കുഴികളുടെ പേർ. പ്രവാഹഭേദത്തെ ഉണ്ടാക്കുന്ന കല്ലു മുതലായതിന്റെ പേർ എന്നും ഒരു മതമുണ്ടു്. നാവ്യം (ക്ലീ) തോണികൊണ്ടു കടക്കപ്പെടുവാൻ യോഗ്യമായിരിക്കുന്ന പ്രദേശത്തിന്റെ പേർ. ത്രിലിംഗമാകയാൽ നാവ്യാ എന്നും നാവ്യഃ എന്നുമാവാം. നൌഃ തരണിഃ തരിഃ (സ്ത്രീ) തോണിയുടെ പേർ. തരീ എന്നും പാഠമുണ്ടു്.

ഉഡുപം തു പ്ലവഃ കോലഃ സ്രോതോംബുസരണം സ്രുതഃ
ആതരസ്തരപണ്യം സ്യാദ്രോണീ കാഷ്ഠാംബുവാഹിനീ 11

ഉഡുപം (ക്ലീ) പ്ലവഃ കോലഃ (ഏ-ം നാ) പൊങ്ങുതടിയുടെ പേർ. സ്രോതഃ (ക്ലീ) ജലപ്രവാഹത്തിന്റെ പേർ. ആതരഃ (നാ) തരപണ്യം (ക്ലീ) ഏ-ം തോണിക്കുലിയുടെ പേർ. ദ്രോണീ (സ്ത്രീ) തൊട്ടിയുടെ പേർ.

സാംയാത്രികഃ പോതവണിക്കണ്ണധാരസ്തു നാവികഃ
നിയാമകാഃ പോതവാഹാഃ കൂപകോ ഗ്രണവൃക്ഷകഃ 12

സാംയാത്രികഃ പോതവണിക് (ഏ-ം നാ) കപ്പൽക്കച്ചോടക്കാരന്റെ പേർ. കണ്ണധാരഃ നാവികഃ (ഏ-ം നാ) അമരക്കാരന്റെ പേർ. നിയാമകാഃ പോതവാഹാഃ (ഏ-ം നാ) തുഴയുന്നവരുടെ പേർ. കൂപകഃ ഗ്രണവൃക്ഷകഃ (ഏ-ം നാ) പായ്മരത്തിന്റെ പേർ.

നൌകാടണ്ഡഃ ക്ഷേപണീ സ്യാദരിത്രം കേനിപാതകഃ
അട്ടിഃ സ്ത്രീ കാഷ്ഠകുട്ടാലസ്സേകപാത്രം തു സേചനം 13

നൌകാദണ്ഡഃ (നാ) ക്ഷേപണീ (സ്ത്രീ) വ-ം തോണികുത്തുന്ന കഴ
ക്കോലിന്റെ പേർ. അരിത്രം (ക്ലീ) കേനിപാതകഃ (നാ) വ-ം നയ്മ്പിന്റെ
പേർ. അഭ്രിഃ (സ്ത്രീ) കാഷ്ഠകുദ്ദാലഃ (നാ) വ-ം തോണി കെട്ടുന്ന കൂറിയുടെ
പേർ. അഭ്രീ എന്നും പാഠമുണ്ട്. സേകപാത്രം സേചനം (വ-ം ക്ലീ) വെള്ളം
മുക്കിക്കളവാനുള്ള പാത്രത്തിന്റെ പേർ.

യാനപാത്രം തു പോതോബ്ജിഭവേ ത്രിഷു സമുദ്രിയം
സാമുദ്രികോ മനുഷ്യോബ്ധിജാതസ്സാമുദ്രികാ തു നൌഃ 14

യാനപാത്രം (ക്ലീ) പോതഃ (നാ) വ-ം കപ്പലിന്റെ പേർ. സമുദ്രി
യം (ക്ലീ) സമുദ്രത്തിങ്കൽ ഭവിച്ചതിന്റെ പേർ. സമുദ്രിയശബ്ദം ത്രിലിംഗമാ
കയാൽ സമുദ്രിയാ എന്നും സമുദ്രിയഃ എന്നുമാവാം. സാമുദ്രികഃ (നാ) സമു
ദ്രത്തിങ്കൽ ഭവിച്ച മനുഷ്യന്റെ പേർ. സാമുദ്രികാ (സ്ത്രീ) കടൽത്തോണിയു
ടെ പേർ.

ക്ലീബേഽസ്യനാവം നാവോദ്ധ്യതീതനൌകേതിനൃ ത്രിഷു
ത്രിഷ്വഗാധാൽ പ്രസന്നോച്ഛഃ കലുഷോനച്ഛ ആവിലഃ 15

അസ്യനാവം (ക്ലീ) തോണിയുടെ നേർപകുതിയുടെ പേർ. മറിഞ്ഞ
തോണിയുടെ പേരെന്നു ചിലരുടെ പക്ഷം; അതു ശരിയല്ല. അതിനൃ (ക്ലീ)
തോണിയെ അതിക്രമിച്ചു വത്തിക്കുന്നതിന്റെ പേർ. ഇതു ത്രിലിംഗമാകു
ന്നു. ത്രിഷ്വഗാധാൽ എന്നതിനു് അഗാധമതലസ്പർശമെന്നതുവരെ ഇനി പറ
യുന്ന ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എന്നു് അർത്ഥമാകുന്നു. പ്രസന്നഃ അച്ഛഃ
(വ-ം നാ) തെളിഞ്ഞതിന്റെ പേർ. കലുഷഃ അനച്ഛഃ ആവിലഃ (ന-ം നാ)
കലങ്ങിയതിന്റെ പേർ.

നിമ്നം ഗഭീരം ഗംഭീരമുത്താനം തദുപര്യയേ
അഗാധമതലസ്പർശം കൈവർത്തേ ദാശധീവരൌ 16

നിമ്നം ഗഭീരം ഗംഭീരം (ന-ം ക്ലീ) ആഴമുള്ള പ്രദേശത്തിന്റെ
പേർ. ഉത്താനം (ക്ലീ) ഉയരമുള്ള പ്രദേശത്തിന്റെ പേർ. അഗാധം അതല
സ്പർശം (വ-ം ക്ലീ) നിലയില്ലാത്ത പ്രദേശത്തിന്റെ പേർ. ത്രിഷു എന്നതി
ന്റെ സംബന്ധം ഇവിടെ അവസാനിച്ചു. കൈവർത്തഃ ദാശഃ ധീവരഃ
(ന-ം നാ) മുക്കോന്റെ പേർ.

ആനായഃ പുംസി ജാലം സ്യാച്ഛണസൂത്രം പവിത്രകം
മത്സ്യധാനീ കുവേണീ സ്യാൽ ബളിശം മത്സ്യവേധനം 17

ആനായഃ (നാ) ജാലം (ക്ലീ) വ-ം വലയുടെ പേർ. ശണസൂത്രം പ
വിത്രകം (വ-ം ക്ലീ) ശണസൂത്രംകൊണ്ടുണ്ടാക്കിയ വലയുടെ പേർ. ശണപാ
ത്രമെന്നും പാഠമുണ്ട്. മത്സ്യധാനീ കുവേണീ (വ-ം സ്ത്രീ) മത്സ്യബന്ധനയ

ന്തുവിശേഷത്തിന്റെ പേർ. (കരുത്തി എന്ന പൊരുൾ). ബളിശം മത്സ്യവേധനം (വ-ം ക്ലീ) ചൂണ്ടലിന്റെ പേർ.

പൃഥുരോമാ ത്വഷ്ടോ മത്സ്യോ മീനോവൈസാരിണോഽന്ധജഃ
വിസാരശ്ശകുലീ ചാഥ ഗണ്ഡകശ്ശകുലാർഭകഃ 18

പൃഥുരോമാ ത്വഷ്ടഃ മത്സ്യഃ മീനഃ വൈസാരിണഃ അന്ധജഃ വിസാരഃ ശകുലീ (വ-ം നാ) മത്സ്യത്തിന്റെ പേർ. ഗണ്ഡകഃ ശകുലാർഭകഃ (വ-ം നാ) മത്സ്യത്തിന്റെ കുട്ടിയുടെ പേർ. ചിലർ ഗണ്ഡുകഃ എന്നും ചിലർ ഗണ്ഡൂകഃ എന്നും പഠിക്കുന്നു.

സഹസ്രദംഷ്ട്രഃ പാഠീന ഉലൂപീ ശിശുകസ്സമൌ
നളമീനശ്ചിള്ളിചിമിഃ പ്രോഷ്ഠീ തു ശഫരീ ദ്വയോഃ 19

സഹസ്രദംഷ്ട്രഃ പാഠീനഃ (വ-ം നാ) ആയിരം പല്ലുള്ള മത്സ്യത്തിന്റെ പേർ. ഉലൂപീ ശിശുകഃ (വ-ം നാ) കൊഴമീനിന്റെ പേർ. നളമീനഃ ചിള്ളിചിമിഃ (വ-ം നാ) ചെമ്മീനിന്റെ പേർ. പ്രോഷ്ഠീ ശഫരീ (വ-ം സ്ത്രീ) കരുമത്സ്യത്തിന്റെ പേർ. ദ്വയോഃ എന്നുണ്ടാകയാൽ പ്രോഷ്ഠഃ എന്നും ശഫരഃ എന്നുമാം.

ക്ഷുദ്രാണ്ഡോ മത്സ്യസംഘാതഃ പോതാധ്വാനമഥോ ത്വഷ്ടാ
രോഹിതശ്ശകുലശ്ശാലോ രാജീവോ മൽസ്യരസ്ത്വിമിഃ 20
തിമിംഗലാദയശ്ചാഥ യാദാംസി ജലജന്തവഃ
തൽഭേദോശ്ശിംശുമാരോദ്രശംകവോ മകരാദയഃ 21

ക്ഷുദ്രാണ്ഡഃ മത്സ്യസംഘാതഃ (വ-ം നാ) പോതാധ്വാനം (ക്ലീ) ന-ം മത്സ്യത്തിന്റെ കുട്ടികളുടെ കൂട്ടത്തിന്റെ പേർ എന്നു ചിലർ വിവരിച്ചിരിക്കുന്നു. മഥേശ്വരടികയിൽ ക്ഷുദ്രാണ്ഡമത്സ്യസംഘാതഃ എന്ന പാഠവും ക്ഷുദ്രങ്ങളായിരിക്കുന്ന അണ്ഡമത്സ്യങ്ങളുടെ സംഘാതമെന്നു് അതിന്റെ വ്യാഖ്യാനവും കാണുന്നു. അഥോ ത്വഷ്ടാ എന്നതിന്റെ അർത്ഥം ഇനി മത്സ്യവിശേഷങ്ങളെപ്പറയുന്നു എന്നാകുന്നു. രോഹിതഃ (നാ) രോഹിതമത്സ്യത്തിന്റെ പേർ. ശകുലഃ (നാ) പരലിന്റെ പേർ. ശാലഃ—സാലഃ എന്നുമാം—(നാ) ചക്രമത്സ്യത്തിന്റെ പേർ. രാജീവഃ (നാ) രാജിമത്സ്യത്തിന്റെ പേർ. മൽസ്യരഃ (നാ) മത്സ്യവിശേഷത്തിന്റെ പേർ. തിമിഃ (നാ) പെരുന്തലമത്സ്യത്തിന്റെ പേർ. തിമിംഗലാദയഃ എന്നതിന്റെ അർത്ഥം തിമിംഗിലാദികളും മത്സ്യവിശേഷങ്ങളാകുന്നു എന്നാണു്. യാദാംസി (ക്ലീ) ജലജന്തവഃ (നാ) വ-ം ജലജന്തുക്കളുടെപേർ. 'തൽഭേദോശ്ശിംശുമാരോദ്രശംകവോ മകരാദയഃ' എന്നതിന്റെ അർത്ഥം ശിംശുമാരോദ്രശങ്കുക്കളും മകരാദികളും ജലജന്തുവിശേഷങ്ങളാകുന്നു എന്നാണു്. ശിംശുമാരമെന്നതു നക്രാകൃതിയായ ഒരു ജല

ജന്തുവാകുന്നു. ഉദ്രം നീർനായയാകുന്നു. ശംങ്കു നീർപ്പന്നിയാകുന്നു. മകരം ചിറകാകുന്നു. ആദിശബ്ദംകൊണ്ടു നീരാന തുടങ്ങിയുള്ളവരെ സംഗ്രഹിച്ചിരിക്കുന്നു.

സ്യാൽ കുളീരഃ കർക്കടകഃ കൂർമ്മേ കമഠകച്ഛപൌ
ഗ്രാഹോവഹാരോ നക്രസ്തു കുംഭീരോഥ മഹീലതാ 22

ഗണ്ഡൂപദഃ കിഞ്ചുളകോ നിഷ്കാകാ ശോധികാ സമേ
രക്തപാ തു ജളൂകായാം സ്ത്രിയാം ഭ്രട്നി ജളൌകസഃ 23

കുളീരഃ കർക്കടകഃ (ഉ-ം നാ) ഞണ്ടിന്റെ പേർ. ഗ്രാഹഃ അവഹാരഃ, അവരാഹഃ എന്നുമാം, (ഉ-ം നാ) കോർമുതലയുടെ പേർ. നക്രഃ കുംഭീരഃ (ഉ-ം നാ) മുതലയുടെ പേർ. മഹീലതാ (സ്ത്രീ) ഗണ്ഡൂപദഃ കിഞ്ചുളകഃ (ഉ-ം നാ) നു-ം ഞാഞ്ഞൂളിന്റെ പേർ. നിഷ്കാകാ ശോധികാ (ഉ-ം സ്ത്രീ) നീരുട്ടിന്റെ പേർ. രക്തപാ ജളൂകാ ജളൌകസഃ (നു-ം സ്ത്രീ) അട്ടയുടെ പേർ. ജളൌകസഃ എന്നു ബഹുവചനാന്തമായിട്ടല്ലാതെ പ്രയോഗമില്ല.

മുക്താസ്ഫോടഃ സ്ത്രിയാം ശുക്തിഃശംഖസ്സ്യാൽ കംബുരസ്ത്രീ
ക്ഷുദ്രശംഖാഃശംഖനഖാഃശംബൂകാ ജലശുക്തയഃ (യാം

മുക്താസ്ഫോടഃ (നാ) ശുക്തിഃ (സ്ത്രീ) ഉ-ം മുത്തുശിപ്പിയുടെ പേർ. ശംഖഃ കംബുഃ (ഉ-ം നാ) ശംഖത്തിന്റെ പേർ. കംബു എന്നു നപുംസകമായിട്ടുമാം. ക്ഷുദ്രശംഖാഃ ശംഖനഖാഃ (ഉ-ം നാ) ചിരിശംഖത്തിന്റെ പേർ. ശംബൂകാഃ (നാ) ജലശുക്തയഃ (സ്ത്രീ) ഉ-ം ഞവഞ്ഞിയുടെ പേർ.

ഭേകേ മണ്ഡൂകവഷ്ഭ്രശാലൂരപ്ലവദർദ്ദുരാഃ
ശിലീ ഗണ്ഡൂപദീ ഭേകീ വഷ്ഭാഭീ കമഠീ ദുളിഃ 25

ഭേകഃ മണ്ഡൂകഃ വഷ്ഭ്രഃ ശാലൂരഃ പ്ലവഃ ദർദ്ദുരഃ (ന്യ-ം നാ) തവളയുടെ പേർ. ശിലീ ഗണ്ഡൂപദീ (ഉ-ം സ്ത്രീ) ഞാഞ്ഞൂളിന്റെ സ്ത്രീയുടെ പേർ. ഭേകീ വഷ്ഭാഭീ (ഉ-ം സ്ത്രീ) തവളയുടെ സ്ത്രീയുടെ പേർ. കമഠീ ദുളിഃ (ഉ-ം സ്ത്രീ) ആമയുടെ സ്ത്രീയുടെ പേർ.

മദ്ഗുരസ്യ പ്രിയാ ശൃംഗീ ദുന്നാമാ ദീർഘകോശികാ
ജലാശയോ ജലാധാരസ്ത്രാഗാധജലേ ഹ്രദഃ 26

ശൃംഗീ (സ്ത്രീ) മദ്ഗുരമെന്ന മത്സ്യത്തിന്റെ സ്ത്രീയുടെ പേർ. ദുന്നാമാ ദീർഘകോശികാ (ഉ-ം സ്ത്രീ) ജളകാകൃതിയായ ജലജന്തുവിശേഷത്തിന്റെ പേർ. ജലാശയഃ ജലാധാരഃ (ഉ-ം നാ) വെള്ളം നിലുന്ന പ്രദേശത്തിന്റെ പേർ. ഹ്രദഃ (നാ) കയത്തിന്റെ പേർ.

ആഹാവസ്തു നിപാനം സ്യാദുപകൂലജലാശയേ
പുംസ്യുവാന്ധുഃ പ്രഹിഃ കൂപ ഉദപാനം തു പുംസി വാ 27

ആഹാവഃ (നാ) നിപാനം (ക്ലീ) ൨-ം കിണറിന്റെ അടുക്കൽ കന്നാലികൾക്കു കുടിപ്പാൻ വെള്ളം നിറപ്പാനായി ഉണ്ടാക്കുന്ന തൊട്ടിയുടെ പേർ. അന്ധുഃ പ്രഹിഃ കൂപഃ (പു-ം നാ) ഉദപാനം (ക്ലീ) ർ-ം കിണറിന്റെ പേർ. ഉദപാനഃ എന്നു പുല്ലിംഗമായിട്ടുമാം.

നേമിസ്ത്വികാസ്യ പീനാഹോ മുഖബന്ധനമസ്യ യൽ
പുഷ്കരിണ്യാം തു ഖാതം സ്യാദഖാതം ദേവഖാതകം 28

ത്രികാ (സ്ത്രീ) നെല്ലിപ്പലകയുടെ പേർ എന്നു് ഒരു പക്ഷം; മഹേശ്വരടീകയിൽ കയറിടുവാൻ മരംകൊണ്ടുണ്ടാക്കുന്ന യന്ത്രവിശേഷത്തിന്റെ പേർ എന്നാകുന്നു. പീനാഹഃ (നാ) വായ്ക്കല്ലിന്റെ പേർ. പുഷ്കരിണീ (സ്ത്രീ) ഖാതം (ക്ലീ) ൨-ം കൊക്കരണിയുടെ പേർ. അഖാതം ദേവഖാതകം (൨-ം ക്ലീ) പുണ്യതീർത്ഥത്തിന്റെ പേർ.

പത്മാകരസ്തടാകോസ്ത്രീ കാസാരസ്സരസീ സരഃ
വേശന്തഃ പല്വലം ചാല്പസരോ വാപീ തു ദീർഘികാ 29

പത്മാകരഃ തടാകഃ കാസാരഃ (പു-ം നാ) സരസീ (സ്ത്രീ) സരഃ (ക്ലീ) ൫-ം താമരയുള്ള കുളത്തിന്റെ പേർ. തടാകം എന്നുമാം. വേശന്തഃ (നാ) പല്വലം അല്പസരഃ (൨-ം ക്ലീ) പു-ം വെള്ളമുള്ള ചെറിയ കുഴിയുടെ പേർ. വാപീ ദീർഘികാ (൨-ം സ്ത്രീ) നെട്ടംകേണിയുടെ പേർ.

ഖേയം തു പരിഖാധാരസ്ഥംഭസാം യത്ര ധാരണം
നകുലേഷ്ടാ ഭുജംഗാക്ഷീ ഛത്രകീ സുവഹാ ച സാ 97

നാകുലീ സുരസാ രാസ്നാ സുഗന്ധാ ഗന്ധനാകുലീ നകുലേഷ്ടാ ഭുജംഗാക്ഷീ ഛത്രകീ സുവഹാ (ൻ-ം സ്ത്രീ) അരത്തയുടെ പേർ.

വിദാരിഗന്ധാംശുമതീ സാലപർണ്ണീ സ്ഥിരാ ധ്രുവാ
തുണ്ഡികേരീ സമുദ്രാന്താ കാപ്പാസീ ബദിരേതി ച 98

വിദാരിഗന്ധാ അംശുമതീ സാലപർണ്ണീ സ്ഥിരാ ധ്രുവാ (ഭ-ം സ്ത്രീ) ഒരിലയുടെ പേർ. തുണ്ഡികേരീ സമുദ്രാന്താ കാപ്പാസീ ബദരാ (ര-ം സ്ത്രീ) പരത്തിയുടെ പേർ.

ഭാരദ്വാജീ തു സാ വന്യാ ശൃംഗീ തു വൃഷഭോ വൃഷഃ
ഗാംഗേരുകീ നാഗബലാ ബലാ ഹ്രസ്വഗവേധുകാ 99

ഭാരദ്വാജീ (സ്ത്രീ) ഒരിലയുടെ പേർ. ശൃംഗീ വൃഷഭഃ വൃഷഃ (ന-ം നാ) ഇടവകത്തിന്റെ പേർ. ഗാംഗേരുകീ നാഗബലാ ബലാ ഹ്രസ്വഗവേധുകാ (ര-ം സ്ത്രീ) നാഗബലയുടെ പേർ. നാഗബല ആനക്കുറുന്തോട്ടിഎന്നു ചിലർ പറയുന്നു. ഊരകമെന്നു പക്ഷാന്തരമുണ്ട്.

ധാമാർഗ്ഗവോ ഘോഷകഃ സ്യാന്മഹാജാലീ സ പീതകഃ
ജ്യോൽസ്നീ പടോലികാ ജാലീ നാദേയീ ഭ്രമിജംബുകാ 100

ധാമാർഗ്ഗവഃ ഘോഷകഃ (ഉ-ം നാ) പീരയുടെ പേർ. മഹാജാലീ (സ്ത്രീ) മഞ്ഞപ്പീരയുടെ പേർ. ജ്യോൽസ്നീ പടോലികാ ജാലീ (ന-ം സ്ത്രീ) പടോലത്തിന്റെ പേർ. നാദേയീ ഭ്രമിജംബുകാ (ഉ-ം സ്ത്രീ) നിലഞാവലിന്റെ പേർ.

സ്യാല്ലാംഗലികഗ്നിശിഖാ കാകാംഗീ കാകനാസികാ
ഗോധാപദീ തു സുവഹാ മുസലീ താലമൂലികാ 101

ലാംഗലികീ അഗ്നിശിഖാ കാകാംഗീ കാകനാസികാ (ര-ം സ്ത്രീ) മേത്തോന്നിയുടെ പേർ. ഗോധാപദീ സുവഹാ മുസലീ താലമൂലികാ (ര-ം സ്ത്രീ) നിലപ്പനയുടെ പേർ.

അജശൃംഗീ വിഷാണീ സ്യാൽ ഗോജിഹ്വാ ദാവ്വികേ സമേ
താംബൂലവല്ലീ താംബൂലീ നാഗവല്ല്യുപ്യഥ ദേവിജാ 102

ഹരേണു രേണുകാ കൌന്തീ കപിലാ ഭസ്മഗന്ധിനീ
ഏലാവാലുകമൈലേയം സുഗന്ധി ഹരിവാലുകം 103

വാലുകം ചാഥ വാലകൃാം മുകുന്ദഃ കുന്ദകന്ദുരു
ബാലം ഹ്രീബേരബർഹിഷ്ഠോദീച്യം കേശാംബുനാമ ച 104

അജശൃംഗീ വിഷാണീ (ഉ-ം സ്ത്രീ) ആട്ടതീണ്ടാപ്പാലയുടെ പേർ. ഗോജിഹ്വാ ദാവ്വികാ (ഉ-ം സ്ത്രീ) മലി എന്ന പ്രസിദ്ധമായ ശാകത്തിന്റെ പേർ. താംബൂലവല്ലീ താംബൂലീ നാഗവല്ലീ (ന-ം സ്ത്രീ) വെറ്റിലക്കൊടി

യുടെ പേർ. ദ്വിജാ ഹരേണുഃ രേണുകാ കൌന്തീ കപിലാ ഭസ്മഗന്ധിനീ (ന-ം സ്ത്രീ) അരേണുകത്തിന്റെ പേർ. ഏലാവാലുകം വൈലേയം സുഗന്ധി ഹരിവാലുകം വാലുകം (ഭ-ം ക്ലീ) ഏലാവാലുകത്തിന്റെ പേർ. പാലകീ (സ്ത്രീ) മുകുന്ദഃ കന്ദഃ കന്ദുരുഃ (ന-ം നാ) ഇവ നാലും കന്ദുരുക്കത്തിന്റെ പേർ. ബാലം ഹ്രീബേരം ബഹ്നിഷ്ഠം ഉദീച്യം (ര-ം ക്ലീ) ഇരുവേലിയുടെ പേർ. കേശാംബുനാമ ച എന്നുണ്ടാകയാൽ തലമുടിയുടേയും വെള്ളത്തിന്റെയും പേരുകൾ ഇരുവേലിയുടേയും പേരാവുമെന്നു ഗ്രഹിച്ചുകൊൾക.

കാളാനുസാര്യവൃദ്ധാഗ്ര പുഷ്പശീതശിവാനി തു
ശൈലേയം താലപർണ്ണീ തു ദൈത്യാ ഗന്ധകുടീ മുരാ 105
ഗന്ധിനീ ഗജഭക്ഷ്യാ തു സുവഹാ സുരഭീ രസാ
മധുരസാ കുന്ദുരുകീ സല്ലകീ ഘ്രാണിനീതി ച 106

കാളാനുസാര്യം വൃദ്ധം അഗ്രപുഷ്പം ശീതശിവം ശൈലേയം (ഭ-ം ക്ലീ) ചേലേയത്തിന്റെ പേർ. താലപർണ്ണീ ദൈത്യാ ഗന്ധകുടീ മുരാഗന്ധിനീ (ഭ-ം സ്ത്രീ) ചിറ്റിഞ്ഞിലിന്റെ പേർ. ഗജഭക്ഷ്യാ സുവഹാ സുരഭിഃ രസാ മധുരസാ കുന്ദുരുകീ സല്ലകീ ഘ്രാണിനീ (വ-ം സ്ത്രീ) ഈന്തിന്റെ പേർ.

അഗ്നിജ്വാലാസുഭിക്ഷേ തു ധാതകീ ധാതുപുഷ്പികാ
പൃഥ്വീകാ ചന്ദ്രബാലൈലാ നിഷ്കുടിർബ്ബഹുലാഥ സാ 107
സൂക്ഷ്മൈലാപകുഞ്ചികാ തുത്ഥാ കോരംഗീ ത്രിപുടാ തുടിഃ
വ്യാധിഃ കുഷ്ഠം പാരിഭാവ്യം വാച്യം പാകലമുല്വലം 108

അഗ്നിജ്വാലാ സുഭിക്ഷാ ധാതകീ ധാതുപുഷ്പികാ (ര-ം സ്ത്രീ) താതിരിയുടെ പേർ. പൃഥ്വീകാ ചന്ദ്രബാലാ ഏലാ നിഷ്കുടിഃ ബഹുലാ (ഭ-ം സ്ത്രീ) ഏലത്തിന്റെ പേർ. ഉപകുഞ്ചികാ തുത്ഥാ കോരംഗീ ത്രിപുടാ തുടിഃ (ഭ-ം സ്ത്രീ) ചിറ്റേലത്തിന്റെ പേർ. വ്യാധിഃ (നാ) കുഷ്ഠം പാരിഭാവ്യം വാച്യം പാകലം ഉല്വലം (ഭ-ം ക്ലീ) ന്യ-ം കൊട്ടത്തിന്റെ പേർ.

ശംഖിനീ ചോരപുഷ്പീ സ്യാൽ കേശിന്യഥ വിതുന്നകഃ
ത്രുടാമലേജ്ഝടാ താളീ ശിവാ താമലകീതി ച 109

ശംഖിനീ ചോരപുഷ്പീ കേശിനീ (ന-ം സ്ത്രീ) ചണ്ണയുടെ പേർ. വിതുന്നകഃ (നാ) ത്രുടാ അമലാ അത്രുടാ താളീ ശിവാ താമലകീ (ന്യ-ം സ്ത്രീ) ഇവ ഏഴും കിഴാർനെല്ലിയുടെ പേർ.

പ്രപൌണ്ഡരീകം പൌണ്ഡര്യമഥ തുന്നഃ കുബേരകഃ
കുണിഃ കുല്യഃ കാതുലകോ നന്ദിവൃക്ഷോഥ രാക്ഷസീ 110

ചണ്ഡാ ധനഹരീ ക്ഷേമദൃഷ്പുത്രഗണഹാസകാഃ
വ്യാളായുധം വ്യാഘ്രനഖം കരജം ചക്രകാരകം 111

പ്രപൌണ്ഡരീകം പൌണ്ഡര്യം (ഏ-ം ക്ലീ) വീരപുണ്ഡരിയുടെ പേർ. തുന്നഃ കഞ്ചുകഃ കുണിഃ കച്ചഃ കാതുളകഃ നന്ദീവൃക്ഷഃ (ന്യ-ം നാ) പട്ടകരണയുടെ പേർ. രാക്ഷസീ ചണ്ഡാ ധനഹരീ (സ്ത്ര-ം സ്ത്രീ) ക്ഷേമദൃഷ്പുത്രഃ ഗണഹാസകഃ (സ്ത്ര-ം നാ) ഇവ ആകാശം അടവിക്കച്ചോലയുടെ പേർ. വ്യാളായുധം വ്യാഘ്രനഖം കരജം ചക്രകാരകം (ര-ം ക്ലീ) വ്യാഘ്രനഖമെന്ന ഗന്ധദ്രവ്യത്തിന്റെം പേർ.

സുഷിരാ വിശ്വമലതാ കപോതാംഘ്രിർനടീ നളീ
ധമന്യഞ്ജനകേശീ ച ഹനുഭട്ടവിലാസിനീ 112

സുഷിരാ വിശ്വമലതാ കപോതാംഘ്രിഃ നടീ നളീ ധമനീ അഞ്ജനകേശീ (ഉ-ം സ്ത്രീ) നളികാമമലകത്തിന്റെം പേർ. ഹനുഃ ഭട്ടവിലാസിനീ (പ്ര-ം സ്ത്രീ) മേൽപ്പറഞ്ഞ ഒമ്പതു ശബ്ദങ്ങളും പവിഴക്കൊടിയുടെ പേർ എന്നു ചിലരുടെ പക്ഷം.

ശുക്തിശ്ശംഖഃ ക്ഷുരഃ കോലദലം നഖമഥാഢ്യകീ
കാക്ഷീ മൃത്സാ തുവരികാ മൃത്താളുകസുരാഷ്ടജേ 113

ശുക്തിഃ (സ്ത്രീ) ശംഖഃ ക്ഷുരഃ (പ്ര-ം നാ) കോലദലം നഖം (പ്ര-ം ക്ലീ) ഇവ ൪-ം പൂർവ്വശ്ലോകത്തിങ്കലെ ഹനുഃ ഭട്ടവിലാസിനീ ഈ രണ്ടു ശബ്ദങ്ങളും നഖമെന്ന ഗന്ധദ്രവ്യത്തിന്റെം പേർ. ആഢ്യകീ കാക്ഷീ മൃത്സാ തുവരികാ (സ്ത്ര-ം സ്ത്രീ) മൃത്താളുകം സുരാഷ്ടജം (പ്ര-ം ക്ലീ) ഇവ ൪-ം തുവരയുടെ പേർ.

കുടന്നടം ദാശപുരം വാനേയം പരിപേലവം
പ്ലവഗോപുരഗോനർട്ടകൈവർത്തീമുസ്തകാനി ച 114

കുടന്നടം ദാശപുരം വാനേയം പരിപേലവം പ്ലവം ഗോപുരം ഗോനർട്ടം കൈവർത്തീ മുസ്തകം (വ്യ-ം ക്ലീ) കഴിമുത്തങ്ങയുടെ പേർ.

ഗ്രന്ഥിപർണ്ണം ശുകം ബർഹപുഷ്പം സ്ഥൌണേയകുക്കുരേ
മരുന്മാലാ തു പിശുനാ സക്കാ ദേവീ ലതാ ലഘുഃ 115

സമുദ്രാന്താ വധൂഃ കോടിവർഷാ ലംകോപികേത്യപി
തപസ്വിനീ ജടാ മാംസീ ജടിലാ ലോമശാ മിശീ 116

ഗ്രന്ഥിപർണ്ണം ശുകം ബർഹപുഷ്പം സ്ഥൌണേയം കുക്കുരം (൪-ം ക്ലീ) തുണീയാങ്കുത്തിന്റെംപേർ. മരുന്മാലാ പിശുനാ സ്പൃക്കാ ദേവീ ലതാ ലഘുഃ സമുദ്രാന്താ വധൂഃ കോടിവർഷാ ലംകോപികാ (ഏ൦-ം സ്ത്രീ) ചോനകപ്പുല്ലി

ന്നെം പേർ. തപസചിനീ ജടാ മാംസീ ജടിലാ ലോമശാ മിശീ (ന്യ-ം സ്ത്രീ) മാഞ്ചിയുടെ പേർ.

തപകീപത്രമുല്ലൂടം ഭൃംഗം തപചം ചോചം വരാംഗകം
കചഃ ത്തുരകോ ദ്രാവിഡകഃ കാല്യകോ വേധമുഖ്യകഃ 117

തപക് (സ്ത്രീ) പത്രം ഉല്ലൂടം ഭൃംഗം തപചം ചോചം വരാംഗകം (ന്യ-ം ക്ലീ) ഇവ ഏ-ം ഇലവംഗത്തിന്നെം പേർ. കച്ചുരകഃ ദ്രാവിഡകഃ കാല്യകഃ വേധമുഖ്യകഃ (ര-ം നാ) കച്ചൂരത്തിന്നെം പേർ.

ഓഷധ്യോ ജാതിമാത്രേ സ്യുരജാതൌ സർവ്വമൌഷധം
ശാകാഖ്യം പത്രപുഷ്പാദി തണ്ഡുലീയോല്പമാരിഷഃ 118

ഓഷധ്യഃ (സ്ത്രീ) ഫലങ്ങളെ മൂത്താൽ നശിക്കുന്നതായ ശാലി മുതലായതിന്നെം പേർ. ഏകവചനം ഔഷധീ എന്നാകുന്നു. ഔഷധം (ക്ലീ) ഓഷധീത്വമെന്ന ജാതിപ്രതീതി വേണ്ടാ എങ്കിൽ എല്ലാറ്റിനേയും ഔഷധമെന്നു പറയാം. ശാകാഖ്യം (ക്ലീ) ശാകമെന്ന ഇല പൂ മുതലായതിന്നെം പേർ. തണ്ഡുലീയഃ അല്പമാരിഷഃ (ര-ം നാ) ചെകചീരയുടെ പേർ.

വിശല്യാഗ്നിശിഖാവന്താ ഫലിനീ ശക്രപുഷ്പികാ
സ്യാദൃക്ഷഗന്ധാ ഋഗലാണ്ഡ്യാവേഗീ വൃദ്ധദാരകഃ 119

ജൂംഗോ ബ്രാഹ്മീ തു മത്സ്യാക്ഷീ വയസ്ഥാ സോമവല്ലരീ
പട്ടപർണ്ണീ ഹൈമവതീ സപർണ്ണ്യക്ഷീരീ ഹിമാവതീ 120

വിശല്യാ അഗ്നിശിഖാ ആവന്താ ഫലിനീ ശക്രപുഷ്പികാ (ഭി-ം സ്ത്രീ) കൂപ്പമത്തയുടെ പേർ. ഋക്ഷഗന്ധാ ഋഗലാണ്ഡ്യാ വേഗീ (ന-ം സ്ത്രീ) വൃദ്ധദാരകഃ ജൂംഗഃ (ഭ-ം നാ) ഭി-ം മറിക്കുന്നിയുടെ പേർ. ബ്രാഹ്മീ മത്സ്യാക്ഷീ വയസ്ഥാ സോമവല്ലരീ (ര-ം സ്ത്രീ) സോമലതയുടെ പേർ. പട്ടപർണ്ണീ ഹൈമവതീ സപർണ്ണ്യക്ഷീരീ ഹിമാവതീ (ര-ം സ്ത്രീ) എരുമത്താളിയുടെ പേർ.

ഹയപുച്ഛീ തു കാംബോജീ മാഷപർണ്ണീ മഹാസഹാ
തുണ്ഡികേരീ രക്തഫലാ ബിംബികാ പീലുപർണ്ണ്യപി 121

ഹയപുച്ഛീ കാംബോജീ മാഷപർണ്ണീ മഹാസഹാ (ര-ം സ്ത്രീ) പെരുംകാണത്തിന്നെം പേർ. തുണ്ഡികേരീ രക്തഫലാ ബിംബികാ പീലുപർണ്ണീ (ര-ം സ്ത്രീ) കോവയുടെ പേർ.

ബർബ്ബരാ കബരീ തുംഗീ ഖരപുഷ്പാജഗന്ധികാ
ഏലാപർണ്ണീ തു സുവഹാ രാസ്നാ യുക്തരസാ ച സാ 122

ബബ്ബുരാ കബരീ തുംഗീ ഖരപുഷ്പാ അജഗന്ധികാ (ഭ-ം സ്ത്രീ) നായർവെണ്ണയുടെ പേർ. ഏലാപണ്ണീ സുവഹാ രാസ്നാ യുക്തരസാ (ര-ം സ്ത്രീ) ചിറ്റരത്തയുടെ പേർ.

ചാർങ്ഗേരീ ചുക്രികാ ദന്തശഠാംബഷ്ഠാമ്ലലോണികാ
സഹസ്രവേധീ ചുക്രോമ്ലവേതസശ്ശതവേധ്യപി 123

ചാങ്ഗേരീ ചുക്രികാ ദന്തശഠാ അംബഷ്ഠാ അമ്ലലോണികാ (ഭ-ം സ്ത്രീ) പുളിയാരലിന്റെ പേർ. സഹസ്രവേധീ (സ്ത്രീ) ചുക്രഃ അമ്ലവേതസഃ (പു-ം നാ) ശതവേധീ (സ്ത്രീ) ര-ം ഞരിഞ്ഞാംപുളിയുടെ പേർ.

നമസ്കാരീ ഗന്ധകാളീ സമംഗാ ഖദിരേത്യപി
ജീവന്തീ ജീവനീ ജീവാ ജീവനീയാ മധുസ്രവാ 124

നമസ്കാരീ ഗന്ധകാളീ സമംഗാ ഖദിരാ (ര-ം സ്ത്രീ) കറിച്ചുണ്ടയുടെ പേർ. ജീവന്തീ ജീവനീ ജീവാ ജീവനീയാ മധുസ്രവാ (ഭ-ം സ്ത്രീ) അടപതിയന്റെ പേർ.

ക്ലച്ശീഷ്ഠോ മധുകരഃ ശൃംഗഹ്രസ്വാംഗജീവകാഃ
കിരാതതിക്തോ ഭ്രനിംബോനായ്യതിക്തോഥ സപ്തലാ 125
വിമലാ സാതലാ ഭ്രരിഫേനാ ചമ്മകഷേത്യപി
വായസോളീ സ്വാദുരസാ കായസ്ഥാഥ മകുലകഃ 126

നികുംഭോ ദന്തികാ പ്രത്യക്പ്രോണ്യുദുംബരപണ്ണ്യപി
അജമോജാ തുഗ്രഗന്ധാ ബ്രഹ്മദർഭാ യവാനികാ 127

ക്ലച്ശീഷ്ഠഃ മധുകരഃ ശൃംഗഃ ഹ്രസ്വാംഗഃ ജീവകഃ (ഭ-ം നാ) ഇടവകത്തിന്റെ പേർ. കിരാതതിക്തഃ ഭ്രനിംബഃ അനായ്യതിക്തഃ (ന-ം നാ) പുത്തരിച്ചുണ്ടയുടെ പേർ. സപ്തലാ വിമലാ സാതലാ ഭ്രരിഫേനാ ചമ്മകഷാ (ഭ-ം സ്ത്രീ) ചമ്മലന്തയുടെ പേർ. വായസോളീ സ്വാദുരസാ കായസ്ഥാ (ന-ം സ്ത്രീ) കാകോളിയുടെ പേർ. മകുലകഃ നികുംഭഃ (പു-ം നാ) ദന്തികാ പ്രത്യക്പ്രോണീ ഉദുംബരപണ്ണീ (ന-ം സ്ത്രീ) ഭ-ം നാഗദന്തിയുടെ പേർ. അജമോജാ ഉഗ്രഗന്ധാ ബ്രഹ്മദർഭാ യവാനികാ (ര-ം സ്ത്രീ) അയമോദകത്തിന്റെ പേർ.

മൂലേ പുഷ്കരകാശ്മീരപദ്മപത്രാണി പൌഷ്കരേ
അവ്യഥാതിചരാ പദ്മാ ചാരടീ പദ്മചാരണീ 128

പുഷ്കരം കാശ്മീരം പദ്മപത്രം (ന-ം ക്ലീ) പുഷ്കരമൂലത്തിന്റെ പേർ. അവ്യഥാ അതിചരാ പദ്മാ ചാരടീ പദ്മചാരണീ (ഭ-ം സ്ത്രീ) നിലത്താമരയുടെ പേർ.

കാംപില്യഃ കക്കശശ്ചന്ദ്രോ രക്താംഗോ രേചനീത്യപി
പ്രപുന്നാടസ്തേ ചളകജോ ദദ്രുഘ്നശ്ചക്രമർദ്ദകഃ 129

പത്മാട ഉരണാക്ഷശ്ച പലണ്ഡുസ്തു സുകന്ദകഃ
ലതാക്കസ്തു ദ്രുമൌ തത്ര ഹരിതേഫ മഹൌഷധം 130

ലശുനം ഗൃഞ്ജനാരിഷ്ടമഹാകന്ദരസോനകാഃ
പുനർന്നവാ തു ശോഫഘ്നീ വിതുന്നം സുനിഷണ്ണകം 131

സ്യാദ്ധാതകശ്ശീതളോപരാജിതാ ശതപർണ്ണ്യപി
പാരാവതാംഘ്രിഃ കടഭീ പണ്യാ ജ്യോതിഷ്മതീ ലതാ 132

കാംപില്യഃ കക്കശഃ ചന്ദ്രഃ രക്താംഗഃ (ര-ം നാ) രേചനീ (സ്ത്രീ) ര-ം കമ്പിപ്പാലയുടെ പേർ. പ്രപുന്നാടഃ ഏളകജഃ ദദ്രുഘ്നഃ ചക്രമർദ്ദകഃ പത്മാടഃ ഉരണാക്ഷഃ (ന്യ-ം നാ) തകരയുടെ പേർ. പലണ്ഡുഃ സുകന്ദകഃ (പു-ം നാ) മുകന്ന ഉള്ളിയുടെ പേർ. ലതാക്കഃ ദ്രുമഃ (പു-ം നാ) പച്ചനിറമായുള്ള ഉള്ളിയുടെ പേർ. മഹൌഷധം ലശുനം (പു-ം ക്ലീ) ഗൃഞ്ജനഃ അരിഷ്ടഃ മഹാകന്ദഃ രസോനകഃ (ര-ം നാ) ന്യ-ം വെളുത്ത ഉള്ളിയുടെ പേർ. പുനർന്നവാ ശോഫഘ്നീ (പു-ം സ്ത്രീ) തമിഴാമയുടെ പേർ. വിതുന്നം സുനിഷണ്ണകം (പു-ം ക്ലീ) നിരാരലിന്റെ പേർ. ധാതകഃ ശീതളഃ (പു-ം നാ) അപരാജിതാ ശതപർണ്ണീ (പു-ം സ്ത്രീ) ര-ം ശണപ്പൻപിയുടെ പേർ. പാരാവതാംഘ്രിഃ കടഭീ പണ്യാ ജ്യോതിഷ്മതീ ലതാ (ത്രി-ം സ്ത്രീ) വാലുഴവത്തിന്റെ പേർ.

വാഷ്പികം ത്രായമാണാ സ്യാൽ ത്രായന്തീ ബലഭദ്രികാ
വിഷ്വക്സേനപ്രിയാ കൃഷ്ണവിവാരാഹീ ബദരേത്യപി 133

വാഷ്പികം (ക്ലീ) ത്രായമാണാ ത്രായന്തീ ബലഭദ്രികാ (ന-ം സ്ത്രീ) ര-ം ബ്രഹ്മിയുടെ പേർ. വിഷ്വക്സേനപ്രിയാ കൃഷ്ണഃ വാരാഹീ ബദരാ (ര-ം സ്ത്രീ) നിലപ്പനയുടെ പേർ.

മാർക്കവോ ഭൃംഗരാജഃ സ്യാൽ കാകമാചീ തു വായസീ
ശതപുഷ്പാ സിതച്ഛത്രാതിച്ഛത്രാ മധുരാ മിസിഃ 134

അവാക്പുഷ്പീ കാരവീ ച സാരണീ തു പ്രസാരണീ
തസ്യാം കടംഭരാ രാജബലാ ഭദ്രബലേതി ച 135

മാർക്കവഃ ഭൃംഗരാജഃ (പു-ം നാ) കഞ്ഞുണ്ണിയുടെ പേർ. കാകമാചീ വായസീ (പു-ം സ്ത്രീ) കരുമുത്തിളിന്റെ പേർ. കരിന്താളിയുടെ പേർ എന്നു മതാന്തരം. ശതപുഷ്പാ സിതച്ഛത്രാ അതിച്ഛത്രാ മധുരാ മിസിഃ അവാക്പു

60435

ഷ്ണീ കാരവീ (ദ്വ-ം സ്ത്രീ) ശതകുപ്പയുടെ പേർ. സാരണീ പ്രസാരണീ കടംഭരാ രാജബലാ ഭദ്രബലാ (ദ്വി-ം സ്ത്രീ) പ്രസാരണിയുടെ പേർ.

ജനീ ജന്തുകാ ജനനീ ജതുകൂച്ചക്രുവത്തിനീ
സംസ്പർശാ ശടീ ഗന്ധമൂലീ ഷഡ്ഗ്രന്ഥികേത്യപി 136

കച്ചൂരോപി പലാശോപി കാരവേല്ലഃ കഠില്ലകഃ
സുഷവീ ചാഥ കുലകഃ പടോലസ്തിക്തകഃ പടഃ 137

ജനീ ജന്തുകാ ജനനീ ജതുകൂൽ ചക്രുവത്തിനീ സംസ്പർശാ (ന്യ-ം സ്ത്രീ) വെങ്കരുച്ചോലത്തിന്റെ പേർ. ശടീ ഗന്ധമൂലീ ഷഡ്ഗ്രന്ഥികാ (ന-ം സ്ത്രീ) കച്ചൂരഃ പലാശഃ (പ-ം നാ) ദ്വി-ം ചെരുകച്ചോലത്തിന്റെ പേർ. കാരവേല്ലഃ കഠില്ലകഃ (പ-ം നാ) സുഷവീ (സ്ത്രീ) ന-ം പാവലിന്റെ പേർ. കുലകഃ പടോലഃ തിക്തകഃ പടഃ (ർ-ം നാ) പടോലത്തിന്റെ പേർ.

ക്രുശ്മാണ്ഡകസ്തു കർക്കാരുരുവ്വാരുഃ കർക്കടീ സ്ത്രിയൌ
ഇക്ഷ്വാകുഃ കടുതുംബീ സ്യാത്തുംബ്യലാബ്വൂരുഭേ സമേ 138

ക്രുശ്മാണ്ഡകഃ കർക്കാരുഃ (പ-ം നാ) കുമ്പളത്തിന്റെ പേർ. ഉവ്വാരുഃ കർക്കടീ (പ-ം സ്ത്രീ) വെള്ളരിയുടെ പേർ. ഇക്ഷ്വാകുഃ കടുതുംബീ (പ-ം സ്ത്രീ) പേച്ചുരയുടെ പേർ. തുംബീ അലാബൂഃ (പ-ം സ്ത്രീ) ചുരയുടെ പേർ.

ചിത്രാ ഗവാക്ഷീ ഗോതുംബാ വിശാലാ തപിന്ദ്രുവാരുണീ
അശോഷ്ണസ്സൂരണഃ കന്ദോ ഗണ്ഡീരസ്യ സമഷ്ടിലാ 139

ചിത്രാ ഗവാക്ഷീ ഗോതുംബാ (ന-ം സ്ത്രീ) ചെരുകുമ്മട്ടിയുടെ പേർ. വിശാലാ ഇന്ദ്രവാരുണീ (പ-ം സ്ത്രീ) കാട്ടുവെള്ളരിയുടെ പേർ. അശോഷ്ണഃ സൂരണഃ കന്ദഃ (ന-ം നാ) കാട്ടുചേനയുടെ പേർ. ഗണ്ഡീരഃ (നാ) സമഷ്ടിലാ (സ്ത്രീ) പ-ം വാതക്കൊടിയുടെ പേർ.

കളംബ്യുപോദകാ സ്ത്രീ തു മൂലകം ഹിലമോചികാ
വാസ്തുകം ശാകഭേദോഃ സ്യാദ്ദ്വ്വാ തു ശതപവ്വികാ 140

സഹസ്രവീര്യ്യാഭാർഗ്ഗ്വീ രുഹാനന്താഥ സാ സിതാ
ഗോലോമീ ശതവീര്യ്യാ ച ഗണ്ഡാലീ ശകുലാക്ഷകഃ 141

കളംബീ ഉപോദകാ (പ-ം സ്ത്രീ) വശളച്ചീരയുടെ പേർ. മൂലകം (ക്ലീ. പല്ലിംഗമായിട്ടുമാം.) ഹിലമോചികാ (സ്ത്രീ) പ-ം കാനകവാഴയുടെ പേർ. വാസ്തുകം (ക്ലീ) വാസ്തുച്ചീരയുടെ പേർ. ദ്വ്വാ ശതപവ്വികാ സഹസ്രവീര്യ്യാ ഭാർഗ്ഗവീ രുഹാ അനന്താ (ന്യ-ം സ്ത്രീ) കരുകയുടെ പേർ. ഗോലോമീ ശതവീര്യ്യാ ഗണ്ഡാലീ [illegible] (സ്ത്രീ) ശകുലാക്ഷകഃ (നാ) ർ-ം വെങ്കരുകയുടെ പേർ.

DHARMARAM COLLEGE LIBRARY
BANGALORE - 29

കുരുവിന്ദോ മേഘനാമാ മുസ്താ മുസ്തകമസ്ത്രിയാം
സ്യാദ്ഭദ്രമുസ്തകോ ഗ്രന്ഥാ മൂഡാലാ ചക്രലോച്ചടാ 142

കുരുവിന്ദഃ മേഘനാമാ (പു-ം നാ) മുസ്താ (സ്ത്രീ) മുസ്തകം (ക്ലീ. പുല്ലിംഗമായിട്ടുമാം) ര-ം മുത്തങ്ങയുടെ പേർ. ഭദ്രമുസ്തകഃ (നാ) ഗ്രന്ഥാ (സ്ത്രീ) പു-ം ഭദ്രമുസ്തയുടെ പേർ. മൂഡാലാ ചക്രലാ ഉച്ചടാ (ന-ം സ്ത്രീ) ഉച്ചടാമൂലത്തിന്റെ പേർ.

വംശേ ത്വക്സാരകമ്മാരത്വചിസാരത്രണധ്വജാഃ
ശതപവ്വാ യവഫലോ വേണുമസ്ത്രരതേജനാഃ 143

വംശഃ ത്വക്സാരഃ കമ്മാരഃ ത്വചിസാരഃ ത്രണധ്വജഃ ശതപവ്വാ യവഫലഃ വേണുഃ മസ്ത്രരഃ തേജനഃ (ഏ0-ം നാ) മുളയുടെ പേർ.

വേണവഃ കീചകാസ്തേ സ്യുർയേ സപനന്ത്യനിലോദ്ധതാഃ
ഗ്രന്ഥിന്നാ പവ്വപരുഷീ ഗ്രന്ഥസ്തേജനകശ്ശരഃ 144

കീചകാഃ (നാ. കീചകഃ എന്ന ഏകവചനം) തുന്പിത്തുളയിലൂടെ ഉള്ളിൽ കാറ്റു നിറയുകഹേതുവായിട്ടു ശബ്ദിക്കുന്ന മുളയുടെ പേർ. ഗ്രന്ഥിഃ (നാ) പവ്വഃ പരുഃ (പു-ം ക്ലീ) ന-ം കന്പിന്റെ പേർ. ഗ്രന്ഥഃ തേജനകഃ ശരഃ (ന-ം നാ) അന്പയുടെ പേർ.

നഡസ്തു ധമനഃ പോടഗളോത്രോ കാശമസ്ത്രിയാം
ഇക്ഷുഗന്ധാ പോടഗളാ പുംഭ്രമനി ത്വ ബൽബജാഃ 145

നഡഃ ധമനഃ പോടഗളഃ (ന-ം നാ) വേഴലിന്റെ പേർ. കാശം (ക്ലീ. പുല്ലിംഗമായിട്ടുമാം.) ഇക്ഷുഗന്ധാ (സ്ത്രീ) പോടഗളഃ (നാ) ന-ം ആറ്റുവഞ്ചിയുടെ പേർ. ബൽബജാഃ (നാ) ബൽബജമെന്നൊരു പുല്ലിന്റെ പേർ.

രസാള ഇക്ഷുസ്തദ്ഭേദോഃ പുണ്ഡ്രകാന്താരകാദയഃ
സ്യാദുശീരണം വീരതരം മൂലേ സ്യാദുശീരമസ്ത്രിയാം 146

അഭയം നളദം സേവ്യമമൃണാളം ജലാശയം
ലാമജ്ജകം ലാമ്പുലയമവദാഹേഷ്ടകാപഥേ 147

രസാളഃ ഇക്ഷുഃ (പു-ം നാ) കരിന്പിന്റെ പേർ. പുണ്ഡ്രഃ (നാ) നല്ലൂരിന്പിന്റെ പേർ. കാന്താരകഃ (നാ) ഈഴക്കരിന്പിന്റെ പേർ. വീരണം വീരതരം (പു-ം ക്ലീ) രാമച്ചത്തിന്റെ പേർ. ഉശീരം (ക്ലീ. പുല്ലിംഗമായിട്ടുമാം.) അഭയം നളദം സേവ്യം അമൃണാളം ജലാശയം ലാമജ്ജകം ലാമ്പുലയം അവദാഹം ഇഷ്ടകാപഥം (ന-ം ക്ലീ) ഏ0-ം രാമച്ചത്തിന്റെ വേരിന്റെ പേർ.

നഡാദയസ്തൃണം ഗമ്മുച്ഛ്യാമാകപ്രമുഖാ അപി
അസ്ഥീ കുശം കുഥോ ദർഭഃ പവിത്രമഥ കത്തൃണം 148
പൌരസൌഗന്ധികധ്യാമദേവദശ്രുകരോഹിഷം
ഛത്രാതിച്ഛത്രപാലഷ്ണൌ മാലാതൃണകഭ്രസ്തൃണേ 149

നഡാദയഃ തൃണം എന്നു് അനവയം. നഡം മുതലായ മേല്പറഞ്ഞ പ്പെട്ടതൊക്കെയും തൃണമെന്ന പേരോടുകൂടിയതുകളാകുന്നു. ഗമ്മുച്ഛ്യാമാക പ്രമുഖാഃ അപി എന്നു് അനവയം. ഗമ്മുത്തു മുതലായുള്ളതുകളും തൃണമെന്ന പേരോടുകൂടിയതുകളാകുന്നു. ഗമ്മൽ (നാ) അരച്ചിപ്പുല്ലിന്റെ പേർ. ശ്യാമാകഃ (നാ) ചാമയുടെ പേർ. കുശം (ക്ലീ. പുല്ലിംഗമായിട്ടുമാം.) കുഥഃ ദർഭഃ (പു-ം നാ) പവിത്രം (ക്ലീ) ർ-ം ദർഭയുടെ പേർ. കത്തൃണം പൌരം സൌഗന്ധികം ധ്യാമം ദേവദശ്രുകം രോഹിഷം (ന്യ-ം ക്ലീ) കത്തൃണമെന്ന തൃണത്തിന്റെ പേർ. ഛത്രഃ അതിച്ഛത്രഃ പാലഷ്ണഃ (പു-ം നാ) മാലാതൃണകം ഭ്രസ്തൃണം (പു-ം ക്ലീ) ങ-ം വയമ്പിന്റെ ആകൃതിപോലെ ഇരിക്കുന്ന ആകൃതിയോടും വെളുത്ത നിറത്തോടും കൂടിയ ഒരു പുല്ലിന്റെ പേർ.

ശഷ്പം ബാലതൃണം ഘാസോ യവസം തൃണമജ്ഞനം
തൃണാനാം സംഹതിസ്തൃണ്യാ നഡ്യാ തു നഡസംഹതിഃ 150

ശഷ്പം ബാലതൃണം (പു-ം ക്ലീ) ഇളയ പുല്ലിന്റെ പേർ. ഘാസഃ (നാ) യവസം (ക്ലീ) പു-ം പശുക്കൾക്കു ഭക്ഷിപ്പാൻ യോഗ്യമായ പുല്ലിന്റെ പേർ. തൃണം അജ്ഞനം (പു-ം ക്ലീ) പുല്ലിന്റെ പേർ. തൃണ്യാ (സ്ത്രീ) തൃണസമൂഹത്തിന്റെ പേർ. നഡ്യാ (സ്ത്രീ) നഡസമൂഹത്തിന്റെ പേർ.

തൃണരാജാഹ്വയസ്താലോ നാളികേരസ്തു ലാംഗലീ
ഘോണ്ടാ തു പൂഗഃ ക്രമുകോ ഗുവാകഃ ഖപുരോസ്യ തു 151
ഫലമുദ്വേഗമേതേ ച ഹിന്താലസഹിതാസ്ത്രയഃ
ഖർജ്ജൂരഃ കേതകീ താലീ ഖർജ്ജൂരീ ച തൃണദ്രുമാഃ 152

തൃണരാജാഹ്വയഃ താലഃ (പു-ം നാ) കരിമ്പനയുടെ പേർ. നാളികേരഃ ലാംഗലീ (പു-ം നാ) തെങ്ങിന്റെ പേർ. ഘോണ്ടാ (സ്ത്രീ) പൂഗഃ ക്രമുകഃ ഗുവാകഃ ഖപുരഃ (ർ-ം നാ) ങ-ം കഴുങ്ങിന്റെ പേർ. ഉദ്വേഗം (ക്ലീ) അടയ്ക്കയുടെ പേർ. തൃണദ്രുമാഃ (നാ. തൃണദ്രുമഃ എന്ന ഏകവചനം) കരിമ്പന, തെങ്ങു്, കഴുങ്ങു്, ഈറ്റപ്പന, ഈന്തൽ, കൈത, താളിപ്പന, ചിറ്റീന്തൽ ഇവയുടെ പേർ.

മൃഗവർഗ്ഗം

സിംഹോ മൃഗേന്ദ്രഃ പഞ്ചാസ്യോ ഹര്യക്ഷഃ കേസരീ ഹരിഃ
കണ്ഠീരവോ മൃഗരിപുർമൃഗട്ടഷ്ടിർമൃഗാദനഃ 1

പുണ്ഡരീകഃ പഞ്ചനഖഃ ചിത്രകായമൃഗദ്വിഷഃ
ശാർദ്ദൂലദ്വീപിനൌ വ്യാഘ്രേ തരക്ഷുസ്തു മൃഗാദനഃ 2

സിംഹഃ മൃഗേന്ദ്രഃ പഞ്ചാസ്യഃ ഹര്യക്ഷഃ കേസരീ ഹരിഃ കണ്ഠീരവഃ മൃഗരിപുഃ മൃഗട്ടഷ്ടിഃ മൃഗാദനഃ പുണ്ഡരീകഃ പഞ്ചനഖഃ ചിത്രകായഃ മൃഗദ്വിഷ് (ഛ-ം നാ) സിംഹത്തിന്റെ പേർ. ശാർദ്ദൂലഃ ദ്വീപീ വ്യാഘ്രഃ (ന-ം നാ) പുലിയുടെ പേർ. തരക്ഷുഃ മൃഗാദനഃ (ഠ-ം നാ) ചെന്നായുടെ പേർ.

വരാഹസ്സൂകരോ ഡ്രഷ്ടിഃ കോലഃ പൌത്രീ കിരിഃ കിടിഃ
ദംഷ്ട്രീ ഘോണീ സൂണ്ഡിരോമാ ക്രോഡോ ഭ്രർത്താര ഇത്യപി 3

വരാഹഃ സൂകരഃ ഡ്രഷ്ടിഃ കോലഃ പോത്രീ കിരിഃ കിടിഃ ദംഷ്ട്രീ ഘോണീ സൂണ്ഡിരോമാ ക്രോഡഃ ഭർത്താരഃ (ഛ-ം നാ) പന്നിയുടെ പേർ.

കപിർപ്ലവംഗഃ പ്ലവഗശാഖാമൃഗവലീമുഖാഃ
മർക്കടോ വാനരഃ കീശോ വനൌകാ അഥ ഭല്ലുകേ 4

ഋക്ഷാച്ഛഭല്ലഭല്ലൂകാ ഗണ്ഡകഃ ഖഡ്ഗഖഡ്ഗിനൌ
ലുലായോ മഹിഷോ വാഹദ്വിഷൽകാസരസൈരിഭാഃ 5

കപിഃ പ്ലവംഗഃ പ്ലവഗഃ ശാഖാമൃഗഃ വലീമുഖഃ മർക്കടഃ വാനരഃ കീശഃ വനൌകാഃ (ൻ-ം നാ) കുരങ്ങിന്റെ പേർ. ഭല്ലുകഃ ഋക്ഷഃ അച്ഛഭല്ലുഃ ഭല്ലൂകഃ (ർ-ം നാ) കരടിക്കുരങ്ങിന്റെ പേർ. ഗണ്ഡകഃ ഖഡ്ഗഃ ഖഡ്ഗീ (ന-ം നാ) വാർപുലിയുടെ പേർ. ലുലായഃ മഹിഷഃ വാഹദ്വിഷൽ കാസരഃ സൈരിഭഃ (ി-ം നാ) പോത്തിന്റെ പേർ.

സ്ത്രിയാം ശിവാ ഭ്രരിമായുർഗ്ഗോമായുർമ്മൃഗധൂർത്തകഃ
സ്യഗാലവഞ്ചുകക്രോഷ്ടുഫേരുഫേരവജംബുകാഃ 6

ശിവാ (സ്ത്രീ) ഭ്രരിമായുഃ ഗോമായുഃ മൃഗധൂർത്തകഃ സ്യഗാലഃ വഞ്ചുകഃ ക്രോഷ്ടുഃ ഫേരുഃ ഫേരവഃ ജംബുകഃ (ൻ-ം നാ) ഛ-ം കുറുക്കന്റെ പേർ.

ഓതുബ്ബിഡാലോ മാർജ്ജാലോ വൃഷദംശക ആഖുഭുക
ത്രയോ ഗൌഡേരഗൌഡാരഗൌഡേയാ ഗോധികാത്മജേ 7

ഓതുഃ ബിഡാലഃ മാർജ്ജാലഃ വൃഷദംശകഃ ആഖുഭുക് (ി-ം നാ) പൂച്ചയുടെ പേർ. ഗൌഡേരഃ ഗൌഡാരഃ ഗൌഡേയഃ ഗോധികാത്മജഃ (ർ-ം നാ) ഉടുമ്പിൻകുട്ടിയുടെ പേർ.

ശാവവിത്തു ശല്യസ്തല്ലോമ്നി ശലലീ ശലലം ശലം
വാതപ്രമീവ്വാതമൃഗഃ കോകസ്തചീഹാമൃഗോ വൃകഃ 8

ശാവവിം ശല്യഃ (പു-ം നാ) മുള്ളന്റെ പേർ. ശലലീ (സ്ത്രീ) ശലലം ശലം (പു-ം ക്ലീ) ന-ം അതിന്റെ മുള്ളിന്റെ പേർ. വാതപ്രമീഃ വാതമൃഗഃ (പു-ം നാ) പെരുമാനിന്റെ പേർ. കോകഃ ഈഹാമൃഗഃ വൃകഃ (ന-ം നാ) ചെന്നായുടെ പേർ.

മൃഗേ കുരംഗവാതായുഷരിണാജിനയോനയഃ
ഐണേയമേണ്യാശ്ചമ്മാദ്യമേണസ്യൈണമുഭേ ത്രിഷു 9

മൃഗഃ കുരംഗഃ വാതായുഃ ഹരിണഃ അജിനയോനിഃ (ഭ-ം നാ) മാനിന്റെ പേർ. ഐണേയം (ക്ലീ) ഐണേയം എന്നു പുല്ലിംഗമായിട്ടും ഐണേയീ എന്നു സ്ത്രീലിംഗമായിട്ടും വിശേഷ്യത്തെ അനുസരിച്ചു പ്രയോഗിക്കാം. മാൻപേടയുടെ തോലു മുതലായതിന്റെ പേർ. ഐണം (ക്ലീ) ഐണഃ എന്നു പുല്ലിംഗമായിട്ടും ഐണീ എന്നു സ്ത്രീലിംഗമായിട്ടുമാം. ആണ്മാനിന്റെ തോലു മുതലായതിന്റെ പേർ. ഉഭേ ത്രിഷു എന്നുണ്ടാകയാൽ മേല്പറഞ്ഞ ശബ്ദങ്ങൾ രണ്ടും ത്രിലിംഗങ്ങളാകുന്നു എന്നു് അറിഞ്ഞുകൊൾക.

കദളീ കന്ദളീ ചീനശ്ചമൂരുപ്രിയകാവപി
സമൂരുശ്ചേതി ഹരിണാ അമീ അജിനയോനയഃ 10

കദളീ കന്ദളീ (പു-ം സ്ത്രീ) ചീനഃ ചമൂരുഃ പ്രിയകഃ സമൂരുഃ (ര-ം നാ) ന്യ-ം ഹരിണങ്ങളാകുന്നു. കദല്യാദികൾ ന്യ-ം മൃഗവിശേഷങ്ങളാകുന്നു എങ്കിലും ഹരിണമെന്ന പേർ കദല്യാദിസാധാരണമാകുന്നു എന്നു് അറിഞ്ഞുകൊൾക. കദളി=പുള്ളിയും പുറത്തു വരയുമുള്ളതായും ഗുഹയിൽ കിടക്കുന്നതായുമിരിക്കുന്ന മാൻ. കന്ദളീ=വലിയ വയറും കറുത്ത മുൻകാലുമുള്ള മാൻ. ചീനം=മാടപ്രാവിന്റെ നിറമായും മുപ്പതംഗുലം ഉയരത്തോടുകൂടിയതായുമിരിക്കുന്ന മാൻ. ചമൂരു=വാലില്ലാമൃഗം. പ്രിയകം=ചുവന്നും കറുത്തുമിരിക്കുന്ന രോമങ്ങളുള്ള മൃഗം. സമൂരു=വെളുത്തതായും തടിച്ചു കഴുത്തോടുകൂടിയുമിരിക്കുന്ന മാൻ.

കദല്യാദികളുടെ സ്വരൂപം മേൽവിവരിച്ചപ്രകാരമാകുന്നു എന്നു് ഒരേടത്തു കണ്ടിരിക്കുന്നു. അമീ അജിനയോനയഃ എന്നതിനു് ഇനി പറവാൻ പോകുന്ന കൃഷ്ണസാരാദികളുടെ തോലുകൊണ്ടു് ഉപയോഗമുണ്ടാകയാൽ അതുകൾ അജിനയോനികളാകുന്നു എന്നു് അർത്ഥമാകുന്നു.

കൃഷ്ണസാരസുരുന്യംകുരംകുശംബരരോഹിഷാഃ
ഗോകർണ്ണപൃഷതൈണശ്യരോഹിതാശ്ചമരോ മൃഗാഃ 11

കൃഷ്ണസാരഃ സുരുഃ ന്യംകുഃ രംകുഃ ശംബരഃ രോഹിഷഃ ഗോകർണ്ണഃ പൃഷ

തഃ ഏണഃ പ്രിശ്യഃ രോഹിതഃ ചമരഃ (പു-ം നാ) മൃഗവിശേഷങ്ങളുടെ പേർ. മൃഗാഃ കൃഷ്ണസാരം മുതലായവ ഒക്കെയും മൃഗങ്ങളുമാകുന്നു. കൃഷ്ണസാരം=കരുമാൻ. ഋശ്യം=വൻകരുമാൻ. ന്യങ്കു=കടമാൻ. രംകു=വെള്ളമാൻ. ശംബരം=കുറുമാൻ. രോഹിഷം=വരിമാൻ. ഗോകർണ്ണം=പെരുചെവിമാൻ. പൃഷതം=ഉഴൽമാൻ. ഏണം=കൃഷ്ണമൃഗം. പ്രിശ്യം=മരമാൻ. രോഹിതം=പുള്ളിക്കേഴമാൻ. ചമരം=ചമരിമാൻ—ഇങ്ങനെ തമിഴ്ക്കുത്തിൽ കാണാറുണ്ടു്.

ഗന്ധവ്വഃ്ശരഭോ രാമഃ സ്മരോ ഗവയശ്ശശഃ
ഇത്യാദയോ മൃഗേന്ദ്രാദ്യാ ഗവാദ്യാഃ പശുജാതയഃ 12

ഗന്ധവ്വഃ (നാ) പെരുത്ത വയറും നീണ്ട വാലുമുള്ള മൃഗം. ശരഭഃ (നാ) എട്ടടിമാൻ. രാമഃ (നാ) പെരുംചമരിമാൻ. സ്മരഃ (നാ) വളക്കമാൻ. ഗവയഃ (നാ) ആയ്മാൻ. ശശഃ (നാ) മുയല്. ഇത്യാദയഃ മൃഗേന്ദ്രാദ്യാഃ ഗവാദ്യാഃ പശുജാതയഃ എന്നു് അന്വയം. മേൽവിവരിക്കപ്പെട്ട ഗന്ധവ്വാദികളും മൻപറയപ്പെട്ട സിംഹാദികളും യജ്ഞാന്തരത്തിങ്കൽ പറയപ്പെടുവാൻ പോകുന്ന ഗോഗജാദികളും പശുജാതികളാകുന്നു എന്നു് അതിന്റെ സാരം.

ഉന്ദുരുമ്മൂഷികോപ്യാഖുഗ്ഗിരികാ ബാലമൂഷികാ
സരടഃ കൃകലാസോഥ മുസലീ ഗൃഹഗോധികാ 13

ഉന്ദുരുഃ മൂഷികഃ ആഖുഃ (പു-ം നാ) എലിയുടെ പേർ. ഗിരികാ ബാലമൂഷികാ (പു-ം സ്ത്രീ) ചുണ്ടെലിയുടെ പേർ. സരടഃ കൃകലാസഃ (പു-ം നാ) ഓന്തിന്റെ പേർ. മുസലീ ഗൃഹഗോധികാ (പു-ം സ്ത്രീ) പല്ലിയുടെ പേർ.

ലൂതാ സ്ത്രീ തന്തുവായോർണ്ണനാഭിർമ്മക്കടകാസ്സമാഃ
നീലംഗുസ്തു ക്രിമിഃ കർണ്ണജളൌകാശ്ശതപദ്യഥേ 14

ലൂതാ (സ്ത്രീ) തന്തുവായഃ ഊർണ്ണനാഭിഃ മക്കടകഃ (പു-ം നാ) ര്-ം ചിലന്തിയുടെ പേർ. നീലംഗുഃ ക്രിമിഃ (പു-ം നാ) കണ്ണിപ്പുഴുവിന്റെ പേർ. കർണ്ണജളൌകാ ശതപദീ (പു-ം സ്ത്രീ) തേരട്ടയുടെ പേർ.

വൃശ്ചികശ്ശ്രുകകീടസ്സ്യാദളിർദ്രോണൌ തു വൃശ്ചികേ
പാരാവതഃ കളരവഃ കപോതോഥ ശശാദനഃ 15

വൃശ്ചികഃ ശ്രുകകീടഃ (പു-ം നാ) വാൽപുഴുവിന്റെ പേർ. അളിർദ്രോണഃ വൃശ്ചികഃ (നു-ം നാ) തേളിന്റെ പേർ. പാരാവതഃ കളരവഃ കപോതഃ (നു-ം നാ) മാടപ്രാവിന്റെ പേർ. ശശാദനഃ (നാ) ഇതിന്റെ അർത്ഥം അനന്തരശ്ലോകത്തോടുകൂടെ സ്പഷ്ടമാകയും ചെയ്യും.

പത്രീ ശ്യേന ഉലൂകസ്തു വായസാരാതിരുച്യതേ
വ്യാഘ്രോടസ്തു ഭരദ്വാജഃ ഖഞ്ജരീടസ്തു ഖഞ്ജനഃ 16

പത്രീ ശ്യേനഃ (പു-ം നാ) ഇവയും മേല്പറഞ്ഞ ശശാദനശബ്ദവും പക്ഷിയുടെ പേർ. ഉലൂകഃ വായസാരാതിഃ പേചകഃ (നപും-ം നാ) ഊമന്റെ പേർ. വ്യാഘ്രോടഃ ഭരദ്വാജഃ (പു-ം നാ) ചെമ്പോത്തിന്റെ പേർ. ഖഞ്ജരീടഃ ഖഞ്ജനഃ (പു-ം നാ) കരിംകുരിലിന്റെ പേർ.

ലോഹപൃഷ്ഠസ്തു കംകസ്സ്യാദഥ ചാഷഃ കികീദിവിഃ
കലിംഗഭൃംഗധൂമ്യാടാ അഥ സ്യാച്ഛതപത്രകഃ 17

ദാവ്വാഘ്രാടോഥ സാരംഗസ്തോകകശ്ചാതകസ്സമാഃ
കുകവാകസ്താമ്രചൂഡഃ കുക്കുടശ്ചരണായുധഃ 18

ലോഹപൃഷ്ഠഃ കംകഃ (പു-ം നാ) പെരുംപരുന്തിന്റെ പേർ. ചാഷഃ കികീദിവിഃ (നപും-ം നാ) കാട്ടുകാക്കയുടെ പേർ. കലിംഗഃ ഭൃംഗഃ ധൂമ്യാടഃ (നപും-ം നാ) ചെറുകുരിലിന്റെ പേർ. ശതപത്രകഃ ദാവ്വാഘ്രാടഃ (പു-ം നാ) മരംകൊത്തിയുടെ പേർ. സാരംഗഃ തോകകഃ ചാതകഃ (നപും-ം നാ) വേഴാമ്പലിന്റെ പേർ. കുകവാകഃ താമ്രചൂഡഃ കുക്കുടഃ ചരണായുധഃ (രപും-ം നാ) കോഴിയുടെ പേർ.

ചടകഃ കളപിംഗസ്സ്യാത്തസ്യ സ്ത്രീ ചടകാ തയോഃ
പുമപത്യേ ചാടകൈരസ്ത്രീയപത്യേ ചടകൈവ ഹി 19

ചടകഃ കളപിംഗഃ (പു-ം നാ) ഊക്കുരിലിന്റെ പേർ. ചടകാ (സ്ത്രീ) ഊക്കുരിലിൻപിടയുടെ പേർ. ചാടകൈരഃ (നാ) അവരുടെ പുത്രന്റെ പേർ. ചടകാ (സ്ത്രീ) അവരുടെ പുത്രിയുടെ പേർ.

കക്കരേട്ടഃ കരേട്ടസ്സ്യാൽ കുകണക്രകരൌ സമൌ
വനപ്രിയഃ പരഭൃതഃ കോകിലഃ പികഃ ഇത്യപി 20

കക്കരേട്ടഃ കരേട്ടഃ (പു-ം നാ) വരണ്ടയുടെ പേർ. കുകണഃ ക്രകരഃ (പു-ം നാ) ഇരുവാൽച്ചുത്തന്റെ പേർ. വനപ്രിയഃ പരഭൃതഃ കോകിലഃ പികഃ (രപും-ം സ്ത്രീ) കുയിലിന്റെ പേർ.

കാകേ തു കരടാരിഷ്ടബലിപുഷ്ടസകുൽപ്രജാഃ
ധ്വാംക്ഷാത്മഘോഷപരഭൃദ്ബലിഭുഗ്വായസാ അപി 21

കാകഃ കരടഃ അരിഷ്ടഃ ബലിപുഷ്ടഃ സകുൽപ്രജഃ ധ്വാംക്ഷഃ ആത്മഘോഷഃ പരഭൃൽ ബലിഭുക് വായസഃ (പു-ം നാ) കാക്കയുടെ പേർ.

സ ഏവ ച ചിരഞ്ജീവീ ഏകദൃഷ്ടിശ്ച മൈകുലിഃ
ദ്രോണകാകസ്തു കാകോളോ ദാത്യൂഹഃ കോളകണ്ടകഃ 22

ചിരഞ്ജീവീ ഏകദൃഷ്ടിഃ മൈകുലിഃ (നപും-ം നാ) ഇവയും കാക്കയുടെ പേർ. ദ്രോണകാകഃ കാകോളഃ (പു-ം നാ) കാവതിക്കാക്കയുടെ പേർ. ദാ

ത്യൂഹഃ കാളകണ്ഠകഃ (വ-ം നാ) നത്തിന്റെ പേർ. ദാത്യൂഹഃ കാളകണ്ഠകഃ എന്നു പഠിക്കുന്നതു നല്ലതാകുന്നു.

ആതാപിചില്ലൌ ഭാക്ഷായ്യഗ്ലൂഷ്ണൌ കീരശുകൌ സമൌ
ക്രൌങ്ചക്രൌഞ്ചൌഥ ബകഃ കഹഃ പുഷ്കരാഹ്വസ്തു സാരസഃ

ആതാപിഃ ചില്ലഃ (വ-ം നാ) മലംകൂരിലിന്റെ പേർ. ഭാക്ഷായ്യഃ ഗ്ലൂഷ്ണഃ (വ-ം നാ) കഴുകന്റെ പേർ. കീരഃ ശുകഃ (വ-ം നാ) തത്തയുടെ പേർ. ക്രൌങ്ചഃ ക്രൌഞ്ചഃ (വ-ം നാ) അസില്ലക്ഷിയുടെ പേർ. ബകഃ കഹഃ (വ-ം നാ) കൊക്ക് എന്ന പക്ഷിയുടെ പേർ. പുഷ്കരാഹ്വഃ സാരസഃ (വ-ം നാ) വണ്ടാരക്കോഴിയുടെ പേർ.

കോകശ്ചക്രശ്ചക്രവാകോ രഥാംഗാഹ്വയനാമകഃ
കാദംബഃ കളഹംസസ്സ്യാദ്ദൽക്രോശകുരരൌ സമൌ 24

കോകഃ ചക്രഃ ചക്രവാകഃ (നു-ം നാ) ചക്രവാകപ്പക്ഷിയുടെ പേർ. രഥാംഗാഹ്വയനാമകഃ എന്നതിനു രഥാംഗത്തിന്റെ പേരുകളാകുന്ന പേരുകളോടുകൂടിയതു് എന്നു് അർത്ഥമാകയാൽ രഥാംഗഃ ഇത്യാദികളും ചക്രവാകത്തിന്റെ പേരുകളാകുന്നു എന്നു ധരിച്ചുകൊൾക. കാദംബഃ കളഹംസഃ (വ-ം നാ) കാരണത്തിന്റെ പേർ. ഉൽക്രോശഃ കുരരഃ (വ-ം നാ) അഴകുര എന്ന പക്ഷിയുടെ പേർ.

ഹംസാസ്തു ശ്വേതഗരുതശ്ചക്രാംഗാ മാനസൌകസഃ
രാജഹംസാസ്തു തേ ചഞ്ചുചരണൈർല്ലോഹിതൈസ്സിതാഃ25

ഹംസാഃ ശ്വേതഗരുത്മഃ ചക്രാംഗാഃ മാനസൌകസഃ (ര-ം നാ) അരയന്നങ്ങളുടെ പേർ. ബഹുത്വം വിവക്ഷിതമല്ല. അരയന്നം ഒന്നാകുന്നു എങ്കിൽ ഹംസഃ ശ്വേതഗരുൽ ചക്രാംഗഃ മാനസൌകഃ ഇങ്ങിനെ ഏകവചനാന്തങ്ങളായിട്ടും രണ്ടാകുന്നുവെങ്കിൽ ഹംസൌ ശ്വേതഗരുതൌ ചക്രാംഗൌ മാനസൌകസൌ ഇങ്ങിനെ ദ്വിവചനാന്തങ്ങളായിട്ടും പ്രയോഗിക്കാം. രാജഹംസാഃ (നാ) കൊക്കും കാലും ചുവന്നും ശരീരം വെളുത്തുമുള്ള അരയന്നങ്ങളുടെ പേർ.

മല്ലികാക്ഷാസ്തൈല്പാത്തരാഷ്ട്രാസ്സിതേതരൈഃ
ശരാരിരാടിരാഡിശ്ച വലാകാ വിസകണ്ഠികാ 26

മല്ലികാക്ഷഃ (നാ) അല്പമായ വെളുപ്പോടുകൂടിയ കൊക്കോടും കാലോടും കൂടിയതായും വെളുത്തതായുമിരിക്കുന്ന ഹംസത്തിന്റെ പേർ. ധാത്തരാഷ്ട്രഃ (നാ) കൊക്കും കാലും കരുത്തും ശരീരം വെളുത്തുമുള്ള ഹംസത്തിന്റെ പേർ. ശരാരിഃ ആടിഃ ആഡിഃ (നു-ം സ്ത്രീ) താറാവിന്റെ പേർ. വലാകാ വിസകണ്ഠികാ (വ-ം സ്ത്രീ) വെള്ളില്ലക്ഷിയുടെ പേർ.

ഹംസസ്യ യോഷിദ്വരടാ സാരസസ്യ തു ലക്ഷ്മണാ
ജതുകാജിനപത്രാ സ്യാൽ പരോഷ്ണീ തൈലപായികാ 27

വരടാ (സ്ത്രീ) അരയന്നപ്പിടയുടെ പേർ. ലക്ഷ്മണാ (സ്ത്രീ) വണ്ടാരം കോഴിപ്പിടയുടെ പേർ. ജതുകാ അജിനപത്രാ (പ-ം സ്ത്രീ) ആവലിന്റെ പേർ. പരോഷ്ണീ തൈലപായികാ (പ-ം സ്ത്രീ) നരിച്ചീരിന്റെ പേർ.

വവ്വണാ മക്ഷികാ നീലാ സരഘാ മധുമക്ഷികാ
പതംഗികാ പുത്തികാ സ്യാദ്ദംശസ്തു വനമക്ഷികാ 28

വവ്വണാ മക്ഷികാ നീലാ (ന-ം സ്ത്രീ) ചെകുത്തേനീച്ചയുടെ പേർ. സരഘാ മധുമക്ഷികാ (പ-ം സ്ത്രീ) തേനീച്ചയുടെ പേർ. പതംഗികാ പുത്തികാ (പ-ം സ്ത്രീ) ചിറ്റീച്ചയുടെ പേർ. ദംശഃ (നാ) വനമക്ഷികാ (സ്ത്രീ) പ-ം കാട്ടീച്ചയുടെ പേർ.

ദംശീ തജ്ജാതിരല്പാ സ്യാൽ ഗന്ധോളീ വരടാ ദ്വയോഃ
ഭൃംഗാരീ ചീരുകാ ചീരീ ഝില്ലികാ ച സമാ ഇമാഃ 29

ദംശീ (സ്ത്രീ) കുഴിച്ചീച്ചയുടെ പേർ. ഗന്ധോളീ (സ്ത്രീ) വരടാ (സ്ത്രീ) വരടഃ എന്നു പുല്ലിംഗമായിട്ടുമാം. പ-ം കടന്നലിന്റെ പേർ. ഭൃംഗാരീ ചീരുകാ ചിരീ ഝില്ലികാ (ര-ം സ്ത്രീ) ചീവീടിന്റെ പേർ.

സമൌ പതംഗശലഭൌ ഖദ്യോതോ ജ്യോതിരിംഗണഃ
മധുവ്രതോ മധുകരോ മധുലിണ്മധുപാളിനഃ 30

ദ്വിരേഫപുഷ്പലിഡ്ഭൃംഗഷഡ്പദഭ്രമരാളയഃ
മയൂരോ ബർഹിണോ ബർഹീ നീലകണ്ഠോ ഭുജംഗഭുക് 31

ശിഖാവലഭ്ശിഖീ കേകീ മേഘനാദാനുലാസ്യപി
കേകാ വാണീ മയൂരസ്യ സമൌ ചന്ദ്രകമേചകൌ 32

പതംഗഃ ശലഭഃ (പ-ം നാ) പാറ്റയുടെ പേർ. ഖദ്യോതഃ ജ്യോതിരിംഗണഃ (പ-ം നാ) മിന്നാമിനിങ്ങിയുടെ പേർ. മധുവ്രതഃ മധുകരഃ മധുലിട് മധുപഃ അളീ ദ്വിരേഫഃ പുഷ്പലിട് ഭൃംഗഃ ഷഡ്പദഃ ഭ്രമരഃ അളിഃ (ഫ-ം നാ) വണ്ടിന്റെ പേർ. മയൂരഃ ബർഹിണഃ ബർഹീ നീലകണ്ഠഃ ഭുജംഗഭുക് ശിഖാവലഃ ശിഖീ കേകീ മേഘനാദാനുലാസീ (ന-ം നാ) മയിലിന്റെ പേർ. കേകാ (സ്ത്രീ) മയിൽനാദത്തിന്റെ പേർ. ചന്ദ്രകഃ മേചകഃ (പ-ം നാ) പീലിക്കണ്ണിന്റെ പേർ.

ശിഖാ ചൂഡാ ശിഖണ്ഡസ്തു പിഞ്ഛരമ്പർഹേ നപുംസകേ
ഖഗേ വിഹംഗവിഹഗവിഹംഗമവിഹായസഃ 33

ശകുന്തിപക്ഷിശകുനിശകുന്തശകുനദ്വിജാഃ
പതത്രിപത്രിപതഗപതൽപത്രരഥാണ്ഡജാഃ 34
നഗൌകോവാജിവികിരവിവിഷ്കിരപതത്രയഃ
നീഡോദ്ഭവാ ഗരുത്മന്തഃ പിത്സന്തോ നഭസംഗമാഃ 35

ശിഖാ ചൂഡാ (ന-ം സ്ത്രീ) മയിൽകുടുമയുടെ പേർ. ശിഖണ്ഡഃ (നാ) പിഞ്ഛരം ബർഹം (ന-ം ക്ലീ) ന-ം പീലിയുടെ പേർ. ഖഗഃ വിഹംഗഃ വിഹഗഃ വിഹംഗമഃ വിഹായാഃ ശകുന്തിഃ പക്ഷീ ശകുനിഃ ശകുന്തഃ ശകുനദ്വിജഃ പതത്രീ പത്രീ പതഗഃ പതൽപത്രരഥഃ അണ്ഡജഃ നഗൌകാഃ വാജീ വികിരഃ വിഃ വിഷ്കിരഃ പതത്രിഃ നീഡോദ്ഭവാഃ ഗരുത്മന്തഃ പിത്സന്തഃ നഭസംഗമാഃ (ന-ം നാ) പക്ഷിയുടെ പേർ. നീഡോദ്ഭവാഃ ഇത്യാദിശബ്ദങ്ങളുടെ ബഹുവചനം വിവക്ഷിതമല്ലായ്കയാൽ നീഡോദ്ഭവഃ ഗരുത്മാൻ പിത്സൻ നഭസംഗമഃ എന്ന ഏകവചനാന്തമായിട്ടും നീഡോദ്ഭവൌ ഇത്യാദി ദ്വിവചനാന്തമായിട്ടും പ്രയോഗിക്കാമെന്നു് അറിഞ്ഞുകൊൾക.

തേഷാം വിശേഷാ ഹാരീതോ മൽഗുഃ കാരണ്ഡവഃ പ്ലവഃ
തിത്തിരിഃ കകുഭോ ലാബോ ജീവഞ്ജീവശ്ചകോരകഃ 36
കോയഷ്ടികഷ്ടിട്ടിഭകോ വത്തകോ വർത്തികാഭയഃ
ഗരുത് പക്ഷഃ ഹരിഃ പത്രം പതത്രഞ്ച തനൂരുഹം 37

തേഷാം വിശേഷാഃ എന്നതിനു പക്ഷിവിശേഷങ്ങൾ പഠയപ്പെടുന്നു എന്നു് അർത്ഥമാകുന്നു. ഹാരീതഃ (നാ) ചൂളപ്രാവിന്റെ പേർ. മൽഗുഃ (നാ) നീർക്കാക്കയുടെ പേർ. കാരണ്ഡവഃ (നാ) കുളക്കോഴിയുടെ പേർ. പ്ലവഃ (നാ) മരക്കലനാവെന്ന പക്ഷിയുടെ പേർ. തിത്തിരിഃ (നാ) ചിറ്റിരിപ്പക്ഷിയുടെ പേർ. കകുഭഃ (നാ) ചെരുകരിലിന്റെ പേർ. ലാബഃ (നാ) പീവല്പക്ഷിയുടെ പേർ. ജീവഞ്ജീവഃ (നാ) വട്ടവ്വാവലിന്റെ പേർ. ചകോരകഃ (നാ) ചകോരപ്പക്ഷിയുടെ പേർ. കോയഷ്ടികഃ (നാ) കള്ളൻകാണിയുടെ പേർ. ടിട്ടിഭകഃ (നാ) കുതികലുക്കിപ്പക്ഷിയുടെ പേർ. വർത്തകഃ (നാ) കാടപ്പക്ഷിയുടെ പേർ. വർത്തികാ (സ്ത്രീ) കാടേടിയാൻ എന്ന പക്ഷിയുടെ പേർ. ആദിശബ്ദംകൊണ്ടു കപിഞ്ജലം മുതലായവയെ സംഗ്രഹിച്ചിരിക്കുന്നു. ഗരുൽ പക്ഷഃ ഹരിഃ (ന-ം നാ) പത്രം പതത്രം തനൂരുഹം (ന-ം ക്ലീ) ന-ം ചിറകിന്റെ പേർ.

സ്ത്രീ പക്ഷതിഃ പക്ഷമൂലം ചഞ്ചുസ്തോടിരുഭേ സ്ത്രിയൌ
പ്രൌഢീനാസ്ഥിനസന്ധീനാമന്യോന്യാഃ ഖഗഗതിക്രിയാഃ 38

പക്ഷതിഃ (സ്ത്രീ) പക്ഷമൂലം (ക്ലീ) ന-ം ചിറകിന്റെ കടയുടെ പേർ.

ചഞ്ചുഃ തുണ്ടിഃ (പു-ം സ്ത്രീ) കൊക്കിന്റെ പേർ. പ്രഡീനം ഉഡ്ഡീനം സണ്ഡീനം (ന-ം ക്ലീ) പക്ഷികളുടെ ഗതിവിശേഷങ്ങളുടെ പേർ.

പേശീ കോശോ ദ്വിഹീനേണ്ഡം കുലായോ നീഡമസ്ത്രിയാം
പോതഃ പാകോഽർഭകോ ഡിംഭഃ പൃഥുകശ്ശാബകശ്ശിശുഃ 39

പേശീ (സ്ത്രീ) കോശഃ (നാ) അണ്ഡം (ക്ലീ) അണ്ഡഃ എന്നുമാം. ന-ം മുട്ടയുടെ പേർ. കുലായഃ (നാ) നീഡം (ക്ലീ) പുല്ലിംഗമായിട്ടുമാം. പു-ം കുടിന്റെ പേർ. പോതഃ പാകഃ അർഭകഃ ഡിംഭഃ പൃഥുകഃ ശാബകഃ ശിശുഃ (ത്രി-ം നാ) കുട്ടിയുടെ പേർ.

സ്ത്രീപുംസൌ മിഥുനം ദ്വന്ദ്വം യുഗ്മം തു യുഗളം യുഗം
സമൂഹനിവഹവ്യൂഹസന്ദോഹവിസരവ്രജാഃ 40

സ്തോമൌഘനികരവ്രാതവാരസംഘാതസഞ്ചയാഃ
സമുദായസ്സമുദയസ്സമവായശ്ചയോ ഗണഃ 41

സ്ത്രിയാം തു സംഹതിർവൃന്ദം നികുരുംബം കുടുംബകം
വൃന്ദഭേദാസ്സമൈർഗ്ഗസ്സംഘസാത്തൌ തു ജന്തുഭിഃ 42

സജാതീയൈഃ കുലം യൂഥം തിരശ്ചാം പുന്നപുംസകം
പശൂനാം സമജോന്യേഷാം സമാജോഥ സധർമ്മണാം 43

സ്യാന്നികായഃ പുഞ്ജരാശീ തുൽക്കരഃ കൂടമസ്ത്രിയാം
കാപോതശൌകമായൂരതൈത്തിരാടീനി തദ്ഗണേ 44

ഗൃഹാസക്തഃ പക്ഷിമൃഗാഃ ഗ്രൈകാസ്യേ ഗൃഹ്യകാശ്ച തേ

സ്ത്രീപുംസൌ (നാ) മിഥുനം ദ്വന്ദ്വം (പു-ം ക്ലീ) ന-ം ഒന്നു സ്ത്രീയും ഒന്നു പുരുഷനുമായ ഇരട്ടയുടെ പേർ. യുഗ്മം യുഗളം യുഗം (ന-ം ക്ലീ) ഇരട്ടയുടെ പേർ. സമൂഹഃ നിവഹഃ വ്യൂഹഃ സന്ദോഹഃ വിസരഃ വ്രജഃ സ്തോമഃ ഔഘഃ നികരഃ വ്രാതഃ വാരഃ സംഘാതഃ സഞ്ചയഃ സമുദായഃ സമുദയഃ സമവായഃ ചയഃ ഗണഃ (പു-ം നാ) സംഹതിഃ (സ്ത്രീ) വൃന്ദം നികുരുംബം കുടുംബകം (ന-ം ക്ലീ) പു-ം സമൂഹത്തിന്റെ പേർ. വൃന്ദഭേദഃ എന്നതിനു സമൂഹഭേദങ്ങളെ പറയപ്പെട്ടു എന്ന് അർത്ഥമാകുന്നു. വർഗ്ഗഃ (നാ) സമവസ്തുക്കളുടെ സമൂഹത്തിന്റെ പേർ. സംഘഃ സാർത്ഥഃ (പു-ം നാ) ജന്തുസമൂഹത്തിന്റെ പേർ. കുലം (ക്ലീ) തുല്യജാതികളായ ജന്തുക്കളുടെ സമൂഹത്തിന്റെ പേർ. യൂഥം (ക്ലീ) പുല്ലിംഗമായിട്ടുമാം. തിര്യക്കുസമൂഹത്തിന്റെ പേർ. സമജഃ (നാ) പശുസമൂഹത്തിന്റെ പേർ. സമാജഃ (നാ) അന്യസമൂഹത്തിന്റെ പേർ. നികായഃ (നാ) സമാനമായ ധർമ്മത്തോടുകൂടിയവരുടെ

സമൂഹത്തിന്റെ പേർ. പുഞ്ജഃ രാശിഃ ഉല്ലൂർഃ (ന-ം നാ) കൂടം (ക്ലീ) പുല്ലിംഗമായിട്ടുമാം. ര-ം ധാന്യാദിസമൂഹത്തിന്റെ പേർ. കാപോതം (ക്ലീ) കപോതസമൂഹത്തിന്റെ പേർ. ശൗകം (ക്ലീ) ശുകസമൂഹത്തിന്റെ പേർ. മായൂരം (ക്ലീ) മയൂരസമൂഹത്തിന്റെ പേർ. തൈത്തിരം (ക്ലീ) തിത്തിരിസമൂഹത്തിന്റെ പേർ. ആദിശബ്ദംകൊണ്ടു ബകാദികളെ സംഗ്രഹിച്ചിരിക്കുന്നു. ചാതകാഃ ഗൃഹ്യകാഃ (ച-ം നാ) കൂടിയിൽ പോറക്കുന്ന പക്ഷികളുടേയും മൃഗങ്ങളുടേയും പേർ.

മനുഷ്യവർഗ്ഗം

മനുഷ്യാ മാനുഷാ മർത്ത്യാ മനുജാ മാനവാ നരാഃ
സ്യുഃ പുമാംസഃ പഞ്ചജനാഃ പുരുഷാഃ പൂരുഷാ നരഃ 1

മനുഷ്യാഃ മാനുഷാഃ മർത്ത്യാഃ മനുജാഃ മാനവാഃ നരാഃ (ന്യ-ം നഃ) മനുഷ്യരുടെ പേർ. പുമാംസഃ പഞ്ചജനാഃ പുരുഷാഃ പൂരുഷാഃ നരഃ (ട-ം നാ) പുരുഷന്മാരുടെ പേർ.

സ്ത്രീ യോഷിദ്ബലാ യോഷാ നാരീ സീമന്തിനീ വധൂഃ
പ്രതീപദർശിനീ വാമാ വനിതാ മഹിളാ തഥാ 2

സ്ത്രീ യോഷിൽ അബലാ യോഷാ നാരീ സീമന്തിനീ വധൂഃ പ്രതീപദർശിനീ വാമാ വനിതാ മഹിളാ (ഥ-ം സ്ത്രീ) സ്ത്രീയുടെ പേർ.

വിശേഷാസ്ത്വംഗനാ ഭീരുഃ കാമിനീ വാമലോചനാ
പ്രമദാ മാനിനീ കാന്താ ലലനാ ച നിതംബിനീ 3

സുന്ദരീ രമണീ രാമാ കോപനാ സൈവ ഭാമിനീ
വരാരോഹാ മത്തകാശിന്യുത്തമാ വരവർണ്ണിനീ 4

വിശേഷഃ എന്നതിനു സ്ത്രീവിശേഷങ്ങൾ പറയപ്പെടുന്നു എന്നു് അർത്ഥമാകുന്നു. അംഗനാ (സ്ത്രീ) നല്ല ശരീരത്തോടുകൂടിയ സ്ത്രീയുടെ പേർ. ഭീരുഃ (സ്ത്രീ) ഭയമുള്ളവളുടെ പേർ. കാമിനീ (സ്ത്രീ) കാമമുള്ളവളുടെ പേർ. വാമലോചനാ (സ്ത്രീ) മനോഹരമായ കണ്ണോടുകൂടിയവളുടെ പേർ. പ്രമദാ (സ്ത്രീ) പ്രബലമായ മദത്തോടുകൂടിയവളുടെ പേർ. മാനിനീ (സ്ത്രീ) പ്രണയകോപമുള്ളവളുടെ പേർ. കാന്താ (സ്ത്രീ) മനോഹരമായിരിക്കുന്നവളുടെ പേർ. ലലനാ (സ്ത്രീ) ലാളിക്കപ്പെട്ടവളുടെ പേർ. നിതംബിനീ (സ്ത്രീ) നല്ല നിതംബത്തോടുകൂടിയവളുടെ പേർ. സുന്ദരീ (സ്ത്രീ) സൌന്ദര്യത്തോടുകൂടിയവളുടെ പേർ. രമണീ (സ്ത്രീ) രതിയെ ഉണ്ടാക്കുന്നവളുടെ പേർ. രാമാ

(സ്ത്രീ) രമിക്കുന്നവളുടെ പേർ. കോപനാ ഭാമിനീ (പു.ം സ്ത്രീ) കോപിക്കശീലമുള്ളവളുടെ പേർ. വരാരോഹാ മത്തകാശിനീ ഉത്തമാ വരവർണ്ണിനീ (ര.ം സ്ത്രീ) ഉത്തമസ്ത്രീയുടെ പേർ.

കൃതാഭിഷേകാ മഹിഷീ ഭോഗിന്യോന്യാ നൃപസ്ത്രിയഃ
പതനീ പാണിഗൃഹീതീ ച ദ്വിതീയാ സഹധർമ്മിണീ 5

ഭാര്യാ ജായാഥ പുംഭ്രമ്നീ ദാരാസ്ത്ര്യാത്തു കുടുംബിനീ
പുരന്ധ്രീ സുചരിത്രാ തു സതീ സാധ്വീ പതിവ്രതാ 6

മഹിഷീ (സ്ത്രീ) അഭിഷേകംചെയ്യപ്പെട്ട രാജസ്ത്രീയുടെ പേർ. ഭോഗിന്യഃ (സ്ത്രീ) പട്ടംകെട്ടാത്തവരായ രാജസ്ത്രീകളുടെ പേർ. പത്നീ പാണിഗൃഹീതീ ദ്വിതീയാ സഹധർമ്മിണീ ഭാര്യാ ജായാ (ന.ം സ്ത്രീ) ഭാര്യയുടെ പേർ. ദാരാഃ (നാ) ഭാര്യയുടെ പേർ. ബഹുവചനാന്തമായിട്ടല്ലാതെ പ്രയോഗിക്കരുത്. കുടുംബിനീ പുരന്ധ്രീ (പു.ം സ്ത്രീ) പുത്രഭർത്രാദിവർഗ്ഗത്തോടുകൂടിയവളുടെ പേർ. സുചരിത്രാ സതീ സാധ്വീ പതിവ്രതാ (ര.ം സ്ത്രീ) പാതിവ്രത്യത്തോടുകൂടിയവളുടെ പേർ.

കൃതസാപത്ന്യകാധ്യൂഢാധിവിന്നാഥ സ്വയംവരാ
പതിംവരാ ച വര്യാ ച കുലസ്ത്രീ കുലപാലികാ 7

കൃതസാപത്ന്യകാ അധ്യൂഢാ അധിവിന്നാ (ന.ം സ്ത്രീ) മുമ്പേ വേൾക്കപ്പെട്ട സ്ത്രീയുടെ പേർ. സ്വയംവരാ പതിംവരാ വര്യാ (ന.ം സ്ത്രീ) പതിയെ വരിക്കുന്നവളുടെ പേർ. കുലസ്ത്രീ കുലപാലികാ (പു.ം സ്ത്രീ) കുലത്തെ രക്ഷിക്കുന്നവളുടെ പേർ.

കന്യാ കുമാരീ ഗൌരീ തു നഗ്നികാനാഗതാർത്തവാ
സ്യാന്മധ്യമാ ദൃഷ്ടരജാസ്തരുണീ യുവതിസ്സമേ 8

കന്യാ കുമാരീ (പു.ം സ്ത്രീ) കന്യകയുടെ പേർ. ഗൌരീ നഗ്നികാ അനാഗതാർത്തവാ (ന.ം സ്ത്രീ) തിരമ്മാത്തവളുടെ പേർ. മധ്യമാ ദൃഷ്ടരജാഃ (പു.ം സ്ത്രീ) തിരണ്ടവളുടെ പേർ. തരുണീ യുവതിഃ (പു.ം സ്ത്രീ) യൌവനത്തോടുകൂടിയവളുടെ പേർ.

സമാ സ്നുഷാ ജനീ വധൂശ്ചിരണ്ടീ തു സുവാസിനീ
ഇച്ഛാവതീ കാമുകാ സ്യാദ്വൃഷസ്യന്തീ തു കാമുകീ 9

സ്നുഷാ ജനീ വധൂഃ (ന.ം സ്ത്രീ) പുത്രഭാര്യയുടെ പേർ. ചിരണ്ടീ സുവാസിനീ (പു.ം സ്ത്രീ) പ്രാരബ്ധയൌവനയായിരിക്കുന്നവളുടെ പേർ. ഇച്ഛാവതീ കാമുകാ (പു.ം സ്ത്രീ) ആഗ്രഹമുള്ളവളുടെ പേർ. വൃഷസ്യന്തീ കാമുകീ (പു.ം സ്ത്രീ) സംഭോഗേച്ഛയോടുകൂടിയവളുടെ പേർ.

കാന്താത്മിനീ തു യാ യാതി സങ്കേതം സാഭിസാരികാ
പുംശ്ചലീ ധഷ്ണീ ബന്ധക്യസതീ കുലടേത്വരീ 10
സൈരിണീ പാംസുലാ ച സ്യാദശിശ്വീ ശിശ്രുണാ വിനാ
അവീരാ നിഷ്പതിസുതാ വിശ്വസ്താവിധവേ സമേ 11

അഭിസാരികാ (സ്ത്രീ) പുരുഷനെ കാമിച്ചു കുറിസ്ഥലത്തേയ്ക്കു പോകുന്ന വളുടെ പേർ. പുംശ്ചലീ ധഷ്ണീ ബന്ധകീ അസതീ കുലടാ ഇത്വരീ സൈരിണീ പാംസുലാ (ദ്വ-ം സ്ത്രീ) വ്യഭിചാരിണിയായ സ്ത്രീയുടെ പേർ. അശിശ്വീ (സ്ത്രീ) കിടാവില്ലാത്തവളുടെ പേർ. അവീരാ (സ്ത്രീ) ഭർത്താവും കിടാവുമില്ലാത്തവളുടെ പേർ. വിശ്വസ്താ വിധവാ (ദ്വ-ം സ്ത്രീ) വിധവയുടെ പേർ.

ആളിസ്സഖീ വയസ്യാ ച പതിവത്നീ സഭർത്തൃകാ
വൃദ്ധാ പലിക്നീ പ്രാജ്ഞീ തു പ്രജ്ഞാ പ്രാജ്ഞാ ച ധീമതീ

ആളിഃ സഖീ വയസ്യാ (ന-ം സ്ത്രീ) സഖിയുടെ പേർ. പതിവത്നീ സഭർത്തൃകാ (ദ്വ-ം സ്ത്രീ) ജീവിച്ചിരിക്കുന്ന ഭർത്താവോടുകൂടിയവളുടെ പേർ. വൃദ്ധാ പലിക്നീ (ദ്വ-ം സ്ത്രീ) വൃദ്ധയുടെ പേർ. പ്രാജ്ഞീ പ്രജ്ഞാ പ്രാജ്ഞാ ധീമതീ (ർ-ം സ്ത്രീ) ബുദ്ധിമതിയായിരിക്കുന്നവളുടെ പേർ.

ശൂദ്രീ ശൂദ്രസ്യ ഭാര്യാ സ്യാച്ഛൂദ്രാ തജ്ജാതിരംഗനാ
ആഭീരീ തു മഹാശൂദ്രീ ജാതിപുംയോഗയോസ്സമാ 13

ശൂദ്രീ (സ്ത്രീ) ശൂദ്രഭാര്യയുടെ പേർ. ശൂദ്രാ (സ്ത്രീ) ശൂദ്രജാതിയായ സ്ത്രീയുടെ പേർ. ആഭീരീ മഹാശൂദ്രീ (ദ്വ-ം സ്ത്രീ) ഇടയജാതിസ്ത്രീയുടേയും ഇടയൻ ഭാര്യയുടേയും പേർ.

ആര്യ്യാണീ സ്വയമാര്യ്യാ സ്യാൽ ക്ഷത്രിയാ ക്ഷത്രിയാണ്യപി
ഉപാധ്യായാപ്യുപാധ്യായീ സ്യാദാചാര്യ്യാപി ച സ്വതഃ 14
ആചാര്യ്യാനീ തു പുംയോഗേ സ്യാദാര്യ്യീ ക്ഷത്രിയീ തഥാ
ഉപാധ്യായാന്യുപാധ്യായീ പോടാ സ്ത്രീപുംസലക്ഷണാ 15

ആര്യ്യാണീ ആര്യ്യാ (ദ്വ-ം (സ്ത്രീ) വൈശ്യജാതിയിൽ ജനിച്ച സ്ത്രീയുടെ പേർ. ക്ഷത്രിയാ ക്ഷത്രിയാണീ (ദ്വ-ം സ്ത്രീ) ക്ഷത്രിയജാതിയിൽ ജനിച്ച സ്ത്രീയുടെ പേർ. ഉപാധ്യായാ ഉപാധ്യായീ (ദ്വ-ം സ്ത്രീ) വിദ്യ പഠിപ്പിക്കുന്ന സ്ത്രീയുടെ പേർ. ആചാര്യ്യാ (സ്ത്രീ) മന്ത്രവ്യാഖ്യാനത്തെ ചെയ്യുന്നവളുടെ പേർ. ആചാര്യ്യാനീ (സ്ത്രീ) ആചാര്യഭാര്യയുടെ പേർ. ആര്യ്യീ (സ്ത്രീ) വൈശ്യഭാര്യയുടെ പേർ. ക്ഷത്രിയീ (സ്ത്രീ) ക്ഷത്രിയഭാര്യയുടെ പേർ. ഉപാധ്യായാനീ ഉപാധ്യായീ (ദ്വ-ം സ്ത്രീ) ഉപാധ്യായഭാര്യയുടെ പേർ. പോടാ (സ്ത്രീ)

സ്ത്രീയുടെയും പുരുഷന്റേയും ചിഹ്നങ്ങളോടുകൂടിയവളുടെ പേർ. മുഖരോ മാടിപുരുഷചിഹ്നങ്ങളോടുകൂടിയവളെന്നു സാരം.

വീരപത്നീ വീരഭാര്യാ വീരമാതാ തു വീരസൂഃ
ജ്ഞാതാപത്യാ പ്രജാതാ ച പ്രസൂതാ ച പ്രസൂതികാ 16

വീരപത്നീ വീരഭാര്യാ (പു.ം സ്ത്രീ) വിക്രമിയായവന്റെ ഭാര്യയുടെ പേർ. വീരമാതാ വീരസൂഃ (പു.ം സ്ത്രീ) വിക്രമിയായവന്റെ അമ്മയുടെ പേർ. ജ്ഞാതാപത്യാ പ്രജാതാ പ്രസൂതാ പ്രസൂതികാ (ര.ം സ്ത്രീ) പ്രസവിച്ചവളുടെ പേർ.

സ്ത്രീ നഗ്നികാ കോട്ടവീ സ്യാദ്ധൃതീസഞ്ചാരികേ സമേ
കാത്യായനൃദ്ധവൃദ്ധാ യാ കഷായവസനാ ധവാ 17

നഗ്നികാ കോട്ടവീ (പു.ം സ്ത്രീ) ഉടുക്കാത്തവളുടെ പേർ. ധൃതീ സഞ്ചാരികാ (പു.ം സ്ത്രീ) ധൃതിയുടെ പേർ. കാത്യായനീ (സ്ത്രീ) പകുതി വൃദ്ധയായും കഷായവസ്ത്രത്തെ ധരിച്ചവളായുമിരിക്കുന്ന വിധവയുടെ പേർ.

സൈരന്ധ്രീ പരവേശ്മസ്ഥാ സ്വവശാ ശില്പകാരികാ
അസിക്നീ സ്യാദവൃദ്ധാ യാ പ്രേഷ്യാന്തഃപുരചാരിണീ 18

സൈരന്ധ്രീ (സ്ത്രീ) പരഗൃഹത്തിൽ സ്വാതന്ത്ര്യേണ വസിക്കുന്നവളായും കഠിയിടീയ്ക്കൽ മുതലായ പ്രവൃത്തികളോടുകൂടിയവളായുമിരിക്കുന്നവളുടെ പേർ. അസിക്നീ (സ്ത്രീ) വാർദ്ധക്യത്തെ പ്രാപിച്ചവളല്ലാതേയും രാജസ്ത്രീകളുടെ ദാസ്യത്തെ സ്വീകരിച്ചും അവരുടെ ഗൃഹത്തിങ്കൽ പാർത്തും വരുന്ന സ്ത്രീയുടെ പേർ.

വാരസ്ത്രീ ഗണികാ വേശ്യാ ത്രുപാജീവാഥ സാ ജനൈഃ
സൽകൃതാ വാരമുഖ്യാ സ്യാൽ കുട്ടനീ ശംഭളീ സമേ 19

വാരസ്ത്രീ ഗണികാ വേശ്യാ ത്രുപാജീവാ (ര.ം സ്ത്രീ) വേശ്യയുടെ പേർ. വാരമുഖ്യാ (സ്ത്രീ) ജനങ്ങളാൽ സല്കരിക്കപ്പെട്ട വേശ്യയുടെ പേർ. കുട്ടനീ ശംഭളീ (പു.ം സ്ത്രീ) അന്യഗൃഹത്തിങ്കൽ പണിചെയ്തു പാർക്കുന്ന വേശ്യയുടെ പേർ.

വിപ്രശ്നികാ തു ചീക്ഷണികാ ദൈവജ്ഞാഥ രജസ്വലാ
സ്ത്രീധർമ്മിണ്യുവിരാത്രേയീ മലിനീ പുഷ്പവത്യുപി 20
ഋതുമത്യപ്യുദക്യാപി സ്യാദ്രജഃ പുഷ്പമാർത്തവം
ശ്രുദ്ധാലുർദ്ധോഽദ്ധവതീ നിഷ്ണാ വിശതാർത്തവാ 21

വിപ്രശ്നികാ ഈക്ഷണികാ ദൈവജ്ഞാ (ന.-ം സ്ത്രീ) ലക്ഷണം പഠയുന്നവളുടെ പേർ. രജസ്വലാ സ്ത്രീധർമ്മിണീ അവിഃ ആത്രേയീ മലിനീ പുഷ്പവതീ ജ്ഞതുമതീ ഉദക്യാ (വ.-ം സ്ത്രീ) രജസ്വലയുടെ പേർ. രജഃ പുഷ്പം ആർത്തവം (ന.-ം ക്ലീ) രജസ്സിന്റെ പേർ. ശ്രദ്ധാലുഃ ദോഹദവതീ (വ.-ം സ്ത്രീ) ഗർഭംനിമിത്തമായി അതാതു വസ്തുക്കളിൽ അഭിലാഷത്തോടുകൂടിയവൾ. നിഷ്ഠുരാ വിഗതാർത്തവാ (വ.-ം സ്ത്രീ) തിണ്ടാരി മാറിയവളുടെ പേർ.

ആപന്നസത്ത്വാ സ്യാൽ പ്രസ്വിന്യന്തപ്രസ്വരീ ച ഗർഭിണീ
ഗണികാദേസ്തു ഗാണിക്യം ഗാർഭിണം യൌവതം ഗണേ 22

ആപന്നസത്ത്വാ പ്രസ്വിനീ അന്തപ്രസ്വരീ ഗർഭിണി (വ.-ം സ്ത്രീ) ഗർഭമുള്ളവളുടെ പേർ. ഗാണിക്യം (ക്ലീ) ഗണികാസമൂഹത്തിന്റെ പേർ. ഗാർഭിണം (ക്ലീ) ഗർഭിണീസമൂഹത്തിന്റെ പേർ. യൌവതം (ക്ലീ) യുവതിസമൂഹത്തിന്റെ പേർ.

പുനർഭൂർദ്ദിധിഷൂ പുനർഭൂർദ്ദിധിഷുഃ പതിഃ
സ തു ദ്വിജോഽഗ്രദിധിഷുസ്സ്യാ ദിധിഷുഃ പതിഃ
സ തു ദ്വിജോഽഗ്രദിധിഷുസ്സ്യൈവ യസ്യ കുടുംബിനീ 23

പുനർഭൂഃ ദിധിഷൂഃ (വ.-ം സ്ത്രീ) രണ്ടുപ്രാവശ്യം വേൾക്കപ്പെട്ടവളുടെ പേർ. ദിധിഷുഃ (നാ) രണ്ടുപ്രാവശ്യം വേൾക്കപ്പെട്ടവളുടെ ഭർത്താവിന്റെ പേർ. അഗ്രദിധിഷുഃ (നാ) രണ്ടുപ്രാവശ്യം വേൾക്കപ്പെട്ടവളെ ഭാര്യയാക്കിയെച്ച ബ്രാഹ്മണന്റെ പേർ.

കാനീനഃ കന്യകാജാതസ്സൌതോഥ സുഭഗാസുതഃ
സൌഭാഗിനേയസ്സ്യാൽ പാരസ്ത്രൈണേയസ്തു പാരസ്ത്രീയഃ

കാനീനഃ (നാ) കന്യാപുത്രന്റെ പേർ. സൌഭാഗിനേയഃ (നാ) സുഭഗാപുത്രന്റെ പേർ. പാരസ്ത്രൈണേയഃ (നാ) പരസ്ത്രീയിൽ ജനിച്ച പുത്രന്റെ പേര.

പൈതൃഷ്വസേയസ്സ്യാൽ പൈതൃഷ്വസ്രീയശ്ച പിതൃഷ്വസുഃ
സുതോ മാതൃഷ്വസുശ്ചൈവം പൈമാത്രേയോ വിമാതൃജഃ 25

പൈതൃഷ്വസേയഃ പൈതൃഷ്വസ്രീയഃ (വ.-ം നാ) അച്ഛൻപെങ്ങളുടെ മകന്റെ പേർ. സുതോ മാതൃഷ്വസുശ്ചൈവമെന്നതിനു മാതൃസഹോദരീപുത്രനുമിപ്രകാരമെന്നർത്ഥമാകയാൽ അവന്റെ പേർ മാതൃഷ്വസേയഃ എന്നും മാതൃഷ്വസ്രീയഃ എന്നുമാകുന്നു എന്നു ധരിച്ചുകൊൾക. പൈമാത്രേയഃ വിമാതൃജഃ (വ.-ം നാ) സപത്നീപുത്രന്റെ പേർ.

അഥ ബാന്ധകിനേയഃ സ്യാൽ ബന്ധുലശ്ചാസതീസുതഃ
കൌലടേരഃ കൌലടേയോ ഭിക്ഷുകീ തു സതീ യദി. 26

തദാ കൌലടിനേയസ്ത്യാൽ കൌലടേയോഽപി വാത്മജഃ
ആത്മജസ്തനയഃ സൂനുസ്സുതഃ പുത്രസ്സ്വിയാം തപമീ 27
ആഹുർദ്ദുഹിതരം സവ്വേപത്യം തോകം തയോസ്സമേ
സപുത്രാഃത തൈപുരസൌരസ്യൌ താതസ്തു ജനകഃ പിതാ. 28

ഭാന്ധകിനേയഃ ഭന്ധുലഃ അസതിസുതഃ കൌലടേരഃ കൌലടേയഃ (ത്രി-ം നാ) കുലടാപുത്രന്റെ പേർ. കൌലടിനേയഃ കൌലടേയഃ (പു-ം നാ) ഭിക്ഷയ്ക്കായിക്കൊണ്ടു കുലങ്ങളെ അടനംചെയ്യുന്ന സതിയുടെ പുത്രന്റെ പേർ. ജാരസംഗമത്തിനായിക്കൊണ്ടു നടക്കുന്ന കുലടയുടെ പുത്രനു കൌലടേരഃ എന്നും ഭിക്ഷയ്ക്കായിക്കൊണ്ടു കുലങ്ങളെ അടനംചെയ്കനിമിത്തമായിട്ടു കുലടാശബ്ദവാച്യയായ സതിയുടെ പുത്രനു കൌലടിനേയഃ എന്നും പേരുണ്ടു്. ഇവരുടെ പുത്രന്മാക്കും കൌലടേയഃ എന്ന പേർ തുല്യമാകുന്നു എന്നു ധരിച്ചുകൊൾക. ആത്മജഃ തനയഃ സൂനുഃ സുതഃ പുത്രഃ (ത്രി-ം നാ) പുത്രന്റെ പേർ. 'സ്ത്രിയാം തപമീ ആഹുർദ്ദുഹിതരം സവ്വേ' എന്നതിനു് ആത്മജാദിശബ്ദങ്ങൾ സ്ത്രീലിംഗങ്ങളായാൽ പുത്രിയെ പറയുന്നു എന്നർത്ഥമാകയാൽ ആത്മജാ തനയാ സൂനുഃ സുതാ പുത്രീ ഇവ അഞ്ചും പുത്രിയുടെ പേർ എന്നു ഗ്രഹിച്ചുകൊൾക. ദുഹിതാ (ജു-സ്ത്രീ) ഇതും പുത്രിയുടെ പേരാകുന്നു. അപത്യം തോകം (പു-ം ക്ലീ) പുത്രനേയും പുത്രിയുടേയും പേർ. ഔരസഃ ഔരസ്യഃ (പു-ം നാ) തങ്കൽനിന്നു ജനിച്ച പുത്രന്റെ പേർ. താതഃ ജനകഃ പിതാ (സ-ം നാ) അച്ഛന്റെ പേർ.

ജനയിത്രീ പ്രസൂർമ്മാതാ ജനനീ ഭഗിനീ സ്വസാ
നനാന്ദാ തു സ്വസാ പത്യുർന്നപ്ത്രീ പൌത്രീ സുതാത്മജാ

ജനയിത്രീ പ്രസൂഃ മാതാ ജനനീ (ര-ം സ്ത്രീ) അമ്മയുടെ പേർ. ഭഗിനീ സ്വസാ (പു-ം സ്ത്രീ) സഹോദരിയുടെ പേർ. നനാന്ദാ (ജു-സ്ത്രീ) ഭർത്താവിന്റെ സഹോദരിയുടെ പേർ. നപ്ത്രീ പൌത്രീ സുതാത്മജാ (സ-ം സ്ത്രീ) മകന്റെ മകളുടെ പേർ. മകളുടെ മകൾക്കുമാം.

ഭാര്യാസ്തു ഭ്രാതൃപത്ന്യസ്യ യാതരഃ സ്യുഃ പരസ്പരം
പ്രജാവതീ ഭ്രാതൃജായാ മാതുലാനീ തു മാതുലീ. 30

യാതരഃ (ജു-സ്ത്രീ) സഹോദരന്മാരുടെ ഭാര്യമാർക്കു്, അന്യോന്യം പറയുവാൻ യോഗ്യമായ പേർ. പ്രജാവതീ ഭ്രാതൃജായാ (പു-ം സ്ത്രീ) സഹോദരഭാര്യയുടെ പേർ. മാതുലാനീ മാതുലീ (പു-ം സ്ത്രീ) അമ്മാമന്റെ ഭാര്യയുടെ പേർ.

പതിപത്ന്യോഃ പ്രസൂഃ ശപ്രശ്രൂഃ ശപ്രശുരസ്യ പിതാ തയോഃ
പിതൃർഭ്രാതാ പിതൃവ്യഃ സ്യാന്മാതുർഭ്രാതാ തു മാതുലഃ 31

ശ്വശ്രൂഃ (സ്ത്രീ) ഭർത്താവിന്റെയും ഭാര്യയുടേയും അമ്മയുടെ പേർ. ശ്വശുരഃ (നാ) ഭർത്താവിന്റെയും ഭാര്യയുടേയും അച്ഛന്റെ പേർ. പിതൃവ്യഃ (നാ) അച്ഛന്റെ ജ്യേഷ്ഠാനുജന്മാരുടെ പേർ. മാതുലഃ (നാ) അമ്മയുടെ ജ്യേഷ്ഠാനുജന്മാരുടെ പേർ.

സ്യാലാഃ സ്യുർഭ്രാതരഃ പത്ന്യാസ്സ്വാമിനോ ദേവൃദേവരൌ
സപത്നീയോ ഭാഗിനേയസ്ത്വാജ്ജാമാതാ ദുഹിതുഃ പതിഃ 32

സ്യാലാഃ (നാ) ഭാര്യാസഹോദരന്മാരുടെ പേർ. ദേവാ (ബ്ര-നാ) ദേവരഃ (ഏ-ം നാ) ഭർത്താവിന്റെ അനുജന്റെ പേർ. 'സ്വാമിനഃ പത്യുർഭ്രാതരി കനിഷ്ഠേ ദേവാദേവരഃ' എന്ന മഹേശ്വരടീകയിൽ പറഞ്ഞിട്ടുണ്ട്. സപത്നീയഃ ഭാഗിനേയഃ (ഏ-ം നാ) മരുമകന്റെ പേർ. ജാമാതാ (നാ) മകളുടെ ഭർത്താവിന്റെ പേർ.

പിതാമഹഃ പിതുപിതാ തൽപിതാ പ്രപിതാമഹഃ
മാതുർമ്മാതാമഹാദ്യേവം സപിണ്ഡസ്തു സനാഭയഃ 33

പിതാമഹഃ (നാ) മുത്തച്ഛന്റെ പേർ. പ്രപിതാമഹഃ (നാ) മുത്തച്ഛന്റെ അച്ഛന്റെ പേർ. മാതുർമ്മാതാമഹാദ്യേവമെന്നതിനു മേല്പറഞ്ഞപ്രകാരം അമ്മയുടെ അച്ഛൻ മുതലായവർക്കു മാതാമഹഃ എന്നും പ്രമാതാമഹഃ എന്നും പേർ എന്നർത്ഥമാകുന്നു. സപിണ്ഡാഃ സനാഭയഃ (ഏ-ം നാ) മേലും കീഴുമേഴാം പുരുഷാന്തരത്തോളമുള്ളവരുടെ പേർ.

സമാനോദര്യ്യസോദര്യ്യസഗർഭ്യസഹജാസ്സമാഃ
സഗോത്രബാന്ധവജ്ഞാതിബന്ധുസ്വസ്രീയസനാഃ 34

സമാനോദര്യ്യഃ സോദര്യ്യഃ സഗർഭ്യഃ സഹജഃ (ര-ം നാ) സഹോദരന്റെ പേർ. സഗോത്രഃ ബാന്ധവഃ ജ്ഞാതിഃ ബന്ധുഃ സ്വഃ സ്വജനഃ (ന-ം നാ) തുല്യഗോത്രക്കാരുടെ പേർ.

ജ്ഞാതേയം ബന്ധുതാ തേഷാം ക്രമാത്തദ്ഭാവസമൂഹയോഃ
ധവഃ പ്രിയഃ പതിർഭർത്താ ജാരസ്തൂപപതിസ്സമൌ 35

ജ്ഞാതേയം (ക്ലീ) ബന്ധുതാത്തിന്റെ പേർ. ബന്ധുതാ (സ്ത്രീ) ബന്ധുസമൂഹത്തിന്റെ പേർ. ധവഃ പ്രിയഃ പതിഃ ഭർത്താ (ര-ം നാ) ഭർത്താവിന്റെ പേർ. ജാരഃ ഉപപതിഃ (ഏ-ം നാ) ജാരന്റെ പേർ.

അമൂതേ ജാരജഃ കുണ്ഡോ മൃതേ ഭർത്തരി ഗോളകഃ
ഭ്രാതൃജോ ഭ്രാതൃജാ ഭ്രാതൃഭഗിന്യൌ ഭ്രാതരാവുഭൌ. 36

കുണ്ഡഃ (നാ) ഭർത്താവു ജീവിച്ചിരിക്കുമ്പോൾ ജാരനുണ്ടായ പുത്രന്റെ പേർ. ഗോളകഃ (നാ) ഭർത്താവു മരിച്ചതിന്റെ ശേഷം ജാരനുണ്ടായ

പുത്രന്റെ പേർ. ഭ്രാത്രീയഃ ഭാതൃജഃ (പു-ം നാ) ഭ്രാതൃപുത്രന്റെ പേർ. ഭ്രാതരൌ (നാ) ഭ്രാതാവിന്നും ഭഗിനിക്കും കൂടിയുള്ള പേർ.

മാതാപിതരൌ പിതരൌ മാതരപിതരൌ പ്രസൂജനയിതാരൌ
ശ്വശ്രൂശ്വശ്രൂരൌ ശ്വശ്രൂരൌ പുത്രൌ പുത്രശ്ച ദുഹിതാ ച

മാതാപിതരൌ പിതരൌ മാതരപിതരൌ പ്രസൂജനയിതാരൌ (ദ്വ-ം നാ) അമ്മയ്ക്കും അച്ഛനും കൂടിയുള്ള പേർ. പ്രസൂജനയിതാരൌ എന്നതിന്റെ സ്ഥാനത്തിങ്കൽ താതജനയിത്രൌ എന്ന ശബ്ദത്തെ ചശബ്ദപൂർവ്വമാക്കി ചിലർ പഠിക്കുന്നു. ശ്വശ്രൂശ്വശ്രൂരൌ ശ്വശ്രൂരൌ (പു-ം നാ) ഭാര്യാഭർത്താക്കന്മാരുടെ അമ്മയ്ക്കും അച്ഛനും കൂടിയുള്ള പേർ. പുത്രൌ (നാ) പുത്രിക്കും പുത്രനും കൂടിയുള്ള പേർ.

ദമ്പതീ ജമ്പതീ ഭാര്യാപതീ ജായാപതീ ച തൌ
ഗർഭാശയോ ജരായുസ്സ്യാദുൽബ്ബം ച കലലോസ്ത്രിയാം. 38

ദമ്പതീ ജമ്പതീ ഭാര്യാപതീ ജായാപതീ (ദ്വ-ം നാ) ഭാര്യാഭർത്താക്കന്മാക്കിരുവക്കുംകൂടിയുള്ള പേർ. ഗർഭാശയഃ ജരായുഃ (പു-ം നാ) ഉൽബ്ബം (ക്ലീ) ന-ം യാതൊരു ചർമ്മത്താൽ വേഷ്ടിതമായിട്ടു ഗർഭം കുക്ഷിയിലിരിക്കുന്നുവോ, ആ ചർമ്മത്തിന്റെ പേർ. കലലഃ (നാ) നപുംസകമായിട്ടുമാം. ശുക്ലശോണിതസംബന്ധത്തിന്റെ പേർ.

സൂതിമാസോ വൈജനനോ ഗർഭോ ഭ്രൂണ ഇമൌ സമൌ
തൃതീയാ പ്രകൃതിഃ ഷണ്ഡഃ ക്ലീബഃ പണ്ഡോ നപുംസകം.

സൂതിമാസഃ വൈജനനഃ (പു-ം നാ) പ്രസവമാസത്തിന്റെ പേർ. ഗർഭഃ ഭ്രൂണഃ (പു-ം നാ) കുക്ഷിയിൽ വസിക്കുന്ന ശിശുവിന്റെ പേർ. തൃതീയാ പ്രകൃതിഃ ഷണ്ഡഃ ക്ലീബഃ പണ്ഡഃ (ദ്വ-ം നാ) നപുംസകം (ക്ലീ) ത്രി-ം നപുംസകത്തിന്റെ പേർ.

ശിശുതാ ശൈശവം ബാല്യം താരുണ്യം യൌവനം സമേ
സ്യാൽ സ്ഥാവിരം തു വൃദ്ധത്വം വൃദ്ധസംജ്ഞോ വാർദ്ധകം.

ശിശുതാ ശൈശവം ബാല്യം (ന-ം ക്ലീ) ബാലത്വത്തിന്റെ പേർ. താരുണ്യം യൌവനം (പു-ം ക്ലീ) യൌവനത്തിന്റെ പേർ. സ്ഥാവിരം വൃദ്ധത്വം (പു-ം ക്ലീ) വാർദ്ധക്യത്തിന്റെ പേർ. വാർദ്ധകം (ക്ലീ) വൃദ്ധസമൂഹത്തിന്റേയും വാർദ്ധക്യത്തിന്റേയും പേർ.

പലിതം ജരസാ ശൌക്ല്യം കേശാദൌ വിസ്രസാ ജരാ
സ്യാദുത്താനശയാ ഡിംഭാ സ്തനയാ ച സ്തനന്ധയീ 41

പലിതം (ക്ലീ) നരയുടെ പേർ. വിസ്രസാ ജരാ (ന-ം സ്ത്രീ) ജരയുടെ പേർ. ഉത്താനശയാ ഡിംഭാ സ്തനപാ സ്തനന്ധയീ (ന-ം സ്ത്രീ) മലർന്കിടക്കുന്ന കിടാവിൻെറ പേർ. പുരുഷനാകുന്നുവെങ്കിൽ ഉത്താനശയഃ ഡിംഭഃ സ്തനപഃ സ്തനന്ധയഃ എന്നിപ്രകാരം പുല്ലിംഗമായി പ്രയോഗിച്ചുകൊൾക.

ബാലസ്തു സ്യാന്മാണവകോ വയസ്ഥസ്തരുണോ യുവാ
പ്രവയാഃ സ്ഥവിരോ വൃദ്ധോ ജീനോ ജീർണ്ണോ ജരന്നപി 42

വഷ്ഠീയാൻ ദശമീ ജ്യായാൻ പൂർവ്വജസ്ത്വഗ്രജോഗ്രിയഃ
ജഘന്യജേ സ്യുഃ കനിഷ്ഠയവീയാവരജാനുജാഃ 43

ബാലഃ മാണവകഃ (പ-ം നാ) ബാലൻെറ പേർ. വയസ്ഥഃ തരുണഃ യുവാ (ന-ം നാ) യൌവനത്തോടുകൂടിയവൻെറ പേർ. പ്രവയാഃ സ്ഥവിരഃ വൃദ്ധഃ ജീനഃ ജീർണ്ണഃ ജരൻ (ന്യ-ം നാ) വൃദ്ധൻെറ പേർ. വഷ്ഠീയാൻ ദശമീ ജ്യായാൻ (ന-ം നാ) അതിവൃദ്ധൻെറ പേർ. പൂർവ്വജഃ അഗ്രജഃ അഗ്രിയഃ (ന-ം നാ) ജ്യേഷ്ഠൻെറ പേർ. ജഘന്യജഃ കനിഷ്ഠഃ യവീയാൻ അവരജഃ അനുജഃ (ഭ-ം നാ) അനുജൻെറ പേർ.

അമാംസോ ദുർബ്ബലശ്ശാതോ ബലവാന്മാംസലോംസളഃ
തുന്ദിലസ്തുന്ദിഭസ്തുന്ദീ ബൃഹൽകുക്ഷിഃ പിചണ്ഡിലഃ 44

അമാംസഃ ദുർബ്ബലഃ ശാതഃ (ന-ം നാ) ദുർബ്ബലൻെറ പേർ. ബലവാൻ മാംസളഃ അംസളഃ (ന-ം നാ) ബലമുള്ളവൻെറ പേർ. തുന്ദിലഃ തുന്ദിഭഃ തുന്ദീ ബൃഹൽകുക്ഷിഃ പിചണ്ഡിലഃ (ഭ-ം നാ) കൂടവയറുള്ളവൻെറ പേർ.

അവടീടോവനാടശ്ചാവഭ്രടോ നതനാസികേ
കേശവഃ കേശികഃ കേശീ വലിനോ വലിഭസ്സമൌ 45

അവടീടഃ അവനാടഃ അവഭ്രടഃ നതനാസികഃ (ശ-ം നാ) പതിമൂക്കൻെറ പേർ. കേശവഃ കേശികഃ കേശീ (ന-ം നാ) തലമുടിയുള്ളവൻെറ പേർ. വലിനഃ വലിഭഃ (പ-ം നാ) വലിയുള്ളവൻെറ പേർ. വലിഃതുക് സങ്കോചം (തൊലിയുടെ ചുളിച്ചിൽ).

വികലാംഗസ്തു പോഗണ്ഡഃ ഖർവ്വോ ഹ്രസ്വശ്ച വാമനഃ
ഖരണാസ്സ്യാൽ ഖരണസോ വിഗ്രോ വിഗതനാസികഃ 46

വികലാംഗഃ പോഗണ്ഡഃ (പ-ം നാ) ജനിക്കുമ്പോൾത്തന്നെ അംഗവൈകല്യമുള്ളവൻെറ പേർ. ഖർവ്വഃ ഹ്രസ്വഃ വാമനഃ (ന-ം നാ) മുണ്ടൻെറ പേർ. ഖരണാഃ ഖരണസഃ (പ-ം നാ) കൂത്ത മൂക്കുള്ളവൻെറ പേർ. വിഗ്രഃ വിഗതനാസികഃ (പ-ം നാ) മൂക്കില്ലാത്തവൻെറ പേർ.

ഖുരണാസ്സ്യാൽ ഖുരണസഃ പ്രജ്ഞഃ പ്രഗതജാനുകഃ
ഊദ്ധ്വജ്ഞുരുദ്ധ്വജാനുസ്സ്യാൽ സംജ്ഞുസ്സംഗതജാനുകഃ 47

ഖുരണഃ ഖുരണസഃ (പു-ം നാ) കൂളമ്പുമൂക്കന്റെ പേർ. പ്രാജ്ഞുഃ പ്രഗതജാനുകഃ (പു-ം നാ) തമ്മിൽ വളരെ അകൽച്ചയോടുകൂടിയ മുട്ടോടുകൂടിയവന്റെ പേർ. ഊദ്ധ്വജ്ഞുഃ ഊദ്ധ്വജാനുഃ (പു-ം നാ) മുട്ടിനു താഴെ നീളമേറിയവന്റെ പേർ. സംജ്ഞുഃ സംഗതജാനുകഃ (പു-ം നാ) മുട്ടിക്കാലന്റെ പേർ.

സ്യാദേഡേ ബധിരഃ കുബ്ജേ ഗഡുലഃ കുകരേ കുണിഃ
കളംബകസ്ത്വവാക്കണ്ണഃ ഖലതിസ്ത്വല്പരോമകഃ 48

ഏഡഃ ബധിരഃ (പു-ം നാ) ചെവി കേൾക്കാത്തവന്റെ പേർ. കുബ്ജഃ ഗഡുലഃ (പു-ം നാ) കൂനന്റെ പേർ. കുകരഃ കുണി (പു-ം നാ) കയ്യാകാത്തവന്റെ പേർ. കളംബകഃ അവാക്കണ്ണഃ (പു-ം നാ) പഠകയും കേൾക്കയും വഹിയാത്തവന്റെ പേർ. ഖലതിഃ അല്പരോമകഃ (പു-ം നാ) കഷണ്ടിത്തലയന്റെ പേർ.

പൃശ്നിരല്പതനുഃ ശ്രോണഃ പംഗൗ മുണ്ഡസ്തു മുണ്ഡിതേ
വലിരഃ കേകരേ ഖോഡേ ഖഞ്ജസ്ത്വിഷു ജരാവരാഃ 49

പൃശ്നിഃ അല്പതനുഃ (പു-ം നാ) ചെറിയ ശരീരത്തോടുകൂടിയവന്റെ പേർ. ശ്രോണഃ പംഗുഃ (പു-ം നാ) ഇരുകാൽമുടവന്റെ പേർ. മുണ്ഡഃ മുണ്ഡിതഃ (പു-ം നാ) തല ചിരച്ചവന്റെ പേർ. വലിരഃ കേകരഃ (പു-ം നാ) കോങ്കണ്ണന്റെ പേർ. ഖോഡഃ ഖഞ്ജഃ (പു-ം നാ) ഒരു കാൽ മുടവന്റെ പേർ. ത്രിഷു ജരാവരാഃ എന്നതിനു കേശാദൌ വിസ്രസാജരാ എന്നതിന്റെ ശേഷം ഖഞ്ജഃ എന്നതുവരെയുള്ള ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എന്ന അർത്ഥത്തെ ഗ്രഹിച്ചുകൊൾക.

ഗഡുലഃ കാളകഃ പിപ്പ്ലസ്തിലകസ്തിലകാളകഃ
അനാമയം സ്യാദാരോഗ്യം ചികിത്സാ രുഗ്പ്രതിക്രിയാ 50

ഗഡുലഃ കാളകഃ പിപ്പ്ലഃ (പു-ം നാ) ശരീരത്തിങ്കൽ കറുത്ത പുള്ളിയുടെ പേർ. തിലകഃ തിലകാളകഃ (പു-ം നാ) കാക്കപ്പുള്ളിയുടെ പേർ. അനാമയം ആരോഗ്യം (പു-ം ക്ലീ) വ്യാധിയില്ലായ്മയുടെ പേർ. ചികിത്സാ രുഗ്പ്രതിക്രിയാ (പു-ം സ്ത്രീ) ചികിത്സയുടെ പേർ.

ഭേഷജൌഷധഭൈഷജ്യാന്യഗദോ ജായുരിത്യപി
സ്ത്രീ രുഗ്രുജാ ചോപതാപരോഗവ്യാധിഗദാമയാഃ 51

ഭേഷജം ഔഷധം ഭൈഷജ്യം (നാ-ം ക്ലീ) അഗദഃ ജായുഃ (പു-ം

നാ) ൪-ം മരുന്നിന്റെ പേർ. രുക് രുജാ (൨-ം സ്ത്രീ) ഉപതാപഃ രോഗഃ വ്യാധിഃ ഗദഃ ആമയഃ (൪-ം നാ) ൭-ം വ്യാധിയുടെ പേർ.

ക്ഷയശ്ശോഷശ്ച യക്ഷ്മാ ച പ്രതിശ്യായസ്തു പീനസഃ
സ്ത്രീ ക്ഷുൽ ക്ഷുതം ക്ഷവഃ പുംസി കാസസ്തു ക്ഷവഥുഃ പുമാൻ

ക്ഷയഃ ശോഷഃ യക്ഷ്മാ (൩-ം നാ) ക്ഷയരോഗത്തിന്റെ പേർ. പ്രതിശ്യായഃ പീനസഃ (൨-ം നാ) പീനസത്തിന്റെ പേർ. ക്ഷുൽ (സ്ത്രീ) ക്ഷുതം (ക്ലീ) ക്ഷവഃ (നാ) ൩-ം തുമ്മലിന്റെ പേർ. കാസഃ ക്ഷവഥുഃ (൨-ം നാ) ചുമയുടെ പേർ.

ശോഫസ്തു ശ്വയഥുശ്ശോഥഃ പാദസ്ഫോടോ വിപാദികാ
കിലാസസിദ്മേ കുഷ്ഠം ത്വാന്തു പാമപാമേ വിചർച്ചികാ 53

ശോഫഃ ശ്വയഥുഃ ശോഥഃ (൩-ം നാ) നീരിന്റെ പേർ. പാദ സ്ഫോടഃ (നാ) വിപാദികാ (സ്ത്രീ) ൨-ം കാലുവിള്ളുന്നതിന്റെ പേർ. കിലാ സം സിദ്മം (ക്ലീ) സിദ്മ എന്ന നകാരാന്തമായിട്ടുമാം. ഇവ ൨-ം ചുണങ്ങി ന്റെ പേർ. കുഷ്ഠം (സ്ത്രീ) പാമ (ന-സ്ത്രീ) പാമാ വിചർച്ചികാ (൨-ം അ. സ്ത്രീ) ൪-ം ചിരങ്ങിന്റെ പേർ.

കണ്ഡൂ ഖർജ്ജൂശ്ച കണ്ഡൂയാ വിസ്ഫോടഃ പിടകാ സ്ത്രിയാം
വ്രണോസ്ത്രിയാമീർമ്മരുഃ ക്ലീബേ നാഡീവ്രണഃ പുമാൻ 54

കണ്ഡൂഃ ഖർജ്ജൂഃ കണ്ഡൂയാ (൩-ം സ്ത്രീ) ചൊറിയുടെ പേർ. വിസ്ഫോ ടഃ (നാ) പിടകാ (സ്ത്രീ) ൨-ം കുരുവിന്റെ പേർ. വ്രണഃ (നാ) വ്രണമെന്ന നപുംസകമായിട്ടുമാം. ഈർമ്മം അരുഃ (൨-ം ക്ലീ) ൩-ം വ്രണത്തിന്റെ പേർ. നാഡീവ്രണഃ (നാ) നാഡീവ്രണത്തിന്റെ പേർ.

കൊഠോ മണ്ഡലകം കുഷ്ഠശ്ചിത്രേ ദ്വന്ദ്വാമകാശ്മസീ
ആനാഹസ്തു വിബന്ധഃ സ്യാദ് ഗ്രഹണീരുക് പ്രവാഹികാ

കൊഠഃ (നാ) മണ്ഡലകം (ക്ലീ) ൨-ം വട്ടപ്പുണ്ണിന്റെ പേർ. കുഷ്ഠം ശ്ചിത്രം (൨-ം ക്ലീ) പാണ്ടിന്റെ പേർ. ദ്വന്ദ്വാമകം അശ്മഃ (൨-ം ക്ലീ) അശ് സ്സിന്റെ പേർ. ആനാഹഃ വിബന്ധഃ (൨-ം നാ) മലബന്ധത്തിന്റെ പേർ. ഗ്രഹണീരുക് പ്രവാഹികാ (൨-ം സ്ത്രീ) ഗ്രഹണീരോഗത്തിന്റെ പേർ.

പ്ലക്ഷ്ടികാ വമിശ്ച സ്ത്രീ പുമാംസ്തു വമഥുസ്സമാഃ
വ്യാധിഭേദോ വിദ്രധിഃ സ്ത്രീ ജ്വരമേഹഭഗന്ദരാഃ. 56

പ്ലക്ഷ്ടികാ വമിഃ (൨-ം സ്ത്രീ) വമഥുഃ (നാ) ൩-ം ഛർദ്ദിയുടെ പേർ. വ്യാധിഭേദാഃ എന്നതിനു വ്യാധിവിശേഷങ്ങൾ പറയപ്പെടുന്നു എന്നർത്ഥം. വിദ്രധിഃ (സ്ത്രീ) വിദ്രധി എന്ന പ്രസിദ്ധമായ കുരുവിന്റെ പേർ. ജ്വരഃ

(നാ) പനിയുടെ പേർ. മേഹഃ (നാ) പ്രമേഹത്തിന്റെ പേർ. ഭഗന്ദരഃ (നാ) ഭഗന്ദരമെന്ന പ്രസിദ്ധമായ കുരുവിന്റെ പേർ.

ശ്ലീപദം പാദവല്മീകം കേശഘ്നം തചിന്ദ്രലുപ്തകം
അശ്മരീ മൂത്രകൃച്ഛ്രം സ്യാൽ പൂർവ്വേ ശുക്ലാവധേസ്ത്രിഷു. 57

ശ്ലീപദം പാദവല്മീകം (ന-ം ക്ലീ) പെരുക്കാലിന്റെ പേർ. കേശഘ്നം ഇന്ദ്രലുപ്തകം (ന-ം ക്ലീ) ഇന്ദ്രലുപ്തമെന്ന വ്യാധിയുടെ പേർ. അശ്മരീ (സ്ത്രീ) മൂത്രകൃച്ഛ്രം (ക്ലീ) മൂത്രകൃച്ഛ്രമെന്ന രോഗത്തിന്റെ പേർ. പൂർവ്വേ ശുക്ലാവധേസ്ത്രിഷു എന്നതിനു് ഇവിടെനിന്നു തുടങ്ങി ശുക്ലം തേജോ രേതസീ ച എന്ന ശ്ലോകത്തിങ്കലെ ശുക്ലശബ്ദംവരെ ഇനി പഠിവാൻ പോകുന്ന ശബ്ദങ്ങൾ ഒക്കെയും ത്രിലിംഗങ്ങളാകുന്നു എന്നർത്ഥമാകുന്നു.

രോഗഹാര്യഗദംകാരോ ഭിഷഗ്വൈദ്യൌ ചികിത്സകേ
വാത്തോ നിരാമയഃ കല്യ ഉല്ലാഘോ നിർഗ്ഗതോ ഗദാൽ. 58

രോഗഹാരീ അഗദംകാരഃ ഭിഷക് വൈദ്യഃ ചികിത്സകഃ (പ-ം നാ) വൈദ്യന്റെ പേർ. വാത്തഃ നിരാമയഃ കല്യഃ ഉല്ലാഘഃ (ര-ം നാ) വ്യാധിയില്ലാത്തവന്റെ പേർ.

ഗ്ലാനഗ്ലാസ്നു ആമയാവീ വികൃതോ വ്യധിതോപടഃ
ആതുരോഭ്യമിതോഭ്യാന്തസ്സമൌ പാമനകച്ഛുരൌ. 59

ഗ്ലാനഃ ഗ്ലാസ്നുഃ ആമയാവീ വികൃതഃ വ്യാധിതഃ അപടുഃ ആതുരഃ അഭ്യമിതഃ അഭ്യാന്തഃ (ന-ം നാ) രോഗിയുടെ പേർ. പാമനഃ കച്ഛുരഃ (ഫ-ം നാ) ചിരങ്ങുള്ളവന്റെ പേർ.

ദദ്രുണോ ദദ്രുരോഗീ സ്യാദശോരോഗയുതോശ്സഃ
വാതകീ വാതരോഗീ സ്യാൽ സാതിസാരോതിസാരകീ 60

ദദ്രുണഃ ദദ്രുരോഗീ (ഫ-ം നാ) തഴതണമുള്ളവന്റെ പേർ. അശോരോഗയുതഃ അർശസഃ (ഫ-ം നാ) അർശസ്സുള്ളവന്റെ പേർ. വാതകീ വാതരോഗീ (ഫ-ം നാ) വാതരോഗമുള്ളവന്റെ പേർ. സാതിസാരഃ അതിസാരകീ (ഫ-ം നാ) അതിസാരമുള്ളവന്റെ പേർ.

സ്യുഃ ക്ലിന്നാക്ഷേ ചുല്ലചില്ലപില്ലാഃ ക്ലിന്നേക്ഷ്ണി ചാപ്യുമീ
ഉന്മത്ത ഉന്മാദവതി ശ്ലേഷ്മളഃ ശ്ലേഷ്മണഃ കഫീ 61

ക്ലിന്നാക്ഷഃ ചുല്ലഃ ചില്ലഃ പില്ലഃ (ര-ം നാ) ചീംകണ്ണന്റെ പേർ. ചുല്ലാടികം ന-ം ചീഞ്ഞ കണ്ണിന്റേയും പേരാകും. ഉന്മത്തഃ ഉന്മാദവാൻ (ഫ-ം നാ) ഭ്രാന്തന്റെ പേർ. ശ്ലേഷ്മളഃ ശ്ലേഷ്മണഃ കഫീ (ന-ം നാ) കഫരോഗിയുടെ പേർ.

ന്യബ്ജോ ഭ്രഗ്നോ രുജാ വൃദ്ധനാഭൌ തുന്ദിലതുന്ദിഭൌ
കിലാസീ സിധ്മലഃ സ്യാദ്ധ്മൃച്ഛ്രാലേ മൂത്തമൂർഛിതൌ 62

ന്യബ്ജഃ (നാ) വ്യാധിഹേതുവായിട്ട് ക്ഷീണവൻെറ പേർ. വൃദ്ധനാഭിഃ തുന്ദിലഃ തുന്ദിഭഃ (ത്രി-ം നാ) പോക്കിൾകൂമ്പുള്ളവൻെറ പേർ. കിലാസീ സിധ്മലഃ (പു-ം നാ) പുണങ്ങുള്ളവൻെറ പേർ. അന്ധഃ അട്ടകൾ (പു-ം നാ) കൂടുടൻെറ പേർ. മൂർച്ഛാലഃ മൂത്തഃ മൂർച്ഛിതഃ (ത്രി-ം നാ) ബോധംകെട്ടവൻെറ പേർ.

ശുക്ലം തേജോ രേതസി ച ബീജവീര്യേന്ദ്രിയാണി ച
മായുഃ പിത്തം കഫഃ ശ്ലേഷ്മാ സ്രായാം ത്വ ത്വഗസൃഗ്ധരാ 63

ശുക്ലം തേജഃ രേതഃ ബീജം വീര്യം ഇന്ദ്രിയം (ന്പു-ം ക്ലീ) ശുക്ലത്തിൻെറ പേർ. മായുഃ (നാ) പിത്തം (ക്ലീ) പു-ം പിത്തത്തിൻെറ പേർ. കഫഃ ശ്ലേഷ്മാ (പു-ം നാ) കഫത്തിൻെറ പേർ. ത്വക് അസൃഗ്ധരാ (പു-ം സ്ത്രീ) ത്വക്കിൻെറ പേർ.

പിശിതം തരസം മാംസം പലലം ക്രവ്യമാമിഷം
ഉത്തപ്തം ശുഷ്കമാംസം സ്യാത്തദല്പ്പരം ത്രിലിംഗകം 64

പിശിതം തരസം മാംസം പലലം ക്രവ്യം ആമിഷം (ന്പു-ം ക്ലീ) മാംസത്തിൻെറ പേർ. ഉത്തപ്തം ശുഷ്കമാംസം വല്ലൂരം (ന്പു-ം ക്ലീ) ഉണങ്ങിയ മാംസത്തിൻെറ പേർ. മേൽപ്പറഞ്ഞ ശബ്ദങ്ങളിൽ വല്ലൂരശബ്ദം ത്രിലിംഗമാകുന്നു.

രുധിരേസൃല്ലോഹിതാസ്രരക്തക്ഷതജശോണിതം
ബുക്കാഗ്രമാംസം ഹൃദയം ഹൃന്മേദസ്സു വപാ വസാ 65

രുധിരം അസൃക് ലോഹിതം അസ്രം രക്തം ക്ഷതജം ശോണിതം (ഷ-ം ക്ലീ) ചോരയുടെ പേർ. ബുക്കഃ (നാ) അഗ്രമാംസം (ക്ലീ) മുഖ്യമാംസത്തിൻെറ പേർ. ഹൃദയം ഹൃൽ (പു-ം ക്ലീ) ഹൃദയത്തിൻെറ പേർ. മേദഃ (ക്ലീ) വപാ വസാ (പു-ം സ്ത്രീ) ന-ം മേദസ്സിൻെറ പേർ.

പശ്ചാദ്ഗ്രീവാ സിരാ മന്യാ നാഡീ ത്വ ധമനിസ്സിരാ
തിലകം ക്ലോമ മസ്ഥിഷ്ഠം ഗോട്ടം കിട്ടം മലോസ്ത്രിയാം 66

മന്യാ (സ്ത്രീ) പിങ്കഴുത്തിലെ ഞരമ്പിൻെറ പേർ. നാഡീ ധമനിഃ സിരാ (ന്പു-ം സ്ത്രീ) ഞരമ്പിൻെറ പേർ. തിലകം ക്ലോമ (പു-ം ക്ലീ) പുൽഫുസമെന്ന പേരോടുകൂടിയ ഒരു മാംസപിണ്ഡത്തിൻെറ പേർ. മസ്തിഷ്കം ഗോട്ടം (പു-ം ക്ലീ) ശിരസ്സിൻെറ ഉള്ളിൽ നെയ്യുപോലെ ഉണ്ടാകുന്ന സാധനത്തിൻെറ പേർ. കിട്ടം (ക്ലീ) മലഃ (നാ) നപുംസകമായിട്ടുമാം. രണ്ടും ചെവി മുതലായ സ്ഥലങ്ങളിലുണ്ടാകുന്ന മലത്തിൻെറ പേർ.

ആന്ത്രം പുരീതൽ ഗുല്മസ്തു പ്ലീഹാ പുംസ്യഥ വസ്നസാ
സ്നായുഃ സ്ത്രിയാം കാളഖണ്ഡയകൃതീ തു സമേ ഇമേ 67

ആന്ത്രം പുരീതൽ (ന.-ം ക്ലീ) കുടലിന്റെ പേർ. ഗുൽമഃ പ്ലീഹാ (ന.-ം നാ) പ്ലീഹയുടെ പേർ. പ്ലീഹ എന്നതു് ഉദരത്തിന്റെ അകത്തു് ഇടത്തുഭാഗത്തിക്കലിരിക്കുന്നൊരു മാംസപിണ്ഡമാകുന്നു. വസ്നസഃ സ്നായുഃ (ന.-ം സ്ത്രീ) പെരുഞരമ്പിന്റെ പേർ. കാളഖണ്ഡം യകൃൽ (ന.-ം ക്ലീ) യകൃത്തിന്റെ പേർ. യകൃത്തു് എന്നതു് ഉദരത്തിന്റെ അകത്തു വലത്തുഭാഗത്തിക്കലിരിക്കുന്ന ഒരു മാംസപിണ്ഡമാകുന്നു.

സ്രുണികാ സ്യന്ദനീ ലാലാ ദൃഷികാ നേത്രയോർമ്മലം
നാസാമലം തു സിംഘാണം പിഞ്ജൂഷം കർണ്ണയോർമ്മലം 68

സ്രുണികാ സ്യന്ദനീ ലാലാ (ന.-ം സ്ത്രീ) വായനീരിന്റെ പേർ. ദൃഷികാ (സ്ത്രീ) കണ്ണിലെ പീളയുടെ പേർ. നാസാമലം സിംഘാണം (ന.-ം ക്ലീ) മൂക്കുനീരിന്റെ പേർ. പിഞ്ജൂഷം (ക്ലീ) കർണ്ണമലത്തിന്റെ പേർ.

മൂത്രം പ്രസ്രാവ ഉച്ചാരാവസ്കരൌ ശമലം ശകൃൽ
പുരീഷം ഗുഥവച്ചസ്കമസ്രീ വിഷ്ഠാവിശൌ സ്ത്രിയൌ 69

മൂത്രം (ക്ലീ) പ്രസ്രാവഃ (നാ) ന.-ം മൂത്രത്തിന്റെ പേർ. ഉച്ചാരഃ അവസ്കരഃ (ന.-ം നാ) ശമലം ശകൃൽ പുരീഷം ഗുഥം വച്ചസ്കം (ഭ.-ം ക്ലീ) ഗുഥവച്ചസ്കശബ്ദങ്ങൾ പുല്ലിംഗങ്ങളായിട്ടുമാം. വിഷ്ഠാ വിൿ (ന.-ം സ്ത്രീ) ൻ-ം മലത്തിന്റെ പേർ.

സ്യാൽ കപ്പരഃ കപാലോസ്രീ കീകസം കുല്യമസ്ഥി ച
സ്യാച്ഛരീരാസ്ഥി കംകാളഃ പൃഷ്ഠാസ്ഥനി കശേരുകാ 70

കപ്പരഃ കപാലഃ (ന.-ം നാ) കപാലശബ്ദം നപുംസകമായിട്ടുമാം. ന.-ം തലയോടിന്റെ പേർ. കീകസം കുല്യം അസ്ഥി (ന.-ം ക്ലീ) അസ്ഥിയുടെ പേർ. ശരീരാസ്ഥി (ക്ലീ) കംകാളഃ (നാ) ന.-ം ശരീരത്തിനു് ആധാരമായ അസ്ഥിപഞ്ജരത്തിന്റെ പേർ. പൃഷ്ഠാസ്ഥി (ക്ലീ) കശേരുകാ (സ്ത്രീ) ന.-ം തണ്ടെല്ലിന്റെ പേർ.

ശിരോസ്ഥനി കരോടിഃ സ്ത്രീ പാശ്ചാസ്ഥനി തു പാർശ്വുകാ
അംഗം പ്രതീകഃ കായവോപാംഗമോഥ കളേബരം 71

ഗാത്രം വപുസ്സംഹനനം ശരീരം വർഷ്മ വിഗ്രഹഃ
കായോ ദേഹഃ ക്ലീബപുംസോസ്ത്രിയാം മൂർത്തിസ്തനൂസ്തനുഃ 72

കരോടിഃ (സ്ത്രീ) തലയിലെ അസ്ഥിയുടെ പേർ. പാർശ്വുകാ (സ്ത്രീ) വാരിയെല്ലിന്റെ പേർ. അംഗം (ക്ലീ) പ്രതീകഃ അവയവഃ അപാംഗമഃ

(ന-ം നാ) ര-ം അവയവത്തിന്റെ പേർ. കളേബരം ഗാത്രം വപുഃ സംഹനനം ശരീരം വർഷ്മ (ന്യ-ം ക്ലീ) വിഗ്രഹഃ കായഃ ദേഹഃ (ന-ം നാ) ദേഹശബ്ദം നപുംസകമായിട്ടുമാം. മൂർത്തിഃ തനുഃ തനുഃ (ന-ം സ്ത്രീ) ക്ഷ-ം ശരീരത്തിന്റെ പേർ.

പാദാഗ്രം പ്രപദം പാദഃ പദംഘ്രിശ്ചരണോസ്ത്രിയാം
തദ്മൂലന്ഥീ ഘുടിഃകേ ഗുൽഫൌ പുമാൻ പാർഷ്ണി-
(സ്തയോരധഃ 73

പാദാഗ്രം പ്രപദം (ഉ-ം ക്ലീ) പുറവടിയുടെ പേർ. പാദഃ പത് അംഘ്രിഃ ചരണഃ (ര-ം നാ) ചരണശബ്ദം നപുംസകലിംഗമായിട്ടുമാം. ര-ം കാലിന്റെ പേർ. ഘുടികേ (സ്ത്രീ) ഗുൽഫൌ (നാ) രണ്ടും ഞരിയാണിയുടെ പേർ. പാർഷ്ണിഃ (നാ) മടമ്പിന്റെ പേർ.

ജംഘാ തു പ്രസൃതാ ജാനൂരുപവ്വാക്ഷീവദസ്ത്രിയാം
സക്ഥി ക്ലീബേ പുമാനൂരുസ്തൽസന്ധിഃ പുംസി വംക്ഷണഃ

ജംഘാ പ്രസൃതാ (ഉ-ം സ്ത്രീ) കണംകാലിന്റെ പേർ. ജാനു ഊരു പവ്വ് (ഉ-ം ക്ലീ) അക്ഷീവൽ (ക്ലീ) അക്ഷീവാനെന്നും പുല്ലിംഗമായിട്ടുമാം. ന-ം മുട്ടിന്റെ പേർ. സക്ഥി (ക്ലീ) ഊരുഃ (നാ) ഉ-ം തുടയുടെ പേർ. വംക്ഷണഃ (നാ) കഴലപ്പുടിന്റെ പേർ.

ഗുദം തപാനം പായുസ്ത്വാ വസ്ത്രിസ്ത്വാഭേരധോ ദ്വയോഃ
തൃഷ്ണാ (സ്ത്രീ) ആഗ്രഹത്തിന്റെയും ജലപാനേച്ഛയുടെയും പേർ. ഘൃണാ (സ്ത്രീ) ജുഹൂസ്രുയുടെയും കരുണയുടെയും പേർ. വിപണിഃ (സ്ത്രീ) അങ്ങാടിത്തെരുവിന്റെയും വില്പാനുള്ള പദാർത്ഥത്തിന്റെയും പേർ. വാരുണീ (സ്ത്രീ) മദ്യത്തിന്റെയും പടിഞ്ഞാറെ ദിക്കിന്റെയും പേർ.

കരേണുരിഭ്യാം സ്ത്രീ നേത്രേ ദ്രവിണം തു ബലം ധനം
ശരണം ഗൃഹരക്ഷിത്രോഃ ശ്രീപർണ്ണം കമലേപധീ ച 54

കരേണുഃ (സ്ത്രീ) പിടിയാനയുടെ പേർ. പുല്ലിംഗമായാൽ കൊമ്പനാനയുടെ പേർ. ദ്രവിണം (ക്ലീ) ബലത്തിന്റെയും ധനത്തിന്റെയും പേർ. ശരണം (ക്ലീ) ഗൃഹത്തിന്റെയും രക്ഷിതാവിന്റെയും പേർ. ശ്രീപർണ്ണം (ക്ലീ) താമരയുടെയും മുത്തങ്ങയുടെയും പേർ.

വിഷാഭിമർദ്ദലോഹേഷു തീക്ഷ്ണം ക്ലീബേ ഖരേ ത്രിഷു
പ്രമാണം ഹേതുമയ്യാദാശാസ്ത്രേയത്താപ്രമാതൃഷു 55

തീക്ഷ്ണം (ക്ലീ) വിഷത്തിന്റെയും യുദ്ധത്തിന്റെയും ഇരുമ്പിന്റെയും പേർ. ഖരത്തിന്റെ പേരാകിൽ ത്രിലിംഗമാകയും ചെയ്യും. പ്രമാണം (ക്ലീ) ഹേതുവിന്റെയും മര്യാദയുടെയും ശാസ്ത്രത്തിന്റെയും അളവിന്റെയും തൂക്കത്തിന്റെയും പ്രമാതാവിന്റെയും പേർ. പ്രമാതാവ്=അറിയുന്നവൻ.

കരണം സാധകതമേ ക്ഷേത്രഗാത്രേന്ദ്രിയേഷ്ടപധീ
പ്രാണ്യുൽപാദേ സംസരണമസംബാധചാരഗതൌ 56

ഖണ്ഡാപഥേഥ വാന്താന്നേ സമൃദ്ധരണമുന്നയേ
അഥ ത്രിഷു വിഷാണം സ്യാൽ പശുശൃംഗേഭദന്തയോഃ 57

കരണം (ക്ലീ) ഛേദനാദിക്രിയകളിൽ അധികമായി ഉപകാരമുള്ള ഖഡ്ഗാദികളുടെയും ധാന്യാദികൾ വിളയും ഭൂമിയുടെയും ശരീരത്തിന്റെയും ഇന്ദ്രിയങ്ങളുടെയും പേർ. അപിശബ്ദംകൊണ്ടു നാട്യഗീതവിശേഷങ്ങളെയും ക്രിയയെയും സംഗ്രഹിച്ചിരിക്കുന്നു. സംസരണം (ക്ലീ) പ്രാണികളുടെ ഉല്പത്തിയുപമായിരിക്കുന്ന സംസാരത്തിന്റെയും തിങ്ങലോടുകൂടാതെയു

ള്ള സേനാഗതിയുടെയും വീതിയുള്ള വഴിയുടെയും പേർ. സമുദ്ധരണം (ക്ലീ) ഛർദ്ദിയ്ക്കപ്പെട്ട അന്നത്തിന്റെയും ഉയർത്തുക എന്ന കർമ്മത്തിന്റെയും പേർ. അഥ ത്രിഷു എന്നതിന്നു് ഇനി ണാന്തവർഗ്ഗാവസാനംവരേയുള്ള ശബ്ദങ്ങൾക്കു മൂന്നു ലിംഗങ്ങളുമുണ്ടെന്നു സാരമാകുന്നു. വിഷാണം പശുവിന്റെ കൊമ്പിന്റെയും ആനപ്പല്ലിന്റെയും പേർ. പല്ലിംഗമായാൽ വിഷാണഃ എന്നും സ്ത്രീലിംഗമായാൽ വിഷാണീ എന്നും രൂപമാകുന്നു.

പ്രവണഃ ക്രമനിമ്നോർവ്യാ പ്രഥേ ച നാ തു ചതുഷ്പഥേ
സംകീർണ്ണോ നിചിതാശുദ്ധാവിരിണം ശൂന്യമൂഷരം 58

പ്രവണഃ ക്രമേണ താഴ്ചയോടുകൂടിയ ഭൂമിയുടെയും വണക്കമുള്ളവന്റെയും പേർ. വിശേഷ്യം പുല്ലിംഗമായാൽ പുല്ലിംഗമായും സ്ത്രീലിംഗമായാൽ സ്ത്രീലിംഗമായും നപുംസകലിംഗമായാൽ നപുംസകലിംഗമായും ഭവിക്കും. ഉദാഹരണങ്ങൾ: പ്രവണോ ദേശഃ പ്രവണാ ഭൂമിഃ പ്രവണം ക്ഷേത്രം പ്രവണഃ പുമാൻ പ്രവണാ സ്ത്രീ പ്രവണം കുലം—ഇങ്ങനെ രണ്ടർത്ഥങ്ങളിലുമെന്നു ഗ്രഹിച്ചുകൊൾക. നാലുവഴികൾ കൂടുന്നോടത്തിന്റെ പേരാകിൽ പുല്ലിംഗമായിത്തന്നെ ഇരിക്കും. സംകീർണ്ണഃ വ്യാപിച്ചതിന്റെയും ശുദ്ധിയോടുകൂടാത്ത വസ്തുവിന്റെയും പേർ. ഇരിണം നിരാശ്രയദേശത്തിന്റെയും ഉവർനിലത്തിന്റെയും പേർ.

താന്താഃ

ദേവസ്യൈവ വിവസ്വന്തൌ സരസ്വന്തൌ നദാർണ്ണവൌ
പക്ഷിതാർക്ഷ്യൌ ഗരുത്മന്തൌ ശകുന്തൌ ഭാസപക്ഷിണൌ

വിവസ്വാൻ (നാ) ദേവന്മാരുടെയും സൂര്യന്റെയും പേർ. സരസ്വാൻ (നാ) ആണാറിന്റെയും സമുദ്രത്തിന്റെയും പേർ. ഗരുത്മാൻ (നാ) പക്ഷികളുടെയും ഗരുഡന്റെയും പേർ. ശകുന്തഃ (നാ) ഭാസത്തിന്റെയും പക്ഷികളുടെയും പേർ. ഭാസത്തിനു ശോഷുകുക്കുടമെന്നർത്ഥം. കള്ളിക്കാക്ക എന്നു ഭാഷ. ഇതു തമിഴുവാക്കാകുന്നു. മാടപ്പിറാവെന്നും ചിലർ പറഞ്ഞിരിക്കുന്നു.

അസ്യൽപാതൌ ധൂമകേതു ജീമൂതൌ മേഘപർവ്വതൌ
ഫസ്തൌ തു പാണിനക്ഷത്രേ മരുതൌ പവനാമരൌ 60

ധൂമകേതുഃ (നാ) അഗ്നിയുടെയും ചില കാലത്തിങ്കൽ പുകപോലെ ആകാശത്തിങ്കൽ കാണപ്പെടുന്നതായും അപൽസൂചകമായുമിരിക്കുന്ന ഉൽപാതവിശേഷത്തിന്റെയും പേർ. ജീമൂതഃ (നാ) മേഘത്തിന്റെയും പർവ്വതത്തിന്റെയും പേർ. ഫസ്തുഃ (നാ) കയ്യിന്റെയും അത്തമെന്ന നക്ഷത്രത്തിന്റെയും പേർ. മരുൽ (നാ) വായുവിന്റെയും ദേവന്മാരുടെയും പേർ.

യന്താ ഹസ്ത്യശ്വകേ സൂതേ ഭർത്താ ധാതരി പോഷ്ടരി
യാനപാത്രേ ശിശൌ പോതഃ പ്രേതഃ പ്രാണ്യന്തരേ മൃതേ

യന്താ (നാ) ആനപ്പുറപ്പാൻറെയും തേർതെളിക്കുന്നവൻറെയും പേർ. ഭർത്താ (നാ) ധരിക്കുന്നവൻറെയും പോഷിപ്പിക്കുന്നവൻറെയും പേർ. പോതഃ (നാ) കപ്പൽ മുതലായതിൻറെയും ശിശുവിൻറെയും പേർ. പ്രേതഃ (നാ) നരകത്തിൽ കിടക്കുന്ന ജന്തുവിൻറെയും മരിച്ചവൻറെയും പേർ.

ഗ്രഹഭേദേ ധ്വജേ കേതുഃ പാത്രാദിവേ തനയേ സുതഃ
സ്ഥപതിഃ കാരുഭേദേപി ഭൂഭൃൽ ഭൂമിധരേ നൃപേ 62

കേതുഃ (നാ) സൂര്യാദിനവഗ്രഹങ്ങളിൽ ഒമ്പതാമത്തതിൻറെയും കൊടിമരത്തിൻറെയും പേർ. സുതഃ (നാ) രാജാവിൻറെയും പുത്രൻറെയും പേർ. സ്ഥപതിഃ (നാ) ശില്പിയായ ഒരുത്തൻറെയും ഗീഷ്പതീഷ്ടിയെച്ചെയ്യുവൻറെയും പേർ. ഭൂഭൃൽ (നാ) പർവ്വതത്തിൻറെയും രാജാവിൻറെയും പേർ.

മൂർദ്ധാഭിഷിക്തോ ഭൂപേപി ജ്ഞുഃ സ്ത്രീകുസുമേപി ച
വിഷ്ണാവവ്യജിതാവ്യക്തൌ സൂതസ്ത്വഷ്ടരി സാരഥൌ 63

മൂർദ്ധാഭിഷിക്തഃ (നാ) രാജാവിൻറെയും ക്ഷത്രിയൻറെയും പേർ. ജ്ഞുഃ (നാ) സ്ത്രീകളുടെ തീണ്ടാരിക്കാലയുടെയും വസന്താദികാലവിശേഷങ്ങളുടെയും പേർ. അജിതഃ (നാ) വിഷ്ണുവിൻറെയും ജയിക്കപ്പെടാത്തവൻറെയും പേർ. അവ്യക്തഃ (നാ) വിഷ്ണുവിൻറെയും പരമേശ്വരൻറെയും പേർ. സൂതഃ (നാ) ശില്പികളിലൊരുത്തൻറെയും തേർതെളിക്കുന്നവൻറെയും പേർ.

വ്യക്തഃ പ്രാജ്ഞേപി ദൃഷ്ടാന്താവുഭൌ ശാസ്ത്രനിദർശനേ
ക്ഷത്താ സ്യാൽ സാരഥൌ ദാസ്യേ ക്ഷത്രിയായാം ച
(ശൂദ്രജേ 64

വ്യക്തഃ (നാ) വിദ്വാനായിരിയ്ക്കുന്നവൻറെയും സ്പഷ്ടമായിരിയ്ക്കുന്നവൻറെയും പേർ. ദൃഷ്ടാന്തഃ (നാ) തർക്കാദിശാസ്ത്രത്തിൻറെയും ഉദാഹരണത്തിൻറെയും പേർ. ക്ഷത്താ (നാ) തേർതെളിക്കുന്നവൻറെയും വാതിൽകാക്കുന്നവൻറെയും ക്ഷത്രിയസ്ത്രീയിൽ ശൂദ്രനു ജനിച്ചവൻറെയും പേർ.

വൃത്താന്തഃ സ്യാൽ പ്രകരണേ പ്രകാരേ കാർത്സ്ന്യവാർത്തയോഃ
ആനർത്തസ്സമരേ നൃത്തസ്ഥാനനീവൃദ്വിശേഷയോഃ 65

വൃത്താന്തഃ (നാ) പ്രകൃതത്തിൻറെയും വിശേഷണത്തിൻറെയും സാകല്യത്തിൻറെയും ജനശ്രുതിയുടെയും പേർ. ആനർത്തഃ (നാ) യുദ്ധത്തിൻറെയും നൃത്തസ്ഥലത്തിൻറെയും ദേശവിശേഷത്തിൻറെയും പേർ.

കൃതാന്തോ യമസിദ്ധാന്തദൈവാകുശലകർമ്മസു
ശ്ലേഷ്മാദി രസരക്താദി മഹാഭ്രൂതാനി തൽഗുണാഃ 66

ഇന്ദ്രിയാണ്യശുചികൃതിശുബ്ദയോനിശ്ച ധാതവഃ
കക്ഷ്യാന്തരേപി ശുദ്ധാന്തോ നൃപസ്യാസവ്വഗോചരേ 67

കൃതാന്തഃ (നാ) അന്തകൻറെയും ഇന്നതു് ഇന്നപ്രകാരമെന്നുള്ള ശാസ്ത്രീയനിശ്ചയത്തിൻറെയും ദൈവത്തിൻറെയും അമംഗളകർമ്മത്തിൻറെയും പേർ. ധാതുഃ (നാ) കഫം പിത്തം ഇത്യാദികളുടെയും രസം രക്തം ഇത്യാദികളുടെയും മണ്ണു്, വെള്ളം, തിയ്യു്, കാറു്, ആകാശം ഇങ്ങനെയുള്ള അഞ്ചു ഭൂതങ്ങളുടെയും ഗന്ധരസരൂപസ്പർശശബ്ദങ്ങളുടെയും മണ്ണു മുതലായ ഇന്ദ്രിയങ്ങളുടെയും കല്ലിൽനിന്നുണ്ടാകുന്നതായ മനയോല മുതലായതിൻറെയും ഭൂ സത്തായാമിത്യാദിശാസ്ത്രവാക്യങ്ങളിലന്തർഭവിച്ചുകിടക്കുന്ന ഭൂ ഏധ ഇത്യാദിശബ്ദങ്ങളുടെയും പേർ. ശുദ്ധാന്തഃ (നാ) എല്ലാവക്കും പ്രവേശിച്ചുകൂടാത്തതായ രാജസ്ഥലവിശേഷത്തിൻറെയും അവിടെ വസിക്കുന്ന രാജസ്ത്രീകളുടെയും പേർ.

കാസൂസാമർത്ഥ്യയോശ്ശക്തിർമ്മൂർത്തിഃ കാഠിന്യകായയോഃ
വിസ്താരവല്ല്യോർവ്വ്രതതിർവ്വസതീ രാത്രിവേശ്മനോഃ 68

ശക്തിഃ (സ്ത്രീ) വേലെന്നു പേരോടുകൂടിയ ആയുധത്തിൻറെയും സാമർത്ഥ്യത്തിൻറെയും പേർ. മൂർത്തിഃ (സ്ത്രീ) കാഠിന്യത്തിൻറെയും ശരീരത്തിൻറെയും പേർ. വ്രതതിഃ (സ്ത്രീ) വിസ്താരത്തിൻറെയും വള്ളിയുടെയും പേർ. വിസ്താരവല്ല്യോഃ വ്രതതിഃ എന്നും പാഠമുണ്ടു്. വസതിഃ (സ്ത്രീ) രാത്രിയുടെയും ഗൃഹത്തിൻറെയും പേർ.

ക്ഷയാച്ചയോരപചിതിസ്സാതിർദ്ദാനാവസാനയോഃ
ആർത്തിഃ പീഡാധനക്ലേശോർജ്ജാതിസ്സാമാന്യജന്മനോഃ 69

അപചിതിഃ (സ്ത്രീ) ക്ഷയത്തിൻറെയും പൂജയുടെയും പേർ. സാതിഃ (സ്ത്രീ) ദാനത്തിൻറെയും അവസാനത്തിൻറെയും പേർ. ആർത്തിഃ (സ്ത്രീ) പീഡയുടെയും വില്ലിൻറെ തലയുടെയും പേർ. ജാതിഃ (സ്ത്രീ) തക്കശാസ്ത്രപ്രസിദ്ധമായ സാമാന്യത്തിൻറെയും ജനനത്തിൻറെയും പേർ.

പ്രചാരസ്യന്ദയോ രീതിരീതിഃ ഡിംബപ്രവാസയോഃ
ഉദയേധിഗമേ പ്രാപ്തിസ്സ്യാതാ തച്ഛീത്രയേ യുഗേ 70

രീതിഃ (സ്ത്രീ) ലോകാചാരത്തിൻറെയും ഒഴുക്കത്തിൻറെയും പേർ. ഈതിഃ (സ്ത്രീ) അതിവൃഷ്ടി മുതലായ ആപത്തുകളുടെയും വീട്ടു വെടിഞ്ഞുള്ള യാത്രയുടെയും പേർ. പ്രാപ്തിഃ (സ്ത്രീ) ഉൽപത്തിയുടെയും ലാഭത്തിൻറെ

യും പേർ. ത്രേതാ (സ്ത്രീ) ദക്ഷിണം ഗാർഹപത്യം ആഹവനീയം എന്ന ഈ മൂന്ന് അഗ്നികളുടെയും ത്രേതായുഗത്തിന്റെയും പേർ.

വീണാഭേദേപി മഹതീ ഭ്രുതിർഭ്രുത്യനി സംപദി
നദീനഗയ്യോർന്നാഗാനാം ഭോഗവത്യഥ സംഗരേ. 71
സംഗേ സഭായാം സമിതിഃ ക്ഷയവാസാവപി ക്ഷിതിഃ
രവേരച്ചിശ്ച ശസ്ത്രേ ച വഹ്നിജ്വാലാ ച ഹേതയഃ 72

മഹതീ (സ്ത്രീ) നാരദന്റെ വീണയുടെയും മഹത്വമുള്ളവളുടെയും പേർ. ഭ്രുതിഃ (സ്ത്രീ) ഭൃത്യത്തിന്റെയും സംപത്തിന്റെയും പേർ. ഭോഗവതീ (സ്ത്രീ) നാഗങ്ങളുടെ നദിയുടെയും നാഗങ്ങളുടെ നഗരിയുടെയും പേർ. സമിതിഃ (സ്ത്രീ) യുദ്ധത്തിന്റെയും സംയോഗത്തിന്റെയും സഭയുടെയും പേർ. ക്ഷിതിഃ (സ്ത്രീ) ക്ഷയത്തിന്റെയും ഇരിപ്പിടത്തിന്റെയും ഭൂമിയുടെയും പേർ. ഹേതിഃ (സ്ത്രീ) സൂര്യരശ്മിയുടെയും ആയുധത്തിന്റെയും അഗ്നിജ്വാലയുടെയും പേർ.

ജഗതീ ജഗതി ഛന്ദോവിശേഷേപി ക്ഷിതാവപി
പംക്തിശ്ച്ഛന്ദോപി ദശമം സ്യാൽ പ്രഭാവേപി ചായതിഃ 73

ജഗതീ (സ്ത്രീ) ലോകത്തിന്റെയും ഛന്ദോവിശേഷത്തിന്റെയും ഭൂമിയുടെയും പേർ. പങ്ക്തിഃ (സ്ത്രീ) പത്താമത്തെ ഛന്ദസ്സിന്റെയും പത്തു് എന്ന സംഖ്യയുടെയും പേർ. ആയതിഃ (സ്ത്രീ) പ്രഭാവത്തിന്റെയും ഉത്തരകാലത്തിന്റെയും പേർ.

പത്തിസ്ത്വനൌ ചമൂലേ തു പക്ഷതിഃ പക്ഷഭേദയോഃ
പ്രകൃതിർയ്യോനിലിംഗേ ച കൈശിക്യാദ്യാശ്ച വൃത്തയഃ 74

പത്തിഃ (സ്ത്രീ) ഗമനത്തിന്റെയും സേനാവിശേഷത്തിന്റെയും പേർ. പക്ഷതിഃ (സ്ത്രീ) പ്രതിപദമെന്ന പക്ഷത്തിന്റെയും ചിറകിന്റെയും മൂലത്തിന്റെയും പേർ. പ്രകൃതിഃ (സ്ത്രീ) യോനിയുടെയും ലിംഗത്തിന്റെയും സ്വഭാവത്തിന്റെയും രാജ്യാംഗങ്ങളുടെയും ഉപാദാനകാരണത്തിന്റെയും പേർ. വൃത്തിഃ (സ്ത്രീ) നാട്യോപയോഗിനികളായ കൈശികീ ആരഭടീ ഭാരതീ സാത്വതീ ഈ നാലിന്റെയും ജീവനസാധനത്തിന്റെയും സൂത്രവിവരണഗ്രന്ഥത്തിന്റെയും പേർ.

സികതാസ്സ്യുർവ്വാലുകാപി വേദേ ശ്രുവസി ച ശ്രുതിഃ
വനിതാ ജനിതാത്യുത്ഥാനുരാഗായാം ച യോഷിതി 75

സികതാഃ (സ്ത്രീ) ഇതിനു് ഏകവചനവും ദ്വിവചനവുമില്ല. മണലിന്റെയും മണലോടുകൂടിയ ദേശത്തിന്റെയും പേർ. ശ്രുതിഃ (സ്ത്രീ) വേദ

ത്തിന്റെയും ചെവിയുടെയും പേർ. വനിതാ (സ്ത്രീ) ഏറ്റവും അനുരഞ്ജിപ്പിക്കപ്പെട്ടവളായ സ്ത്രീയുടെയും മറ്റുള്ള സ്ത്രീകളുടെയും പേർ.

ഗ്രഹീഃ ക്ഷിതിവ്യുദാസേപി ധൃതിർദ്ധാരണധൈര്യയോഃ
ബൃഹതീ ക്ഷുദ്രവാത്താകീഛന്ദോഭേദേ മഹത്യപി 76

ഗ്രഹീഃ (സ്ത്രീ) ഭൂവിഭരണത്തിന്റെയും കാരാഗൃഹത്തിന്റെയും ഗോപനത്തിന്റെയും പേർ. ധൃതിഃ (സ്ത്രീ) ധാരണത്തിന്റെയും ധൈര്യത്തിന്റെയും പേർ. ബൃഹതീ (സ്ത്രീ) ചെറുവഴുതിനയുടെയും ഛന്ദോവിശേഷത്തിന്റെയും ബൃഹത്പുള്ളവളുടെയും പേർ.

വാശിതാ സ്ത്രീകരേണോപാശ്വ വാത്താ വൃത്തൌ ജനശ്രുതൌ
വാത്തം ഫൽഗ്ന്യരോഗേ ച ത്രിഷ്വപ്സു ച ഘൃതാമൃതേ

വാശിതാ (സ്ത്രീ) സ്ത്രീയുടെയും പിടിയാനയുടെയും പേർ. വാത്താ (സ്ത്രീ) ജീവനോപായങ്ങളായ കൃഷ്യാദികളുടെയും ലോകവാദത്തിന്റെയും പേർ. വാത്തം (ക്ലീ) നിസ്സാരമായതിന്റെയും രോഗത്തോടുകൂടാത്തവയുടെയും രോഗാഭാവത്തിന്റെയും പേർ. രോഗത്തോടുകൂടാത്തവയുടെയും നിസ്സാരത്തിന്റെയും പേരാകിൽ ത്രിലിംഗമാകയും ചെയ്യും. ഘൃതം (ക്ലീ) ജലത്തിന്റെയും നെയ്യിന്റെയും പേർ. അമൃതം (ക്ലീ) ജലത്തിന്റെയും അമൃതിന്റെയും പേർ.

കളധൌതം ത്രപ്യുഷേമ്ലോന്നിമിത്തം ഹേതുലക്ഷയോഃ
ശ്രുതം ശാസ്ത്രാവധൃതയോർയ്യുഗപദ്യാപ്തയോഃ കൃതം. 73

കളധൌതം (ക്ലീ) വെള്ളിയുടെയും സ്വർണ്ണത്തിന്റെയും പേർ. നിമിത്തം (ക്ലീ) ഹേതുവിന്റെയും ലാക്കിന്റെയും പേർ. ശ്രുതം (ക്ലീ) ശാസ്ത്രത്തിന്റെയും കേട്ടറിയപ്പെട്ടതിന്റെയും പേർ. കൃതം (ക്ലീ) യുഗവിശേഷത്തിന്റെയും പയ്യാപ്പുമായിട്ടുള്ളതിന്റെയും പേർ.

അത്യാഹിതം മഹാഭീതിഃ കർമ്മ ജീവാനപേക്ഷി ച
യുക്തേ ക്ഷ്മാദ്യാവൃതേ ഭൂതം പ്രാണ്യതീതേ സമേ ത്രിഷു 79

അത്യാഹിതം (ക്ലീ) വലുതായ ഭയത്തിന്റെയും സാഹസകർമ്മത്തിന്റെയും പേർ. ഭൂതം (ക്ലീ) യുക്തമായിട്ടുള്ളതിന്റെയും പൃഥിവ്യാദിപഞ്ചകത്തിന്റെയും സത്യത്തിന്റെയും പ്രാണിയുടെയും കഴിഞ്ഞതിന്റെയും പേർ. സദൃശത്തിന്റെ പേരാകിൽ ത്രിലിംഗമാകയും ചെയ്യും.

വൃത്തം പദ്യേ ചരിത്രേ ത്രിഷ്വതീതേ ദൃഢനിസ്തലേ
മഹദ്രാജ്യഞ്ചാവഗീതം ജന്യേ സ്യാൽ ഗഹ്നിതേ ത്രിഷു 80

വൃത്തം (ക്ലീ) ശ്ലോകത്തിന്റെയും ചരിത്രത്തിന്റെയും പേർ. കഴിഞ്ഞതിന്റെയും ഉപ്പുള്ളതിന്റെയും വൃത്താകാരമായിരിക്കുന്നതിന്റെയും പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. മഹൽ (ക്ലീ) രാജ്യത്തിന്റെയും വലിയതിന്റെയും പേർ. അവഗീതം ജനാപവാദത്തിന്റെയും നിന്ദിക്കപ്പെട്ടതിന്റെയും പേർ. നിന്ദിക്കപ്പെട്ടതിന്റെ പേരാകിൽ ത്രിലിംഗമാകയും ചെയ്യും.

ശ്വേതം ത്രുഷ്യുപി രജതം ഹേമ്നി ത്രുഷ്യേ സിതേ ത്രിഷു
ത്രിഷ്വിതോ ജഗദിംഗേപി രക്തം നീല്യാദി രാഗി ച 81

ശ്വേതം (ക്ലീ) വെള്ളിയുടെയും വെളുത്ത വസ്തുവിന്റെയും പേർ. രജതം (ക്ലീ) സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പേർ. വെളുത്ത വസ്തുവിന്റെ പേരാകിൽ ത്രിലിംഗമാകയും ചെയ്യും. ത്രിഷ്വിതഃ എന്നതിനു ഇവിടെനിന്നു തുടങ്ങി താന്തവർഗ്ഗാവസാനംവരെയുള്ള ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എന്നർത്ഥമാകുന്നു. ജഗൽ—ഗമിക്കുന്നതിന്റെയും ലോകത്തിന്റെയും പേർ. രക്തം—അമരി മുതലായതുകളെക്കൊണ്ടു ചായം പിടിപ്പിച്ച വസ്ത്രാദികളുടെയും ചുവപ്പുനിറത്തോടുകൂടിയ വസ്തുവിന്റെയും അനുരാഗത്തിന്റെയും അനുരാഗമുള്ളതിന്റെയും ചോരയുടെയും പേർ. ലോകവാചിയായ ജഗച്ഛബ്ദവും അനുരാഗാദിവാചിയായ രക്തശബ്ദവും നപുംസകമാകുന്നു. ത്രിഷ്വിതഃ എന്ന വിധി വ്യക്തോപാത്തങ്ങളായ ഇംഗാദ്യർത്ഥങ്ങളിൽ ചരിതാർത്ഥമാകയാൽ അപിശബ്ദാദിസാമർത്ഥ്യംഹേതുവായിട്ടു ഊഹ്യങ്ങളായ അർത്ഥങ്ങളിൽ യഥാശാസ്ത്രമായി പ്രാപ്തമായ അതാതു ലിംഗംതന്നെ എന്നു് അറിഞ്ഞുകൊൾകയും വേണം.

അവദാതസ്സിതേ പീതേ ശുദ്ധേ ബദ്ധാജ്ജുനൌ സിതൌ
യുക്തേതിസംസ്കൃതേ മഷ്ണിന്യഭിനീതോഥ സംസ്കൃതം 82
കൃതിമേ ലക്ഷണോപേതേപ്യനന്തോനവധാവപി
ഖ്യാതേ ഹൃഷ്ടേ പ്രതീതോഭിജാതസ്തു കുലജേ ബുധേ 83

അവദാതഃ—വെളുത്തതിന്റെയും മഞ്ഞൾനിറത്തോടുകൂടിയതിന്റെയും ശുദ്ധിയുള്ളതിന്റെയും പേർ. സിതഃ—ബന്ധിക്കപ്പെട്ടതിന്റെയും വെളുത്തതിന്റെയും പേർ. അഭിനീതഃ യുക്തമായിട്ടുള്ളതിന്റെയും അധികമായി അലംകരിക്കപ്പെട്ടതിന്റെയും ക്ഷമയോടുകൂടിയവന്റെയും പേർ. സംസ്കൃതം—ക്രിയകൊണ്ടു നിർവൃത്തമായ ഘടാദിയുടെയും ലക്ഷണയുക്തമായ വസ്തുവിന്റെയും പേർ. അനന്തഃ—അവസാനത്തോടുകൂടാത്തതിന്റെയും ആദിശേഷന്റെയും പേർ. പ്രതീതഃ—പ്രസിദ്ധിയോടുകൂടിയവന്റെയും സന്തുഷ്ടന്റെയും പേർ. അഭിജാതഃ—നല്ല കുലത്തിങ്കൽ ജനിച്ചവന്റെയും അറിവുള്ളവന്റെയും പേർ.

വിവിക്തേതൗ പൂതവിജനൌ മൂർച്ഛിതൌ മൂഢസോഷ്മയൌ
ദൌ ചാമ്ലപരുഷൌ ശുക്തൌ ശിതീ ധവളമേചകൌ 84

വിവിക്തഃ—ശുദ്ധിയുള്ളതിൻെറയും നിർജ്ജനപ്രദേശത്തിൻെറയും പേർ. മൂർച്ഛിതഃ—മോഹിച്ചവൻെറയും വഞ്ചിച്ചവൻെറയും പേർ. ശുക്തഃ—മൂന്നു ദിവസമിരുന്ന കാടി മുതലായ അമ്ലപദാർത്ഥത്തിൻെറയും നിഷ്ക്ഷാരമായുള്ളതിൻെറയും പേർ. ശിതിഃ—വെളുത്തതിൻെറയും കറുത്തതിൻെറയും പേർ.

സത്യേ സാധൌ വിദ്യമാനേ പ്രശസ്തേഭ്യർഹിതേ ച സൽ
പുരസ്കൃതഃ പൂജിതേരാത്യഭിയുക്തേഗ്രതഃ കൃതേ 85

സൽ—പരമാർത്ഥത്തിൻെറയും നല്ലതിൻെറയും ഉള്ളതിൻെറയും ശ്രേഷ്ഠമായിരിക്കുന്നതിൻെറയും പൂജിക്കപ്പെട്ടുന്നതിൻെറയും പേർ. പുരസ്കൃതഃ—പൂജിക്കപ്പെട്ടുന്നവൻെറയും ശത്രുവാൽ ആക്രമിക്കപ്പെട്ടവൻെറയും മുമ്പിലാക്കപ്പെട്ടവൻെറയും പേർ.

നിവാതാവാശ്രയാവാതൌ ശസ്ത്രാഭേദ്യേ ച ചർമ്മ യൽ
ജാതോന്നതപ്രവൃദ്ധാഃ സ്യുരുച്ഛ്രിതാ ഉത്ഥിതാസ്ഥമീ 86
വൃദ്ധിമൽപ്രോദ്യതോൽപന്നാ ആദൃതൌ സാദരാച്ചിതൌ

നിവാതഃ-വാസസ്ഥാനത്തിൻെറയും വായുസഞ്ചാരത്തോടുകൂടാത്ത സ്ഥലത്തിൻെറയും ആയുധംകൊണ്ടു പിളർക്കുവാൻ കഴിയാത്തതായ കവചത്തിൻെറയും പേർ. ഉച്ഛ്രിതഃ-ജനിച്ചവൻെറയും ഉയർന്നവൻെറയും വഞ്ചിച്ചവൻെറയും പേർ. ഉത്ഥിതഃ വഞ്ചിച്ചവൻെറയും ഉദ്യോഗത്തോടുകൂടിയവൻെറയും ഉൽപതിച്ചവൻെറയും പേർ. ഉദ്യോഗം=ഉത്സാഹം. ഉൽപതിക്കമേൽപ്പട്ടു പോകുക; ഉണ്ടാക എന്നുമാം. ആദൃതഃ-ആദരത്തോടുകൂടിയവൻെറയും ആദരിക്കപ്പെട്ടവൻെറയും പേർ.

സ്ഥാന്തഃ

അർത്ഥോഭിധേയരൈവസ്വപ്രയോജനനിവൃത്തിഷു 87

അർത്ഥഃ (നാ) ശബ്ദത്താൽ പഠയപ്പെട്ടുന്നതിൻെറയും ധനത്തിൻെറയും സകലവസ്തുക്കളുടെയും പ്രയോജനത്തിൻെറയും നിവൃത്തിയുടെയും പേർ.

നിപാനാഗമയോസ്ഥീത്ഥമുഷിജുഷ്ടജുഷ്ടയോ
സമർത്ഥസ്ത്രീഷു ശക്തിസ്ഥേ സംബദ്ധാർത്ഥേ ഹിതേപി ച 88

തീർത്ഥം (ക്ലീ) നീത്തൊട്ടിയുടെയും ശാസ്ത്രത്തിന്റെയും ഋഷികളാൽ സേവിക്കപ്പെട്ട ജലത്തിന്റെയും ഉപാധ്യായന്റെയും പേർ. നിദാനാ ശമയോസ്തീർത്ഥം എന്നും പാഠമുണ്ട്. (നിദാനം=ഹേതു) സമർത്ഥഃ ത്രിലിംഗമാകുന്നു. ശക്തിയോടുകൂടിയവന്റെയും അന്യോന്യസംബന്ധമായ അർത്ഥത്തോടുകൂടിയതിന്റെയും അനുകൂലമായിട്ടുള്ളതിന്റെയും പേർ.

ദശമീസ്ഥൗ ക്ഷീണരാഗവൃദ്ധൗ വീഥീ പദവ്യപി
ആസ്ഥാനീയതനയോരാസ്ഥാപ്രസ്ഥാസ്ത്രീ സാനുമാനയോഃ

ദശമീസ്ഥഃ (നാ) വിഷയങ്ങളിൽനിന്നു നിയമേന നിവൃത്തമായ മനസ്സോടുകൂടിയവന്റെയും അതിവൃദ്ധന്റെയും പേർ. വീഥീ (സ്ത്രീ) വഴിയുടെയും പങ്ക്തിയുടെയും പേർ. ആസ്ഥാ (സ്ത്രീ) സഭയുടെയും പ്രയത്നത്തിന്റെയും പേർ. പ്രസ്ഥഃ (നാ) നപുംസകമായിട്ടും പ്രയോഗിക്കാം. മലച്ചെരുവിന്റെയും ഇടങ്ങഴിയുടെയും പേർ.

ദാന്തഃ

അഭിപ്രായവശൗ ഛന്ദാവബ്ദൗ ജീമൂതവത്സരൗ
അപവാദൌ തു നിന്ദാജ്ഞേ ദായാദൌ സുതബാന്ധവൌ. 90

ഛന്ദഃ (നാ) അഭിപ്രായത്തിന്റെയും അധീനത്തിന്റെയും പേർ. അബ്ദഃ (നാ) മേഘത്തിന്റെയും സംവത്സരത്തിന്റെയും പേർ. അപവാദഃ (നാ) നിന്ദയുടെയും ആജ്ഞയുടെയും പേർ. ദായാദഃ (നാ) പുത്രന്റെയും ബന്ധുവിന്റെയും പേർ.

പാദോ രശ്മ്യംശുതുര്യാംശാശ്ചന്ദ്രാഗ്ന്യർക്കാസ്തമോനുദഃ
നിർവ്വാദോ ജനവാദേപി ശാദോ ജംബാളശഷ്പയോഃ 91

പാദഃ (നാ) രശ്മിയുടെയും കാലിന്റെയും നാലിലൊരു ഭാഗത്തിന്റെയും പേർ. തമോനുൽ (നാ) ചന്ദ്രന്റെയും അഗ്നിയുടെയും ആദിത്യന്റെയും പേർ. നിർവ്വാദഃ (നാ) ജനവാദത്തിന്റെയും നിശ്ചിതമായ വാദത്തിന്റെയും പേർ. ശാദഃ (നാ) ചേറിന്റെയും ഇളയ പുല്ലിന്റെയും പേർ.

ആക്രാവേ രുദിതേ ത്രാതര്യാക്രന്ദോ ദാരുണേ രണേ
സ്യാൽ പ്രസാദോനുരാഗേപി സൂദസ്സ്യാദ്യഞ്ജനേപി ച

ആക്രന്ദഃ (നാ) ആർത്തധ്വനിയുടെയും കരച്ചിലിന്റെയും രക്ഷിതാവിന്റെയും ഭയങ്കരമായ യുദ്ധത്തിന്റെയും പേർ. പ്രസാദഃ (നാ) അനുരാഗത്തിന്റെയും ജലാദികളുടെ തെളിവിന്റെയും കാവ്യഗുണത്തിന്റെയും പേർ. സൂദഃ (നാ) പരിപ്പുകറി മുതലായതിന്റെയും വെപ്പുകാരന്റെയും പേർ.

ഗോഷ്ഠാധിക്ഷേപി ഗോവിന്ദോ ഹർഷേപ്യാമോദവന്മദഃ
പ്രാധാന്യേ രാജലിംഗേ ച വൃഷ്ണാംഗേ കകുദോസ്ത്രിയാം. 93

ഗോവിന്ദഃ (നാ) ഗോപാലന്റെയും ബൃഹസ്പതിയുടെയും ശ്രീകൃഷ്ണന്റെയും പേർ. ആമോദഃ (നാ) സന്തോഷത്തിന്റെയും ഗന്ധവിശേഷത്തിന്റെയും പേർ. മദഃ (നാ) സന്തോഷത്തിന്റെയും ഗർവ്വത്തിന്റെയും മദജലത്തിന്റെയും ശുക്ലത്തിന്റെയും പേർ. കകുദഃ (നാ) നപുംസകമായിട്ടുമാം. പ്രാധാന്യത്തിന്റെയും രാജചിഹ്നത്തിന്റെയും പുഞ്ഞ എന്ന കാളയുടെ അംഗത്തിന്റെയും പേർ. പ്രാധാന്യം=പ്രധാനമായിട്ടുള്ളതു്.

സ്ത്രീ സംവിൽ ജ്ഞാനസംഭാഷാക്രിയാകാരാജ്ഞിനാമസു
ധർമ്മേ രഹസ്യുപനിഷൽ സ്യാദ്ഭൂതൌ വത്സരേ ശരൽ. 94

സംവിൽ (സ്ത്രീ) അറിവിന്റെയും സംഭാഷണത്തിന്റെയും കർമ്മനിയമത്തിന്റെയും യജ്ഞത്തിന്റെയും പേരിന്റെയും പേർ. ഉപനിഷൽ (സ്ത്രീ) ധർമ്മത്തിന്റെയും വിജനപ്രദേശത്തിന്റെയും പേർ. ശരൽ (സ്ത്രീ) ഭൂതവിശേഷത്തിന്റെയും സംവത്സരത്തിന്റെയും പേർ.

പദം വ്യവസിതി ത്രാണസ്ഥാനലക്ഷ്മാംഘ്രിവസ്തുഷു
ഗോഷ്പദം സേവിതേ മാനേ പ്രതിഷ്ഠാകൃത്യമാസ്പദം. 95

പദം (ക്ലീ) ഉത്സാഹത്തിന്റെയും രക്ഷണത്തിന്റെയും സ്ഥാനത്തിന്റെയും ആടയാളത്തിന്റെയും കാലിന്റെയും വസ്തുവിന്റെയും പേർ. ഗോഷ്പദം (ക്ലീ) പശുക്കളാൽ സേവിക്കപ്പെട്ട ദേശത്തിന്റെയും പശുവിന്റെ കളമ്പോളമുള്ളതിന്റെയും പേർ. ആസ്പദം (ക്ലീ) സ്ഥാനത്തിന്റെയും കായ്ത്തിന്റെയും പേർ.

ത്രിഷ്വിഷ്ടമധുരൌ സാദ്ര മൃദ്വ ചാതീക്ഷ്ണകോമളൌ
മൂഢാല്പാപടുനിർഭാഗ്യാ മന്ദാഃസ്യുർദ്വൌ ത്രു ശാരദൌ. 96

പ്രത്യഗ്രാപ്രതിഭൌ വിദ്വൽസുപ്രഗതൌ വിശാരദൌ

സാദ്രഃ ത്രിലിംഗമാകുന്നു. ഇഷ്ടമായ വസ്തുവിന്റെയും മധുരരസമായ വസ്തുവിന്റെയും പേർ. മൃദുഃ-ത്രിലിംഗമാകുന്നു. തീക്ഷ്ണമല്ലാത്തതിന്റെയും മാർദ്ദവത്തോടുകൂടിയതിന്റെയും പേർ. ഈ ശ്ലോകത്തിങ്കലെ ത്രിഷു എന്ന പദം ഇനി പറവാൻ പോകുന്ന ശബ്ദങ്ങളോടും മേല്പറഞ്ഞ സാദ്രമൃദു ശബ്ദങ്ങളോടും സംബന്ധിക്കുന്നതാകയാൽ ഇനി ദ്വാന്തവർഗ്ഗാവസാനംവരെയുള്ള ശബ്ദങ്ങളും മേല്പറഞ്ഞ ശബ്ദങ്ങളെന്നപോലെ ലിംഗത്രയത്തോടുകൂടിയതുകളാകുന്നു എന്നു ധരിച്ചുകൊൾക. മന്ദഃ-അറിവില്ലാത്തവന്റെയും അല്പനായവന്റെയും സാമർത്ഥ്യത്തോടുകൂടാത്തവന്റെയും ഭാഗ്യമില്ലാത്തവന്റെ

യും പേർ. ശാരദഃ നൂതനമായിട്ടുള്ളതിന്റെയും പ്രതിഭയോടുകൂടിയതു
ന്റെയും പേർ. വിശാരദഃ-വിദ്വാന്റെയും അധികമായ ധാർഷ്ട്യത്തോടു
കൂടിയവന്റെയും പേർ.

ധാന്യാഃ

വ്യാമോ വടശ്ച ന്യഗ്രോധ ഉത്സേധഃ കായ ഉന്നതിഃ. 97

ന്യഗ്രോധഃ (നാ) മാരിന്റെയും പേരാൽമരത്തിന്റെയും പേർ. മാ
രെന്നതു കയറു മുതലായതിന്റെ അളവിങ്കൽ ഉപയോഗിക്കുന്നതാകുന്നു. ഉ
ത്സേധഃ (നാ) ശരീരത്തിന്റെയും ഉയരത്തിന്റെയും പേർ.

പഥ്യാഹാരശ്ച മാർഗ്ഗശ്ച വിവധൌ വീവധൌ ച തൌ
പരിധിഃ പ്രജ്ഞിയതരോഗ്ഗാഖായാമുപസൂയ്യകേ. 98

വിവധഃ വീവധഃ (ഉ-ം നാ) ധനം മുതലായതിന്റെയും വഴിയു
ടെയും പേർ. മേല്പറഞ്ഞ ശബ്ദങ്ങൾ രണ്ടും ഭാരത്തിന്റെ പേരുകളാകയും
ചെയ്യും. പരിധിഃ (നാ) പ്ലാശു മുതലായ യജ്ഞവൃക്ഷങ്ങളുടെ ശാഖയുടെ
യും പരിവേഷത്തിന്റെയും പേർ.

ബന്ധകം വ്യസനം ചേതഃ പീഡാധിഷ്ഠാനമാധയഃ
സ്യുസ്സമർത്ഥനനീവാകനിയമാശ്ച സമാധയഃ. 99

ആധിഃ (നാ) കടം തീരുന്നതുവരെ വിശ്വാസത്തിനായിക്കൊണ്ടു
വെയ്ക്കുന്ന വസ്തുവിന്റെയും ആപത്തിന്റെയും മനഃപീഡയുടെയും അധിഷ്ഠാ
നത്തിന്റെയും പേർ. അധിഷ്ഠാനം=അദ്ധ്യാസനം. ഇങ്ങനെ ടീകയിൽ
പറഞ്ഞിരിയ്ക്കുന്നു. ആശ്രയിച്ചിട്ടുള്ള ഇരിപ്പു് എന്നു ഭാഷ കാണ്മാനുണ്ടു്.
സമാധിഃ (നാ) സമാധാനത്തിന്റെയും മൌനത്തിന്റെയും അംഗീകാരത്തി
ന്റെയും യോഗാംഗവിശേഷത്തിന്റെയും പേർ.

ദോഷോൽപാദേനുബന്ധഃ സ്യാൽ പ്രകൃത്യാദിവിനശ്വരേ
മുഖ്യാനുയായിനി ശിശൌ പ്രകൃതസ്യാനുവർത്തനേ. 100

അനുബന്ധഃ (നാ) ദോഷത്തിന്റെ ഉൽപത്തിയുടെയും പ്രകൃതിപ്ര
ത്യയാദികളിൽ ഇൽസംജ്ഞാലോപവിധികൾകൊണ്ടു നിവൃത്തിപ്പാൻ
തക്കവിധത്തിൽ ചേർക്കപ്പെട്ട ശബ്ദവിശേഷങ്ങളുടെയും പിതാവു മുതലായ
വരെ അനുസരിയ്ക്കുന്ന പുത്രാദികളുടെയും തുടങ്ങിയതിന്റെ അനുവൃത്തിയു
ടെയും പേർ.

വിധുവ്വിഷ്ണൌ ചന്ദ്രമസി പരിഷ്വേദേ ബിലേവധിഃ
വിധിവ്വിധാനേ ദൈവേപി പ്രണിധിഃ പ്രാർത്ഥനേ ചരേ.

വിധുഃ (നാ) വിഷ്ണുവിന്റെയും ചന്ദ്രന്റെയും പേർ. അവധിഃ (നാ) മഴുദയുടെയും ഭൂമിയിലുള്ള മടകളുടെയും പേർ. വിധിഃ (നാ) ചെയ്യ എന്ന ക്രിയയുടെയും ദൈവത്തിന്റെയും ബ്രഹ്മാവിന്റെയും പ്രകാരത്തിന്റെയും പ്രവർത്തനയുടെയും പേർ. പ്രണിധിഃ (നാ) പ്രാർത്ഥനയുടെയും വേഷം മാറി ശുദ്ധമാകുംവണ്ണം സഞ്ചരിക്കുന്ന രാജപുരുഷന്റെയും പേർ.

ബുധവൃദ്ധൌ പണ്ഡിതേപി സ്കന്ധസ്സമൂഹയേപി ച
ദേശേ നദവിശേഷേഷ്വൌ സിന്ധുന്നാ സരിതി സ്ത്രിയാം.

ബുധഃ (നാ) വിദ്വാന്റെയും ബുധനെന്ന ഗ്രഹത്തിന്റെയും പേർ. വൃദ്ധഃ (നാ) വിദ്വാന്റെയും വയോധികന്റെയും പേർ. ബുദ്ധവൃദ്ധൌ പണ്ഡിതേപി എന്നും പാഠമുണ്ട്. അങ്ങനെ പഠിയ്ക്കുന്നവർ ബുദ്ധഃ എന്നതു വിദ്വാന്റെയും ബുദ്ധമുനിയുടെയും പേർ എന്നു ധരിച്ചുകൊൾകെ. സ്കന്ധഃ (നാ) സമൂഹത്തിന്റെയും പ്രകാണ്ഡത്തിന്റെയും മുമലിന്റെയും ശരീരത്തിന്റെയും വൃക്ഷം മുതലായതുകളുടെയും പേർ. സിന്ധുഃ (നാ) ദേശവിശേഷത്തിന്റെയും നദവിശേഷത്തിന്റെയും സമുദ്രത്തിന്റെയും പേർ. സ്ത്രീലിംഗമായാൽ പുഴയുടെ പേർ.

വിധാ വിധൌ പ്രകാരേ ച സാധു രമ്യേതി ച ത്രിഷു
വധൂർജ്ജായാ സ്നുഷാ സ്ത്രീ ച സുധാ ലേപോമൃതം സ്നുഹീ

വിധാഃ (സ്ത്രീ) വിധിയുടെയും പ്രകാരത്തിന്റെയും പേർ. സാധുഃ— ത്രിലിംഗമാകുന്നു. മനോഹരമായ വസ്തുവിന്റെയും സജ്ജനത്തിന്റെയും പേർ. വധൂഃ (സ്ത്രീ) ഭാര്യയുടെയും പുത്രഭാര്യയുടെയും സ്ത്രീയുടെയും പേർ. സുധാഃ (സ്ത്രീ) കുമ്മായത്തിന്റെയും അമൃതിന്റെയും കള്ളിയുടെയും പേർ.

സന്ധാ പ്രതിജ്ഞാ മര്യാദാ ശ്രദ്ധാ സംപ്രത്യയഃ സ്പൃഹാ
മധു മദ്യേ പുഷ്പരസേ ക്ഷൌദ്രേപ്യന്ധം തമസ്യപി. 104

സന്ധാ (സ്ത്രീ) പ്രതിജ്ഞയുടെയും മര്യാദയുടെയും പേർ. ശ്രദ്ധാ (സ്ത്രീ) ആദരത്തിന്റെയും ഇച്ഛയുടെയും പേർ. മധു (ക്ലീ) മദ്യത്തിന്റെയും പുഷ്പരസത്തിന്റെയും തേനിന്റെയും പേർ. അന്ധം (ക്ലീ) ഇരുട്ടിന്റെയും തിമിരമെന്ന നേത്രരോഗത്തിന്റെയും വിശേഷ്യനിഘ്നമായാൽ കണ്ണു കാണാത്തവന്റെയും പേർ.

അഥ ത്രിഷു സമൃന്നദ്ധൌ മണ്ഡിതം മന്യഗർഹിതൌ
ബ്രഹ്മബന്ധുരധിക്ഷേപേ നിർദ്ദേശേഥാവലംബിതഃ 105

അവിദ്വരോപ്യവഷ്ടബ്ധഃ പ്രസിദ്ധൌ ഖ്യാതദൃഷ്ടിതൌ

അഥ ത്രിഷു എന്നതിനു് ഇനി ധാന്തവർഗ്ഗാവസാനംവരെ പഠവാൻ പോകുന്ന ശബ്ദങ്ങൾക്കു മൂന്നു ലിംഗവുമുണ്ടെന്നു സാരമാകുന്നു. സമൃന്നദ്ധഃ

—തന്നെ താൻതന്നെ വിദ്വാനെന്നു വിചാരിക്കുന്നവനെന്നും ഗർവ്വമുള്ള വനെന്നും പേർ. ബ്രഹ്മബന്ധുഃ—കർമ്മഭ്രഷ്ടനായിരിക്കുന്ന ബ്രാഹ്മണനെന്നും ദോഷംഹേതുവായിട്ടു പേർ പറയാത്തവനെന്നും പേർ. അവഷ്ടബ്ധഃ—ആശ്രയിച്ചവനെന്നും സമീപസ്ഥനെന്നും പേർ. പ്രസിദ്ധഃ—പ്രസിദ്ധിയുള്ളവനെന്നും അലങ്കരിക്കപ്പെട്ടവനെന്നും പേർ.

നാന്താഃ

സൂര്യ്യവഹ്നീ ചിത്രഭാനു ഭാനു രശ്മിദിവാകരൌ. 106

ചിത്രഭാനുഃ (നാ) സൂര്യ്യനെന്നും അഗ്നിയുടെയും പേർ. ഭാനുഃ—രശ്മിയുടെയും സൂര്യ്യനെന്നും പേർ.

ഭ്രതാത്മാനൌ ധാതൃദേഹൌ മൂർഖനീചൌ പൃഥക്ജനൌ
ഗ്രാവാണൌ ശൈലപാഷാണൌ പത്രിണൌ ശരപക്ഷിണൌ 107

ഭ്രതാത്മാ (നാ) ബ്രഹ്മാവിനെന്നും ശരീരത്തിനെന്നും പേർ. പൃഥക്ജനഃ (നാ) അജ്ഞാനിയുടെയും അധമനെന്നും പേർ. ഗ്രാവാ (നാ) പർവ്വതത്തിനെന്നും കല്ലിനെന്നും പേർ. പത്രീ (നാ) ശരത്തിനെന്നും പക്ഷിയുടെയും പേർ.

തരുശൈലൌ ശിഖരിണൌ ശിഖിനൌ വഹ്നിബർഹിണൌ
പ്രതിയത്നാവുഭൌ വീപ്സോപഗ്രഹാവഥ സാദിനൌ. 108

ദ്വൌ സാരഥിഹയാരോഹൌ വാജിനൌശേഷുപക്ഷിണഃ
കുലേപ്യഭിജനോ ജന്മഭ്രമ്യാമപ്യഥ ഹായനാഃ. 109

വർഷാർത്തിർവ്രീഹിഭേദാസ്സ്യുശ്ചന്ദ്രാഗ്ന്യർക്കാ വിരോചനാഃ
ക്ലേശേചി വൃജിനോ വിശകർമ്മാർക്കസുരശില്പിനോഃ. 110

ശിഖരീ (നാ) വൃക്ഷത്തിനെന്നും പർവ്വതത്തിനെന്നും പേർ. ശിഖീ (നാ) അഗ്നിയുടെയും മയിലിനെന്നും പേർ. പ്രതിയത്നഃ (നാ) വാഞ്ഛയുടെയും അനുകൂലനാക്കുക എന്ന് കർമ്മത്തിനെന്നും പേർ. സാദീ (നാ) തേർതെളിക്കുന്നവനെന്നും കുതിരപ്പുറത്തു കേറിയവനെന്നും പേർ. വാജീ (നാ) കുതിരയുടെയും ശരത്തിനെന്നും പക്ഷിയുടെയും പേർ. അഭിജനഃ (നാ) വംശത്തിനെന്നും ജനനഭൂമിയുടെയും പേർ. ഹായനഃ (നാ) സംവത്സരത്തിനെന്നും രശ്മിയുടെയും ധാന്യവിശേഷത്തിനെന്നും പേർ. വിരോചനഃ (നാ) ചന്ദ്രനെന്നും അഗ്നിയുടെയും ആദിത്യനെന്നും പേർ. വൃജിനഃ (നാ) ക്ലേശത്തിനെന്നും നപുംസകമായാൽ പാപത്തിനെന്നും പേർ. വിശകർമ്മാ (നാ) ആദിത്യനെന്നും ദേവശില്പിയുടെയും പേർ.

ആത്മാ യത്നോ ധൃതിർബ്ബുദ്ധിസ്സ്വഭാവോ ബ്രഹ്മ വർഷ്മ ച
ശക്രേ ഘാതുകമത്തേഭേ വർഷ്മുകാംബ്ദേ ഘനാഘനഃ. 111

ആത്മാ (നാ) പ്രയത്നത്തിൻറെയും ധൈര്യത്തിൻറെയും ബുദ്ധിയുടെയും സ്വഭാവത്തിൻറെയും ബ്രഹ്മത്തിൻറെയും ശരീരത്തിൻറെയും പേർ. ഘനാഘനഃ (നാ) ഇന്ദ്രൻറെയും കൊല്ലുന്ന മത്തഗജത്തിൻറെയും വർഷിക്കുന്ന മേഘത്തിൻറെയും പേർ.

ഘനോ മേഘേ മൂർത്തിഹ്നേ ത്രിഷു മൂർത്തേ നിരന്തരേ
അഭിമാനോത്ഥാടിടപ്പേ ജ്ഞാനേ പ്രണയഹിംസയോഃ. 112

ഘനഃ (നാ) മേഘത്തിൻറെയും കാഠിന്യത്തിൻറെയും കഠിനത്തിൻറെയും തിങ്ങിയതിൻറെയും പേർ. കഠിനത്തിൻറെയും തിങ്ങിയതിൻറെയും പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. അഭിമാനഃ (നാ) ധനം മുതലായതുഹേതുവായിട്ടുള്ള ഗർവ്വത്തിൻറെയും ജ്ഞാനത്തിൻറെയും പ്രാർത്ഥനയുടെയും ഹിംസയുടെയും പേർ.

ഇനസ്സൂര്യേ പ്രഭൌ രാജാ മൃഗാങ്കേ ക്ഷത്രിയേ നൃപേ
വാണിന്യൌ നർത്തകീർത്ത്യൌ സ്രവന്ത്യാമപി വാഹിനീ

ഇനഃ (നാ) ആദിത്യൻറെയും പ്രഭുവിൻറെയും പേർ. രാജാ (നാ) ചന്ദ്രൻറെയും ക്ഷത്രിയൻറെയും രാജാവിൻറെയും പേർ. വാണിനീ (സ്ത്രീ) കൂത്താട്ടന്നവളുടെയും കീർത്തിയുടെയും പേർ. വാഹിനീ (സ്ത്രീ) നദിയുടെയും സേനയുടെയും പേർ.

ഹ്രാദിന്യൌ വജ്രതടിതൌ വന്ദായാമപി കാമിനീ
ത്വഗ്ദേഹയോരപി തനുസ്സ്നാധോജിഹ്മികാപി ച. 114

ഹ്രാദിനീ (സ്ത്രീ) വജ്രത്തിൻറെയും മിന്നൽപ്പിണരിൻറെയും പേർ. കാമിനീ (സ്ത്രീ) ഇത്തിക്കുടത്തിൻറെയും വിലാസിനിയായിരിക്കുന്ന സ്ത്രീയുടെയും പേർ. തനുഃ (സ്ത്രീ) ത്വക്കിൻറെയും ശരീരത്തിൻറെയും പേർ. സ്നാ (സ്ത്രീ) ചെകനാവിൻറെയും വധസ്ഥാനത്തിൻറെയും പേർ.

ക്രതുവിസ്താരയോരസ്ത്രീ വിതാനം ത്രിഷു തുച്ഛകേ
മന്ദേഥ കേതനം കൃത്യേ കേതാവുപനിമന്ത്രണേ. 115

വിതാനം (ക്ലീ) പുല്ലിംഗമായിട്ടുമാം. യാഗത്തിൻറെയും വിസ്താരത്തിൻറെയും പേർ. ആകാശകുസുമം മുതലായ തുച്ഛപദാർത്ഥത്തിൻറെയും മന്ദൻറെയും പേരായാൽ ത്രിലിംഗമായി ഭവിയ്ക്കുകയും ചെയ്യും. കേതനം (ക്ലീ) കൃത്യത്തിൻറെയും കൊടിമരത്തിൻറെയും രഹസ്സംവാദത്തിൻറെയും പേർ.

വേദസ്തത്ത്വം തപോ ബ്രഹ്മ ബ്രഹ്മാ വിപ്രഃ പ്രജാപതിഃ
ഉത്സാഹനേ ച ഹിംസായാം സൂചനേപി ച ഗന്ധനം.

ബ്രഹ്മ (ക്ലീ) വേദത്തിന്റെയും ചൈതന്യത്തിന്റെയും തപസ്സിന്റെയും പേർ. ബ്രഹ്മാ (നാ) ബ്രാഹ്മണന്റെയും സൃഷ്ടികർത്താവിന്റെയും പേർ. ഗന്ധനം (ക്ലീ) ഉത്സാഹിപ്പിക്കുക എന്നതിന്റെയും ഹിംസയുടെയും ആശയപ്രകാശനത്തിന്റെയും പേർ.

ആതഞ്ചനം പ്രതീവാപജവനാപ്യയനാർത്ഥകം
വ്യഞ്ജനം ലാഞ്ഛനമശ്മശ്രുനിഷ്ഠാനാവയവേഷ്വപി. 117

ആതഞ്ചനം (ക്ലീ) പാലിൽ മോരു ചേർക്കുക മുതലായതിന്റെയും വേഗത്തിന്റെയും സന്തോഷിപ്പിക്കുക എന്നതിന്റെയും പേർ. വ്യഞ്ജനം (ക്ലീ) അടയാളത്തിന്റെയും മീശയുടെയും കറിയുടെയും ലിംഗയോനികളുടെയും കകാരാദ്യക്ഷരങ്ങളുടെയും പേർ.

സ്യാൽ കൌലീനം ലോകവാദേ യുദ്ധേ പശുപക്ഷിണാം
സ്യാദുദ്യാനം നിസ്സരണേ വനഭേദേ പ്രയോജനേ. 118

കൌലീനം (ക്ലീ) ലോകവാദത്തിന്റെയും പശുക്കളുടെയും സർപ്പത്തിന്റെയും പക്ഷികളുടെയും പരസ്പരമുള്ള യുദ്ധത്തിന്റെയും പേർ. ഉദ്യാനം (ക്ലീ) നിർഗ്ഗമനത്തിന്റെയും പൂങ്കാവിന്റെയും പ്രയോജനത്തിന്റെയും പേർ.

അവകാശേ സ്ഥിതൌ സ്ഥാനം ക്രീഡായാമപി ദേവനം
ഉത്ഥാനം പൌരുഷേ തന്ത്രേ സന്നിവേഷേഽൽഗമേപി ച

സ്ഥാനം (ക്ലീ) അവകാശത്തിന്റെയും നില്പിന്റെയും പേർ. ദേവനം (ക്ലീ) ക്രീഡയുടെയും ജയിപ്പാനായിക്കൊണ്ടുള്ള ഇച്ഛ മുതലായതിന്റെയും പേർ. ഉത്ഥാനം (ക്ലീ) ഉദ്യോഗത്തിന്റെയും കൂടംബകായ്ക്കാദികളുടെയും എഴുന്നേല്പു എന്നതിന്റെയും പേർ.

വ്യുത്ഥാനം പ്രതിരോധേ ച വിരോധാചരണേപി ച
മാരണേ മൃതസംസ്കാരേ ഗതൌ ദ്രവ്യേത്ഥദാപനേ. 120

നിവൃത്തനോപകരണാനുവ്രജ്യാസു ച സാധനം
നിര്യാതനം വൈരശുദ്ധൌ ദാനേ ന്യാസാപ്പണേപി ച.

വ്യുത്ഥാനം (ക്ലീ) തടവിന്റെയും വിരോധാചാരത്തിന്റെയും സമാധിയിൽനിന്നുള്ള നിവൃത്തിയുടെയും പേർ. സാധനം (ക്ലീ) കൊല്ലുക എന്നതിന്റെയും ശവദാഹാദിയുടെയും ഗമനത്തിന്റെയും ധനത്തിന്റെയും

ധനത്തെ കൊടുപ്പിക്ക എന്നതിൻെറയും ഘടാദിനിർമ്മാണത്തിൻെറയും ഉപകരണത്തിൻെറയും അനുയാത്രയുടെയും പേർ. നിയ്യാതനം (ക്ലീ) പക തീർക്കുക എന്നതിൻെറയും ദാനത്തിൻെറയും തൻെറ അധീനമാക്കി വെയ്ക്കപ്പെട്ടതിനെ തിരികേ കൊടുക്കുക എന്നതിൻെറയും പേർ.

വ്യസനം വിപദി ഭ്രംശേ ദോഷേ കാമജകോപജേ
പക്ഷ്മാക്ഷിലോമ്നി കിഞ്ജൽക്കേ തന്ത്രാദ്യംശേപ്യണീയസി

വ്യസനം (ക്ലീ) ആപത്തിൻെറയും അപായത്തിൻെറയും കാമംഹേതുവായിട്ടുള്ള സ്ത്രീസേവ, ചൂതുകളി, നായാട്ട്, മദ്യപാനം—ഈ നാലു ദോഷങ്ങളുടെയും കോപംഹേതുവായിട്ടുണ്ടാകുന്ന വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർത്ഥദൂഷണം—ഈ മൂന്നു ദോഷങ്ങളുടെയും പേർ. പക്ഷ്മ (ക്ലീ) നേത്രരോമത്തിൻെറയും പൂവിൻെറ അല്ലിയുടെയും ചെറുതായ രോമത്തിൻെറയും പേർ.

തിഥിഭേദേ ക്ഷണേ പർവ വർത്മ നേത്രോത്സ്രഭേദയോഃ
അകായ്യഹ്രഷ്യ കൌപീനം മൈഥുനം സംഗതൌ രതൌ.

പർവ (ക്ലീ) വാവിൻെറയും ഉത്സവത്തിൻെറയും പേർ. വർത്മ (ക്ലീ) കണ്ണിൻെറ പോളയുടെയും വഴിയുടെയും പേർ. കൌപീനം (ക്ലീ) പാപത്തിൻെറയും പുരുഷലിംഗത്തിൻെറയും കോണകത്തിൻെറയും പേർ. മൈഥുനം (ക്ലീ) ഭോഗ്യാദിസംബന്ധത്തിൻെറയും സുരതത്തിൻെറയും പേർ.

പ്രധാനം പരമാത്മാ ധീഃ പ്രജ്ഞാനം ബുദ്ധിചിഹ്നയോഃ
പ്രസൂനം പുഷ്പഫലയോസ്സന്നിധാനം കുലനാശയോഃ 124

പ്രധാനം (ക്ലീ) പരമാത്മാവിൻെറയും ബുദ്ധിയുടെയും പേർ. പ്രജ്ഞാനം (ക്ലീ) ബുദ്ധിയുടെയും അടയാളത്തിൻെറയും പേർ. പ്രസൂനം (ക്ലീ) പൂവിൻെറയും കായയുടെയും പേർ. നിധനം (ക്ലീ) കുലത്തിൻെറയും നാശത്തിൻെറയും പേർ.

ക്രന്ദനേ രോദനാഹ്വാനേ വർഷ്മ ദേഹപ്രമാണയോഃ
ഗൃഹദേഹത്വചിൽപ്രഭാവാ ധാമാന്യത്ര ചതുഷ്പഥേ. 125

സന്നിവേശേ ച സംസ്ഥാനം ലക്ഷ്മ ചിഹ്നപ്രധാനയോഃ
ആച്ഛാദനേ സംവിധാനമപചാരണമിത്യുഭേ. 126

ക്രന്ദനം (ക്ലീ) കരച്ചിലിൻെറയും വിളിയുടെയും പേർ. വർഷ്മ (ക്ലീ) ശരീരത്തിൻെറയും പ്രമാണത്തിൻെറയും പേർ. ധാമ (ക്ലീ) ഗൃഹത്തിൻെറയും ശരീരത്തിൻെറയും രശ്മിയുടെയും പ്രഭാവത്തിൻെറയും പേർ. സംസ്ഥാനം (ക്ലീ) നാലു പെരുവഴികൾ കൂടുന്ന സ്ഥലത്തിൻെറയും സമീപത്തിൻെറ

യും പേർ. ലക്ഷ്മ (ക്ലീ) അടയാളത്തിന്റെയും പ്രധാനത്തിന്റെയും പേർ. ആച്ഛാദനം (ക്ലീ) മറയ്ക്കുക എന്നതിന്റെയും വസ്ത്രാദികൾകൊണ്ടു മൂടുക എന്നതിന്റെയും പേർ.

ആരാധനം സാധനേ സ്യാദനാപ്പൈ തോഷണേപി ച
അധിഷ്ഠാനം ചക്രപുരപ്രഭാവാധ്യാസനേഷ്വപി 127

ആരാധനം (ക്ലീ) നിർമ്മാണത്തിന്റെയും പ്രാപിയുടെയും സന്തോഷിപ്പിക്ക എന്നതിന്റെയും പേർ. അധിഷ്ഠാനം (ക്ലീ) ചക്രത്തിന്റെയും നഗരത്തിന്റെയും പ്രഭാവത്തിന്റെയും ആക്രമിയ്ക്ക എന്നതിന്റെയും പേർ.

രത്നം സജാതിശ്രേഷ്ഠേപി വനേ സലിലകാനനേ
തലിനം വിരളേ സ്തോകേ വാച്യുലിംഗം തഥോത്തരേ 128

രത്നം (ക്ലീ) സജാതിശ്രേഷ്ഠമായിട്ടുള്ളതിന്റെയും പദ്മരാഗമരതകാദികളുടെയും പേർ. വനം (ക്ലീ) ജലത്തിന്റെയും കാടിന്റെയും പേർ. തലിനം (ക്ലീ) അന്തരത്തോട്ടകൂടിയതിന്റെയും അല്പമായുള്ളതിന്റെയും പേർ. മേല്പറഞ്ഞ അർത്ഥങ്ങളിൽ തലിനശബ്ദവും ഇനിപ്പറവാൻ പോകുന്ന നാന്തശബ്ദങ്ങളും വിശേഷ്യനിഘ്നങ്ങളാകയാൽ മൂന്നു ലിംഗത്തോട്ടം കൂടിയതുകളാകുന്നു.

സമാനാസ്സദൃശൈകേ സ്യുഃ പിശുനൌ ഖലസൂചകൌ
ഹീനന്യൂനാവമഗർഹ്യൌ വേഗിഷ്ടരൌ തരസ്വിനൌ 129

സമാനഃ—സജ്ജനത്തിന്റെയും സദൃശന്റെയും ഏകന്റെയും പേർ. പിശുനഃ—ദുർജ്ജനത്തിന്റെയും ഏഷണിക്കാരന്റെയും പേർ. ഹീനഃ ന്യൂനഃ—വഃ അല്പനായിരിക്കുന്നവന്റെയും നിന്ദ്യനായിരിയ്ക്കുന്നവന്റെയും പേർ. തരസ്വീ വേഗമുള്ളവന്റെയും ശൂരന്റെയും പേർ.

അഭിപന്നോ ചരാദ്ധോപി ഗ്രസ്തവ്യാപൽഗതാവപി

അഭിപന്നഃ—അപരാധത്തെ ചെയ്യുവന്റെയും ശത്രുവിനാൽ ആക്രമിക്കപ്പെട്ടവന്റെയും ആപത്തിൽ അകപ്പെട്ടവന്റെയും പേർ.

പാന്ഥഃ

കലാപോ ഭൂഷണേ ബർഹേ തൂണീരേ സംഹതാവപി. 130

കലാപഃ (നാ) ആഭരണത്തിന്റെയും മയിൽപീലിയുടെയും ആവനാഴിയുടെയും സമൂഹത്തിന്റെയും പേർ.

പരിപ്ലവേ പരീവാപഃ പയ്യപ്പൈ സലിലസ്ഥിതൌ
ഗോധൂമോഷുപതിർഗ്രാമൌ ഹരവിഷ്ണൂ വൃഷാകപി 131

പരീവാപഃ (നാ) കൂടാരം മുതലായ ഉപകരണത്തിന്റെയും എല്ലാ ടവുമുള്ള വിത്തിന്റെ വിതയുടെയും ജലസ്ഥാനത്തിന്റെയും പേർ. ഗോപഃ (നാ) പശുപാലന്റെയും തൊഴുത്തുവിചാരിപ്പുകാരന്റെയും പേർ. വൃഷാകപിഃ (നാ) ശിവന്റെയും വിഷ്ണുവിന്റെയും പേർ.

ബാഷ്പഉഷ്മാശ്രു കശിപു തന്നമാച്ഛാദനം ദ്വയം
തല്പം ശയ്യാട്ടദാരേഷു സ്തംബേപി വിടപോസ്ത്രിയാം. 132

ബാഷ്പഃ (നാ) ആവിയുടെയും കണ്ണുനീരിന്റെയും പേർ. കശിപു (ക്ലീ) അന്നത്തിന്റെയും വസ്ത്രത്തിന്റെയും പേർ. തല്പം (ക്ലീ) കിടയ്ക്കയുടെയും മേടയുടെയും ഭാര്യയുടെയും പേർ. വിടപഃ (നാ) നപുംസകമായിട്ടുമാം. പുല്ലുഠറിയുടെയും വിസ്താരത്തിന്റെയും കൊമ്പിന്റെയും പേർ.

പ്രാപൃതുപസൃതുപാഭിതുപാ ബുധമനോജ്ഞയോഃ
ഭേദ്യലിംഗാ അമീ കൃഷ്ണീ വീണാഃഭദശ്ച കച്ഛപീ. 133

പ്രാപൃതുപഃ സൃതുപഃ അഭിതുപഃ ന.ം വിദ്വാന്റെയും സുന്ദരന്റെയും പേർ. മേല്പറഞ്ഞ മൂന്നു ശബ്ദങ്ങളും വിശേഷ്യനിഘ്നങ്ങളാകുന്നു. കച്ഛപീ (സ്ത്രീ) പെണ്ണാമയുടെയും സരസ്വതിയുടെ വീണയുടെയും പേർ.

ഥാന്താഃ

രവർണ്ണേ പുംസി രേഫസ്സ്യാൽ കുത്സിതേ വാച്യലിംഗകഃ
ശിഫാ ശിഖായാം സരിതി മാംസികായാം ച മാതരി. 134

രേഫഃ (നാ) ര എന്ന അക്ഷരത്തിന്റെയും അധമന്റെയും പേർ. അധമന്റെ പേരാകുമ്പോൾ വിശേഷ്യാനുരോധേന മൂന്നു ലിംഗങ്ങളോടുകൂടിയതാകയും ചെയ്യും. ശിഫാ (സ്ത്രീ) കൂട്ടമയുടെയും നദിയുടെയും മാഞ്ചിയുടെയും മാതാവിന്റെയും പേർ.

ശഫം മൂലേ തൃണാം സ്യാദ്ഗവാദീനാം ഖുരേപി ച
ഹ്രംഫസ്സ്യാൽ ഹ്രംഭനേ ബാഹ്വോരലംകാരേ ച കീർത്തിതഃ.

ശഫം (ക്ലീ) വൃക്ഷമൂലത്തിന്റെയും പശ്വാദികളുടെ കളമ്പിന്റെയും പേർ. ഹ്രംഫഃ (നാ) പദബന്ധത്തിന്റെയും ഛന്ദസ്സാലങ്കാരത്തിന്റെയും പേർ. ശിഫാ ശിഖായാമെന്നു തുടങ്ങി പന്ത്രണ്ടു ശ്ലോകം മൂലാന്തർഭൂതമല്ലാം എന്നതു ടീകയിൽ സ്പഷ്ടമാകുന്നു.

ബ്രാന്തഃ

അന്തരാഭവസത്ത്വേചശേ ഗന്ധവ്വോ ദിവ്യഗായകേ
കംബുന്നാ വലയേ ശംഖേ ദചിജിഹ്മേചൗ സപ്പ്സൂചകൌ.

ഗന്ധവ്വഃ (നാ) ദേഹനാശദേഹാന്തപ്രാപ്തികളുടെ മധ്യത്തിങ്കൽ വത്തിക്കുന്ന ജന്തുവിൻെറയും കുതിരയുടെയും ദേവലോകത്തിങ്കൽ പാട്ടുന്ന വരായ വിശ്വാവസു മുതലായവരുടെയും പേർ. കംബുഃ (നാ) വളയുടെയും ശംഖിൻെറയും പേർ. ദചിജിഹ്മഃ (നാ) സപ്പ്ത്തിൻെറയും ചെവിയിൽ മന്ത്രിക്കുന്നവൻെറയും പേർ.

പൂവ്വോന്യലിംഗഃ പ്രാഗാഹ പുംബഹ്വതേപചി പൂവ്വജാൻ

പൂവ്വഃ ത്രിലിംഗമാകുന്നു. കിഴക്കെ ദിക്കിൽ ഭവിച്ചതിൻെറയും ആദിയിൽ ഭവിച്ചതിൻെറയും പേർ. പൂവ്വശബ്ദം പുല്ലിംഗമായും ബഹ്വവചനാന്തമായുമിരുന്നാൽ പിതൃപിതാമഹാദികളെ പഠയുന്നു.

ഭാന്തഃ

കുംഭൌ ഘടേഭമൂദ്ധാനൌ ഡിംഭൌ തു ശിശുബാലിശൌ.

കുംഭഃ (നാ) കുടത്തിൻെറയും ആനയുടെ ശിരസ്സിങ്കലുള്ള മുഴയുടെയും പേർ. ഡിംഭഃ (നാ) ശിശുവിൻെറയും മൂർഖൻെറയും പേർ.

സ്തംഭൌ സ്ഥൂണാജഡീഭാവൌ ശംഭ്രൂ ബ്രഹ്മത്രിലോചനൌ
കക്ഷ്യാഭ്രൂണാർഭകാ ഗർഭാ വിസ്രംഭഃ പ്രണയേപി ച. 138

സ്തംഭഃ (നാ) തൂണിൻെറയും സ്തംഭാവസ്ഥയുടെയും പേർ. ശംഭുഃ (നാ) ബ്രഹ്മാവിൻെറയും ശിവൻെറയും പേർ. ഗർഭഃ (നാ) വയറിൻെറയും ഗർഭസ്ഥജന്തുവിൻെറയും ശിശുവിൻെറയും പേർ. വിസ്രംഭഃ (നാ) ശൃംഗാര പ്രാർത്ഥനയുടെയും വിശ്വാസത്തിൻെറയും പേർ.

സ്യാൽ ഭേര്യാം ദുന്ദുഭിഃ പുംസി സ്യാദക്ഷ്ണി ദുന്ദുഭി സ്ത്രിയാം
സ്യാന്മഹാരജനേ ക്ലീബം കുസുംഭം കരകേ പുമാൻ. 139

ദുന്ദുഭിഃ (നാ) പെരുമ്പറയുടെ പേർ. പകിടക്കരുവിൻെറ പേരാകുമ്പോൾ സ്ത്രീലിംഗമാകയും ചെയ്യും. കുസുംഭം (ക്ലീ) കുസുംഭപുഷ്പത്തിൻെറ പേർ; കിണ്ടിയുടെ പേരാകുമ്പോൾ പുല്ലിംഗമാകയും ചെയ്യും.

ക്ഷത്രിയേപി ച നാഭിന്നാ സുരഭിർഗ്ഗവി ച സ്ത്രിയാം
സഭാ സംസദി സംഘ്യേ ച ത്രിഷ്വധ്യക്ഷേപി വല്ലഭഃ. 140

നാഭിഃ (നാ) ക്ഷത്രിയന്റെയും മുഖ്യനുപന്റെയും പേർ; പൊക്കിളിന്റെ പേരാകുമ്പോൾ സ്ത്രീലിംഗമായിട്ടുമാം. സുരഭിഃ (സ്ത്രീ) പശുവിന്റെ പേർ; വസന്തത്തിന്റെയും ജാതിഫലത്തിന്റെയും ചമ്പകത്തിന്റെയും പേരാകുമ്പോൾ പുല്ലിംഗമായും സൌരഭ്യത്തോടുകൂടിയതിന്റെയും മനോഹരമായുള്ളതിന്റെയും പേരാകുമ്പോൾ വിശേഷ്യവശാൽ ത്രിലിംഗമായും സ്വർണ്ണത്തിന്റെയും താമരപ്പൂവിന്റെയും പേരാകുമ്പോൾ നപുംസകമായും ഭവിക്കും. സഭാ (സ്ത്രീ) സദസ്സിന്റെയും സദസ്സിങ്കൽ വസിക്കുന്നവരുടെയും പേർ. സദസ്സ് = ആസ്ഥാനം. വല്ലഭഃ (നാ) അധികാരപുരുഷന്റെയും ഭർത്താവിന്റെയും ഇഷ്ടവസ്തുവിന്റെയും പേർ.

മാന്താഃ

കിരണപ്രഗ്രഹൌ രശ്മീ കപിഭേകൌ പ്ലവംഗമൌ
ഇച്ഛാമനോഭവൌ കാമൌ ശൌണ്ഡ്യോദ്യോഗൌ പരാക്രമൌ

രശ്മിഃ (നാ) രശ്മിയുടെയും പിടിക്കയറിന്റെയും പേർ. പ്ലവംഗമഃ (നാ) വാനരന്റെയും തവളയുടെയും പേർ. കാമഃ (നാ) ഇച്ഛയുടെയും കാമദേവന്റെയും പേർ. പരാക്രമഃ (നാ) ശൌണ്ഡ്യത്തിന്റെയും ഉത്സാഹത്തിന്റെയും പേർ.

ധർമ്മഃ പുണ്യയമന്യായസഭാവാചാരസോമപാഃ
ഉപായപൂർവ്വ ആരംഭ ഉപധാ ചാപ്യുപക്രമഃ. 142

ധർമ്മഃ (നാ) പുണ്യത്തിന്റെയും അന്തകന്റെയും നീതിയുടെയും സ്വഭാവത്തിന്റെയും ആചാരത്തിന്റെയും സോമയാഗത്തെ ചെയ്യുവന്റെയും പേർ. ഉപക്രമഃ (നാ) ഉപായത്തെ അറിഞ്ഞിട്ടുള്ള ആരംഭത്തിന്റെയും അമാത്യശീലപരീക്ഷയുടെയും ചികിത്സയുടെയും പേർ.

വണിക്പഥഃ പുരം വേദോ നിഗമോ നാഗരോ വണിക്
നൈഗമൌ ദ്വൌ ബലേ രാമോ നീലചാരുസിതേ ത്രിഷു.

നിഗമഃ (നാ) അങ്ങാടിത്തെരുവിന്റെയും പട്ടണത്തിന്റെയും വേദത്തിന്റെയും പേർ. നൈഗമഃ (നാ) പട്ടണത്തിൽ വസിക്കുന്നവന്റെയും കച്ചവടക്കാരന്റെയും പേർ. രാമഃ (നാ) ബലഭദ്രന്റെയും പരശുരാമാദികളുടെയും പേർ; കറുത്ത വസ്തുവിന്റെയും മനോഹരമായ വസ്തുവിന്റെയും വെളുത്ത വസ്തുവിന്റെയും പേരാകുമ്പോൾ ത്രിലിംഗമായി ഭവിക്കുകയും ചെയ്യും.

ശബ്ദാദിപൂർവ്വോ വൃന്ദേപി ഗ്രാമഃ ക്രാന്തൌ ച വിക്രമഃ
സ്തോമഃ സ്തോത്രേ ധ്വജേ വൃന്ദേ ജിഹ്മസ്തു കുടിലേലസേ. 144

ശബ്ദാദിപൂവ്വഃ ഗ്രാമഃ എന്നതിനും ശബ്ദമെന്നു തുടങ്ങിയുള്ള ശബ്ദമാകുന്ന പൂവ്വത്തോട്ടുകൂടിയതായ ഗ്രാമശബ്ദമെന്നത്ഥം. ശബ്ദഗ്രാമഃ ഇത്യാദി. ശബ്ദഗ്രാമഃ (നാ) ശബ്ദസമൂഹത്തിന്റെ പേർ. ഗുണഗ്രാമഃ ഗുണസമൂഹത്തിന്റെ പേർ. ഇങ്ങനെ മറ്റുള്ളതുകളുടെ അത്ഥത്തെയും ഊഹിച്ചുകൊൾക. ശബ്ദാദിപൂവ്വമാക്കാതെ ഗ്രാമഃ എന്നു തന്നെ പ്രയോഗിച്ചാൽ ആയതു് ഊരിന്റെയും ഷഡ്ജാദിസ്വരസമൂഹത്തിന്റെയും പേരായി ഭവിക്കും. വിക്രമഃ (നാ) ആക്രമണത്തിന്റെയും പരാക്രമത്തിന്റെയും പേർ. സ്തോമഃ (നാ) സ്തോത്രത്തിന്റെയും യാഗത്തിന്റെയും സമൂഹത്തിന്റെയും പേർ. ജിഹ്മഃ (നാ) വളവുള്ളവന്റെയും അലസന്റെയും പേർ.

ഉഷ്ണേപി ഘർമ്മശ്ചേഷ്ടാലംകാരേ ഭ്രാന്തൌ ച വിഭ്രമഃ
ഹൃല്ലാ രുകസ്തംബസേനാശ്ച ജാമിഃ സ്വസ്രകുലസ്ത്രിയോഃ 145

ഘർമ്മഃ (നാ) ഉഷ്ണത്തിന്റെയും വിയപ്പിന്റെയും പേർ. വിഭ്രമഃ (നാ) ഭാവത്തിന്റെയും ഭ്രാന്തിയുടെയും ശോഭയുടെയും പേർ. ഹൃൽമഃ (നാ) രോഗവിശേഷത്തിന്റെയും പുല്ലൂറിയുടെയും സേനാവിശേഷത്തിന്റെയും പേർ. ജാമിഃ (സ്ത്രീ) സഹോദരിയുടെയും കുലസ്ത്രീയുടെയും പേർ.

ക്ഷിതിക്ഷാന്ത്യോഃ ക്ഷമാ യുക്തേ ക്ഷമം ശക്തേ ഹിതേ (ത്രിഷു
ത്രിഷു ശ്യാമൌ ഹരൽകൃഷ്ണൌ ശ്യാമാ സ്യാച്ഛാരിബാ നിശാ

ക്ഷമാ (സ്ത്രീ) ഭൂമിയുടെയും ക്ഷമയുടെയും പേർ. ക്ഷമം (ക്ലീ) ക്ഷമയുടെ പേർ; ശക്തിയോടുകൂടിയതിന്റെയും ഹിതമായിട്ടുള്ളതിന്റെയും പേരായാൽ ത്രിലിംഗമാകയും ചെയ്യും. ശ്യാമഃ ത്രിലിംഗമാകുന്നു. പച്ചനിറത്തിലുള്ള വസ്തുവിന്റെയും കറുത്ത വസ്തുവിന്റെയും പേർ. ശ്യാമാ (സ്ത്രീ) നന്നാറിയുടെയും രാത്രിയുടെയും പേർ.

ലലാമം പുച്ഛപുണ്ഡ്രാശ്വഭ്രഷ്ടാപ്രാധാന്യകേതുഷു
സൂക്ഷ്മമധ്യാത്മമവ്യാപ്തൌ പ്രധാനേ പ്രഥമം ത്രിഷു. 147

ലലാമം (ക്ലീ) ലലാമ എന്നു് അകാരാന്തമായിട്ടുമാം. വാലിന്റെയും അശ്വാദികളുടെ നെറ്റിയിൽ ഉണ്ടാകുന്ന ചിത്രത്തിന്റെയും കുതിരയുടെയും കുതിരയുടെ ആഭരണത്തിന്റെയും പ്രധാനമായിട്ടുള്ളതിന്റെയും കൊടിമരത്തിന്റെയും പേർ. സൂക്ഷ്മം (ക്ലീ) ലിംഗദേഹത്തിന്റെയും കൈതവത്തിന്റെയും പേർ. പ്രഥമം—ആദിയുടെയും പ്രധാനത്തിന്റെയും പേർ. ത്രിലിംഗമാകുന്നു.

വാമൌ വൽഗുപ്രതീപൌ ദ്വാവധമൌ ന്യൂനകുത്സിതൌ
ജീർണ്ണം ച പരിഭുക്തം ച യാതയാമമിദം ദ്വയം. 148

വാമഃ—തൃഷ്ണ എന്നതിന്റെം സംബന്ധം ഇവിടെയുമുണ്ടാകയാൽ വാമാദിശബ്ദങ്ങളും തൃഷ്ണിംഗങ്ങളാകുന്നു എന്നു് അറിഞ്ഞുകൊൾക. മനോഹരമായുള്ളതിന്റെംയും പ്രതികൂലമായുള്ളതിന്റെംയും പേർ. അധമഃ—കീഴുള്ളതിന്റെംയും നിന്ദ്യമായുള്ളതിന്റെംയും പേർ. യാതയാമം—പഴകിയതിന്റെംയും അനുഭവിക്കപ്പെട്ടതിന്റെംയും പേർ.

യാന്താഃ

തുരംഗഗരുഡൌ താക്ഷ്യൌ നിലയാപചയൌ ക്ഷയൌ
ശപത്നശ്വശുരൌ ദേവരസ്യാലൌ ഭ്രാതൃവ്യൌ ഭ്രാതൃജദ്വിഷൌ.

താർക്ഷ്യഃ (നാ) കുതിരയുടെയും ഗരുഡന്റെംയും പേർ. ക്ഷയഃ (നാ) ഗൃഹത്തിന്റെംയും ഹ്രാസത്തിന്റെംയും പേർ. ഹ്രാസം=വൽനതത്തിനു വിപരീതമായ പദാർത്ഥം. ശപത്നശ്വശുരൌ (നാ) ഭർത്താവിന്റെം സഹോദരന്റെംയും ഭാര്യയുടെ സഹോദരന്റെംയും പേർ. ഭ്രാതൃവ്യൌ (നാ) ഭ്രാതൃപുത്രന്റെംയും ശത്രുവിന്റെംയും പേർ.

പർജ്ജന്യൌ രസദബ്ദേന്ദ്രൌ സ്യാദ്യൈഃ സ്വാമിവൈശ്യയോഃ
തിഷ്യൃഃ പുഷ്യേ കലിയുഗേ പയ്യായോവസരേ ക്രമേ. 150

പർജ്ജന്യഃ (നാ) ശബ്ദിക്കുന്ന മേഘത്തിന്റെംയും ഇന്ദ്രന്റെംയും പേർ. അര്യഃ (നാ) പ്രഭുവിന്റെംയും വൈശ്യന്റെംയും പേർ. തിഷ്യഃ (നാ) പുഷ്യനക്ഷത്രത്തിന്റെംയും കലിയുഗത്തിന്റെംയും പേർ. പയ്യായഃ (നാ) അവസരത്തിന്റെംയും ക്രമത്തിന്റെംയും പേർ.

പ്രത്യയോധീനശപഥജ്ഞാനവിശ്വാസഹേതുഷു
രസ്യേ ശബ്ദേഥാനുശയോ ദീർഘദ്വേഷാനുതാപയോഃ. 151

പ്രത്യയഃ (നാ) അധീനമായ വസ്തുവിന്റെംയും ശപഥത്തിന്റെംയും ജ്ഞാനത്തിന്റെംയും വിശ്വാസത്തിന്റെംയും ഹേതുവിന്റെംയും പഴുതിന്റെംയും ശബ്ദവിശേഷത്തിന്റെംയും പേർ. അനുശയഃ (നാ) ദീർഘദ്വേഷത്തിന്റെംയും പശ്ചാത്താപത്തിന്റെംയും പേർ.

സ്ഥൂലോച്ചയസ്ഥപസാകല്യേ നാഗാനാം മധ്യമേ ഗതേ
സമയാശ്ശപഥാചാരകാലസിദ്ധാന്തസംവിദഃ. 152

സ്ഥൂലോച്ചയഃ (നാ) തികയായ്മയുടെയും ഗജങ്ങളുടെ മധ്യമഗതിയുടെയും പേർ. സമയഃ (നാ) ശപഥത്തിന്റെംയും ആചാരത്തിന്റെംയും കാലത്തിന്റെംയും സിദ്ധാന്തത്തിന്റെംയും സംഭാഷണത്തിന്റെംയും പേർ.

വ്യസനാന്യശുഭം ദൈവം വിപദിത്യനയാസ്സ്യയഃ
അത്യയോതിക്രമേ കൃച്ഛ്രേ ദോഷേ ദണ്ഡേപ്യഥാപദി 153
യദ്ധായത്യോസ്സാംപരായഃ പൂജ്യസ്തു ശത്രുരേപി ച
പശ്ചാദവസ്ഥായിബലം സമവായശ്ച സന്നയഃ 154

അനയഃ (നാ) മൃഗയാദ്യുതാദികളായ സപ്തവ്യസനങ്ങളുടെയും പ്രാക്ജന്മകൃതമായ അശുഭകർമ്മത്തിന്റെയും ആപത്തിന്റെയും പേർ. അത്യയഃ (നാ) അതിക്രമത്തിന്റെയും ദുഃഖത്തിന്റെയും ദോഷത്തിന്റെയും ദണ്ഡത്തിന്റെയും നാശത്തിന്റെയും പേർ. സാംപരായഃ (നാ) യുദ്ധത്തിന്റെയും ഉത്തരകാലത്തിന്റെയും പേർ. പൂജ്യഃ (നാ) ശത്രുരന്റെയും പൂജിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നവന്റെയും പേർ. ഭാര്യയുടെ അച്ഛനും ഭർത്താവിന്റെ അച്ഛനും ശത്രുരനാകുന്നു. സന്നയഃ (നാ) പൃഷ്ഠഭാഗത്തിങ്കൽ നില്ക്കുന്ന സൈന്യത്തിന്റെയും സമൂഹത്തിന്റെയും പേർ.

സംഘാതേ സന്നിവേശേ ച സംസ്ത്യായഃ പ്രണയാസ്ത്രപാ
വിസ്രംഭയാച്ഞാപ്രേമാണോ വിരോധേപി സമുച്ഛ്രയഃ 155

സംസ്ത്യായഃ (നാ) സമൂഹത്തിന്റെയും വെളിമ്പറമ്പിന്റെയും വിസ്താരത്തിന്റെയും പേർ. പ്രണയഃ (നാ) വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും പേർ. സമുച്ഛ്രയഃ (നാ) വിരോധത്തിന്റെയും ഉയരത്തിന്റെയും പേർ.

വിഷയോ യസ്യ യോ ജ്ഞാതസ്തത്ര ശബ്ദാദികേഷ്വപി
നിയ്യാസേപി കഷായോസ്ത്രീ സഭായാം ച പ്രതിശ്രയഃ 156

വിഷയഃ (നാ) യാവനൊരുത്തനാൽ യാതൊന്നു നിത്യമായി സേവിക്കപ്പെടുന്നുവോ, അവന്റെ സംബന്ധിയായ അതിന്റെയും ശബ്ദസ്പർശരസഗന്ധങ്ങളുടെയും പേർ. ആദ്യത്തിന്റെ ഉദാഹരണം: മത്സ്യസ്യ വിഷയോ ജലമിത്യാദി. കഷായഃ (നാ) കഷായരസത്തിന്റെയും രസവിശേഷത്തിന്റെയും പേർ. പ്രതിശ്രയഃ (നാ) സഭയുടെയും ആശ്രയത്തിന്റെയും പേർ.

പ്രായോ ഭ്രൂണ്യന്തഗമനേ മന്യുർദ്വൈന്യേ ക്രതൌ ക്രുധി
രഹസ്യുപസ്ഥയോർഗുഹ്യം സത്യം ശപഥതഥ്യയോഃ 157

പ്രായഃ (നാ) ബാഹുല്യത്തിന്റെയും മരണാർത്ഥമായ അനശനത്തിന്റെയും പേർ. മന്യുഃ (നാ) ദൈന്യത്തിന്റെയും യാഗത്തിന്റെയും കോപത്തിന്റെയും പേർ. ഗുഹ്യം (ക്ലീ) ഗോപ്യമായ വസ്തുവിന്റെയും ലിംഗയോനികളുടെയും പേർ. സത്യം (ക്ലീ) ശപഥത്തിന്റെയും സമ്യഗ്വചനത്തിന്റെയും പേർ.

വീര്യം ബലേ പ്രഭാവേ ച ദ്രവ്യം ഭവ്യേ ഗുണാശ്രയേ
ധിഷ്ണ്യം സ്ഥാനേ ഗൃഹേ രേഫൌ ഭാഗ്യം കർമ്മ ശുഭാശുഭം.

വീര്യം (ക്ലീ) ബലത്തിൻെറയും പ്രഭാവത്തിൻെറയും പേർ. ദ്രവ്യം (ക്ലീ) സത്തയത്തിൻെറയും പൃഥിവ്യാദികളുടെയും ധനത്തിൻെറയും പേർ. ധിഷ്ണ്യം (ക്ലീ) സ്ഥാനത്തിൻെറയും ഗൃഹത്തിൻെറയും നക്ഷത്രത്തിൻെറയും അഗ്നിയുടെയും പേർ. ഭാഗ്യം (ക്ലീ) ശുഭമായ കർമ്മത്തിൻെറയും അശുഭമായ കർമ്മത്തിൻെറയും പേർ. മേല്പറഞ്ഞ കർമ്മങ്ങൾ ജന്മാന്തരകൃതങ്ങളായിരിക്കുകയും വേണം.

കശേരുരേഫോന്മോഗ്ര്യാംഗേയം വിശല്യാ ദന്തികാപി ച
വൃഷാകപായീ ശ്രീഗൌര്യോരഭിഖ്യാ നാമശോഭയോഃ 159

ഗാംഗേയം (ക്ലീ) കഴിമുത്തങ്ങയുടെയും സ്വർണ്ണത്തിൻെറയും പേർ. വിശല്യാ (സ്ത്രീ) നാഗദന്തിയുടെയും മേതോന്നിയുടെയും ചിറ്റാമൃതിൻെറയും പേർ. വൃഷാകപായീ (സ്ത്രീ) ശ്രീഭഗവതിയുടെയും ശ്രീപാർവ്വതിയുടെയും പേർ. അഭിഖ്യാ (സ്ത്രീ) നാമത്തിൻെറയും ശോഭയുടെയും പേർ.

ആരംഭോ നിഷ്ഠതിർഗ്ഗിക്ഷാ പൂജനം സംപ്രധാരണം
ഉപായഃ കർമ്മ ചേഷ്ടാ ച ചികിത്സാ ച നവ ക്രിയാഃ 160

ക്രിയാ (സ്ത്രീ) ആരംഭത്തിൻെറയും പ്രായശ്ചിത്തത്തിൻെറയും ശിക്ഷയുടെയും പൂജയുടെയും വിചാരത്തിൻെറയും ഉപായത്തിൻെറയും കർമ്മത്തിൻെറയും ചേഷ്ടയുടെയും ചികിത്സയുടെയും പേർ.

ഛായാ സൂര്യപ്രിയാ കാന്തിഃ പ്രതിബിംബമനാതപഃ
കക്ഷ്യാ പ്രകോഷ്ഠേ ഹർമ്മ്യാദേഃ കാഞ്ച്യാം മധ്യേഭബന്ധനേ.

ഛായാ (സ്ത്രീ) ആദിത്യൻെറ ഭാര്യയുടെയും ശോഭയുടെയും പ്രതിബിംബത്തിൻെറയും നിഴലിൻെറയും പേർ. കക്ഷ്യാ (സ്ത്രീ) രാജഗൃഹം മുതലായതിൻെറ അന്തർഗൃഹത്തിൻെറയും അരഞ്ഞാണിൻെറയും ആനയുടെ കച്ചക്കയറിൻെറയും പേർ.

കൃത്യാ ക്രിയാഭേദയോസ്ത്രീഷു ഭേദ്യേ ധനാദിഭിഃ
ജന്യം സ്യാജ്ജനവാദേപി ജഘന്യോന്ത്യേധമേപി ച 162

കൃത്യാ (സ്ത്രീ) കർമ്മത്തിൻെറയും ഭേദതാവിശേഷത്തിൻെറയും പേർ. ധനം മുതലായതുകൊണ്ടു ഭേദിക്കപ്പെട്ടുവാൻ കഴിവുള്ളവരായ ശത്രു സഹായജനാദികളുടെ പേരാകുമ്പോൾ ത്രിലിംഗമായിരിക്കുവിക്കും. ജന്യം (ക്ലീ) ജനവാദത്തിൻെറയും യുദ്ധത്തിൻെറയും പേർ. ജഘന്യഃ (നാ) ഒടുക്കം ജനിച്ചവൻെറയും അധമൻെറയും പുരുഷലിംഗത്തിൻെറയും പേർ.

പുരുഷലിംഗത്തിന്റെ പേരാകുമ്പോൾ നപുംസകമാകുന്നു എന്നും ശേഷങ്ങളുടെ പേരാകുമ്പോൾ വിശേഷ്യനിഘ്നമാകുന്നു എന്നും ധരിച്ചുകൊൾക.

ഗഹ്യാഹീനൈ ച വക്തവ്യൈ കല്യൈ സജ്ജനിരാമയൈ
ആത്മവാനനപേതോത്ഥാനത്ഥ്യൈ പുണ്യം തു ചാവ്യപവി

വക്തവ്യഃ—നിന്ദിയ്ക്കപ്പെടുവാൻ യോഗ്യനായവന്റെയും പറയപ്പെടുവാൻ യോഗ്യനായവന്റെയും പേർ. വക്തവ്യശബ്ദം ത്രിലിംഗമാകുന്നു. കല്യഃ — ഉപകരണങ്ങളോടുകൂടിയവന്റെയും രോഗമില്ലാത്തവന്റെയും പേർ. കല്യശബ്ദം ത്രിലിംഗമാകുന്നു. അത്ഥ്യഃ—ബുദ്ധിമാനായവന്റെയും അത്ഥത്തിങ്കൽനിന്നു് അപായത്തെ പ്രാപിയ്ക്കാത്തവന്റെയും പേർ. അത്ഥ്യശബ്ദം ത്രിലിംഗമാകുന്നു. പുണ്യം—മനോഹരമായ വസ്തുവിന്റെയും സുകൃതത്തിന്റെയും പേർ. ആദ്യമായ അത്ഥത്തിൽ ത്രിലിംഗമാകുന്നു എന്നും രണ്ടാമത്തെ അത്ഥത്തിൽ നപുംസകമാകുന്നു എന്നും ധരിച്ചുകൊൾക.

ശ്രവ്യം പ്രശസ്തശ്രുതൗ പവി വദാന്യോ വൽഗ്വവാഗപി
ന്യായേപവീ മധ്യം സൌമ്യം തു സുന്ദരേ സോമദൈവതേ

ശ്രവ്യം—നല്ല ശ്രവത്തോടുകൂടിയതിന്റെയും വെള്ളിയുടെയും പേർ. നല്ല ശ്രവത്തോടുകൂടിയതിനെ പറയുമ്പോൾ ത്രിലിംഗമായിട്ടുവിക്കുമെന്നും വെള്ളിയെ പറയുമ്പോൾ നപുംസകംതന്നെ എന്നും ധരിച്ചുകൊൾക. വദാന്യഃ (ത്രി) വേണ്ടുംപ്രകാരം പറയുന്നവന്റെയും ദാനശീലന്റെയും പേർ. മധ്യം (ത്രി) ഉചിതമായിരിക്കുന്നതിന്റെ പേർ. മധ്യപ്രദേശത്തിന്റെ പേരാകിൽ നപുംസകമായിട്ടും പുല്ലിംഗമായിട്ടും പ്രയോഗിക്കാം. സൌമ്യം (ത്രി) സുന്ദരമായ വസ്തുവിന്റെയും സോമനാകുന്ന ദേവതയോടുകൂടിയ ഹവിസ്സു മുതലായതിന്റെയും പേർ.

രാന്താഃ

നിവഹാവസരൈ വാരൈ സംസ്തരൈ പ്രസ്തരാധ്വരൈ
ഹ്രസ്തു ഗീഷ്പതിപിത്രാദ്യൈ ദ്വാപരൈ യുഗസംശയൈ 165

വാരഃ (നാ) സമൂഹത്തിന്റെയും അവസരത്തിന്റെയും പേർ. സംസ്തരഃ (നാ) ദർഭമുഷ്ടിയുടെയും ദർഭശയ്യയുടെയും യാഗത്തിന്റെയും പേർ. ഹ്രസ്തഃ (നാ) ബൃഹസ്പതിയുടെയും പിതാവിന്റെയും ശാസ്ത്രാധ്യയനത്തെ ചെയ്യിച്ചവന്റെയും പേർ. ദ്വാപരഃ (നാ) യുഗവിശേഷത്തിന്റെയും സംശയത്തിന്റെയും പേർ.

പ്രകാരൈ ഭേദസാദൃശ്യേ ത്വകാരാവിംഗിതാകൃതീ
കിംശാസ്ത്രു സസ്യസ്തുകേഷു മത്രു ധനാധരാധരൈ 166

പ്രകാരഃ (നാ) ഭേദത്തിൻെറയും സാദൃശ്യത്തിൻെറയും പേർ. ആകാരഃ (നാ) ചേഷ്ടയുടെയും ആകൃതിയുടെയും പേർ. കിംശാരുഃ (നാ) സസ്യശ്രേകത്തിൻെറയും ശരത്തിൻെറയും പേർ. മരുഃ (നാ) നിർജ്ജലഭൂമിയുടെയും പർവ്വതത്തിൻെറയും പേർ.

അദ്രയോ ദ്രുമശൈലാർക്കാഃ സ്ത്രീസ്തനാബ്ദൌ പയോധരൌ
ധ്വാന്തചാരിദിനവാ വൃത്രാ ബലിഹസ്താംശവഃ കരാഃ 167

അദ്രിഃ (നാ) വൃക്ഷത്തിൻെറയും പർവ്വതത്തിൻെറയും ആദിത്യൻെറയും പേർ. പയോധരഃ (നാ) സ്ത്രീകളുടെ മുലയുടെയും മേഘത്തിൻെറയും പേർ. വൃത്രഃ (നാ) ഇരുട്ടിൻെറയും ശത്രുവിൻെറയും വൃത്രനെന്ന അസുരൻെറയും പേർ. കരഃ (നാ) കപ്പത്തിൻെറയും കയ്യിൻെറയും രശ്മിയുടെയും പേർ.

പ്രദരാ ഭംഗനാരീരുഗ്ഭാണാ അസ്രാഃ കചാ അപി
അജാതശ്മശ്രുഗോ ഗൌഃ കാലേപ്യശ്മശ്രുന്നാ ച തുമ്പരൌ

പ്രദരഃ (നാ) ഒടിവിൻെറയും അസ്ഥിരോഗമെന്ന രോഗത്തിൻെറയും ശരത്തിൻെറയും പേർ. അസ്രഃ (നാ) തലമുടിയുടെയും കോണിൻെറയും പേർ. നപുംസകമായാൽ ചോരയുടെയും കണ്ണുനീരിൻെറയും പേർ. തുമ്പരഃ (നാ) കൊമ്പുണ്ടാകുവാൻ തക്കതായ കാലം വന്നിട്ടും കൊമ്പു വരാത്ത കാളയുടെയും മീശയുണ്ടാകുവാൻ തക്കതായ കാലം വന്നിട്ടും മീശയില്ലാത്ത പുരുഷൻെറയും പേർ.

സപർണ്ണോപി രാഃ പരികരഃ പര്യങ്കപരിവാരയോഃ
മുക്താശുക്തൌ ച താരഃ സ്യാച്ഛാരോ വായൌ സ തു ത്രിഷു
കുമ്പുരേഫ പ്രതിജ്ഞാജി.സംവിദാപൽസു സംഗരഃ
വേദഭേദേ ഗുപ്തവാദേ മന്ത്രോ മിത്രോ രവാവപി. 170

രാഃ (നാ) സമ്പത്തിൻെറയും ധനത്തിൻെറയും പേർ. പരികരഃ (നാ) കട്ടിലിൻെറയും പരിവാരജനത്തിൻെറയും പേർ. താരഃ (നാ) മുത്തിൻെറ നിർമ്മലതയുടെയും തരണത്തിൻെറയും ശുദ്ധിയുള്ള മുത്തിൻെറയും പേർ. സ്ത്രീലിംഗമായാൽ അശ്വിന്യാദി നക്ഷത്രങ്ങളുടെയും നപുംസകമായാൽ വെള്ളിയുടെയും വിശേഷ്യാധീനമായിട്ട് അതൃച്ചമായ ശബ്ദത്തിൻെറയും പേർ. ശാരഃ (നാ) വായുവിൻെറ പേർ; ചിത്രവർണ്ണത്തിൻെറ പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. സംഗരഃ (നാ) പ്രതിജ്ഞയുടെയും യുദ്ധത്തിൻെറയും കർമ്മനിയമത്തിൻെറയും ആപത്തിൻെറയും പേർ. മന്ത്രഃ (നാ) വേദവിശേഷത്തിൻെറയും രഹസ്യസംഭാഷണത്തിൻെറയും പേർ. മിത്രഃ (നാ) ആദിത്യൻെറ പേർ. നപുംസകരായാൽ സഖിയുടെ പേരാകയും ചെയ്യും.

മഖേഷു യൂപഖണ്ഡേഷു സ്രുഗ്ഭാണ്ഡേഷ്വപ്യവസ്കരഃ
ആഡംബരസ്ത്വംരവേ ഗജേന്ദ്രാണാം ച ഗജ്ജിതേ. 171

സ്രുഗ് (നാ) യാഗത്തിൻെറയും ശരത്തിൻെറയും യൂപഖണ്ഡത്തിൻെറയും പേർ. യൂപഖണ്ഡം=യൂപത്തിൻെറ ഖണ്ഡം. യൂപം=യജ്ഞസ്തംഭം. അവസ്കരഃ (നാ) ഉഛ്യപ്രദേശത്തിൻെറയും വിഷ്ടയുടെയും പേർ. ആഡംബരഃ (നാ) പെരിമ്പറയുടെ ശബ്ദത്തിൻെറയും ഗജങ്ങളുടെ ശബ്ദത്തിൻെറയും പേർ.

അഭിഹാരോഭിയോഗേ ച ചൌര്യേ സന്നഹനേപി ച
സ്യാജ്ജംഗമേ പരിവാരഃ ഖഡ്ഗകോശേ പരിച്ഛദേ. 172

അഭിഹാരഃ (നാ) നേരെ ചെന്ന് ആക്രമിക്ക എന്നതിൻെറയും മോഷണത്തിൻെറയും കവചബന്ധനം മുതലായതിൻെറയും പേർ. പരിവാരഃ (നാ) ഗമിക്കുന്ന ജന്തുക്കളുടെയും വാളിൻെറ ഉറയുടെയും ഉപകരണത്തിൻെറയും പേർ.

വിഷ്ടരോ വിടപീ ദർഭമുഷ്ടിഃ പീഠാദ്യമാസനം
ദ്വാരി ദ്വാസ്ഥേ പ്രതീഹാരഃ പ്രതീഹ്യപ്യനന്തരേ 173

വിഷ്ടരഃ (നാ) വൃക്ഷത്തിൻെറയും ദർഭമുഷ്ടിയുടെയും പീഠം മുതലായ ആസനത്തിൻെറയും പേർ. പ്രതീഹാരഃ (നാ) ദ്വാരത്തിൻെറയും ദ്വാരപാലൻെറയും പേർ. പ്രതീഹാരീ (സ്ത്രീ) ദ്വാരപാലൻെറ പേർ. നിയതലിംഗമാകയാൽ പുരുഷനെ പറയുന്നതായാലും സ്ത്രീലിംഗംതന്നെ എന്നു ഗ്രഹിച്ചുകൊൾക.

വിപുലേ നകുലേ വിഷ്ണൌ ഭൃംഗാ പിംഗലേ ത്രിഷു
സാരോ ബലേ സ്ഥിരാംശേ ച ന്യായ്യേ ക്ലീബം വരേ ത്രിഷു

ഭൃംഗഃ (നാ) തടിച്ച കീരിയുടെയും വിഷ്ണുവിൻെറയും പേർ; പിംഗലവർണ്ണത്തോടുകൂടിയതിൻെറ പേരാകമ്പോൾ ത്രിലിംഗമാകയും ചെയ്യും. സാരഃ (നാ) ബലത്തിൻെറയും സ്ഥിരാംശത്തിൻെറയും പേർ. നപുംസകമായാൽ യുക്തത്തിൻെറ പേർ. ശ്രേഷ്ഠവസ്തുവിൻെറ പേരായാൽ ത്രിലിംഗമാകയും ചെയ്യും.

ദരോദരോ മൃതകാരേ ഛണേ മൃതേ ദരോദരം
മഹാരണ്യേ ദുർഗ്ഗപഥേ കാന്താരം പുന്നപുംസകം. 175

ദരോദരഃ (നാ) ചൂതുകളിക്കുന്നവൻെറയും പണയത്തിൻെറയും പേർ. ചൂതിൻെറ പേരാകിൽ നപുംസകമാകയും ചെയ്യും. കാന്താരം (ക്ലീ) പുല്ലിംഗമായിട്ടുമാം. വൻകാടിൻെറയും നടന്നുകൂടാത്ത വഴിയുടെയും പേർ.

മത്സരോന്യശ്രുഭദ്വേഷേ തദ്വൽ കൃപണയോസ്ത്രീഷു
ദേവാദ്ധ്വതേ വരഃ ശ്രേഷ്ഠേ ത്രിഷു ക്ലീബം മനാക്പ്രിയേ. 176

മത്സരഃ (നാ) അന്യസമ്പത്തിങ്കലുള്ള ദ്വേഷത്തിന്റെ പേർ. അന്യസമ്പത്തിങ്കൽ ദ്വേഷമുള്ളവന്റെയും ലുബ്ധന്റെയും പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും. വരഃ (നാ) ദേവങ്കൽനിന്നു തന്റെ അപേക്ഷമൂലമായി ലഭിക്കപ്പെട്ട വസ്തുവിന്റെ പേർ. ശ്രേഷ്ഠവസ്തുവിന്റെ പേരാകുമ്പോൾ ത്രിലിംഗമായിട്ടും ഈഷൽപ്രിയമായതിന്റെ പേരാകുമ്പോൾ നപുംസകമായിട്ടും ഭവിക്കും.

വംശാംകുരേ കരീരോസ്ത്രീ തരുഭേദേ ഘടേ ച നാ
നാ ചാമുജ്ഘനേ ഹസ്തസൂത്രേ പ്രതിസരോസ്ത്രിയാം. 177

കരീരഃ (നാ) നപുംസകമായിട്ടുമാം. മുളയുടെ ആണ്ടലിന്റെ പേർ. പുല്ലിംഗംതന്നെയായാൽ കുവളത്തിന്റെയും കടത്തിന്റെയും പേർ. പ്രതിസരഃ (നാ) സേനയുടെ പിൻഭാഗത്തിന്റെയും മംഗലകർമ്മത്തിങ്കൽ മന്ത്രപൂവ്വകമായി കയ്യിന്മേൽ കെട്ടുന്ന ചരടിന്റെയും പേർ; മേൽപ്രകാരമുള്ള ചരടിന്റെ പേരാകുമ്പോൾ നപുംസകമായിട്ടുമാം.

യമാനിലേന്ദ്രചന്ദ്രാർക്കവിഷ്ണുസിംഹാംശുവാജിഷു
ശുകാഹികപിഭേകേഷു ഹരിന്നാ കപിലേ ത്രിഷു. 178

ഹരിഃ (നാ) അന്തകന്റെയും വായുവിന്റെയും ഇന്ദ്രന്റെയും ആദിത്യന്റെയും വിഷ്ണുവിന്റെയും സിംഹത്തിന്റെയും രശ്മിയുടെയും കുതിരയുടെയും കുരങ്ങയുടെയും സർപ്പത്തിന്റെയും വാനരന്റെയും തവളയുടെയും പേർ. കപിലവർണ്ണമായ വസ്തുവിന്റെ പേരാകുമ്പോൾ ത്രിലിംഗമാകയും ചെയ്യും.

ശർക്കരാ കർപ്പരാംശേപി യാത്രാ സ്യാദ്യാപനേ ഗതൌ
ഇരാ ഭൂവാക്സുരാപ്സു സ്യാത്തന്ത്രീ നിദ്രാപ്രമീളയോഃ 179

ശർക്കരാ (സ്ത്രീ) ഓടിൻതരുക്കിന്റെയും പഞ്ചസാര ചരൽ ഇത്യാദികളുടെയും പേർ. യാത്രാ (സ്ത്രീ) ഭോജനം മുതലായ ദേഹയാപനവസ്തുക്കളുടെയും ഗമനത്തിന്റെയും പേർ. ഇരാ (സ്ത്രീ) ഭൂമിയുടെയും വാക്കിന്റെയും മദ്യത്തിന്റെയും ജലത്തിന്റെയും പേർ. തന്ത്രീ (സ്ത്രീ) ഉറക്കത്തിന്റെയും മടിയുടെയും പേർ. തന്ത്രാ എന്നും പാഠമുണ്ട്.

ധാത്രീ സ്യാദുപമാതാപി ക്ഷിതിരപ്യാമലക്യപി
ക്ഷുദ്രാ വ്യംഗാ നടീ വേശ്യാ സരഘാ കണ്ടകാരികാ. 180

ധാത്രീ (സ്ത്രീ) ഉപമാതാവിന്റെയും ഭൂമിയുടെയും നെല്ലിമരത്തിന്റെയും മാതാവിന്റെയും പേർ. ക്ഷുദ്രാ (സ്ത്രീ) അംഗവൈകല്യത്തോടുകൂ

ടിയവളുടെയും വേഷക്കാരത്തിയുടെയും തേവിടിശ്ശിയുടെയും തേനീച്ചയുടെയും കണ്ടകാരിയുടെയും പേർ.

ക്ഷുദ്രം ക്രൂരേധമേല്പേപി ക്ഷുദ്രം മാത്രാ പരിച്ഛദേ
അല്പേ ച പരിമാണേ സ്യാന്മാത്രം കാർത്സ്ന്യവധാരണേ.

ക്ഷുദ്രം (സ്ത്രീ) ക്രൂരമായ വസ്തുവിന്റെയും അധമമായ വസ്തുവിന്റെയും അല്പമായ വസ്തുവിന്റെയും പേർ. മാത്രാ (സ്ത്രീ) ഉപകരണത്തിന്റെയും അല്പമായ വസ്തുവിന്റെയും പരിമാണത്തിന്റെയും പേർ. മാത്രമെന്നായാൽ സകലത്തിന്റെയും അവധാരണത്തിന്റെയും പേർ.

ആലേഖ്യാശ്ചര്യയോശ്ചിത്രം കളത്രം ശ്രോണിഭാര്യയോഃ
യോഗ്യഭാജനയോഃ പാത്രം പത്രം വാഹനപക്ഷയോഃ. 182

ചിത്രം (ക്ലീ) ഭിത്ത്യാദികളിൽ പലനിറമായ ചായംകൊണ്ടെഴുതുന്ന പൂക്കൾ മുതലായതിന്റെയും ആശ്ചര്യത്തിന്റെയും പേർ. കളത്രം (ക്ലീ) കടിപ്രദേശത്തിന്റെയും ഭാര്യയുടെയും പേർ. പാത്രം (ക്ലീ) യോഗ്യന്റെയും കലം, കുടം, ഉരുളി, തളിക ഇത്യാദികളായ പാത്രങ്ങളുടെയും പേർ. പത്രം (ക്ലീ) വാഹനത്തിന്റെയും ചിറകിന്റെയും പേർ.

നിദേശഗ്രന്ഥയോശ്ശാസ്ത്രം ശസ്ത്രമായുധലോഹയോഃ
സ്യാജ്ജടാംശുകയോർനേത്രം ക്ഷേത്രം പത്നീശരീരയോഃ

ശാസ്ത്രം (ക്ലീ) ആജ്ഞയുടെയും വ്യാകരണാദിഗ്രന്ഥങ്ങളുടെയും പേർ. ശസ്ത്രം (ക്ലീ) ആയുധത്തിന്റെയും ഇരിമ്പിന്റെയും പേർ. നേത്രം (ക്ലീ) ജടയുടെയും അംശുകത്തിന്റെയും പേർ. ജടാ=വൃക്ഷമൂലം; അംശുകം=വസ്ത്രവിശേഷം. ക്ഷേത്രം (ക്ലീ) ഭാര്യയുടെയും ശരീരത്തിന്റെയും പേർ.

മുഖാഗ്രേ ക്രോഡഫലയോഃ പോത്രം ഗോത്രം തു നാമ്നി ച
സത്രമാച്ഛാദനേ യജ്ഞേ സദാദാനേ വനേപി ച. 184

പോത്രം (ക്ലീ) പന്നിയുടെ മുഖത്തിന്റെ അഗ്രഭാഗത്തിന്റെയും കരിയിന്മേൽ കൊഴുവെയ്ക്കുന്നേടത്തിന്റെ അഗ്രഭാഗത്തിന്റെയും പേർ. ഗോത്രം (ക്ലീ) നാമത്തിന്റെയും കുലത്തിന്റെയും ബലത്തിന്റെയും വനത്തിന്റെയും ക്ഷേത്രത്തിന്റെയും വഴിയുടെയും ജലത്തിന്റെയും പേർ. പുല്ലിംഗമായാൽ പർവ്വതത്തിന്റെയും ഇന്ദ്രന്റെയും ഇന്ദ്രാദിദിക്പാലന്മാരുടെയും പാശുരക്ഷയെ ചെയ്യുന്നവന്റെയും രാജാവിന്റെയും വരുണന്റെയും പേർ. സ്ത്രീലിംഗമായാൽ ഭൂമിയുടെയും ആവനാഴികയുടെയും ഗോസമൂഹത്തിന്റെയും വയസ്സിന്റെയും ഓരിലത്താമരയുടെയും പേർ. സത്രം (ക്ലീ) വസ്ത്രത്തിന്റെയും യാഗത്തിന്റെയും നിത്യദാനത്തിന്റെയും വനത്തിന്റെയും വ്യാജത്തിന്റെയും പേർ.

അജിരം വിഷയേ കായേപ്യംബരം വോമ്നി വാസസി
ചക്രം രാഷ്ട്രേപ്യക്ഷരം തു മോക്ഷേപി ക്ഷീരമപ്സു ച.

അജിരം (ക്ലീ) ശബ്ദസ്പർശരൂപഗന്ധങ്ങളാകുന്ന വിഷയങ്ങളുടെയും ശരീരത്തിന്റെയും പേർ. അംബരം (ക്ലീ) ആകാശത്തിന്റെയും വസ്ത്രത്തിന്റെയും പേർ. ചക്രം (ക്ലീ) രാജ്യത്തിന്റെയും സൈന്യത്തിന്റെയും തേർ മുതലായ വാഹനങ്ങളുടെ അവയവവിശേഷത്തിന്റെയും വെള്ളത്തിലെ ചുഴിയുടെയും പേർ. അക്ഷരം (ക്ലീ) മോക്ഷത്തിന്റെയും അകാരാദികളായ വർണ്ണങ്ങളുടെയും ബ്രഹ്മത്തിന്റെയും പേർ. ക്ഷീരം (ക്ലീ) വെള്ളത്തിന്റെയും പാലിന്റെയും പേർ.

സപ്ലേപി ഭൂരിചന്ദ്രൌ ദ്വൌ ദ്വാരമാത്രേപി ഗോപുരം
ഗൃഹാടംഭേ ഗഹ്വരേ ദ്വേ രഹോന്തികമുപഹ്വരേ. 186

ഭൂരി (ക്ലീ) സപ്ലത്തിന്റെ പേർ. പുല്ലിംഗമായാൽ വിഷ്ണുവിന്റെയും ശിവന്റെയും ബ്രഹ്മാവിന്റെയും പേർ. വിശേഷ്യനിഘ്നമായാൽ ബഹുവിന്റെ പേർ. ചന്ദ്രഃ (നാ) സപ്ലത്തിന്റെയും കർപ്പൂരത്തിന്റെയും കാംപില്യമെന്ന ഗന്ധദ്രവ്യത്തിന്റെയും ചന്ദ്രന്റെയും ജലത്തിന്റെയും പേർ. ഗോപുരം (ക്ലീ) ദ്വാരമാത്രത്തിന്റെയും പുരദ്വാരത്തിന്റെയും മുസ്തവിശേഷത്തിന്റെയും പേർ. ഗഹ്വരം (ക്ലീ) ഗൃഹയുടെയും കപടത്തിന്റെയും പേർ. ഉപഹ്വരം (ക്ലീ) വിജനപ്രദേശത്തിന്റെയും സമീപത്തിന്റെയും പേർ.

പുരോധികമുപര്യഗ്ര്യാണ്യഗ്രേ നഗരേ പുരം
മന്ദിരം ചാഥ രാഷ്ട്രോസ്രീ വിഷയേ സ്യാദുപദ്രവേ. 187

അഗ്രം (ക്ലീ) പുരോഭാഗത്തിന്റെയും അധികത്തിന്റെയും ഉപരിഭാഗത്തിന്റെയും പേർ. പുരം (ക്ലീ) ഗൃഹത്തിന്റെയും നഗരത്തിന്റെയും പേർ. മന്ദിരം (ക്ലീ) ഗൃഹത്തിന്റെയും നഗരത്തിന്റെയും പേർ. രാഷ്ട്രഃ (നാ) നപുംസകമായിട്ടുമാം. രാജ്യത്തിന്റെയും ഉപദ്രവത്തിന്റെയും പേർ.

ദരോസ്രീയാം ഭയേ ശപ്ത്രേ വജ്രോസ്രീ രത്നകേ പവൌ
തന്ത്രം പ്രധാനേ സിദ്ധാന്തേ സൂത്രവായേ പരിച്ഛദേ. 188

ദരഃ (നാ) നപുംസകമായിട്ടുമാം. ഭയത്തിന്റെയും കഴിയുടെയും പേർ. വജ്രഃ (നാ) നപുംസകമായിട്ടുമാം. രത്നവിശേഷത്തിന്റെയും ആയുധവിശേഷത്തിന്റെയും പേർ. തന്ത്രം (ക്ലീ) പ്രധാനത്തിന്റെയും സിദ്ധാന്തത്തിന്റെയും നൈഷ്ഠികർ നൂല് പാകുന്നതിന്റെയും ഉപകരണത്തിന്റെയും പേർ.

ഔശീരശ്ചാമരേ ദണ്ഡപ്യൗശീരം ശയനാസനേ
പുഷ്കരം കരിഹസ്താഗ്രേ വാദ്യഭാണ്ഡമുഖേ ജലേ. 189

വ്യോമ്നി ഖഡ്ഗഫലേ പദ്മേ തീർത്ഥൗഷധിവിശേഷയോഃ
അന്തരമവകാശാവധിപരിധാനാന്തർധിഭേദതാദർത്ഥ്യേ 100

ഹരിദ്രാത്മീയവിനാബഹിരവസരമധ്യേന്തരാത്മനി ച
മുസ്തേപി പിഠരം രാജകശേരുണ്യപി നാഗരം. 191

ഔശീരഃ (നാ) ചാമരദണ്ഡത്തിന്റെ പേർ. ചാമരത്തിന്റെയും ദണ്ഡത്തിന്റെയും പേരെന്നും ഒരു മതമുണ്ട്. ഔശീരം (ക്ലീ) ശയനത്തിന്റെയും ആസനത്തിന്റെയും പേർ. പുഷ്കരം (ക്ലീ) ആനയുടെ തുമ്പിക്കയ്യിന്റെ അഗ്രത്തിന്റെയും വാദ്യങ്ങളുടെ മുഖത്തിന്റെയും ജലത്തിന്റെയും ആകാശത്തിന്റെയും ഖഡ്ഗമധ്യത്തിന്റെയും താമരപ്പൂവിന്റെയും പുഷ്കരമെന്ന തീർത്ഥത്തിന്റെയും പുഷ്കരമെന്ന ഔഷധിവിശേഷത്തിന്റെയും പേർ. അന്തരം (ക്ലീ) അവകാശത്തിന്റെയും അവധിയുടെയും വസ്ത്രത്തിന്റെയും വ്യവധാനത്തിന്റെയും ഭേദത്തിന്റെയും താദർത്ഥ്യത്തിന്റെയും പഴുതിന്റെയും തന്നെസ്സംബന്ധിച്ചിരിക്കുന്നതിന്റെയും വിനാർത്ഥത്തിന്റെയും ബഹിരാഗത്തിന്റെയും അവസരത്തിന്റെയും മധ്യത്തിന്റെയും അന്തരാത്മാവിന്റെയും സദൃശത്തിന്റെയും പേർ. വിനാർത്ഥം=വിനാ എന്നതിന്റെ അർത്ഥം. വിനാ എന്ന ശബ്ദത്തിനു കൂടാതെ എന്നർത്ഥമാകുന്നു. പിഠരം (ക്ലീ) മുത്തങ്ങയുടെയും കടോലിന്റെയും സ്ഥാലിയുടെയും പേർ. സ്ഥാലീ=പാത്രവിശേഷം. അതിന്റെ പേരായാൽ പുല്ലിംഗമാകയും ചെയ്യും. നാഗരം (ക്ലീ) നീർമുത്തങ്ങയുടെയും ചുക്കിന്റെയും പേർ.

ശാവ്വരം തമസേ ഘാതുകേ ഭേദ്യലിംഗകം
ഗൗരോരുണേ സിതേ പീതേ വ്രണകായ്യപ്യരുഷ്കരഃ 192

ശാവ്വരം (ക്ലീ) കുരിശുട്ടിന്റെ പേർ. ഹിംസിക്ക ശീലമായിട്ടുള്ളവന്റെ പേരാകയാൽ വിശേഷ്യാനുരോധേന മൂന്നു ലിംഗവുമുണ്ടെന്നാറിക. ഗൗരഃ (നാ) അരുണമെന്ന വർണ്ണവിശേഷത്തിന്റെയും വെള്ളപ്പിന്റെയും മഞ്ഞൾനിറത്തിന്റെയും പേർ. മേല്പറഞ്ഞ വർണ്ണവിശേഷങ്ങളോടുകൂടിയതിനെ പറയുമ്പോൾ ത്രിലിംഗമാകയും ചെയ്യും. അരുഷ്കരഃ (നാ) വ്രണത്തെ ഉണ്ടാക്കുന്നവന്റെയും ചേർമരത്തിന്റെയും പേർ.

ജഠരഃ കഠിനേപി സ്യാദധസ്താദപി ചാധരഃ
അനാകുലേപി ചൈകാഗ്രോ വ്യഗ്രോ വ്യാസക്ത ആകുലേ.

ജഠരഃ (ത്രി) കഠിനമായ വസ്തുവിന്റെയും ഉദരത്തിന്റെയും പേർ. കഠിനവസ്തുവിന്റെ പേരാകയാൽ ത്രിലിംഗമെന്നും ഉദരത്തിന്റെ പേരാ

ക്ലൈബ്യം നപുംസകമെന്നും ഗ്രഹിച്ചുകൊൾക. അധരഃ (ത്രി) താഴെ ഉള്ള വസ്തുവിന്റെയും പുല്ലിംഗമാകിൽ ചുണ്ടിന്റെയും പേർ. ഏകാഗ്രഃ (ത്രി) സ്വസ്ഥന്റെയും ഒന്നിങ്കൽത്തന്നെ സ്ഥിരമായ മനസ്സോടുകൂടിയവന്റെയും പേർ. വ്യഗ്രഃ (ത്രി) വിശേഷേണ ഒന്നിങ്കൽ ആസക്തിയോടുകൂടിയവന്റെയും പല കാര്യങ്ങളിലുമായ മനസ്സോടുകൂടിയവന്റെയും പേർ.

ഉപര്യുദീച്യശ്രേഷ്ഠപ്യുത്തരസ്ത്യാദനുത്തരഃ
ഏഷാം വിപര്യയേ ശ്രേഷ്ഠേ ദൂരാനാതേമാത്തമാഃ പരാഃ.

ഉത്തരഃ (ത്രി) മേൽഭാഗത്തിന്റെയും വടക്കുള്ളതിന്റെയും ശ്രേഷ്ഠമായ വസ്തുവിന്റെയും പ്രതിവാക്യത്തിന്റെയും വിരാടപുത്രന്റെയും പേർ. മേൽഭാഗംമുതൽ മൂന്നർത്ഥങ്ങളിൽ ത്രിലിംഗമായിട്ടും പ്രതിവാക്യത്തിങ്കൽ നപുംസകമായിട്ടും അന്യത്ര പുല്ലിംഗമായിട്ടും ഭവിക്കും. അനുത്തരഃ (ത്രി) ഉപര്യാദികളായ മൂന്നർത്ഥങ്ങളുടെ വിപരീതങ്ങളായ അർത്ഥങ്ങളുടെയും ശ്രേഷ്ഠന്റെയും പേർ. പരഃ (ത്രി) അകലെ ഉള്ള വസ്തുവിന്റെയും അന്യന്റെയും ഉത്തമന്റെയും പേർ.

സ്വാദുപ്രിയേ തു മധുരേ ക്രൂരേ കഠിനനിർദ്ദയേ
ഉദാരോ ദാതൃമഹതോരിതരസ്ത്വന്യനീചയോഃ. 195

മധുരഃ (ത്രി) മധുരമാകുന്ന രസത്തോടുകൂടിയതിന്റെയും പ്രിയമായിട്ടുള്ളതിന്റെയും പേർ. പുല്ലിംഗമായാൽ മധുരമെന്ന രസത്തിന്റെ പേർ. ക്രൂരഃ (ത്രി) കഠിനമായുള്ളതിന്റെയും ദയയോടുകൂടാത്തവന്റെയും പേർ. ഉദാരഃ (ത്രി) ദാനംചെയ്യുന്നവന്റെയും വലിയവന്റെയും പേർ. ഇതരഃ (ത്രി) അന്യന്റെയും നീചന്റെയും പേർ.

മന്ദസച്ഛന്ദയോഃ സൈരശുഭദ്വീപ്രശുക്ലയോഃ

സൈരഃ (ത്രി) മടിയന്റെയും സ്വതന്ത്രന്റെയും പേർ. ശുഭ്രം (ത്രി) അധികമായ പ്രകാശത്തോടുകൂടിയതിന്റെയും വെളുപ്പുനിറത്തോടുകൂടിയതിന്റെയും പേർ.

ലാന്തഃ

മൗഡാകിരീടം കേശാശ്ച സംയതാ മൗലയസ്സ്മൃയഃ 196

മൗലിഃ (നാ) ചൂടുമയുടെയും കിരീടത്തിന്റെയും കെട്ടപ്പെട്ട തലമുടിയുടെയും പേർ.

ദ്രുമപ്രഭേദമാതംഗകാണ്ഡപുഷ്പാണി പീലവഃ
കൃതാന്താനേഹസോഃ കാലശ്ചതുർത്ഥ്യാ യുഗേ കലിഃ 197

പീലുഃ (നാ) വൃക്ഷവിശേഷത്തിന്റെയും ഗജത്തിന്റെയും ശരത്തിന്റെയും പുഷ്പത്തിന്റെയും പേർ. കാലഃ (നാ) അന്തകന്റെയും കാലത്തിന്റെയും പേർ. കലിഃ (നാ) നാലാമത്തെ യുഗത്തിന്റെയും കലഹത്തിന്റെയും പേർ.

സ്യാൽ കുരംഗേപി കമലഃ പ്രാവാരേപി ച കംബലഃ
കരോപഹാരയോഃ പുംസി ബലിഃ പ്രാണ്യംഗജേ സ്ത്രിയാം

കമലഃ (നാ) മാനിന്റെയും നപുംസകമായാൽ താമരപ്പൂവിന്റെയും സ്ത്രീലിംഗമായാൽ ശ്രീഭഗവതിയുടെയും പേർ. കംബലഃ (നാ) ഉത്തരീയത്തിന്റെയും കംബളിയുടെയും പശുവിൻതാടയുടെയും പേർ. ബലിഃ (നാ) കപ്പത്തിന്റെയും കാഷ്ഠയുടെയും ശരീരത്തിങ്കൽ തോലു ചുളിഞ്ഞാലുണ്ടാകുന്ന ചുളിയുടെയും പേർ.

സ്ഥൗല്യസാമർത്ഥ്യസൈന്യേഷു ബലം നാ കാകസീ
(രീണോഃ
വാതുലഃ പുംസി വാത്യായാമയം വാതാസഹേ ത്രിഷു 199

ബലം (ക്ലീ) സ്ഥൗല്യത്തിന്റെയും സാമർത്ഥ്യത്തിന്റെയും സൈന്യത്തിന്റെയും പുല്ലിംഗമായാൽ കാക്കയുടെയും ബലഭദ്രന്റെയും പേർ. വാതുലഃ (നാ) വാതസമൂഹത്തിന്റെ പേർ. വാതത്തെ സഹിക്കാത്തതിനെ പറയുമ്പോൾ ത്രിലിംഗമാകയും ചെയ്യും.

ഭേദ്യലിംഗസ്ത്രിഷേ വ്യാളഃ പുംസി ശ്വാപദസർപ്പയോഃ
മലോസ്ത്രീ പാപവിഷ്കിട്ടാന്യസ്ത്രീ ശൂലം രുഗായുധം. 200

വ്യാളഃ ത്രിലിംഗമാകുന്നു. ദുർജ്ജനത്തിന്റെ പേർ. പുല്ലിംഗമായാൽ ശ്വാപദമെന്ന ഹിംസ്രമൃഗത്തിന്റെയും സർപ്പത്തിന്റെയും പേർ. മലഃ (നാ) നപുംസകമായിട്ടുമാം. പാപത്തിന്റെയും വിഷ്ഠയുടെയും ഇരിമ്പുമുതലായതിൽനിന്നുണ്ടാകുന്ന കീടം മുതലായതിന്റെയും പേർ. ശൂലം (ക്ലീ) പുല്ലിംഗമായിട്ടുമാം. ശൂലമെന്ന രോഗത്തിന്റെയും ശൂലമെന്ന ആയുധത്തിന്റെയും പേർ.

ശംകാവപി ദ്വയോഃ കീലഃ പാളിസ്ത്ര്യശ്ര്യംകപക്ഷ്മണി
കലാ ശില്പേ കാലഭേദേപ്യാളിസ്സഖ്യാവലീ അപി. 201

കീലഃ (നാ) കീലാ എന്ന സ്ത്രീലിംഗമായിട്ടുമാം. ലോഹാദികീലകത്തിന്റെയും ജ്വാലയുടെയും പേർ. പാളിഃ (സ്ത്രീ) കോണിന്റെയും അങ്കുപ്രദേശത്തിന്റെയും ശ്രേണിയുടെയും പേർ. കലാ (സ്ത്രീ) ഗീതാദിസാമർത്ഥ്യത്തിന്റെയും കാലവിശേഷത്തിന്റെയും പേർ. ആളിഃ (സ്ത്രീ) സഖിയുടെയും പക്ഷ്മത്തിയുടെയും സേതുവിന്റെയും പേർ.

അബ്ബ്യുംബുവികൃതൌ വേലാ കാലമര്യാദയോരപി
ബഹ്വലാഃ കൃത്തികാ ഗാവോ ബഹ്വലോഗ്നൌ ശിതൌ ത്രിഷു

വേലാ (സ്ത്രീ) സമുദ്രത്തിൻെറയും ജലവൃദ്ധിയുടെയും കാലത്തിൻെറയും മര്യാദയുടെയും സമുദ്രം മുതലായതിൻെറ കരയുടെയും പേർ. ബഹ്വലാഃ (സ്ത്രീ) ഇതിന്നു ഏകവചനവും ദ്വിവചനവും പ്രായികമായിട്ടില്ല. കൃത്തികാനക്ഷത്രത്തിൻെറയും പശുക്കളുടെയും പേർ. ബഹ്വലഃ (നാ) അഗ്നിയുടെ പേർ. കനത്ത വസ്തുവിനെ പറയുമ്പോൾ ത്രിലിംഗമാകയും ചെയ്യും.

ലീലാ വിലാസക്രിയയൊരുപലാ ശക്കരാപി ച
ശോണിതേംഭസി കീലാലം മൂലമാദ്യേ ശിഫാദ്വയോഃ. 203

ലീലാഃ (സ്ത്രീ) സ്ത്രീകളുടെ ശൃംഗാരചേഷ്ടാവിശേഷത്തിൻെറയും ക്രിയയുടെയും പേർ. ഉപലാ (സ്ത്രീ) ചരലിൻെറയും പുല്ലിംഗമായാൽ കല്ലിൻെറയും രത്നങ്ങളുടെയും പേർ. കീലാലം (ക്ലീ) ചോരയുടെയും ജലത്തിൻെറയും പേർ. മൂലം (ക്ലീ) മുഞ്ഞായുള്ളതിൻെറയും വേരിൻെറയും മൂലമെന്ന നക്ഷത്രത്തിൻെറയും പേർ.

ജാലം സമൂഹ ആനായോ ഗവാക്ഷക്ഷാരകേഷപാപി
ശീലം സഭാവേ സദൃത്തേ സസ്യേ ഹേതുകൃതേ ഫലം. 204

ജാലം (ക്ലീ) സമൂഹത്തിൻെറയും വലയുടെയും കിളിവാതിലിൻെറയും പൂന്തൊത്തിൻെറയും പേർ. ശീലം (ക്ലീ) സ്വഭാവത്തിൻെറയും സദാചാരത്തിൻെറയും പേർ. ഫലം വൃക്ഷാദികളുടെ കായയുടെയും പ്രയോജനത്തിൻെറയും പേർ.

ഉരദിനേത്രരുജോഃ ക്ലീബം സമൂഹേ പടലം ന നാ
അധഃസപത്രുപയോരസ്ത്രീ തലം സ്യാദാമിഷേ പലം. 205

പടലം (ക്ലീ) പുര മേയുവാനുള്ള ഓല മുതലായതിൻെറയും നേത്രരോഗവിശേഷത്തിൻെറയും പേർ. സമൂഹത്തിൻെറ പേരാകുമ്പോൾ നപുംസകമായിട്ടും സ്ത്രീലിംഗമായിട്ടും ഭവിക്കും. തലം (ക്ലീ) അധോഭാഗത്തിൻെറയും സപത്രുപത്തിൻെറയും പേർ. തലശബ്ദം പുല്ലിംഗമായിട്ടുമാം. പലം (ക്ലീ) മാംസത്തിൻെറയും പന്ത്രണ്ടു കഴഞ്ചുകൂടിയതിൻെറയും പേർ.

ഔർവ്വാനലേപി പാതാളം ചേലം വസ്ത്രേധമേ ത്രിഷു
കുലം ശംകുഭിഃ കീർണ്ണേ ശപ്തേ നാ ത്രു തുഷാനലേ. 206

പാതാളം (ക്ലീ) ബഡവാമുഖാഗ്നിയുടെയും പാതാളത്തിൻെറയും പേർ. ചേലം (ക്ലീ) വസ്ത്രത്തിൻെറ പേർ. അധമവാചിയായാൽ ത്രിലിംഗമാകയും ചെയ്യും. കുലം (ക്ലീ) കഠിനമായ നാട്ടിയ കുഴിയുടെ പേർ. പുല്ലിംഗമായാൽ ഉമിത്തിയുടെ പേർ.

നിർണ്ണീതേ കേവലമിതി ത്രിലിംഗം തേചക കുൽസ്സനയോഃ
പയ്യാപ്തിക്ഷേമപുണ്യേഷു കുശലം ശിക്ഷിതേ ത്രിഷു. 207

കേവലം (ക്ലീ) നിശ്ചിതമായിട്ടുള്ളതിന്റെ പേർ. ഉദാഹരണം: കേവലം മൂർഖഃ ഇത്യാദി. മൂർഖൻതന്നെ എന്നു് അതിൽ ആദ്യത്തിന്റെ അർത്ഥം. ഒന്നു് എന്നും ഒക്ക എന്നും അർത്ഥമായാൽ ത്രിലിംഗമാകയും ചെയ്യും. കുശലം (ക്ലീ) സാമർത്ഥ്യത്തിന്റെയും ക്ഷേമത്തിന്റെയും പുണ്യത്തിന്റെയും പേർ. സാമർത്ഥ്യമുള്ളതിനെ പറയുമ്പോൾ ത്രിലിംഗമായിട്ടുപയോഗിക്കും.

പ്രവാളമംകുരേപ്യസ്ത്രീ ത്രിഷു സ്ഥൂലം ജഡേപി ച
കരാളോ ദന്തുരേ തുംഗേ ചാരൌ ദക്ഷേ ച പേശലഃ 208

പ്രവാളം (ക്ലീ) പല്ലിംഗമായിട്ടുമാം. മുളയുടെയും തളിരിന്റെയും വീണാദണ്ഡത്തിന്റെയും പേർ. സ്ഥൂലം (ത്രി) ജഡത്തിന്റെയും സ്ഥൂലത്തിന്റെയും പേർ. കരാളഃ (ത്രി) ഉയർന്ന പല്ലോടു കൂടിയവന്റെയും ഉയച്ചയുള്ളതിന്റെയും പേർ. പേശലഃ (ത്രി) മനോഹരമായിട്ടുള്ളതിന്റെയും സമർത്ഥന്റെയും പേർ.

മൂർഖേ ഭ്കേപി ബാലഃ സ്യാല്ലോലശ്ചലസതൃഷ്ണയോഃ

ബാലഃ (നാ) മൂർഖന്റെയും ശിശുവിന്റെയും തലമുടിയുടെയും പേർ. ലോലഃ (ത്രി) ഇളകിക്കൊണ്ടിരിക്കുന്നതിന്റെയും ആഗ്രഹത്തോടുകൂടിയവന്റെയും പേർ.

വാന്തഃ

ഭവോ ഭാവഃ രണ്ടും (നാ) കാടിന്റെയും കാട്ടുതീയ്യിന്റെയും പേർ. ഭവഃ (നാ) ജനനത്തിന്റെയും ശിവന്റെയും പേർ.

മന്ത്രീ സഹായസ്സചിവൌ പതിശാഖിനരാ ധവാഃ
അവയസ്തൈലമേഷാക്കാ ആജ്ഞാഹ്വാനാധ്വരാ ഹവാഃ 210

സചിവഃ (നാ) മന്ത്രിയുടെയും സഹായജനത്തിന്റെയും പേർ. ധവഃ (നാ) ഭർത്താവിന്റെയും വൃക്ഷവിശേഷത്തിന്റെയും മനുഷ്യന്റെയും പേർ. അവിഃ (നാ) പെണ്ണാടിന്റെയും ആടിന്റെയും ആദിത്യന്റെയും പേർ. ഹവഃ (നാ) ആജ്ഞയുടെയും വിളിയുടെയും യാഗത്തിന്റെയും പേർ.

ഭാവസ്സത്താസഭാവാഭിപ്രായചേഷ്ടാത്മജന്മസു
സ്യാദ്ഗൽപാദേ ഫലേ പുഷ്പേ പ്രസവോ ഗർഭമോചനേ. 211

ഭാവഃ (നാ) സത്താ എന്ന ജാതിയുടെയും സ്വഭാവത്തിന്റെയും അഭിപ്രായത്തിന്റെയും ചേഷ്ടയുടെയും ആത്മാവിന്റെയും ജനനത്തിന്റെയും പേർ. പ്രസവഃ (നാ) ഉൽപത്തിയുടെയും കായയുടെയും പൂവിന്റെയും ശർമോചനത്തിന്റെയും പേർ.

അവിശ്വാസേഽഹമ്പേഽപി നികൃതാവപി നിഹ്നവഃ
ഉത്സേകാമർഷയോരിച്ഛാപ്രസരേ മഹ ഉത്സവഃ 212

നിഹ്നവഃ (നാ) അവിശ്വാസത്തിന്റെയും മാത്സര്യം എന്നതിന്റെയും ശാഠ്യത്തിന്റെയും പേർ. ഉത്സവഃ (നാ) മദത്തിന്റെയും കോപത്തിന്റെയും ഇച്ഛാവേഗത്തിന്റെയും ആനന്ദാവസരത്തിന്റെയും പേർ.

അനുഭാവഃ പ്രഭാവേ ച സതാം ച മതിനിശ്ചയേ
സ്യാജ്ജന്മഹേതുഃ പ്രഭവഃ സ്ഥാനഞ്ചാദ്യോപലബ്ധയേ 213

അനുഭാവഃ (നാ) പ്രഭാവത്തിന്റെയും സജ്ജനങ്ങളുടെ ബുദ്ധിനിശ്ചയത്തിന്റെയും പേർ. പ്രഭവഃ (നാ) ജന്മകാരണത്തിന്റെയും ആദ്യോപലബ്ധിയുടെ സ്ഥാനത്തിന്റെയും പേർ. ആദ്യോപലബ്ധി = ആദിയിലുണ്ടാകുന്ന അനുഭവം, സൂയ്യപ്രഭവോ വംശഃ എന്നും ഗംഗാപ്രഭവോ ഹിമവാൻ എന്നും ഉദാഹരണം.

ശൂദ്രായാം വിപ്രതനയേ ശസ്ത്രേ പാരശവോ മതഃ
ധ്രുവോ ഭേദേ ക്ലീബം തു നിശ്ചിതേ ശാശ്വതേ ത്രിഷു. 214

പാരശവഃ (നാ) ശൂദ്രസ്ത്രീയിൽ ബ്രാഹ്മണനു ജനിച്ച പുത്രന്റെയും വെണ്മഴു എന്ന ആയുധത്തിന്റെയും പേർ. ധ്രുവഃ (നാ) നക്ഷത്രവിശേഷത്തിന്റെയും നപുംസകമാകിൽ നിശ്ചിതമായിട്ടുള്ളതിന്റെയും പേർ. നിത്യമായിട്ടുള്ളതിന്റെ പേരാകയാൽ ത്രിലിംഗമാകയും ചെയ്യും.

സേഷാ ജ്ഞാതാവാത്മനി സ്വം ത്രിഷ്വാത്മീയേ സേഷാ
സ്ത്രീയാം ധനേ
സ്ത്രീകടീവസ്ത്രബന്ധേഽപി നീവീ പരിഷ്കരണേഽപി ച. 215

സ്വഃ (നാ) സഗോത്രനായിരിക്കുന്നവന്റെയും ആത്മാവിന്റെയും പേർ. സ്വം (ത്രി) തന്നെസ്സംബന്ധിച്ചിരിക്കുന്നതിന്റെ പേർ. സ്വഃ (നാ) നപുംസകമായിട്ടുമാം. ധനത്തിന്റെ പേർ. നീവീ (സ്ത്രീ) സ്ത്രീകൾ അരയിൽ ഉടുത്ത വസ്ത്രത്തിന്റെയും ഗ്രന്ഥിയുടെയും പണയത്തിന്റെയും മൂലധനത്തിന്റെയും പേർ.

ശിവാ ഗൗരീഹരിദ്രയോർദ്വന്ദ്വം കലഹയുദ്ധയോഃ
ദ്രവ്യാസുവ്യവസായേഷു സത്തമസ്ത്രീ തു ജന്തുഷു. 216

ശിവാ (സ്ത്രീ) പാർവ്വതിയുടെയും കറുക്കന്റെയും പേർ. ഭദ്രം (ക്ലീ) കല്യാണത്തിന്റെയും ഇരട്ടയുടെയും പേർ. സത്യം (ക്ലീ) ദ്രവ്യത്തിന്റെയും പ്രാണന്റെയും ഉത്സാഹത്തിന്റെയും പേർ. ജന്തുക്കളുടെ പേരാകുമ്പോൾ പുല്ലിംഗമായിട്ടും പ്രയോഗിക്കാം.

ക്ലീബം നപുംസകേ ഷണ്ഡേ വാച്യലിംഗമവിക്രമേ

ക്ലീബം (ക്ലീ) നപുംസകത്തിന്റെ പേർ. പരാക്രമത്തോട്ടുകൂടാത്തവനെ പറയുമ്പോൾ വിശേഷ്യാനുരോധേന മൂന്നു ലിംഗങ്ങളുമുണ്ട് എന്നറിക.

ശാന്തഃ

ദ്വൗ വിശൗ വൈശ്യമനുജൗ ദ്വൗ ചരാഭിമരൗസ്പശൗ

വിശ് (നാ) വൈശ്യന്റെയും മനുഷ്യന്റെയും പേർ. സ്പശഃ (നാ) ശുദ്ധപുരുഷന്റെയും യുദ്ധത്തിന്റെയും പേർ.

ദ്വൗ രാശീ പുഞ്ജമേഷാദ്യൗ ദ്വൗ വംശൗ കുലമസ്ഥരൗ
രശ്മിപ്രകാശൗ വീകാശൗ നിവ്വേശോ ഭൃതിഭോഗയോ. 218

രാശിഃ (നാ) സമൂഹത്തിന്റെയും മേടം മുതലായ രാശികളുടെയും പേർ. വംശഃ (നാ) കുലത്തിന്റെയും മുളയുടെയും പേർ. വീകാശഃ (നാ) വിജനപ്രദേശത്തിന്റെയും പ്രകാശത്തിന്റെയും പേർ. നിവ്വേശഃ (നാ) കൂലിയുടെയും അനുഭവത്തിന്റെയും പേർ.

കൃതാന്തേ പുംസി കീനാശഃ ക്ഷുദ്രകഷ്കയോസ്ത്രീഷു
പദേ ലക്ഷ്യേ നിമിത്തേപദേശഃ സ്യാൽ കുശമപ്സു ച.

കീനാശഃ (നാ) അന്തകന്റെ പേർ. ക്ഷുദ്രകന്റെയും കഷ്കന്റെയും പേരായാൽ ത്രിലിംഗമാകയും ചെയ്യും. ക്ഷുദ്രൻ=അല്പൻ. കഷ്കൻ=കൃഷിക്കാരൻ. അപദേശഃ (നാ) വ്യാജത്തിന്റെയും ലാക്കിന്റെയും നിമിത്തത്തിന്റെയും പേർ. കുശം (ക്ലീ) ജലത്തിന്റെയും തൃണവിശേഷത്തിന്റെയും പുല്ലിംഗമായാൽ രാമപുത്രന്റെയും പേർ.

ദശാവസ്ഥാനേകവിധാപ്യാശാ തൃഷ്ണാപി ചായതാ
വശാ സ്ത്രീ കരിണീ ച സ്യാദ്ദംജ്ഞാനേ ജ്ഞാതരി ത്രിഷു.

ദശാ (സ്ത്രീ) പലപ്രകാരമുള്ള അവസ്ഥയുടെയും തിരിയുടെയും വസ്ത്രാന്തത്തിന്റെയും പേർ. ആശാ (സ്ത്രീ) ദീർഘതൃഷ്ണയുടെയും ദിക്കിന്റെയും പേർ. വശാ (സ്ത്രീ) സ്ത്രീയുടെയും പിടിയാനയുടെയും പേർ. ദൃക് (സ്ത്രീ) അറിവിന്റെ പേർ. അറിവുള്ളവന്റെ പേരായാൽ ത്രിലിംഗമാകയും ചെയ്യും.

സ്യാൽ കക്ശസ്സാഹസികഃ കഠോരാമസ്രണാവചി
പ്രകാശോതിപ്രസിദ്ധോപി ശിശാവജ്ഞേ ച ബാലിശഃ. 221

കക്ശഃ (ത്രി) വിവേകത്തോട്ടുകൂടാത്തവൻെറയും കാഠിന്യത്തോട്ടുകൂടിയതിൻെറയും സ്നിഗ്ധതയോട്ടുകൂടാത്തതിൻെറയും പേർ. പ്രകാശഃ (ത്രി) അതിപ്രസിദ്ധിയോട്ടുകൂടിയവൻെറയും പ്രകാശത്തോട്ടുകൂടിയതിൻെറയും പുല്ലിംഗംതന്നെയായാൽ പ്രകാശത്തിൻെറയും പേർ. ബാലിശഃ (ത്രി) ശിശുവിൻെറയും അറിവില്ലാത്തവൻെറയും പേർ.

അഭീശുഃ പ്രഗ്രഹേ രശ്മൌ ജീവിതേശഃ പ്രിയേ യമേ

അഭീശുഃ (നാ) പിടിക്കയറിൻെറയും രശ്മിയുടെയും പേർ. ജീവിതേശഃ (നാ) ഭർത്താവിൻെറയും യമൻെറയും പേർ.

ഷാന്തഃ

സുരമത്സ്യാവനിമിഷൌ പുരുഷാവാത്മമാനവൌ. 222

അനിമിഷഃ (നാ) ദേവൻെറയും മത്സ്യത്തിൻെറയും പേർ. പുരുഷഃ (നാ) ആത്മാവിൻെറയും മനുഷ്യൻെറയും പേർ.

കാകമത്സ്യാൽഖഗൌ ധ്വാങ്ക്ഷൌ കക്ഷൌ തൃണ
വീരുധൌ
അഭീഷുഃ പ്രഗ്രഹേ രശ്മൌ പ്രൈഷഃ പ്രേഷണമട്ടനേ. 223

ധ്വാങ്ക്ഷഃ (നാ) കാക്കയുടെയും മത്സ്യങ്ങളെ തിന്നുന്ന പക്ഷികളുടെയും പേർ. കക്ഷഃ (നാ) പുല്ലിൻെറയും വള്ളിയുടെയും പേർ. അഭീഷുഃ (നാ) പിടിക്കയറിൻെറയും രശ്മിയുടെയും പേർ. പ്രൈഷഃ (നാ) പ്രേഷണത്തിൻെറയും മട്ടനത്തിൻെറയും പേർ.

പക്ഷസ്സഹായേപ്യുഷ്ണീഷശ്ശിരോവേഷ്ടകിരീടയോഃ
ശ്രുക്കേ മൂഷികേ ശ്രേഷ്ഠേ സുകൃതേ വൃഷഭേ വൃഷഃ. 224

പക്ഷഃ (നാ) സഹായത്തിൻെറയും സഖിയുടെയും മാസംഭ്രത്തിൻെറയും അശ്വഗജങ്ങളുടെ പാർശ്വഭാഗത്തിൻെറയും അട്ടപ്പിൻപഴുതിൻെറയും ചിറകിൻെറയും മതത്തിൻെറയും വിരോധത്തിൻെറയും സാദ്ധ്യത്തിൻെറയും ബലത്തിൻെറയും ഭിത്തിയുടെയും കേശപക്ഷഃ ഇത്യാദിസ്ഥലങ്ങളിൽ സമൂഹത്തിൻെറയും പേർ. ഉഷ്ണീഷഃ (നാ) തലപ്പാവിൻെറയും കിരീടത്തിൻെറയും പേർ. വൃഷഃ (നാ) വൃഷണത്തിൻെറയും മൂഷികൻെറയും ശ്രേഷ്ഠൻെറയും സുകൃതത്തിൻെറയും കാളയുടെയും പേർ. ശ്രുഷ്ടേ മൂഷിക ശ്രേഷ്ഠേ എന്നു ചിലർ പഠിക്കുന്നു. ശ്രുഷ്ടലൻ=അധികമായ ബലത്തോട്ടുകൂടിയവൻ.

ദ്യൂതേക്ഷേ ശാരിഫലകേപ്യാകഷോഥാക്ഷമിന്ദ്രിയേ
നാ ദ്യൂതാംഗേ കഷ്ചക്രേ വ്യവഹാരേ കലിദ്വമേ. 225

ആകഷ്ടഃ (നാ) പകിടക്കരുവിന്റെയും ചൂതുപലകയുടെയും ആകഷ്ടിക്ക എന്ന ക്രിയയുടെയും പേർ. അക്ഷം (ക്ലീ) ഇന്ദ്രിയത്തിന്റെ പേർ. പുല്ലിംഗമായാൽ പകിടക്കരുവിന്റെയും മുക്കഴഞ്ഞിന്റെയും തേർ മുതലായതിന്റെ അവയവമായ ചക്രത്തിന്റെയും വാദപ്രതിവാദരൂപമായ വ്യവഹാരത്തിന്റെയും താന്നിമരത്തിന്റെയും പേർ.

കർഷൂർവ്വാത്താ കരീഷാഗ്നിഃ കർഷൂഃ കല്യാഭിധായിനീ
പുംഭാവേ തൽക്രിയായാം ച പൌരുഷം വിഷമപ്സു ച.

കർഷൂഃ (നാ) വാത്തയുടെയും വളപ്പൊടിയിലെ തിയ്യിന്റെയും പേർ. കർഷൂഃ (സ്ത്രീ) കൈത്തോട്ടിന്റെ പേർ. കർഷൂവ്വക്താ കരീഷാഗ്നിഃ എന്നും പാഠമുണ്ട്. വക്താവ് = പറയുന്നവൻ; പൌരുഷം (ക്ലീ) പുരുഷനായ എന്നുള്ള അവസ്ഥയുടെയും പുരുഷകർമ്മത്തിന്റെയും പേർ. വിഷം (ക്ലീ) ജലത്തിന്റെയും വിഷത്തിന്റെയും പേർ.

ഉപാദാനേപ്യാമിഷം സ്യാദപരാധേപി കിൽബിഷം
സ്യാദഷ്ടസ്വഷ്ടൗ ലോകധാതുംശേ വത്സരേ വർഷമസ്ത്രിയാം.

ആമിഷം (ക്ലീ) കപ്പം കാഷ്ഠദ്രവ്യം എന്നിവയുടെയും മാംസത്തിന്റെയും പേർ. കിൽബിഷം (ക്ലീ) അപരാധത്തിന്റെയും പാപത്തിന്റെയും പേർ. വർഷം (ക്ലീ) പുല്ലിംഗമായിട്ടുമാം. മഴയുടെയും ഭാരതാദിഖണ്ഡത്തിന്റെയും സംവത്സരത്തിന്റെയും പേർ. ലോകധാതു = ജംബൂദ്വീപം.

പ്രേക്ഷാ നൃത്തേക്ഷണം പ്രജ്ഞാ ഭിക്ഷാ സേവാത്മനാ ഭൃതിഃ
തചിഃ സ്ത്രീഭോഗി ത്രിഷു പരേ നൃക്ഷം കാർത്സ്ന്യ
നികൃഷ്ടയോഃ 228

പ്രേക്ഷാ (സ്ത്രീ) നൃത്തദർശനത്തിന്റെയും ബുദ്ധിയുടെയും പേർ. നൃത്തത്തിന്റെയും ദർശനത്തിന്റെയും ബുദ്ധിയുടെയും പേർ എന്നും മതമുണ്ട്. ഭിക്ഷാ (സ്ത്രീ) സേവയുടെയും യാചനത്തിന്റെയും കൂലിയുടെയും പേർ. തചിഃ (സ്ത്രീ) ശോഭയുടെയും കാന്തിയുടെയും പേർ. ത്രിഷു പരേ എന്നതിന്റെ അർത്ഥം ഇനി വർഗ്ഗാവസാനംവരെ പഠിവാൻപോകുന്ന ശബ്ദങ്ങൾ ത്രിലിംഗങ്ങളാകുന്നു എന്നു ധരിച്ചുകൊൾക. നൃക്ഷം—സാകല്യത്തിന്റെയും അധമവസ്തുവിന്റെയും പേർ.

പ്രത്യക്ഷേധികൃതേധ്യക്ഷോ ത്രക്ഷിസ്ത്വപ്രേമ്ണി ചിക്കണേ

അധ്യക്ഷഃ—സാക്ഷാൽകരിക്കപ്പെട്ടതിന്റെയും അന്യന്റെ ആജ്ഞ

ഹേതുവായിട്ട് മരു വേല നടത്തുന്നവൻെറയും പേർ. തൃക്ഷഃ—സ്നേഹത്തോടുകൂടാത്തവൻെറയും അസ്നിശ്ധമായിട്ടുള്ളതിൻെറയും പേർ.

സാന്തഃ

രവിശേപതച്ഛൈ ഹംസൌ സൂര്യ്യവഹ്നീ വിഭാവസൂ. 229

ഹംസഃ (നാ) ആദിത്യൻെറയും അരയന്നത്തിൻെറയും പേർ. വിഭാവസുഃ (നാ) ആദിത്യൻെറയും അഗ്നിയുടെയും പേർ.

വത്സൌ തണ്ണകവഷ്ടൌ ച സാരംഗാശ്ച ദിവൌകസഃ
ശൃംഗാരാദൌ വിഷേ വീര്യ്യേ ക്ലീബേ രാഗേ ദ്രവേ രസഃ. 230

വത്സഃ (നാ) പശുവിൻകിടാവിൻെറയും സംവത്സരത്തിൻെറയും പേർ. ദിവൌകഃ (നാ) വേഴാമ്പലിൻെറയും ദേവന്മാരുടെയും പേർ. രസഃ (നാ) ശൃംഗാരാദികളുടെയും വിഷത്തിൻെറയും ജലത്തിൻെറയും വീര്യ്യത്തിൻെറയും മധുരാദിരസത്തിൻെറയും രാഗത്തിൻെറയും ദ്രവത്തിൻെറയും പേർ.

പുംസ്യുത്തംസാവതംസൌ ച കണ്ണപൂരേപി ശേഖരേ
ദേവഭേദേനലേ രശ്മൌ വസൂ രത്നേ ധനേ വസു. 231

ഉത്തംസഃ അവതംസഃ (പു-ം നാ) കണ്ണാഭരണത്തിൻെറയും ശിരോലംകാരത്തിൻെറയും പേർ. വസുഃ (നാ) അഷ്ടവസുക്കളുടെയും അഗ്നിയുടെയും രശ്മിയുടെയും പേർ. വസു (ക്ലീ) രത്നത്തിൻെറയും ധനത്തിൻെറയും പേർ.

വിഷ്ണൌ ച വേധാഃ സ്ത്രീ താശീഷ്ടിതാശംസാഹിദംഷ്ട്ര
(യോഃ
ലാലസേ പ്രാർത്ഥനൌൽസുക്യേ ഹിംസാ ചൌഷ്ട്രാദി കർമ്മച.

വേധാഃ (നാ) വിഷ്ണുവിൻെറയും ബ്രഹ്മാവിൻെറയും പേർ. ആശീഃ (സ്ത്രീ) ആശീർവ്വാദത്തിൻെറയും സപ്പുദംഷ്ട്രയുടേയും പേർ. സപ്പുദംഷ്ട്രാ=പാഠിൻപല്ല്. ലാലസാ (സ്ത്രീ) പുല്ലിംഗമായിട്ടുമാം. പ്രാർത്ഥനയുടേയും ഇഷ്ടാർത്ഥത്തെക്കുറിച്ചുള്ള ഉത്സാഹത്തിൻെറയും പേർ. ഹിംസാ (സ്ത്രീ) മോഷണാദികർമ്മത്തിൻെറയും വധത്തിൻെറയും പേർ.

പ്രസൂരശ്വാശ്വി ദ്രഡ്യാവൌ രോദസ്യൌ രോദസീ ച തേ
ജ്വാലോ ഭാസോന്ന പുംസ്യുച്ചൈർജ്ജ്യോതിർദ്ദ്യോതദ്ദ്യുഷ്ണിഷു. 233

പ്രസൂഃ (സ്ത്രീ) പെൺകുതിരയുടെയും മാതാവിൻെറയും പേർ. രോദസ്യൌ (സ്ത്രീ-ദ്വി) രോദസീ (ക്ലീ-ദ്വി) ഉ-ം ഭൂമിയുടെയും ആകാശത്തി

ന്റെയും പേർ. അച്ചിഃ (ക്ലീ) സ്ത്രീലിംഗമായിട്ടുമാം. ജ്വാലയുടെയും ശോഭയുടെയും പേർ. ജ്യോതിഃ (ക്ലീ) നക്ഷത്രത്തിന്റെയും പ്രകാശത്തിന്റെയും ദൃഷ്ടിയുടെയും പേർ.

പാപാപരാധയോരാഗഃ ഖഗബാല്യാദിനോർവ്വയഃ
തേജഃ പുരീഷയോർവ്വച്ചോ മഹസ്തൂത്സവതേജസോഃ 234

ആഗഃ (ക്ലീ) പാപത്തിന്റെയും അപരാധത്തിന്റെയും പേർ. വയഃ (ക്ലീ) പക്ഷിയുടെയും ബാല്യാദിയുടെയും പേർ. വച്ചഃ (ക്ലീ) തേജസ്സിന്റെയും വിഷ്ഠയുടെയും പേർ. മഹഃ (ക്ലീ) ഉത്സവത്തിന്റെയും തേജസ്സിന്റെയും പേർ.

രജോ ഘ്രണേ ച സ്ത്രീപുഷ്പേ രാഹൌ ധ്വാന്തേ ഘ്രണേ തമഃ
ഛന്ദഃ പദ്യേഭിലാഷേ ച തപഃ കൃച്ഛ്രാദികർമ്മ ച. 235

രജഃ (ക്ലീ) രജസ്സെന്ന ഘ്രണത്തിന്റെയും തീണ്ടാരിക്കറയുടെയും പൊടിയുടെയും പേർ. തമഃ (ക്ലീ) രാഹുവിന്റെയും ഇരുട്ടിന്റെയും തമസ്സെന്ന ഘ്രണത്തിന്റെയും പേർ. ഛന്ദഃ (ക്ലീ) ഉക്താദ്യുക്താദിവൃത്തത്തിന്റെയും ഇച്ഛയുടെയും വേദത്തിന്റെയും സൈരാചാരത്തിന്റെയും പേർ. തപഃ (ക്ലീ) സാന്തപനാദികൃച്ഛ്രാനുഷ്ഠാനത്തിന്റെയും വ്രതാനുഷ്ഠാനം മുതലായതിന്റെയും ധർമ്മത്തിന്റെയും ലോകവിശേഷത്തിന്റെയും പേർ.

സഹോ ബലം സഹാ മാർഗ്ഗോ നഭഃ ഖം ശ്രാവണോ നഭാഃ
ഓകസ്സത്മാശ്രയശ്ചൌകഃ പയഃ ക്ഷീരം പയോംബു ച.

സഹഃ (ക്ലീ) ബലത്തിന്റെ പേർ. സഹാഃ (നാ) മാർഗ്ഗശീർഷമാസത്തിന്റെ പേർ. നഭഃ (ക്ലീ) ആകാശത്തിന്റെ പേർ. നഭാഃ (നാ) ശ്രാവണമാസത്തിന്റെ പേർ. ഓകഃ (ക്ലീ) ഭവനത്തിന്റെയും ആശ്രയത്തിന്റെയും പേർ. പയഃ (ക്ലീ) പാലിന്റെയും ജലത്തിന്റെയും പേർ.

ഓജോ ദീപ്തൌ ബലേ സ്രോത ഇന്ദ്രിയോ നിമ്നഗാരയേ
തേജഃ പ്രഭാവേ ദീപ്തൌ ച ബലേ ശുക്ലേപ്യതസ്സ്മിഷു. 237

ഓജഃ (ക്ലീ) ദീപ്തിയുടെയും ബലത്തിന്റെയും പേർ. സ്രോതഃ (ക്ലീ) ഇന്ദ്രിയത്തിന്റെയും നദീവേഗത്തിന്റെയും പേർ. തേജഃ (ക്ലീ) പ്രഭാവത്തിന്റെയും ദീപ്തിയുടെയും ബലത്തിന്റെയും ശുക്ലത്തിന്റെയും പേർ. അതസ്സ്മിഷു എന്നതിനു ഇനി സാന്തവർഗ്ഗം കഴിയുന്നതുവരെ പറവാൻ പോകുന്ന ശബ്ദങ്ങൾ മുക്കെയും തൃലിംഗങ്ങളാകുന്നു എന്ന് അർത്ഥമാകുന്നു.

വിദ്വാൻ വിദ്വംശ്ച ബീഭത്സോ ഹിംസ്രോപ്യതിശയേതമീ
വൃദ്ധപ്രശസ്യയോർജ്ജ്യായാൻ കനീയാംസ്തു യുവാല്പയോഃ.

വിദ്വാൻ (നാ) അറിഞ്ഞവന്റെയും ആത്മജ്ഞാനിയുടെയും ബുദ്ധിമാന്റെയും പേർ. ബീഭത്സഃ (നാ) ഹിംസാശീലന്റെയും രസവിശേഷത്തിന്റെയും അജ്ഞാനന്റെയും പേർ. അതിശയേ ത്വമീ എന്നതിനു് ഇനി പറവാൻ പോകുന്ന ജ്യായാനിയ്യാദിശബ്ദങ്ങൾ അതിശയത്തോടുകൂടിയ വൃദ്ധാദികളെ പറയുന്നവയാകുന്നു എന്നർത്ഥം. ജ്യായാൻ—അതിശയേന വൃദ്ധനായിരിക്കുന്നവന്റെയും ഏറ്റവും പ്രശസ്യന്റെയും പേർ. കനീയാൻ—ഏറ്റവും യുവാവിന്റെയും ഏറ്റവും അല്പന്റെയും പേർ.

വരീയാംസ്ത്വരയോസ്സാധീയാൻ സാധ്വാഢ്യയോഃ

വരീയാൻ—ഏറ്റവും വലിയതിന്റെയും ഏറ്റവും ശ്രേഷ്ഠത്തിന്റെയും പേർ. സാധീയാൻ ഏറ്റവും സാധുവിന്റെയും അതിദുഃഖത്തിന്റെയും പേർ.

ഹാന്താഃ

ദ്രോപി ബഹ്വം നിബ്ബന്ധോപരാഗാക്ഷ്ണോർഗ്രഹാഃ. 239

ബഹ്വം (ക്ലീ) ഇലയുടെയും മയില്പീലിയുടെയും പേർ. ഗ്രഹഃ (നാ) നിബ്ബന്ധത്തിന്റെയും സൂര്യചന്ദ്രന്മാരുടെ ഗ്രഹണത്തിന്റെയും സൂര്യൻ, ചന്ദ്രൻ ഇത്യാദിനവഗ്രഹങ്ങളുടെയും പേർ.

ദ്വാര്യാപീഡേ കപാടരസേ നിര്യൂഹോ നാഗദന്തകേ
തുലാസൂത്രേശപാദിരശ്മൌ പ്രഗ്രാഹഃ പ്രഗ്രഹോപി ച. 240

നിര്യൂഹഃ (നാ) വാതില്പടിയുടെയും ശിരോലങ്കാരത്തിന്റെയും കഷായമെന്ന ഔഷധത്തിന്റെയും ആനക്കൊമ്പിന്റെയും പേർ. പ്രഗ്രാഹഃ പ്രഗ്രഹഃ (പു-ം നാ) തുലാസിന്റെ പിടിച്ചരടിന്റെയും അശ്വാദികളുടെ വായ്യയറിന്റെയും പേർ.

പത്നീപരിജനാദാനമൂലശാപാഃ പരിഗ്രഹാഃ
ദാരേഷു ച ഗൃഹാ ശ്രോണ്യാമപ്യാരോഹോ വരസ്ത്രിയാഃ

പരിഗ്രഹഃ (നാ) ഭാര്യയുടെയും പരിവാരജനത്തിന്റെയും സ്വീകാരത്തിന്റെയും മൂലധനത്തിന്റെയും ശാപത്തിന്റെയും പേർ. ഗൃഹാഃ (നാ) ബഹുവചനം നിത്യമാകുന്നു. ഭാര്യയുടെയും ഭവനത്തിന്റെയും പേർ. ആരോഹഃ (നാ) ഉത്തമസ്ത്രീയുടെ കടിപ്രദേശത്തിന്റെയും കരേറുക എന്ന ക്രിയയുടെയും പേർ.

വ്യൂഹോ വൃന്ദേപ്യൂഹിർവ്വിത്രേപ്യൂഹ്യന്ദിച്ക്കാസ്ത്രമോപഹാഃ
പരിച്ഛദേ നൃപാഹ്നേതേ പരിബർഹോവ്യയാഃ പരേ. 242

വ്യൂഹഃ (നാ) സമൂഹത്തിൻെറയും ബലവിന്യാസത്തിൻെറയും പേർ. അഹിഃ (നാ) വൃത്രാസുരൻെറയും സർപ്പത്തിൻെറയും പേർ. തമോപഹഃ (നാ) അഗ്നിയുടെയും ചന്ദ്രൻെറയും ആദിത്യൻെറയും പേർ. പരിബർഹഃ (നാ) പരിവാരത്തിൻെറയും രാജയോഗ്യമായ വസ്തുവിൻെറയും പേർ. അവ്യയാഃ പരേ എന്നതിനു് ഇനി നാനാർത്ഥവർഗ്ഗാവസാനംവരെ പഠിവാൻ പോകുന്ന ശബ്ദങ്ങൾ അവ്യയങ്ങളായിട്ടും നാനാർത്ഥങ്ങളായിട്ടുമുള്ളതുകളാകുന്നു എന്നർത്ഥം.

അവ്യയാനി

ആങീഷദർത്ഥേഭിവ്യാപ്തൌ സീമാർത്ഥേ ധാതുയോഗജേ
ആ പ്രഗൃഹ്യഃ സ്മൃതൌ വാക്യേപ്യാസ്ത്വ സ്യാൽ കോപപീ
(ഡയോഃ. 1

ആങ്ു് (അവ്യയം) ഈഷദർത്ഥം മുതലായതുകളിൽ പ്രയോഗിക്കാം. ഈഷദർത്ഥത്തിങ്കൽ ആപിംഗലഃ എന്നു് ഉദാഹരണം. ഈഷദർത്ഥം = അല്പമെന്നുള്ള അർത്ഥം. ആപിംഗലഃ എന്ന ഉദാഹരണപദത്തിനു് അല്പം പിംഗലമായിട്ടുള്ളതു് എന്നർത്ഥമാകയാൽ ആപിംഗലശബ്ദത്തിങ്കലെ ആകാരം ഈഷദർത്ഥത്തെ പഠയുന്ന ആങൈന്ന അവ്യയമാകുന്നു എന്നു ധരിച്ചുകൊൾക. അഭിവ്യാപ്തിയും ആങിൻെറ അർത്ഥമാകുന്നു. ഉദാഹരണം ആസത്യലോകാൽ എന്നാകുന്നു. ഇതിനു സത്യലോകത്തെ അഭിവ്യാപിച്ചിട്ടെന്നർത്ഥമാകുന്നു. സീമയും ആങിൻെറ അർത്ഥമാകുന്നു. ഉദാഹരണം ആസമുദ്രം രാജദണ്ഡഃ എന്നാകുന്നു. ആസമുദ്രമെന്നതിനു സമുദ്രത്തിങ്കലോളമെന്നു ഭാഷ. ധാതുയോഗജമായ അർത്ഥവും ആങിനു ഭവിക്കുന്നു. ഉദാഹരണം ആഹരതീത്യാദി. ആ (അവ്യയം) ഇതിനു ങകാരമില്ല. മുൻപറയപ്പെട്ടതിനു വ്യാകരണപ്രക്രിയാവശാൽ ങകാരമുണ്ടു്. അർത്ഥത്തെന്നയല്ല, ഇതിനു പ്രഗൃഹ്യമെന്നൊരു പേരുകൂടിയുണ്ടു്. സ്മൃതിയും വാക്യപൂരണവും ഇതിൻെറ അർത്ഥമാകുന്നു. ആഃ (അവ്യയം) കോപവും പീഡയും ഇതിൻെറ അർത്ഥമാകുന്നു.

പാപകുത്സേഷദർത്ഥേ കുത്സിതേ നിർത്സനനിന്ദയോഃ
ചാനപായസമാഹാരേ തരേതരസമുച്ചയേ. 2

കു (അവ്യയം) പാപമെന്നും കുത്സിതമെന്നും അല്പമെന്നും ഇതിൻെറ അർത്ഥമാകുന്നു. ധിക് (അവ്യയം) നിർത്സനമെന്നും നിന്ദയെന്നും അർത്ഥമാകുന്നു. ച (അവ്യയം) അനപായവും സമാഹാരവും ഇതരേതരയോഗവും സമുച്ചയവും ഇതിൻെറ അർത്ഥമാകുന്നു. രണ്ടു ക്രിയകളിൽ

ഒന്നിങ്കൽ പ്രധാനതയും മറ്റേതിൽ അപ്രധാനതയുമത്രേ അനുചയമാകുന്നതു്. ഉദാഹരണം: 'ഭിക്ഷാമട ഗാഞ്ചാനയ' ഇത്യാദിയാകുന്നു. സമാഹാരം=സമൂഹം. ഉദാഹരണം: സംജ്ഞാ ച പരിഭാഷാ ച സംജ്ഞാപരിഭാഷമിത്യാദി. അന്യോന്യസാപേക്ഷങ്ങളായിരിക്കുന്ന രണ്ടു വസ്തുക്കളുടെ ഏകക്രിയാന്വയമത്രേ ഇതരേതരയോഗമാകുന്നതു്. ഉദാഹരണം: ധവശ്ച ഖദിരശ്ചേത്യാദി. ധവാന്വിതമായിരിക്കുന്ന ഖദിരവും ഖദിരാന്വിതമായിരിക്കുന്ന ധവവുമിത്യാദി അതിന്റെ അർത്ഥമാകുന്നു. പരസ്പരനിരപേക്ഷങ്ങളായിരിക്കുന്ന രണ്ടു വസ്തുക്കളുടെ ഏകക്രിയാന്വയമത്രേ സമുച്ചയമാകുന്നതു്. ഉദാഹരണം: ഈശ്വരം ഗുരുഞ്ച ഭജസേത്യാദി.

സ്വസ്ത്യാശീഃ ക്ഷേമപുണ്യാദൌ പ്രകർഷേ ലംഘനേപ്യുതി
സചിൽ പ്രശ്നേ ച വിതർക്കേ ച തു സ്യാൽ ഭേദേവധാരണേ.

സ്വസ്തി (അവ്യയം) ഇഷ്ടമായ വസ്തു എന്നും നിരുപദ്രവമെന്നും പുണ്യമെന്നും അതിന്റെ അർത്ഥം. അതി (അവ്യയം) പ്രകർഷവും ലംഘനവും അർത്ഥം. പ്രകർഷം=ആധിക്യം. ലംഘനം=അതിക്രമണം. സചിൽ (അവ്യയം) പ്രശ്നവും വിതർക്കവും അർത്ഥം. തു (അവ്യയം) ഭേദവും അവധാരണവും അർത്ഥം.

സകൃൽ സകൃദേകവാരേ ചാപ്യാരാദ്ദൂരസമീപയോഃ
പ്രതീച്യാം ചരമേ പശ്ചാദുതാപ്യർത്ഥവികല്പയോഃ. 4

സകൃൽ (അവ്യയം) കൂടെ എന്നും ഒരിക്കൽ എന്നും അർത്ഥം. ആരാൽ (അവ്യയം) ദൂരമെന്നും സമീപമെന്നും അർത്ഥം. പശ്ചാൽ (അവ്യയം) പടിഞ്ഞാറെ ദിക്കെന്നും ഒടുക്കത്തേതെന്നും അർത്ഥം. ഉത (അവ്യയം) സമുച്ചയവും വികല്പവും അർത്ഥം.

പുനസ്സാകല്യയോഃ പശ്ചാൽ സാക്ഷാൽ പ്രത്യക്ഷതുല്യയോഃ
ഖേദാനുകമ്പാസന്തോഷവിസ്മയാമന്ത്രണേ ഖത. 5

പശ്ചാൽ (അവ്യയം) പിന്നെയും പിന്നെയുമെന്നും, കൂടെ എന്നും അർത്ഥം. സാക്ഷാൽ (അവ്യയം) പ്രത്യക്ഷമെന്നും തുല്യമെന്നും അർത്ഥം. ഖത (അവ്യയം) ഖേദവും ദയയും സന്തോഷവും വിസ്മയവും സംബോധനവും അതിന്റെ അർത്ഥമാകുന്നു.

ഹന്ത ഹർഷേനുകമ്പായാം വാക്യാരംഭവിഷാദയോഃ
പ്രതി പ്രതിനിധൌ വീപ്സാലക്ഷണാദൌ പ്രയോഗതഃ. 6

ഹന്ത (അവ്യയം) സന്തോഷവും ദയയും വിഷാദവും അതിന്റെ അർത്ഥമാകുന്നു. അത്രതന്നെയല്ല, വ്യാക്യാരംഭത്തിങ്കലും പ്രയോഗമുണ്ടു്. പ്രതി (അവ്യയം) പ്രതിനിധിയും വീപ്സയും ലക്ഷണം മുതലായതും ഇതി

ന്റെ അർത്ഥമാകുന്നു. മുഖ്യത്തോട് സദൃശമായ വസ്തുവിനെ പ്രതിനിധിയെന്നറിക. അഭിമന്യും പ്രതി പരീക്ഷിൽ എന്നുദാഹരണം. വീപ്സാ=വ്യാപിപ്പാനായിക്കൊണ്ടുള്ള ഇച്ഛാ. തീർത്ഥം പ്രതി ഗച്ഛതി എന്നുദാഹരണം. ഇങ്ങനെ ലക്ഷണാദികളിലും പ്രയോഗത്തെ കണ്ടുകൊൾക. പ്രയോഗതഃ എന്നതുകൊണ്ട് ശിഷ്ടപ്രയോഗത്തെ അനുസരിച്ചു മേല്പറഞ്ഞ അർത്ഥങ്ങളിൽ പ്രയോഗിക്കാമെന്ന് അഭിപ്രായത്തെ പറഞ്ഞിരിക്കുന്നു.

ഇതി ഹേതുപ്രകരണപ്രകാശാദിസമാപ്തിഷു
പ്രാച്യം പുരസ്താൽ പ്രഥമേ പുരാതീത്യുത ഇത്യുപി. 7

ഇതി (അവ്യയം) ഹേതുവും പ്രകരണവും പ്രകാശവും ഇപ്രകാരമെന്നും സമാപ്തിയും ഇതിന്റെ അർത്ഥമാകുന്നു. പുരസ്താൽ (അവ്യയം) കിഴക്കെദിക്കിലെന്നും ആദിയിലെന്നും പണ്ട് എന്നും അഗ്രഭാഗത്തിങ്കലെന്നും അർത്ഥമാകുന്നു.

യാവത്താവച്ച സാകല്യേവധൌ മാനേവധാരണേ
മംഗലാനന്തരാരംഭപ്രശ്നകാർത്സ്ന്യേഷ്വഥോ അഥ. 8

യാവൽ (അവ്യയം) താവൽ (അവ്യയം) സാകല്യവും അവധിയും മാനവും അവധാരണവും ഇതുകളുടെ അർത്ഥമാകുന്നു. അഥോ (അവ്യയം) അഥ (അവ്യയം) മംഗലവും അനന്തരമെന്നുള്ളതും ആരംഭവും പ്രശ്നവും സാകല്യവും ഇതുകളുടെ അർത്ഥമാകുന്നു.

വൃഥാ നിരർത്ഥകാവിധ്യോന്നാനേകോഭയാർത്ഥയോഃ
നനു പൃച്ഛായാം വികല്പേ ച പശ്ചാൽ സാദൃശ്യയോരനു 9

വൃഥാ (അവ്യയം) നിരർത്ഥകമെന്നും വിധിയോടുകൂടാത്തതു് എന്നും ഇതിന്റെ അർത്ഥമാകുന്നു. നാനാ (അവ്യയം) അനേകമെന്നും രണ്ട് എന്നും അർത്ഥം. നനു (അവ്യയം) പ്രശ്നവും വികല്പവും അർത്ഥം. അനു (അവ്യയം) പിന്നാലെ എന്നും സദൃശമെന്നും അർത്ഥം.

പ്രശ്നാവധാരണാനുജ്ഞാനുനയാമന്ത്രണേ നനു
ഗർഹാസമുച്ചയപ്രശ്നശംകാസംഭാവനാസ്വപി. 10

നനു (അവ്യയം) പ്രശ്നവും അവധാരണവും അനുജ്ഞയും അനുനയവും ആമന്ത്രണവും ഇതിന്റെ അർത്ഥമാകുന്നു. ആമന്ത്രണം=സംബോധന. അപി (അവ്യയം) നിന്ദയും സമുച്ചയവും പ്രശ്നവും ശങ്കയും സംഭാവനയും ഇതിന്റെ അർത്ഥമാകുന്നു. സംഭാവന എന്നതു ശക്തിയുടെ ആധിക്യത്തെ പ്രകാശിപ്പിപ്പാനായിക്കൊണ്ടുള്ള അതൃക്തിയാകുന്നു.

ഉപമായാം വികല്പേ വാ സാമി തച്ഛേ ജുഗുപ്സിതേ
അമാ സഹസമീപേ ച കം വാരിണി ച മൂർധ്നി ച. 11

വാ (അവ്യയം) ഉപമയും വികല്പവും അർത്ഥം. സാമി (അവ്യയം) പകൃതി എന്നും നിന്ദിതമായിട്ടുള്ളതു് എന്നും അർത്ഥം. അമാ (അവ്യയം) കൂടെ എന്നും സമീപത്തിങ്കൽ എന്നും അർത്ഥം. കം (അവ്യയം) ജലമെന്നും ശിരസ്സു് എന്നും അർത്ഥം.

ഇവേത്ഥമർത്ഥയോരേവം നൂനം തർക്കേത്ഥനിശ്ചയേ
തൂഷ്ണീമർത്ഥേ സുഖേ ജോഷം കിം പൃച്ഛായാം ഹ്രീസ്സനേ 12

ഏവം (അവ്യയം) എന്നപോലെ എന്നും ഇപ്രകാരമെന്നും ഇതിന്റെ അർത്ഥം. നൂനം (അവ്യയം) തർക്കവും നിശ്ചയവും അർത്ഥം. ജോഷം (അവ്യയം) മിണ്ടാതെ എന്നും സുഖേന എന്നും ഇതിൻെറ അർത്ഥമാകുന്നു. കിം (അവ്യയം) പ്രശ്നവും നിന്ദയും അർത്ഥം.

നാമ പ്രാകാശ്യസംഭാവ്യക്രോധോപഗമകുത്സനേ
അലം ഭൂഷണപര്യാപ്തിശക്തിവാരണവാചകം. 13

നാമ (അവ്യയം) പ്രസിദ്ധിയും പണിപ്പെട്ടു് എന്നുള്ള അർത്ഥവും കോപവും ദോഷത്തോടുകൂടിയ അംഗീകാരവും നിന്ദയും അർത്ഥം. അലം (അവ്യയം) ഭൂഷണവും പര്യാപ്തിയും ശക്തിയും വാരണവും അർത്ഥം. ഭൂഷണം=അലങ്കാരം. പര്യാപ്തി=പരിപൂർണ്ണത. വാരണം=തടവു്.

ഹ്രം വിതർക്കേ പരിപ്രശ്നേ സമയാന്തികമധ്യയോഃ
പുനരപ്രഥമേ ഭേദേ നിർന്നിശ്ചയനിഷേധയോഃ 14

ഹ്രം (അവ്യയം) വിതർക്കവും പരിപ്രശ്നവും അർത്ഥം. വിതർക്കം=പലപ്രകാരത്തിലുള്ള തർക്കം, പരിപ്രശ്നം പ്രശ്നംതന്നെ. സമയാ (അവ്യയം) സമീപമെന്നും മധ്യമെന്നും അർത്ഥം. പുനഃ (അവ്യയം) പ്രഥമമല്ലാത്തതെന്നും വിശേഷവും അർത്ഥം. നിഃ (അവ്യയം) നിശ്ചയവും നിഷേധവും അർത്ഥം.

സ്യാൽ പ്രബന്ധേ ചിരാതീതേ നികടാഗാമികേ പുരാ
ഊരരീരീ ചോരരീ ച വിസ്മാരേംഗീകൃതൌ ത്രയം. 15

പുരാ (അവ്യയം) പ്രബന്ധവും ചിരവും അതീതവും നികടവും ആഗാമികവും അർത്ഥം. പ്രബന്ധം=നൈരന്തര്യം (എല്ലാ സമയത്തിങ്കലുമെന്നു സാരം) ചിരം=ചിരന്തനം (പുരാണമെന്നു സാരം). അതീതം=കഴിഞ്ഞതു്. നികടം=അടുത്തതു്. ആഗാമികം=വരുവാനിരിക്കുന്നതു്. ഊരരീ, ഊരീ, ഉരരീ (മൂന്നും അവ്യയം) വിസ്മാരവും അംഗീകാരവും അർത്ഥം.

സ്വർഗ്ഗേ പരേ ച ലോകേ സ്വവ്യാർത്താസംഭാവ്യയോഃ കില
നിഷേധവാക്യാലംകാരജിജ്ഞാസാസ്മരണയേ ഖലു. 16

സത്യം (അവ്യയം) സത്ത്വമെന്നും പരലോകമെന്നും അർത്ഥം. കില (അവ്യയം) ജനവാദവും സംഭാവനായോഗ്യമായിട്ടുള്ളതു് എന്നും അർത്ഥം. ഖലു (അവ്യയം) നിഷേധവും വാക്യാലംകാരവും ജിജ്ഞാസയും അനുനയവും അർത്ഥം. ജിജ്ഞാസ = അറിവാനായിക്കൊണ്ടുള്ള ഇച്ഛ.

സമീപോഭയതശ്ശീല്യസാകല്യാഭിമുഖേഭിതഃ
ജന്മപ്രാകാശ്യയോഃ പ്രാദുർമ്മിഥോന്യോന്യം രഹസ്യുപി. 17

അഭിതഃ (അവ്യയം) സമീപത്തിങ്കലെന്നും ഇരുഭാഗങ്ങളിലെന്നും പൊട്ടന്നനവെ എന്നും എല്ലാ ദേശങ്ങളിലെന്നും മുഖത്തിന്റെ നേരെയുള്ള ഭാഗത്തിങ്കലെന്നും അർത്ഥം. പ്രാദുഃ (അവ്യയം) ജനനവും പ്രാകാശ്യവും അർത്ഥം. മിഥഃ (അവ്യയം) അന്യോന്യമെന്നും വിജനപ്രദേശത്തിങ്കലെന്നും അർത്ഥം.

തിരോന്തർധൗ തിരശ്ചീനേ ഹാ വിഷാദശുശാത്തിഷു
അഹഹേത്യദ്ഭുതേ ഖേദേ ഹി ഹേതാവവധാരണേ. 18

തിരഃ (അവ്യയം) മറയുക എന്നും വിലങ്ങത്തിലെന്നും അർത്ഥം. ഹാ (അവ്യയം) വിഷാദവും ശോകവും പീഡയും അർത്ഥം. അഹഹ (അവ്യയം) അത്ഭുതവും ഖേദവും അർത്ഥം. ഹി (അവ്യയം) ഹേതുവും അവധാരണവും അർത്ഥം.

അവ്യയവർഗ്ഗം

ചിരായ ചിരരാത്രായ ചിരസ്യാദ്യുശ്ചിരാത്പ്രകാഃ
മുഹുർഭ്രുയഃ പുനശ്ശശച്ഛഭീക്ഷ്ണമസകൃൽ സമാഃ 1

ചിരായ ചിരരാത്രായ ചിരസ്യ (മൂന്നും അവ്യയം) വളരെക്കാലമെന്നർത്ഥം. ആദിശബ്ദംകൂടിയുണ്ടാകകൊണ്ടു മേല്പറഞ്ഞതുകൾക്കു പുറമെ ചിരം ചിരേണ ചിരാൽ എന്ന അവ്യയങ്ങളും വളരെക്കാലമെന്നുള്ള അർത്ഥത്തോടുകൂടിയതുകളാകുന്നു എന്നു ധരിച്ചുകൊൾക. മുഹുഃ ഭ്രുയഃ പുനഃ ശശച്ഛൽ അഭീക്ഷ്ണം അസകൃൽ (ന്യ-ം അവ്യയം) പിന്നെയും പിന്നെയുമെന്നർത്ഥം.

സ്യാഗ്ഝടിത്യഞ്ജസാഹ്നായ മംക്ഷു ദ്രാക്സപദി ദ്രുതം
ബലവൽ സുഷ്ഠു കിമുത സത്യതീവ ച നിർഭരേ. 2

സ്യാൽ ഝടിതി അഞ്ജസാ അഹ്നായ മംക്ഷു ദ്രാൽ സപദി ദ്രുതം (വ്യ-ം അവ്യയം) പൊട്ടന്നനവെ എന്നർത്ഥം. ബലവൽ സുഷ്ഠു കിമുത സു അതി അതീവ (ന്യ-ം അവ്യയം) ഏറെവുമെന്നർത്ഥം.

പൃഥഗ്വിനാന്തരേണാതേ ഹിരുങ് നാനാ ച വർജ്ജനേ
യത്തദ്യതസ്തതോ ഹേതാവസാകല്യേ തു ചിച്ചന. 3

പൃഥക് വിനാ അന്തരേണ ഋതേ ഹിരുക് നാനാ (ന്യ-ം അവ്യയം) കൂടാതെ എന്നർത്ഥം. യൽ തൽ യതഃ തതഃ (ർ-ം അവ്യയം) ഹേതു എന്നർത്ഥം. ചിൽ ചന (ച-ം അവ്യയം) തികവില്ലായ്മ അർത്ഥം.

കദാചിജ്ജാതു സാദ്ധ്യം തു സാകം സത്രാ സമം സഹ
ആനുകൂല്യാർത്ഥകം പ്രാഢ്യം വ്യർത്ഥകേ തു വൃഥാ മുധാ. 4

കദാചിൽ ജാതു (രണ്ടും അവ്യയം) ഒരിക്കലെന്നർത്ഥം. സാദ്ധ്യം സാകം സത്രാ സമം സഹ (മ-ം അവ്യയം) കൂടെ എന്നർത്ഥം. പ്രാഢ്യം (അവ്യയം) ആനുകൂല്യമെന്നർത്ഥം. വൃഥാ മുധാ (വ-ം അവ്യയം) വ്യർത്ഥമെന്നർത്ഥം. വെറുതെ എന്നു ഭാഷ.

ആഹോ ഉതാഹോ കിമുത വികല്പേ കിം കിമുത ച
തു ഹി ച സ്മ ഹ വൈ പാദപൂരണേ പൂജനേ സ്മതി. 5

ആഹോ ഉതാഹോ കിമുത കിം കിമു ഉത (ന്യ-ം അവ്യയം) വികല്പം അർത്ഥം. തു ഹി ച സ്മ ഹ വൈ (ന്യ-ം അവ്യയം) ഇതുകൾ പാദത്തിൻെറ തികവിനായിക്കൊണ്ട് അർത്ഥവിവക്ഷകൂടാതെതന്നെ പ്രയോഗിക്കപ്പെടുന്നതുകളാകുന്നു. സു അതി (വ-ം അവ്യയം) പൂജ അർത്ഥമാകുന്നു.

ദിവാഹ്നിത്യർത്ഥ ദോഷാ ച നക്തഞ്ച രജനാവിതി
തിര്യ്യഗർത്ഥേ സാചി തിരോവ്യർത്ഥ സംബോധനാർത്ഥകാഃ. 6

സ്യുഃ വ്യാട് പാഡംഗ ഹേ ഹൈ ഭോസ്സമയാ നികഷാ
(ഹിരുക് 7

അതക്കിതേ തു സഹസാ സ്യാൽ പുരഃ പുരതോഗ്രതഃ

ദിവാ (അവ്യയം) അഹസ്സിങ്കൽ എന്നർത്ഥം. അഹസ്സ്=പകലു്. ദോഷാ നക്തം (വ-ം അവ്യയം) രാത്രിയിലെന്നർത്ഥം. സാചി തിരഃ (വ-ം അവ്യയം) വിലങ്ങത്തിലെന്നർത്ഥം. വ്യാട് പാട് അംഗ ഹേ ഹൈ ഭോഃ (ന്യ-ം അവ്യയം) സംബോധനം ഇതുകളുടെ അർത്ഥം. അല്ലയോ എടോ ഇത്യാദി ഭാഷകൾ അതുകൾക്കു പറഞ്ഞുവരുന്നുണ്ടു്. സമയാ നികഷാ ഹിരുക് (സ-ം അവ്യയം) സമീപത്തിങ്കൽ എന്നർത്ഥം. സഹസാ (അവ്യയം) വിചാരിക്കപ്പെടാത്തതു് എന്നർത്ഥം. പുരഃ പുരതഃ അഗ്രതഃ (സ-ം അവ്യയം) മുമ്പിൽ എന്നർത്ഥം.

സ്വാഹാ ദേവഹവിർദ്ദാനേ ശ്രൌഷഡ്വൌഷഡ്വഷൾ സ്വ
കിഞ്ചിദീഷന്നനാഗസ്യല്പ പ്രത്യാമൃത്രാ ഭവാന്തരേ. (ധാ

സ്വാഹാ ശ്രൌഷൾ വൌഷൾ വഷൾ സ്വധാ (ഭ-ം അവ്യയം) ഇതുകൾ ദേവന്മാൎക്കായിക്കൊണ്ടു ഹവിസ്സിനെ ദാനംചെയ്യുന്ന സമയം പ്രയോഗിക്കപ്പെടുന്നതുകളാകുന്നു. കിഞ്ചിൽ ഈഷൽ മനാക് (ന-ം അവ്യയം) അല്പമെന്നൎത്ഥം. പ്രേത്യ അമുത്രാ (ഉ-ം അവ്യയം) പരലോകത്തിങ്കലെന്നൎത്ഥം.

വ വാ യഥാ തഃഥൈവം സാമ്യോഹോ ഹീതി വിസ്മയേ
മൌനേ തു തൂഷ്ണീ തൂഷ്ണീകാം സദ്യഃ സപദി തൽക്ഷണേ. 9

വ വാ യഥാ തഥാ ഇവ ഏവം (ന-ം അവ്യയം) സാദൃശ്യം അൎത്ഥം. അഹോ ഹി (അവ്യയം) വിസ്മയം അൎത്ഥം. തൂഷ്ണീം തൂഷ്ണീകാ (ഉ-ം അവ്യയം) മിണ്ടാതെ എന്നൎത്ഥം. സദ്യഃ സപദി (ഉ-ം അവ്യയം) ആ ക്ഷണത്തിങ്കൽ എന്നൎത്ഥമാകുന്നു.

ദിഷ്ട്യാ സമുപജോഷഞ്ചേത്യാനന്ദേഥാന്തരേന്തരാ
അന്തരേണ ച മധ്യേ സ്യുഃ പ്രസഹ്യ തു ഥാൎത്ഥകം. 10

ദിഷ്ട്യാ സമുപജോഷം (ഉ-ം അവ്യയം) ആനന്ദമെന്നൎത്ഥം. അന്തരേ അന്തരാ അന്തരേണ (ന-ം അവ്യയം) മധ്യത്തിങ്കലെന്നൎത്ഥം. പ്രസഹ്യ (അവ്യയം) ബലാൽകാരേണ എന്നൎത്ഥം.

യുക്തേ ദേവ സാംപ്രതം സ്ഥാനേഭീക്ഷ്ണം ശശദ്ദനാരതേ
അഭാവേ നഹ്യനോ നാചി മാസ്മ മാലം ച വാരണേ. 11

സാംപ്രതം സ്ഥാനേ (ഉ-ം അവ്യയം) യുക്തമെന്നൎത്ഥം. അഭീക്ഷ്ണം ശശൽ (ഉ-ം അവ്യയം) എല്ലാ കാലത്തിങ്കലുമെന്നൎത്ഥം. നഹി അനോ ന (ൎ-ം അവ്യയം) അഭാവം അൎത്ഥം. ഇല്ല എന്നു ഭാഷ. മാസ്മ മാ അലം (ന-ം അവ്യയം) നിഷേധം അൎത്ഥം. അരുത് എന്നു ഭാഷ.

പക്ഷാന്തരേ ചേദ്യദി ച തതേപ തഥ്യാഞ്ജസാ ദ്വയം
പ്രകാശേ പ്രാദുരാവിസ്സ്യാദോമേവം പരമം മതേ. 12

ചേൽ യദി (ഉ-ം അവ്യയം) എങ്കിലെന്നൎത്ഥം. അഥ്യാ അഞ്ജസാ (ഉ-ം അവ്യയം) പരമാൎത്ഥമെന്നൎത്ഥം. പ്രാദുഃ ആവിഃ (ഉ-ം അവ്യയം) പ്രകാശമെന്നൎത്ഥം. ഓം ഏവം പരമം (ന-ം അവ്യയം) അംഗീകാരം എന്നൎത്ഥം.

സമന്തതസ്തു പരിതസ്സർവ്വതോ വിഷ്വഗിത്യപി
അകാമാന്നമതൌ കാമമസ്യയോപഗമേസ്തു ച. 13

സമന്തതഃ പരിതഃ സർവ്വതഃ വിഷ്വക് (ൎ-ം അവ്യയം) എല്ലാടത്തുമെന്നൎത്ഥം. കാമം (അവ്യയം) ഇച്ഛയോടുകൂടാത്ത അംഗീകാരം എന്നൎത്ഥം. അസ്തു (അവ്യയം) അസൂയയോടുകൂടിയ അംഗീകാരം എന്നൎത്ഥം.

നനു ച സ്യാദ്വിരോധോക്തൌ കച്ചിൽ കാമപ്രവേദനേ
നിഷ്ടമം ദുഷ്ടമം ഗർഹ്യേ യഥാസ്വന്തു യഥായഥം. 14

നനു (അവ്യയം) വിരോധവചനം അർത്ഥം. കച്ചിൽ (അവ്യയം) ഇഷ്ട പ്രശ്നം അർത്ഥം. നിഷ്ടമം ദുഷ്ടമം (ഉ-ം അവ്യയം) നിന്ദ്യമെന്നർത്ഥം. യഥാസ്വം യഥായഥം (ഉ-ം അവ്യയം) യഥായ ഗ്യമെന്നു് അർത്ഥം.

മൃഷാ മിഥ്യാ ച വിതഥേ യഥാർത്ഥം തു യഥാതഥം
സ്യുരേവം തു പുനർവ്വൈവേത്യവധാരണവാചകാഃ 15

മൃഷാ മിഥ്യാ (ഉ-ം അവ്യയം) അസത്യമെന്നർത്ഥം. യഥാർത്ഥം യഥായഥം (ഉ-ം അവ്യയം) സത്യമെന്നർത്ഥം. ഏവം തു പുനഃ വൈ വ, അല്ലെങ്കിൽ വാ ഏവ (ഇ-ം അവ്യയം) അവധാരണം എന്ന അർത്ഥം. അവധാരണത്തിനുതന്നെ എന്നു ഭാഷ.

പ്രാഗതീതാർത്ഥകം നൂനമവശ്യം നിശ്ചയേ ദ്വയം
സംവദ്വത്സരേ തദ്വ്വാഗാമേവം സ്വയമാത്മനാ. 16

പ്രാക് (അവ്യയം) കഴിഞ്ഞതു് എന്നർത്ഥം. നൂനം അവശ്യം (ഉ-ം അവ്യയം) നിശ്ചയമെന്നർത്ഥം. സംവൽ (അവ്യയം) സംവത്സരമെന്നർത്ഥം. അദ്വാക് (അവ്യയം) കീഴായ കാലത്തിങ്കൽ എന്നും കീഴായ ദേശത്തിങ്കൽ എന്നും, മേൽപ്രകാരമുള്ള കാലദേശങ്ങളിൽ ഭവിച്ചതെന്നും അർത്ഥം. ആം ഏവം (ഉ-ം അവ്യയം) അംഗീകാരം എന്നർത്ഥം. സ്വയം (അവ്യയം) തന്നാൽ എന്നർത്ഥം.

അല്പേ നീചൈർമ്മഹത്യുച്ചൈഃ പ്രായോർഭ്രൂണ്യുതേ ശനൈഃ
സനാ നിത്യേ ബഹിർബ്ബാഹ്യേ സ്മാതീതേസ്തമദർശനേ. 17

നീചൈഃ (അവ്യയം) അല്പമെന്നർത്ഥം. ഉച്ചൈഃ (അവ്യയം) മഹത്തെന്നർത്ഥം. ശനൈഃ (അവ്യയം) പതുക്കെ എന്നർത്ഥം. സനാ (അവ്യയം) എല്ലാ സമയവുമെന്നർത്ഥം. ബഹിഃ (അവ്യയം) പുറത്തെന്നർത്ഥം. അസ്തം (അവ്യയം) കാണാഞ്ഞയെന്നർത്ഥം.

അസ്തി സത്യേ രുഷോക്തൌവു ഉതം പ്രശ്നേനുനയേ തഥാ
ഹ്യർത്ഥേ സ്യാദുഷാ രാത്രേരവസാനേ നമോ നതൌ. 18

അസ്തി (അവ്യയം) ഉണ്ടു് എന്നർത്ഥം. ഉ (അവ്യയം) ഇതു കോപത്തോടുകൂടിയ വാക്കിങ്കൽ പ്രയോഗിക്കപ്പെടുന്നതാകുന്നു. ഉതം (അവ്യയം) പ്രശ്നം എന്നർത്ഥം. അയി (അവ്യയം) അനുനയം എന്നർത്ഥം. ഹ്യർത്ഥേ (അവ്യയം) തർക്കം എന്നർത്ഥം. ഉഷഃ (അവ്യയം) രാത്രിയുടെ അവസാനമെന്നർത്ഥം. നമഃ (അവ്യയം) നമസ്കാരമെന്നർത്ഥം.

പുനരത്യേഷംഗനിന്ദായാം ദിഷ്ട്യാ സുഷ്ഠു പ്രശംസനേ
സായം സായേ പ്രഗേ പ്രാതഃ പ്രഭാതേ നികഷാന്തികേ. 19

അംഗ (അവ്യയം) പിന്നെ എന്നത്ഥം. ദിഷ്ട്യാ (അവ്യയം) ഇതിൻെറ അത്ഥം നിന്ദയാകുന്നു. സുഷ്ഠു (അവ്യയം) ഇതിൻെറ അത്ഥം സ്തുതിയാകുന്നു. സായേം (അവ്യയം) പകലിൻെറ അവസാനത്തിങ്കൽ എന്നത്ഥം. പ്രഗേ പ്രാതഃ (ഉ-ം അവ്യയം) പ്രഭാതത്തിങ്കൽ എന്നത്ഥം. നികഷാ (അവ്യയം) സമീപത്തിങ്കൽ എന്നത്ഥം.

പരുൽ പരാരൈ്വഷമോദ്യേ പൂർവ്വേ പൂർവ്വതരേയതി
അദ്യാരാത്രാഹ്നയഥ പൂർവ്വേദ്യുരുത്തരാപരാൽ. 20

തഥാധരാന്യാന്യതരേതരാൽ പൂർവ്വേദ്യുരോദയഃ
ഉഭയദ്യുശ്ചോഭയേദ്യുഃ പരേ തത്പരേദ്യുപി. 21

പരുൽ (അവ്യയം) കഴിഞ്ഞ സംവത്സരത്തിൽ എന്നത്ഥം. പരാരി (അവ്യയം) കഴിഞ്ഞതിൻെറ മുമ്പിലത്തെ സംവത്സരത്തിൽ എന്നത്ഥം. ഐഷമഃ (അവ്യയം) ഈ സംവത്സരത്തിൽ എന്നത്ഥം. അദ്യ (അവ്യയം) ഇന്നു് എന്നത്ഥം. പൂർവ്വേദ്യുഃ (അവ്യയം) പൂർവ്വമായിരിക്കുന്ന അഹസ്സിങ്കൽ എന്നത്ഥം. പൂർവ്വം=കഴിഞ്ഞതു്. അഹസ്സ്=ദിവസം. ഉത്തരേദ്യുഃ (അവ്യയം) ഉത്തരമായ അഹസ്സിങ്കൽ എന്നത്ഥം. ഉത്തരം=മേലേതു്. അപരേദ്യുഃ (അവ്യയം) അപരമായ അഹസ്സിങ്കൽ എന്നത്ഥം. അപരം=മറൊന്നു്. അധരേദ്യുഃ (അവ്യയം) അധരമായ അഹസ്സിങ്കൽ എന്നത്ഥം. അധരം=താഴേതു്. അന്യേദ്യുഃ (അവ്യയം) അന്യമായിരിക്കുന്ന അഹസ്സിങ്കൽ എന്നത്ഥം. അന്യം=മറൊന്നു്. അന്യതരേദ്യുഃ (അവ്യയം) രണ്ടിൽവെച്ചു് ഒരു ദിവസമെന്നു് അത്ഥം. ഉഭയേദ്യുഃ ഉഭയേദ്യുഃ (ഉ-ം അവ്യയം) രണ്ടു ദിവസമെന്നു് അത്ഥം. പരേദ്യുപി (അവ്യയം) പരമായിരിക്കുന്ന അഹസ്സിങ്കൽ എന്നത്ഥം.

ഹ്യോ ഗഃ തന്നാഗതേഹനി ശ്വഃ പരശ്വസ്തൽ പരേഹനി
തദാ തദാനീം യുഗപദേകദാ സർവ്വദാ സദാ. 22

ഹ്യഃ (അവ്യയം) ഇന്നലെ എന്നത്ഥം. ശ്വഃ (അവ്യയം) നാളെ എന്നത്ഥം. പരശ്വഃ(അവ്യയം) മറന്നാളെന്നത്ഥം. തദാ തദാനീം (അവ്യയം) അക്കാലത്തിങ്കൽ എന്നത്ഥം. യുഗപൽ ഏകദാ (ഉ-ം അവ്യയം) ഒരു കാലത്തിങ്കൽ എന്നത്ഥം. സർവ്വദാ സദാ (ഉ-ം അവ്യയം) എല്ലാ സമയത്തിങ്കലും എന്നത്ഥം.

ഏതർഹി സംപ്രതീദാനീമധുനാ സാംപ്രതം തഥാ
ദിഗ്ദേശകാലേ പൂർവ്വാദൌ പ്രാഗ്ഭവേപ്രത്യഗാദയഃ. 23

ഏതഹി സംപ്രതി ഇദാനീം അധുനാ സാംപ്രതം (ഭ-ം അവ്യയം) ഇപ്പോൾ എന്നർത്ഥം. പ്രാക് ഉദക് പ്രത്യക് (ആദിശബ്ദമുണ്ടാകയാൽ അവാക് എന്നും ഗ്രാഹ്യമാകുന്നു.) ഇവ (ഭ-ം അവ്യയം) ഇതുകളിൽ പ്രാക് എന്നതിനു കിഴക്കേ ദിക്കെന്നും കിഴക്കുള്ള ദേശമെന്നും കഴിഞ്ഞ കാലമെന്നും അർത്ഥമാകുന്നു. ഉദക് എന്നതിനു വടക്കേ ദിക്ക് എന്നും വടക്കുള്ള ദേശമെന്നും ഉത്തരകാലമെന്നും അർത്ഥമാകുന്നു. പ്രത്യക് എന്നതിനു പടിഞ്ഞാറെ ദിക്കെന്നും പടിഞ്ഞാറുള്ള ദേശമെന്നും പശ്ചിമകാലമെന്നും അർത്ഥമാകുന്നു. അവാക് എന്നതിനു തെക്കേ ദിക്കെന്നും തെക്കുള്ള ദേശമെന്നും പിന്നെത്തെക്കാലമെന്നും അർത്ഥമാകുന്നു.

ലിംഗാദിസംഗ്രഹവഗ്ഗം

സ്ത്രീലിംഗസംഗ്രഹം.

സലിംഗശാസ്ത്രൈസ്സന്നാദികൃത്തദ്ധിതസമാസജൈഃ
അനുക്തൈതസ്സംഗ്രഹേ ലിംഗം സങ്കീർണ്ണവദിഹോന്നയേൽ.

പൂർവ്വാചാര്യന്മാരാൽ ഉണ്ടാക്കപ്പെട്ടതായ ലിംഗശാസ്ത്രത്തോടുകൂടിയവയായും സന്നാദിപ്രത്യയാന്തങ്ങളായും കൃൽപ്രത്യയാന്തങ്ങളായും തദ്ധിതപ്രത്യയാന്തങ്ങളായും സമാസംനിമിത്തമായിട്ട് ഉണ്ടായവയായും ഇതിനു മുമ്പെ പ്രായേണ പറയപ്പെടാത്തവയായുമിരിക്കുന്ന ചില ശബ്ദങ്ങളോടുകൂടിയതായ ഈ ലിംഗാദിസംഗ്രഹവഗ്ഗത്തിങ്കൽ ലിംഗനിർണ്ണയത്തെ സങ്കീർണ്ണവഗ്ഗത്തിങ്കൽ പറഞ്ഞപ്രകാരം ചെയ്കൊൾക.

ലിംഗശേഷവിധിവ്യാപീവിശേഷൈരദ്യബാധിതഃ
സ്ത്രിയാമീദൂദന്തിരാമൈകാച് സയോനിപ്രാണിനാമ ച. 2

മുൻപറഞ്ഞ ലിംഗത്തിങ്കൽനിന്ന് അന്യമായ ലിംഗത്തെ വിധിക്കുന്നതു വിശേഷവിധികളാൽ ബാധിക്കപ്പെടാത്തതാകിൽ ഒരു ദിക്കിലും നീക്കം കൂടാതെ സർവ്വത്ര പ്രവൃത്തിയോടുകൂടിയതായി ഭവിക്കും. ഇങ്ങനെ പൂർവ്വാദ്ധ്യത്തിന്റെ അർത്ഥമാകയാൽ ഇവിടെ മുൻപറഞ്ഞ ലിംഗവിധികളിൽ അന്തർഭവിക്കാത്തതായ ലിംഗവിധി കണ്ടാൽ അതിനു വിശേഷവിധിയാൽ ഏതൊരു വിഷയത്തിൽ ബാധ ഭവിക്കുന്നുവോ, അതിനെ ഒഴിച്ച് അന്യവിഷയങ്ങളിൽ ഒക്കെയും വിധി വ്യാപിച്ചിരിക്കുമെന്നറിക.

ഉത്തരാർദ്ധത്തിന്റെ അർത്ഥം ഈകാരാന്തവും ഊകാരാന്തവുമായ ശബ്ദങ്ങൾ ഏകമായിരിക്കുന്ന അച്ചോടുകൂടിയതുകളായിരുന്നാൽ അതുകളും സ്ത്രീ

ലിംഗങ്ങളാകുന്നു. ഉദാഹരണം: ധീഃ ശ്രീഃ ഭൂഃ ഇത്യാദിയാകുന്നു. സയോനിപ്രാണിനാമാ ച സ്ത്രിയാം എന്നു് അനന്വയം. യോനിയോടുകൂടിയവരുടെ നാമങ്ങളും സ്ത്രീലിംഗങ്ങളാകുന്നു എന്നു സാരം. ഉദാഹരണം മാതാ ദുഹിതാ ധേനുഃ ഇത്യാദി.

നാമ വിദ്യുന്നിശാവല്ലീവീണാദിഗ്ഭൂനദീഹ്രിയാം
അട്ടന്തൈർദ്ദുഹിത്രേകാത്മോ ന സ പത്ര്യുഗാദിഭിഃ 3

മിന്നൽപ്പിണരിന്റെയും രാത്രിയുടെയും വള്ളിയുടെയും വീണയുടെയും ദിക്കിന്റെയും ഭൂമിയുടെയും പുഴയുടെയും ലജ്ജയുടെയും പേരുകളായ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു. തഡിൽ രാത്രിഃ ലതാ വിപഞ്ചീ കക്കുപ് ഭൂമിഃ സരിൽ ത്രപാ ഇത്യാദികൾ ഉദാഹരണങ്ങളാകുന്നു. അകാരാന്തങ്ങളായ ഉത്തരപദങ്ങളോടുകൂടിയ സമാഹാരദിഗ്ഭസമാസശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു. ഉദാഹരണം: ത്രിലോകീ ഇത്യാദി. പാത്ര്യുഗാദിശബ്ദങ്ങൾ ഉത്തരപദങ്ങളാകിൽ മേൽപ്രകാരമല്ല, നപുംസകങ്ങൾതന്നെ. ഉദാഹരണം: പഞ്ചപാത്രം, ചതുർയുഗം ഇത്യാദി.

തലന്തേ യേനികാഡ്യുച്ത്രാ വൈരമൈഥുനികാടിവുൻ
സ്ത്രീഭാവാദാവനികൃതിണ്ണുൽലുണഞ്ണുച്കൃഞ്ച്യ.
(ജങ്ങിഞ്നിശാഃ 4

തൽപ്രത്യയാന്തം സ്ത്രീലിംഗമാകുന്നു. ഉദാഹരണം: ശുക്ലതാ, ബ്രാഹ്മണതാ, ഗ്രാമതാ, ദേവതാ, ഇത്യാദി. സമൂഹാർത്ഥത്തിങ്കൽ വിധിക്കപ്പെട്ടയ ഇനി കഡ്യുച് ത്രാ എന്നീ പ്രത്യയങ്ങളാകുന്ന അന്തങ്ങളോടുകൂടിയ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു. ഉദാഹരണം: പാശ്യാ ഖലിനീ രഥകഡ്യാ ഗോത്രാ ഇത്യാദി. വൈരത്തിങ്കലും വിവാഹത്രുപസംബന്ധത്തിങ്കലും വീപ്സാദിയിലും വിധിക്കപ്പെട്ട വുൻപ്രത്യയമാകുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു. ഉദാഹരണം: അശ്വമഹിഷികാ അത്രിഭരദ്വാജികാ ഇത്യാദി. സ്ത്രിയാമെന്നധികരിച്ച ഭാവാദ്യങ്ങളിൽ വിധിക്കപ്പെട്ട അനികിത്തിൽണ്വുല് ണച് ണ്വുച് ക്യുച് യുച് അങ് ഇഞ് നിശ എന്ന ഈ പ്രത്യയങ്ങളാകുന്ന അന്തങ്ങളോടുകൂടിയ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു. അന്യന്തങ്ങളുടെ ഉദാഹരണം: അകരണിഃ അജനനിഃ ഇത്യാദി. കൃദന്തങ്ങളുടെ ഉദാഹരണം: കൃതി ഗതി ഇത്യാദി. ണ്വുലന്തോദാഹരണം: പ്രച്ഛർട്ടികാ പ്രവാഹികാ ഇത്യാദി. ണജന്തങ്ങളുടെ ഉദാഹരണം: വ്യാവക്രോശീ വ്യാത്രുക്ഷീ ഇത്യാദി. ണ്വുജന്തങ്ങളുടെ ഉദാഹരണം: ആസികാ ശായികാ ഇത്യാദി. കൃഞന്തങ്ങളുടെ ഉദാഹരണം: പ്രജ്യാ ഇജ്യാ ഇത്യാദി. യുജന്തങ്ങളുടെ ഉദാഹരണം: കാരണാ ചോദനാ ഇത്യാദി. അങന്തങ്ങളുടെ ഉദാഹരണം: വചാ ഭിദാ ഇത്യാദി. ഇഞന്തോദാഹരണം: കാരിഃഇത്യാദി.

ന്യന്തോദാഹരണം: ഗ്ലാനിഃ ഇത്യാദി. ശപ്രത്യയാന്തോദാഹരണം ക്രിയാ ഇത്യാദി.

ഉണാദിഷു നിത്യരീശ്വ ങ്ര്യാബ്ഭൂങന്തം ചലം സ്ഥിരം
തൽ ക്രീഡായാം പ്രഹരണം ചേന്മൈഷ്ടാപാല്ലവാണദികേ.

ഉണാദിപ്രത്യയങ്ങളാൽ ചേർന്നുകളായ നി ഉ ഈ ഈ എന്നീ പ്രത്യയങ്ങളാകുന്ന അന്തങ്ങളോടുകൂടിയതുകളായ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു. ശ്രേണിഃ ചമൂഃ തന്ത്രീഃ ഇത്യാദികൾ ഉദാഹരണങ്ങൾ. ങീപ് ങ്ഷീഷ് ങ്ഡീൻ ടാപ് ഡാപ് ചാപ് ഊങ്ഡ് ഈ പ്രത്യയങ്ങളിൽ ഒന്നാകുന്ന അന്തത്തോടുകൂടിയതായും ജംഗമത്തെയോ സ്ഥാവരത്തെയോ പറയുന്നതായുമിരിക്കുന്ന ശബ്ദം സ്ത്രീലിംഗമാകുന്നു. ഉദാഹരണം ഹസ്തിനീ ദാക്ഷായണി ശാർങ്ഗരവി അജാ ബഹ്വസിമാ കാരിഷഗന്ധ്യാ കുരുഭോത്രീഃ ഇത്യാദി. പ്രഹരണാർത്ഥത്തിങ്കൽ വിധിക്കപ്പെട്ട ണപ്രത്യയമാകുന്ന അന്തത്തോടുകൂടിയും ക്രീഡാവാചിയായുമിരിക്കുന്ന ശബ്ദം സ്ത്രീലിംഗമാകുന്നു. മൈഷ്ടാ എന്നും പാല്ലവാ എന്നും ഉദാഹരണം.

ഘഞോ ഞസ്സാ ക്രിയാസ്യാം ചേട്ടാണ്ഡപാതാ ഹി
(ഫാൽഗുനീ
ശ്യൈനംപാതാ ച മൃഗയാ തൈലംപാതാ സ്രുധേതി ദികേ

ഘഞന്തത്തിങ്കൽനിന്നു പരമായിരിക്കുന്ന ഞപ്രത്യയമാകുന്ന അന്തത്തോടുകൂടിയ ശബ്ദം ഘഞന്തശബ്ദത്തിന്റെ അർത്ഥമായ വ്യാപാരത്തിന്റെ അധികരണമായ സ്വാർത്ഥത്തോടുകൂടിയതാകുന്നു എങ്കിൽ സ്ത്രീലിംഗമായി ഭവിക്കും. ടാണ്ഡപാതാ ഫാൽഗുനീ ശ്യൈനംപാതാ മൃഗയാ തൈലംപാതാ സ്രുധാ ഇത്യാദികൾ ഉദാഹരണങ്ങളാകുന്നു.

സ്ത്രീ സ്യാൽ കാചിന്നൃണാല്യാദിവ്വിവക്ഷാപചയേ യദി
ലങ്കാ ശേഫാലികാ ടീകാ ധാതകീ പഞ്ജികാഢകീ. 7

അല്പത്വത്തെക്കുടി ബോധിപ്പിക്കേണമെന്നുള്ള അഭിപ്രായം പ്രയോഗിക്കുന്നവനുണ്ടു് എങ്കിൽ മൂണാളീ ഇത്യാദികളായ ചില ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളായി ഭവിക്കും. മൂണാളീ എന്നതിനു് അല്പമായിരിക്കുന്ന മൂണാളമെന്നു് അർത്ഥമാകുന്നു. ഇപ്രകാരം വംശീ ഇത്യാദികളുടെ അർത്ഥത്തെയും ഗ്രഹിച്ചുകൊൾക. ലംകാ ശേഫാലികാ ഇത്യാദി ശബ്ദങ്ങളും സ്ത്രീലിംഗങ്ങളാകുന്നു. ലംകാ=രാവണരാജധാനി, ശേഫാലികാ=പുഷ്പവിശേഷം. ടീകാ=വിഷമപദങ്ങളുടെ വ്യാഖ്യാനം. ധാതകീ=താതിരി എന്ന മരം. പഞ്ജികാ=സകലപദവ്യാഖ്യാനം. പഞ്ജികാ എന്നും പാഠമുണ്ടു്. ആഢകീ=തുവരാ.

സിധ്രകാ ശാരികാ ഹിക്കാ പ്രാചികോൽക്കാ പിചീലികാ
തിന്ദുകീ കണികാ ഭംഗിസ്സുരുംഗാസ്യ ചിമാഡ്യയഃ 8

സിധ്രകാദിമാഡ്യന്തങ്ങളായിരിക്കുന്ന ശബ്ദങ്ങളും സ്ത്രീലിംഗങ്ങളാകുന്നു. സിധ്രകാ=കുവളം. ശാരികാ=പെൺതത്ത. ഹിക്കാ=എക്കിൾ. പ്രാചികാ=കാട്ടീച്ച, ഉൽക്കാ=തീക്കൊള്ളി, പിപീലികാ=ഉറുമ്പ്, തിന്ദുകീ=പനച്ചി എന്ന മരം, കണികാ=പരമാണു, ഭംഗി=കൌടില്യഭേദം, സൌന്ദര്യ്യ വിശേഷമെന്നും ഒരു മതമുണ്ട്. സുരുംഗാ=ഗ്രഹാവിശേഷം, സൂചി=സൂചി തന്നെ, മാഡ്ഡീ=ഇലയിന്മേലുള്ള തൊന്നു്.

പിച്ഛാവിതണ്ഡാകാകിണ്യശ്ചൂണ്ണീശ്ശാണീ ദ്രുണീ ദരൽ
സാതിഃ കന്ഥാ തഥാസന്ദീ നാഭീ രാജസഭാപി ച. 9

പിച്ഛാദിരാജസഭാന്തങ്ങളായിരിക്കുന്ന ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു. പിച്ഛാ=പൂളപ്പൂശ, വിതണ്ഡാ=വാദവിശേഷം, കാകിണീ=പണത്തിന്റെ നാലിലൊരു ഭാഗം, ചൂണ്ണീ=നാടകാദികളിലെ വാക്യം, ശാണീ=വസ്ത്രവിശേഷം, ദ്രുണീ=ജലപാത്രവിശേഷം, ദരൽ=മ്ലേച്ഛജാതി, സാതിഃ=ദാനം; അവസാനമെന്നുമാം. കന്ഥാ=പ്രാവരണവിശേഷം, ആസന്ദീ=വേത്രാസനം, നാഭീ=പൊക്കിൾ, രാജസഭാ=രാജാക്കന്മാരുടെ സഭ.

ഝല്ലരീ ചച്ചരീ പാരീ ഘോരാ ലടാ ച സിധ്മലാ
ലാക്ഷാ ലിക്ഷാ ച ഗണ്ഡൂഷാ ഗ്രന്ഥ്രസീ ചമസീ മസീ. 10

ഝല്ലരി എന്നു തുടങ്ങി മസീ എന്നതുവരെയുള്ള ശബ്ദങ്ങളും സ്ത്രീലിംഗങ്ങളാകുന്നു. ഝല്ലരീ=വാദ്യവിശേഷം, ചച്ചരീ=കരശബ്ദം; നൃത്തവിശേഷമെന്നും ഒരു മതമുണ്ട്. പാരീ=ആനയുടെ പുല്ലയറ്; പാലു കറക്കുന്ന പാത്രമെന്നും ഒരു മതമുണ്ട്. ഘോരാ=ലഗ്നരാശി; രാശ്യൽപമെന്നുമാം. ലടാ=ഊക്കരിലെന്ന പക്ഷി. സിധ്മലാ=ഉണങ്ങിയ മത്സ്യമാംസം. ലാക്ഷാ=ചെമ്പഞ്ഞി; കോലരക്കെന്നുമാം. ലിക്ഷാ=പേൻമുട്ട, ഗണ്ഡൂഷാ=മുഖപൂരണം; പുംസ്യപി എന്നു ടീകയിലുണ്ട്. അതുകൊണ്ടു ഗണ്ഡൂഷഃ എന്നുമാം. ഗ്രന്ഥ്രസീ=വാതവ്യാധിവിശേഷം, ചമസീ=യാഗപാത്രവിശേഷം, മസീ=മഷി.

പല്ലിംഗസംഗ്രഹം

പുംസ്യേ സഃ ഭേദാനു ചരാസ്സുപര്യായാസ്സുരാസുരാഃ
സച്ഛ്രയാഗാദിമേഘാബ്ജിദ്രുകാലാസിശരാരയഃ. 11

ദേവഭേദങ്ങളെ പറയുന്നതുകളായ ഉഷിതാദിശബ്ദങ്ങളും ദേവാനുചരവാചികളായ സുനന്ദാദിശബ്ദങ്ങളും അമര ഇത്യാദികളായ ദേവവാച

കശബ്ദങ്ങളും ബലി നമുചി ഇത്യാദിശബ്ദങ്ങളും ക്രൂശ്ണാസുമുണ്ഡാദിശബ്ദങ്ങളും അസുരവാചികളായ ദൈത്യ ഇത്യാദി ശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. സപത്നവാചകശബ്ദങ്ങളും യാഗവാചകശബ്ദങ്ങളും പർവ്വതവാചകശബ്ദങ്ങളും മേഘവാചകശബ്ദങ്ങളും സമുദ്രവാചകശബ്ദങ്ങളും വൃക്ഷവാചകശബ്ദങ്ങളും കാലവാചകശബ്ദങ്ങളും ഖഡ്ഗവാചകശബ്ദങ്ങളും അസ്ത്രവാചകശബ്ദങ്ങളും ശത്രുവാചകശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു.

കരഗണ്ഡോഷ്ഠദോർദന്തകർണ്ണകേശനഖസ്തനാഃ
അഹ്നാഹ്നാന്താഃ ക്ഷേപഭേദോ രാത്ര്യന്തഃ പ്രാഗസംഖ്യകാഃ

കരം മുതലായതിനെ പറയുന്ന ശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. കരം=കപ്പം, രശ്മി, രണ്ടും. ഗണ്ഡം=കവിൾ, ഓഷ്ഠം=മുണ്ട്. ദോസ്സ്=കയ്യ്. ദന്തം=പല്ല്. കർണ്ണം=കഴുത്ത്. കേശം=തലമുടി. നഖം=നഖംതന്നെ. സ്തനം=മുല. അഹ്ന എന്ന ശബ്ദമാകുന്ന അന്തത്തോടുകൂടിയതും അഹ എന്ന ശബ്ദമാകുന്ന അന്തത്തോടുകൂടിയതും വിഷഭേദത്തെ പറയുന്ന ശബ്ദങ്ങളും സംഖ്യാവാചകപൂർവ്വപദങ്ങളല്ലാതെ രാത്രി ശബ്ദാന്തങ്ങളായവയും പുല്ലിംഗങ്ങളാകുന്നു. അഹ്നാന്തശബ്ദങ്ങൾ പൂർവ്വാഹ്നമധ്യാഹ്ന ഇത്യാദികളാകുന്നു എന്നും അഹാന്തങ്ങൾ ദ്യൂഹ ഇത്യാദികളാകുന്നു എന്നും വിഷഭേദവാചകങ്ങൾ സൌരാഷ്ട്രിക ഇത്യാദികളാകുന്നു എന്നും സംഖ്യാപൂർവ്വപദങ്ങളല്ലാതെയുള്ള രാത്ര്യന്തങ്ങൾ അഹോരാത്ര ഇത്യാദികളാകുന്നു എന്നും ഗ്രഹിച്ചുകൊൾക.

ശ്രീവേഷ്ടാദ്യാശ്ച നിശ്വാസാ അസന്നന്താ അബാധിതാഃ
കുശേരുജുതുമസ്ത്വനി ഹി ത്വാ തുരുവിരാമകാഃ 13

നിശ്വാസവാചകങ്ങളായ ശ്രീവേഷ്ട ഇത്യാദിശബ്ദങ്ങളും വേധസ് അംഗിരസ് ഇത്യാദികളായ അസന്നന്തശബ്ദങ്ങളും മഘവൻ കൃഷ്ണവർത്മൻ ഇത്യാദികളായ അന്നന്തശബ്ദങ്ങളും കുശേരു ജതു മസ്തു ഈ മൂന്നു ശബ്ദങ്ങളെ ഒഴിച്ച് രു എന്നും തു എന്നുമാകുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. ഉദാഹരണം: ഭീരുഃ സരുഃ കിംശാരുഃ ഇത്യാദിയും ഹേതുഃ സേതുഃ ഇത്യാദിയുമാകുന്നു.

കഷ്ണഭമരോപാന്താ യദ്യദന്താ അമീ അഥ
ഥഥനയസടോപാന്താ ഗോത്ര്യാഖ്യാശ്ചരണാഹ്വയാഃ 14

കകാരമോ ഷകാരമോ ണകാരമോ ഭകാരമോ മകാരമോ രേഫമോ അന്ത്യാക്ഷരത്തിന്റെ മുമ്പിലുള്ള അക്ഷരമായിട്ടു യാതൊരു ശബ്ദങ്ങൾക്കു ഭവിക്കുന്നുവോ, അതുകൾ അകാരാന്തങ്ങളാകുന്നു എങ്കിൽ പുല്ലിംഗങ്ങളായി ഭവിക്കും. കകാരോപാന്തങ്ങൾ അക്ക ഇത്യാദികളും ഷകാരോപാന്തങ്ങൾ ദോഷ ഇത്യാദികളും ണകാരോപാന്തങ്ങൾ ഗണ ഇത്യാദികളും ഭകാരോപാന്തങ്ങൾ ദഭ് ഇത്യാദികളും മകാരോപാന്തങ്ങൾ ഹോമ ഇത്യാദികളും

രേഫോപാന്തങ്ങളും സീര ഇത്യാദികളുമാകുന്നു. മേല്പറഞ്ഞ ശബ്ദങ്ങളും ഒക്കെയും അകാരാന്തങ്ങളായിട്ടുള്ളതുകളുമാകുന്നു. അതുഹേതുവായിട്ട് അതുകളും പുല്ലിംഗങ്ങളായിതന്നെ എന്ന് അറിഞ്ഞുകൊൾക. പ ഥ ന യ സ ട ഈ അക്ഷരങ്ങളിൽ ഒന്നാകുന്ന ഉപാന്തത്തോട്ടുകൂടിയ ശബ്ദങ്ങളും ഗോത്രാഖ്യാശബ്ദങ്ങളും ചരണനാമങ്ങളും പുല്ലിംഗങ്ങളാകുന്നു. പകാരോപാന്തങ്ങളും യൂപ ഇത്യാദികളും ഥകാരോപാന്തങ്ങളും അത്ഥ ഇത്യാദികളും നകാരോപാന്തങ്ങളും ഇന ഇത്യാദികളും യകാരോപാന്തങ്ങളും അയ ഇത്യാദികളും സകാരോപാന്തങ്ങളും രസ ഇത്യാദികളും ടകാരോപാന്തങ്ങളും ഘട ഇത്യാദികളുമാകുന്നു. അഥശബ്ദംകൊണ്ട് അദന്തായഃ എന്നതിന്റെ സംബന്ധം പഥനയസടോപാന്തായഃ എന്നതിനൊടില്ല എന്നതിനെ സൂചിപ്പിച്ചിരിക്കുന്നു. അതിന്റെ ഫലം ഉച്ചൈഃ ഇത്യാദിശബ്ദങ്ങൾക്കും പുംസ്ത്വസിദ്ധിയാകുന്നു. ഗോത്രാഖ്യാശബ്ദങ്ങളും ഭരദ്വാജ ഇത്യാദികളാകുന്നു.

നാമ്ന്യകർത്തരി ഭാവേ ച ഘഞജ്മന്ങ്ണഘാഥുചഃ
ല്യുഃ കർത്തരി മനിച്ഭാവേ കോ ഘ്ലോഃ കിഃ പാദിതോ
(ന്യതഃ 15

സംജ്ഞയിലും കർത്താവല്ലാതെയുള്ള കാരകത്തിങ്കലും ഭാവത്തിങ്കലും വിധിക്കപ്പെട്ട ഘഞാദിപ്രത്യയങ്ങളാകുന്ന അന്തങ്ങളോടുകൂടിയ ശബ്ദങ്ങളും കർത്താവിങ്കൽ വിധിക്കപ്പെട്ട ല്യുപ്രത്യയവും ഭാവത്തിങ്കൽ വിധിക്കപ്പെട്ട മനിച്പ്രത്യയവും കപ്രത്യയവും പ്രാദികളിൽനിന്നും അന്യങ്ങളിൽനിന്നും പരമായ ഘുസംജ്ഞകധാതുവിൽനിന്നു പരമായി വന്ന കിപ്രത്യയവുമായ അന്തത്തോടുകൂടിയ ശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. ഘഞന്തോദാഹരണങ്ങൾ ഭാവ ഇത്യാദികളും അജന്തോദാഹരണങ്ങൾ ജയ ഇത്യാദികളും അബന്തോദാഹരണങ്ങൾ ഗരഃ പ്ലവ ഇത്യാദികളും നഞന്തോദാഹരണങ്ങൾ യജ്ഞഃ പ്രശ്നഃ ഇത്യാദികളും ണാന്തോദാഹരണങ്ങൾ ന്യാദ ഇത്യാദികളും ഘാന്തോദാഹരണങ്ങൾ ഉരശ്ഛദ ഇത്യാദികളും അഥുജന്തോദാഹരണങ്ങൾ വേപഥുഃ ഇത്യാദികളും ലപ്രത്യയാന്തോദാഹരണങ്ങൾ നന്ദനഃ ഇത്യാദികളും മനിജന്തോദാഹരണങ്ങൾ മഹിമൻ ഇത്യാദികളും കപ്രത്യയാന്തോദാഹരണങ്ങൾ പ്രസ്ഥഃ ഇത്യാദികളും കിപ്രത്യയാന്തോദാഹരണങ്ങൾ പ്രധി ജലധി ഇത്യാദികളുമാകുന്നു.

ദ്വന്ദ്വേ ശബ്ദബന്ധവാവശബ്ദബന്ധവാ ന സമാഹൃതേ
കാന്തസ്സ്യേന്ദുപയ്യായപൂർവ്വോ യഃ പൂർവ്വകോപി ച. 16

ദ്വന്ദ്വസമാസത്തിങ്കലെ അശബ്ദബന്ധവ എന്ന ശബ്ദവും പുല്ലിംഗമാകുന്നു. അശവും ബന്ധവയുമെന്നർത്ഥമാകിൽ അശബ്ദബന്ധവൌ എന്ന ദ്വിവചനാന്തമായിട്ടും അശങ്ങളും ബന്ധവകളുമെന്നർത്ഥമാകിൽ അശബ്ദബന്ധ

വാഃ എന്ന ബഹുവചനാന്തമായിട്ടും പ്രയോഗിച്ചുകൊൾക. സമാഹാരത്തിങ്കലാകുന്നു എങ്കിൽ അശ്വഖഡവമെന്നതന്നെ. സൂര്യനെന്നർത്ഥത്തോടുകൂടിയ ശബ്ദങ്ങളോ ചന്ദ്രനെന്നർത്ഥത്തോടുകൂടിയ ശബ്ദങ്ങളോ അയശ്ശബ്ദമോ കാന്തശബ്ദത്തിനു പൂർവ്വങ്ങളായിച്ചേരുകിൽ അതും പുല്ലിംഗമായി ഭവിക്കും. ഉദാഹരണം: സൂര്യകാന്തഃ അർക്കകാന്തഃ ഇന്ദുകാന്തഃ ചന്ദ്രകാന്തഃ അയസ്കാന്തഃ ഇത്യാദിയാകുന്നു.

വടകശ്ചാനുവാകശ്ച രല്ലകശ്ച കുടംഗകഃ
പുംഖോന്മുംഖസ്സമുദ്ഗശ്ച വിടപട്ടധടാഃ ഖടഃ. 17

വടകഃ എന്നു തുടങ്ങി ഖടഃ എന്നതുവരെ പറയപ്പെട്ട ഈ ശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. വടകം=ഗ്രന്ഥിക. അനുവേകം=വേദൈകദേശം. രല്ലകം=കരിമ്പടം. കുടംഗകം=ലതാഗൃഹം. പുംഖം=ഞാൺവായ. സ്ത്രീംഖം=മന്ത്രവിശേഷം. സമുദ്ഗം=ചെപ്പ്. വിടൻ=പൂത്തൻ. പട്ടം=തുപ്പട്ടം. കാഷ്ഠാദിരചിത ആസനവിശേഷഃ എന്നു ടീകാ. ധടം=തുലാസ്സ്. ഖടം=അന്ധകൂപം. ഇങ്ങനെ വടകാദിശബ്ദാർത്ഥങ്ങൾ.

കോട്ടാരഘട്ടഹട്ടാശ്ച പിണ്ഡഗോണ്ഡപിചണ്ഡവൽ
ഗണ്ഡഃ കരണ്ഡോ ലഗുഡോ വരണ്ഡശ്ച കിണോ ഘൃണഃ 18

കോട്ട ഇത്യാദിയായി പറയപ്പെട്ട ഈ ശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. കൊട്ടം=കോട്ട. ആരഘട്ടം=ക്രയവിശേഷം. ഹട്ടം=ക്രയവിക്രയസ്ഥാനം. പിണ്ഡം=ഉരള. ഗോണ്ഡം=പൊക്കിൾ. പിചണ്ഡം=വയർ. ഗണ്ഡു=മുഴ കരണ്ഡം=പെട്ടകം. ലഗുഡം=കുറുവടി. വരണ്ഡം=മുഖരോഗം. കിണം=തഴമ്പു്. ഘൃണം=കാഷ്ഠക്രിമി (മരം തുളയ്ക്കുന്ന വണ്ടു് എന്നു സാരം)

ദ്രുതിസീമന്തഹരിതോ രോമന്ഥോദ്ഗീഥബുദ്ബുദാഃ
കാസമട്ടോർബുദഃ കുന്ദഃ ഫേനസ്തൂപൌ സയൂപകൌ. 19

ദ്രുത്യാദിശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. ദ്രുതി=തോൽതുരുത്തി. സീമന്തം=കേശരേഖ. ഹരിത്=പച്ചനിറം. രോമന്ഥം=ചവ്വിതചവ്വണം, അയവിറക്കുക എന്നു ഭാഷാ. ഉദ്ഗീഥം=സാമഭേദം. ബുദ്ബുദം=നീർപോള. കാസമട്ടം=പൊന്നാവീരം. അർബ്ബുദം=സംഖ്യാവിശേഷം. കുന്ദം=കുരുക്കുത്തിമുല്ല, നിധിവിശേഷമെന്നുമാം. ഫേനം=നുര. സ്തൂപം=ഗ്രന്ഥിക മുതലായ ഔഷധം. യൂപം=യജ്ഞസ്തംഭം.

ആതപഃ ക്ഷത്രിയേ നാഭിഃ കുണപക്ഷുരകേടരാഃ
പൂരക്ഷുരപ്രപുക്രാശ്ച ഗോലഹ്രീംഗ്രലപുൽഗലാഃ 20

ആതപാദിശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. ആതപം=വെയിൽ. നാഭി=നാഭി എന്ന രാജാവു്. കുണപം=ശവം. ക്ഷുരം=മൈർവാൾ. കേട

രം=വ്യവഹാരപദാർത്ഥവിശേഷം. പൂരം=ജലവൃദ്ധി. ക്ഷുരപ്രം=ശരവിശേഷം. ചക്രം=ശാകവിശേഷം. ഗോലം=വൃത്താകാരമായ പിണ്ഡം. ഹിംഗുലം=ചായില്യം. പുൽഗലം=ശരീരം. ആത്മാവു് എന്നുമാം.

വേതാളഭല്ലമല്ലാശ്ച പുരോഡാശോപി പട്ടസഃ
കുല്മാഷോ രഭസശ്ചൈവ സകടാഹഃ പ്രതിഗ്രഹഃ. 21

വേതാളാദിശബ്ദങ്ങളും പുല്ലിംഗങ്ങളാകുന്നു. വേതാളം=സതാവിശേഷം. ഭല്ലം=ശരവിശേഷം. മല്ലൻ=ബാഹുയുദ്ധത്തിങ്കൽ സമർത്ഥൻ. പുരോഡാശം=ഹവിർവിശേഷം. പട്ടസം=ആയുധവിശേഷം. കുല്മാഷം=അൽപസഹിന്നമായ യവം. അൽപസഹിന്നം=പകുതി വാടിയതു്. രഭസം=ഹർഷം. വേഗമെന്നുമാം. കടാഹം=വളർവട്ടക. പതദ്ഗ്രഹം=കോളാമ്പി.

നപുംസകലിംഗസംഗ്രഹം

ഭചിഹ്നേന്യച്ച ഖാരണ്യപർണ്ണശച്ഛദ്രഹിമോദകം
ശീതോഷ്ണമാംസരുധിരമുഖാക്ഷിദ്രവിണം ബലം. 22

ഖാദികളായ ശബ്ദങ്ങളും അതുകളോടു സമാനാർത്ഥങ്ങളായ ശബ്ദങ്ങളും നപുംസകലിംഗങ്ങളാകുന്നു. ഖം=ആകാശം. അരണ്യം=വനം. പർണ്ണം=ഇല. ശച്ഛദ്രം=രന്ധ്രം. ഹിമം=മഞ്ഞു്. ഉദകം=ജലം. ശീതം=തണുപ്പു്. ഉഷ്ണം=ചൂടു്. മാംസം=ഇറച്ചി. രുധിരം=ചോര. മുഖം=മുഖംതന്നെ. അക്ഷി=കണ്ണു്. ദ്രവിണം=ധനം. ബലം=ശക്തി, സൈന്യമെന്നുമാം.

മേല്പറഞ്ഞ പദങ്ങളോടു സമാനാർത്ഥങ്ങളായ ശബ്ദങ്ങളിൽ ഏതേതിന്നു ലിംഗം മുമ്പേ പറയപ്പെട്ടുവോ, അതുകളെ ഒഴിച്ചു് അന്യങ്ങളായ ശബ്ദങ്ങളുമാത്രമേ നപുംസകലിംഗങ്ങളായിട്ടുള്ള എന്നും വിശേഷിച്ചു് ആഭരണാദിശബ്ദങ്ങളും നപുംസകങ്ങളുംതന്നെ എന്നും ഗ്രഹിച്ചുകൊൾക.

ഫലഹേമശുല്ബലോഹം സുഖദുഃഖശുഭാശുഭം
ജലപുഷ്പാണി ലവണം വ്യഞ്ജനാന്യനുലേപനം 23

ഫലാദിശബ്ദങ്ങളും നപുംസകലിംഗങ്ങളാകുന്നു. ഫലം=കായ. ഹേമം=സ്വർണ്ണം. ശുല്ബം=ചെമ്പു്. ലോഹം=ഇരിമ്പു്. ജലപുഷ്പങ്ങളും=വെള്ളത്തിലുണ്ടാകുന്നതുകളായ ആമ്പൽപൂവു മുതലായവ. കുമുദാദിശബ്ദങ്ങളെന്നു സാരം. ലവണം=ഉപ്പു്. വ്യഞ്ജനം=കറി. അനുലേപനം=കുങ്കുമാദി.

കോട്യാദ്യന്താദിസ്സംഖ്യാന്യാ വാ ലക്ഷാ നിയുതം ച തൽ
ദ്വ്യമച്കസിസുന്നന്തം യദനാന്തമകത്തരി. 24

സംഖ്യാവാചികളായ ശബ്ദങ്ങളിൽ കോടിശബ്ദത്തെ ഒഴിച്ചു ശിഷ്ടങ്ങൾ നപുംസകലിംഗങ്ങളാകുന്നു. ലക്ഷശബ്ദം നപുംസകമായിട്ടും സ്ത്രീലിംഗമായിട്ടുമാം. സ്ത്രീലിംഗമായാൽ ലക്ഷാ എന്നു രൂപം. നിയുതശബ്ദം നപുംസകലിംഗംതന്നെ. രണ്ടു് അച്ചോടുകൂടിയ അസന്തശബ്ദങ്ങളും മേൽപ്രകാരമുള്ള ഇസന്തശബ്ദങ്ങളും മേൽപ്രകാരമുള്ള ഉസന്തശബ്ദങ്ങളും മേൽപ്രകാരമുള്ള അന്നന്തശബ്ദങ്ങളും നപുംസകലിംഗങ്ങളാകുന്നു. മനഃ പയഃ ജ്യോതിഃ സപ്പിഃ യജുഃ വപുഃ ചമ്മ വമ്മ ഇത്യാദികൾ ഉദാഹരണങ്ങളാകുന്നു. കത്താവു് എന്നല്ലാതെയുള്ള അത്തത്തോടുകൂടിയ അനശബ്ദം യാതൊന്നോ, അതാകുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങളും നപുംസകലിംഗങ്ങളാകുന്നു. ഉദാഹരണം ഗമനമിത്യാദി.

ത്രാന്തം സലോപധം ശിഷ്ടം രാത്രം പ്രാക് സംഖ്യയാനചി
പാത്രാദ്യദന്തൈരേകാത്ഥ്യാ ദചിഹ്നല്ലക്ഷ്യാന്നരോധതഃ (തം

ത്ര എന്നാകുന്ന അന്തത്തോടുകൂടിയ ശബ്ദങ്ങളും സകാരമോ ലകാരമോ ആകുന്ന ഉപധയോടുകൂടിയവയും മുൻപറഞ്ഞ ശബ്ദങ്ങളിൽനിന്നു് അന്യങ്ങളുമായ ശബ്ദങ്ങളും സംഖ്യാപൂർവ്വമായ രാത്രശബ്ദവും പാത്രാദികളാകുന്നതും അകാരാന്തശബ്ദങ്ങളാകുന്നതും ഉത്തരപദങ്ങളോടുകൂടിയതുമായ സമാഹാരദ്വിഗുസമാസശബ്ദങ്ങളും നപുംസകങ്ങളാകുന്നു. മേൽപ്രകാരമുള്ള സമാഹാരദ്വിഗുസമാസശബ്ദങ്ങളുടെ നപുംസകതയെ ഗ്രഹിക്കുന്നതു ലക്ഷ്യത്തെ അനുസരിച്ചതായിരിക്കുകയും വേണം. ത്രാന്തോദാഹരണം ദാത്രം പാത്രമിത്യാദി. സകാരോപധങ്ങളുടെ ഉദാഹരണം വിസം അന്ധതമസമിത്യാദി. ലകാരോപധങ്ങളുടെ ഉദാഹരണം കുലം ബിലമിത്യാദി. ഒടുക്കത്തെ അക്ഷരത്തിന്റെ മുമ്പിലുള്ള അക്ഷരത്തിനു് ഉപധാ എന്നു പേർ. പത്രപുത്രാദിശബ്ദങ്ങൾ മുമ്പെ ഇന്ന ലിംഗത്തോടുകൂടിയതുകളാകുന്നു എന്നു പറഞ്ഞിരിക്കുകയാൽ അതുകളിൽനിന്നു് അന്യങ്ങളായിരിക്കിലല്ലാതെ നപുംസകത്വമില്ല എന്ന നിയമം ശിഷ്ടമെന്ന പദോപാദാനം ഹേതുവായിട്ടു സിദ്ധിച്ചിരിക്കുകയാൽ അതുകൾ പുല്ലിംഗങ്ങൾതന്നെ എന്നു ധരിച്ചുകൊൾക. സംഖ്യാപൂർവ്വമായും രാത്രാന്തമായുമുള്ളതുകൾ ഏകരാത്രം ദ്വിരാത്രം ഇത്യാദി. പാത്രാദ്യദന്തോത്തരപദസമാഹാരദ്വിഗു പഞ്ചപാത്രം ചതുർഗ്ഗമിത്യാദി. ലക്ഷ്യാന്നരോധതഃ എന്നുണ്ടാകയാൽ ത്രിലോകീ ഇത്യാദികൾക്കു നപുംസകത്വമില്ല എന്നു് അറിഞ്ഞുകൊൾകയും വേണം.

ദ്വന്ദ്വൈകത്വാവ്യയീഭാവൌ പഥസ്സംഖ്യാവ്യയാൽ പരഃ
ഷഷ്ഠ്യാഃ പരായാ ബഹ്വന്നാം ചേദചിഹ്നായം സംഹതൌ സഭാ

ഏകവചനാന്തമായ ദ്വന്ദ്വസമാസവും അവ്യയീഭാവസമാസവും സംഖ്യാവ്യയങ്ങളിൽനിന്നു പരമായ പഥശബ്ദവും നപുംസകലിംഗമാകുന്നു.

ദ്വന്ദ്വസമാസത്തിന്റെ ഉദാഹരണം പാണിപാദം ഇത്യാദി. അവ്യയീഭാവസമാസത്തിന്റെ ഉദാഹരണം അധിസ്ത്രീ ഉപകുംഭം ഇത്യാദി. സംഖ്യാദികളിൽനിന്നു പരമായ പഥശബ്ദം ത്രിപഥം ചതുഷ്പഥം വിപഥം ഇത്യാദി. ഷഷ്ഠ്യന്തത്തിങ്കൽനിന്നു പരമായ ഛായാശബ്ദം യാതൊന്നോ, അതാകുന്ന അന്തത്തോടുകൂടിയ സമാസം നപുംസകലിംഗമാകുന്നു. ഛായാപദാർത്ഥം ബഹുസംബന്ധിയായിരിക്കിലല്ലാതെ നപുംസകലിംഗമാകയുമില്ല. വിച്ഛായയെന്നതിനു വികളുടെ ഛായ എന്നർത്ഥം. വികം=പക്ഷികൾ. വിയുടെ ഛായ എന്നർത്ഥമാകിൽ വിഛായാ എന്നു സ്ത്രീലിംഗമായിട്ടും പ്രയോഗിക്കാം. സമൂഹാർത്ഥമായ സഭാശബ്ദം ഷഷ്ഠ്യന്തത്തിങ്കൽനിന്നു പരമായി ചേരുകിൽ നപുംസകമായി ഭവിക്കും.

ശാലാർത്ഥാപി പരാ രാജ്ഞാ മനുഷ്യാർത്ഥാദരാജകാൽ
ദാസീസഭം നൃപസഭം രക്ഷസ്സഭമിമാ ദിശഃ. 27

രാജഭിന്നങ്ങളായ രാജവാചകശബ്ദങ്ങളിൽനിന്നും മനുഷ്യനെന്നുള്ള അർത്ഥത്തോടുകൂടിയതല്ലാത്തതായ ശബ്ദത്തിങ്കൽനിന്നും പരമായി ചേർന്നതായും ശാലാർത്ഥമായുമിരിക്കുന്ന സഭാശബ്ദവും നപുംസകലിംഗമാകുന്നു. ശാലാ=ഗൃഹം. ദാസീസഭം നൃപസഭമിത്യാദി മൂന്നും ഉദാഹരണമാകുന്നു. രാജശബ്ദത്തിങ്കൽനിന്നു പരമായി ചേർന്നതാകിൽ രാജസഭാ എന്നതന്നെ രൂപമെന്നു് അറിഞ്ഞുകൊൾക. രാജവിശേഷവാചികളാകിൽ മേല്പറഞ്ഞ നപുംസകത്വമില്ല എന്നതത്രേ സിദ്ധാന്തമാകുന്നതു്. അതുഹേതുവായിട്ടു ചന്ദ്രഗുപ്തസഭാ ഇത്യാദികൾ സ്ത്രീലിംഗങ്ങൾതന്നെ. ദാസീസഭമെന്നതു സംഘാതാർത്ഥമായ സഭാശബ്ദത്തിന്റെ ഉദാഹരണമാകുന്നു.

ഉപജ്ഞോപക്രമാന്താഭ്യ തദാദിത്വപ്രകാശനേ
കോപജ്ഞകോപക്രമാദി കന്ഥാശീനരനാമസു. 28

ഉപജ്ഞാശബ്ദവും ഉപക്രമശബ്ദവുമാകുന്ന അന്തത്തോടുകൂടിയ സമാസം ആദ്യമായ അറിവിനു വിഷയമെന്നും ആദിയിലാരംഭിക്കപ്പെട്ടതെന്നും അർത്ഥമാകിൽ നപുംസകലിംഗമായി ഭവിക്കും. കോപജ്ഞം കോപക്രമം ഇത്യാദി ഉദാഹരണമാകുന്നു. കൻ=ബ്രഹ്മാവു്. ബ്രഹ്മാവിനാൽ മുമ്പെ അറിയപ്പെട്ടതു് എന്നും ബ്രഹ്മാവിനാൽ മുമ്പെ ആരംഭിക്കപ്പെട്ടതു് എന്നും ക്രമേണ കോപജ്ഞകോപക്രമശബ്ദങ്ങളുടെ അർത്ഥമാകുന്നു. ഷഷ്ഠ്യന്തത്തിങ്കൽനിന്നു പരമായ കന്ഥാശബ്ദമാകുന്ന അന്തത്തോടുകൂടിയ സമാസം നപുംസകലിംഗമാകുന്നു. മേൽപ്രകാരമിരിക്കുന്ന ശബ്ദം ഉശീനരനാമങ്ങളിൽ ചേർന്നതായിരിക്കുകയും വേണം. സൌശമികന്ഥമെന്നു് ഉദാഹരണം.

